**<u>നിയമനിർമ്മാണകാര്യം</u>**

**<u>2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ജനറൽ ബഡ്ജറ്റിന്റെ ചർച്ച കഴിഞ്ഞു. ഇപ്പോൾ 4 മാസത്തെ ചെലവിലേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ച കഴിഞ്ഞ് വോട്ട് ഓൺ അക്കൗണ്ട് അപ്രോപ്രിയേഷൻ ബില്ലാണ് നമ്മൾ പാസ്സാക്കേണ്ടത്. 01-04-2014 മുതൽ 4 മാസത്തെ ചെലവിനുവേണ്ടിയുള്ള തുകയാണ് ചോദിച്ചിരിക്കുന്നത്. 2014- 15 വർഷത്തെ പ്രവർത്തനച്ചെലവ് ആകെ 79,414 കോടി രൂപയാണ്. റവന്യൂ എക്സ്പെൻഡിച്ചർ 71,974 കോടി രൂപയാണ്. അതായത് 90 ശതമാനം വരും. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 7,440 കോടി രൂപ. അതായയത് 9.4 ശതമാനം വരും. ഇതിന്റെ കംപോണൻസ് എന്നുപറയുന്നത് വായ്പകളുടെ തിരിച്ചടവ് ഒഴിച്ചുള്ള ചെലവുകളാണ്. വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള മൊത്തം ഡിമാൻഡ് എന്നുപറയുന്നത്

94,202 കോടി രൂപയാണ്. വായ്പാ തിരിച്ചടവ് ഒഴികെയുള്ളത് 79,414 കോടി രൂപയാണെങ്കിൽ വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ളത് 94,202 കോടി രൂപയാണ്. ഈ 94,202 കോടി രൂപയുടെ മൂന്നിലൊന്നായ 31,401 കോടി രൂപയാണ് നാലുമാസത്തെ ചെലവിനുവേണ്ടി അപ്രോപ്രിയേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതാണ് നിയമസഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. 31,401 കോടി രൂപ എന്നു കേൾക്കുമ്പോൾ തുകയെസംബന്ധിച്ചിടത്തോളമുള്ളത്, കേരളത്തെ സംബന്ധിച്ചിടത്തോളം റവന്യൂ എക്സ്പെൻഡിച്ചർ ഹൈയാണ്. ടോട്ടൽ എക്സ്പെൻഡിച്ചറിന്റെ 90 ശതമാനം റവന്യൂ എക്സ്പെൻഡിച്ചറാണ്. കാരണം സോഷ്യൽ സെക്ടറിലെ ചെലവുകളാണ്. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും ഇന്ത്യയിലേറ്റവും കൂടുതൽ ചെലവ് ചെയ്യുന്ന സംസ്ഥാനം കേരളമായിരിക്കും. അങ്ങനെ ഏറ്റവും കൂടുതൽ ചെലവ് ചെയ്യുന്നതുകൊണ്ടാണ് നമുക്ക് ഇങ്ങനെ വന്നിരിക്കുന്നത്.

ശമ്പളം, ഇന്ററസ്റ്റ്, പെൻഷൻ എന്നൊക്കെ കേൾക്കുമ്പോൾ ഒരു ഞെട്ടൽ വരാം. ആകെ വരുമാനത്തിന്റെ 68%-ഉം ആകെ ചെലവിന്റെ 61%-വുമാണ് ഉദ്യോഗസ്ഥരുടെ ശമ്പളം, ഇന്ററസ്റ്റ്, പെൻഷൻ എന്നിവയ്ക്കുവേണ്ടി ചെലവുചെയ്യുന്നത്. ഈ സാഹചര്യത്തിലും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് ശ്രമം നടത്തിയിട്ടുണ്ട്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ കൂടുതലായാണ് ഈ ഗവൺമെന്റ് ചെലവുചെയ്യുന്നത്. നടപ്പുവർഷം (2013-14) മേജർ ക്യാപ്പിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്കുള്ള ചെലവ് 880 കോടി രൂപയായിരുന്നെങ്കിൽ 2014-15-ൽ അത് 1225 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ആ നിലയിൽ നോക്കുമ്പോൾ, ക്യാപ്പിറ്റൽ

എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ഗവൺമെന്റ് വളരെ ജാഗരൂകമാണ്. ഒരു മാതൃക തന്നെയുണ്ട്, ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ വർദ്ധിപ്പിച്ചു കൊണ്ടുവരികയാണ്. റവന്യൂ എക്സ്പെൻഡിച്ചർ വർദ്ധനയുണ്ട്. അതോടൊപ്പം ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിലും വളരെ ശ്രദ്ധ യുണ്ട്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറും അതോടൊപ്പം വർദ്ധിപ്പിച്ച് കൊണ്ടു വരാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ആ നിലയ്ക്ക് നല്ല ഒരു മാനേജ്മെന്റാണ്. അതുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബില്ലിന്മേലുള്ള ചർച്ച ആരംഭിക്കുകയാണ്. മറ്റ് ബില്ലുക ളിന്മേൽ കർശന നിയന്ത്രണം പലപ്പോഴും സാധിക്കുകയില്ല. ഇനിയും സബ്മിഷനെടുത്ത് തീർക്കാനുണ്ട്. ധനവിനിയോഗ ബില്ലിന് അനുവദിച്ചിരി ക്കുന്നത് ആകെ 60 മിനിട്ടാണ്. കഴിഞ്ഞ ദിവസത്തെ ബിൽ എല്ലാവരും സഹകരിച്ച് 60 മിനിട്ടുകൊണ്ടുതന്നെ തീർത്തു. അതുപോലെ എല്ലാവരും അവരവരുടെ സമയത്തിനുള്ളിൽ നിന്നുകൊണ്ട് സംസാരിച്ച് നിർത്തണം. ആവർത്തന വിരസമാകാതിരുന്നാൽ 60 മിനിട്ടുകൊണ്ട് ഇത് തീർക്കാം.

ശ്രീ. കെ. ദാസൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. കേരളത്തിൽ അധികാരത്തിലുണ്ടായിരുന്ന 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരായി എല്ലാ പ്രതിലോമ ശക്തികളും എല്ലാ പിന്തി രിപ്പന്മാരും എല്ലാ മതശക്തികളും ജാതി ശക്തികളും ഒന്നിച്ചുചേർന്ന് വിമോ ചന സമരം സംഘടിപ്പിച്ച്, ജനങ്ങൾ അധികാരത്തിലേറ്റിയ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ, ജനങ്ങളുടെ വിയർപ്പും ചോരയും നീരുമെല്ലാം ഊട്ടി അധി കാരത്തിൽ കൊണ്ടുവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിക്കുന്നതിനു

വേണ്ടി അന്ന് കേരളത്തിലുടനീളം പ്രചരണം നടത്തിയത് ഫ്ളോറിയുടെ മരണമാണ്. ഇന്നിപ്പോൾ ഫ്ളോറിയെ വെടിവച്ചുകൊന്നതിന്റെ ഗൂഢാലോചന വെളിപ്പെടുത്തിയിരിക്കുന്നത് 85-കാരനായ ശ്രീ. നാരായണൻ നായരാണ്. ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ചിരിക്കുകയാണ്, മതമേധാവിക ളെല്ലാം ചേർന്നുനടത്തിയ ഗൂഢാലോചനയുടെ ഭാഗമായാണ് അന്ന് ഫ്ളോറിയെ വെടിവച്ചുകൊന്നത്. അതൊരു ഗൂഢാലോചനയായിരുന്നു. അങ്ങനെയാണെങ്കിൽ ആ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേരള ത്തിൽ ഇത് സംബന്ധിച്ച് നേരത്തേ നടത്തിയിട്ടുള്ള വിമോചന സമരത്തിന്റെ മുദ്രാവാക്യങ്ങളെല്ലാം തകർന്ന് തരിപ്പണമാകുകയാണ്. ഈ പിന്തിരിപ്പൻ ശക്തികളുടെ യോജിപ്പ് അന്നുണ്ടായത് കമ്മ്യൂണിസ്റ്റ് ഭരണം കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമാണെന്ന കാര്യം ഇന്ന് ഉയർന്നുവരികയാണ്. ഇന്ന് കേരളത്തിലെ പത്രങ്ങളില്ലൊം അത് വലിയ വാർത്തയായി വന്നിട്ടില്ലെങ്കിലും ചില മാഗസീനുകളിലെങ്കിലും അത് പ്രസി ദ്ധീകരിച്ചുവന്നിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് അപ്പുറത്തിരിക്കുന്ന ആളു കൾക്ക് എന്താണ് പറയാനുള്ളത്? നേരത്തേ ഉയർത്തിക്കൊണ്ടുവന്ന ഈ മുദ്രാവാക്യം കേരളത്തിലെ ജനങ്ങളുടെയിടയിൽ ഉയർത്തിക്കൊണ്ടുവന്നി ട്ടുള്ള വികാരം എന്താണെന്നുള്ളതിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഞാൻ ഇന്ന് മനസ്സിലാക്കുന്നത് കേരള ത്തിൽ അധികാരത്തിലിരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ പോലീസ് തികച്ചും ജനവിരുദ്ധമായിട്ടുള്ള നയങ്ങളാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഡൽഹിയിൽ പോയി സമരം ചെയ്ത ജസീറ, കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ വീടിനുമുന്നിൽ സമരം

ചെയ്തുകൊണ്ടിരിക്കുകയാണ്. ആ സ്ത്രീയെ പോലീസുകാർ പിടിച്ചുകൊണ്ടുപോയി മൃഗീയമായി മർദ്ദിച്ച് അവരുടെ പർദ്ദ വലിച്ചുകീറി. അവിടെ വലിയ സംഘർഷം നടക്കുകയാണ്. അവരിപ്പോൾ പാലാരിവട്ടം പോലീസ് സ്റ്റേഷനിലാണുള്ളത്. പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ഇപ്പോൾ മാധ്യമപ്രവർത്തകർ തടിച്ചുകൂടിയിരിക്കുകയാണ്. ജസീറ എന്നുപറയുന്ന സ്ത്രീക്ക് സത്യാഗ്രഹം നടത്താൻ ഇവിടെ സ്വാതന്ത്ര്യമില്ലേ? ആ സ്ത്രീയെ പിടിച്ചു കൊണ്ടുപോയി മൃഗീയമായി മർദ്ദിക്കുക, പർദ്ദ വലിച്ചുകീറുക, കേരളത്തിൽ എന്തെല്ലാമാണ് നടക്കുന്നത്? .....(ബഹളം)...... പോലീസിന്റെ ഭീകരാവസ്ഥ........

<u>മി. സ്പീക്കർ</u>: പ്ലീസ്......പ്ലീസ്......

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: സർ, ......(മൈക്ക് ഓഫ്)......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അപ്പുറത്തുനിന്നും എഴുന്നേറ്റ കണ്ണൂർ മെമ്പറുടെ നിർദ്ദേശപ്രകാരമാണോ പോലീസ് ഇതുചെയ്തത്? ആരുടെ നിർദ്ദേശ പ്രകാരമാണ് പോലീസ് ഇതുചെയ്തത്? അവിടെനിന്ന് എന്തിനാണ് ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എഴുന്നേറ്റത്; അങ്ങയുടെ നിർദ്ദേശ പ്രകാരമാണോ പോലീസ് ഇതുചെയ്തത്? ജസീറയെ എന്താണ് ചെയ്തത് എന്നതിനെ സംബന്ധിച്ച് ഉടനെതന്നെ ആഭ്യന്തര മന്ത്രി ഈ സഭയെ അറിയിക്കണം. ......(ബഹളം)...... പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ഇതിനെക്കുറിച്ച് അന്വേഷിക്കാൻപോയ മാധ്യമപ്രവർത്തകരെ തല്ലി. അവിടെയുണ്ടായിരുന്ന ഓട്ടോറിക്ഷാ ഡ്രൈവർമാരെ തല്ലി. ഒരു ഭീകരാന്തരീക്ഷമാണ് ഇപ്പോൾ പാലാരിവട്ടത്തുള്ളത്. ജസീറ എന്നുപറയുന്ന മുസ്ലീം സ്ത്രീക്ക്, ഒരു വനിതയ്ക്ക് സമരം ചെയ്യാൻ അവകാശമില്ലേ; എന്താണിത്? എന്തിനാണ് ഇവരെ

തല്ലിയത്? ഇവിടെ ജീവിക്കാൻ അവകാശമില്ലേ? എന്താണ് നടന്നത്? ഇത് ആരുടെ നിർദ്ദേശപ്രകാരമാണ് ചെയ്തത്?

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനിരയുടെ മുമ്പിലേയ്ക്ക് വന്ന് ബഹളമുണ്ടാക്കി.)

മി. സ്പീക്കർ: ഒരു മിനിട്ട്......., എനിക്ക് ഒരു മിനിട്ട്...... ഞാനൊന്ന് പറയട്ടെ, ഞാൻ സംസാരിക്കട്ടെ. ......(ബഹളം)...... ഞാനൊന്ന് പറയട്ടെ, ഇത് ശരിയല്ല.

ശ്രീ. സി. ദിവാകരൻ: സർ, ......(മൈക്ക് ഓഫ്)...... ഗവൺമെന്റ് ഇതിനെപ്പറ്റി സഭയിൽ പറയണം.

മി. സ്പീക്കർ: അത് പറയും. ഒരു മിനിട്ട്, ഞാൻ പറയട്ടെ. ഇവിടെ ചർച്ചകൾ നടക്കുമ്പോൾ എല്ലാ മന്ത്രിമാരും എപ്പോഴും ഉണ്ടാകാറില്ല. ശ്രീ.കോടിയേരി ബാലകൃഷ്ണൻ ഒരു വിഷയം ഇവിടെ പറഞ്ഞു. ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയില്ല. അദ്ദേഹത്തെ വിവരം അറിയിച്ചിട്ടുണ്ട്. അദ്ദേഹം ഉടനെ വരും. ആഭ്യന്തര മന്ത്രി വരും. പ്ലീസ്...... പ്ലീസ്....... നിങ്ങൾ സീറ്റിലേക്ക് പോകൂ. മുൻമന്ത്രിമാരായിട്ടുള്ള ആളുകൾക്കറിയാം, സഭ നടക്കുന്ന എല്ലാ ദിവസങ്ങളിലും എപ്പോഴും മന്ത്രിമാരെല്ലാവരും ഇവിടെ ഉണ്ടാകാറില്ല. ഞാനിവിടെ പ്രതിപക്ഷ നിരയിൽ എത്രയോ വർഷങ്ങൾ ഇരുന്നിട്ടുണ്ട്. അപ്പോഴൊന്നും എല്ലാ മന്ത്രിമാരും ഇവിടെ ഉണ്ടായിട്ടില്ല. അത് സാധ്യമല്ല. ഒരു വിഷയം ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ വന്നതല്ലെയുള്ളൂ. ധനമന്ത്രി മറുപടി പറയണമെന്ന് ആരോ പറഞ്ഞു. ധനമന്ത്രി മറുപടി പറഞ്ഞാൽ പോരാ. അദ്ദേഹത്തെ അതിന് അനുവദിക്കാനും പറ്റില്ല.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ......(മൈക്ക് ഓഫ്)......സഭ നടക്കുമ്പോൾ ഉത്തരവാദപ്പെട്ട ആരെങ്കിലും വേണ്ടേ?

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി, അറിയാത്ത കാര്യത്തെക്കുറിച്ച് പറയരുത്. പ്ലീസ് സിറ്റ് ഡൗൺ. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, ഈ സംഭവത്തെക്കുറിച്ച് വിവരം കിട്ടിയിട്ടുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പൂർണ്ണമായ വിവരം ലഭിച്ചിട്ടില്ല. എറണാകുളം സിറ്റി പോലീസ് കമ്മീഷണറോട് സ്ഥലത്തേക്ക് പോകാനായി പറഞ്ഞിട്ടുണ്ട്. ഇന്ന് സഭ പിരിയുന്നതിനുമുമ്പ് അത് സംബന്ധിച്ചുള്ള വിവരം സഭയെ അറിയിക്കുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോയി ഉപവിഷ്ടരായി.)

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, പ്രതിപക്ഷാംഗങ്ങൾ സീറ്റിലേയ്ക്ക് പോയി. ആവശ്യമില്ലാതെ എന്തിനാണ് പ്രകോപിപ്പിക്കുന്നത്?

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: സർ,: നിങ്ങളെന്താണ് വാക്കൗട്ട് ചെയ്യാത്തതെന്നാണ് ചീഫ് വിപ്പ് ചോദിക്കുന്നത്. എന്താണ് ഇതിന്റെ ഉദ്ദേശം.......(ബഹളം)........

മി. സ്പീക്കർ: യെസ്...മൈക്ക് എപ്പോഴും തരാൻ പറ്റില്ല. അതാണ് ഈ കുഴപ്പം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ അങ്ങനെ പ്രതിപക്ഷത്തോട് വാക്കൗട്ട് നടത്താത്തതെന്താണെന്ന് ചോദിച്ചിട്ടില്ല. അവസാന ദിവസം അല്ലേ ഒരു വഴക്കില്ലാതെപോകണമെന്നേ പറഞ്ഞുള്ളൂ.

<u>മി. സ്പീക്കർ</u>: ഈ സെഷൻ തുടങ്ങിയതിന് ശേഷം കാര്യമായ വഴക്കൊന്നും ഇല്ല. ഇടയ്ക്ക് വാക്കൗട്ട് മാത്രമാണ് ഉള്ളത്. ഇല്ലാത്ത പ്രശ്ന ങ്ങൾ നിങ്ങൾ ചേർന്ന് ഉണ്ടാക്കണ്ട

<u>ശ്രീ. കെ. ദാസൻ</u>: സർ, കഴിഞ്ഞ ബഡ്ജറ്റിൽ കോഴിക്കോട് ജില്ലയിലെ 13 മണ്ഡലങ്ങളിൽ എൽ. ഡി. എഫ് പ്രതിനിധാനം ചെയ്യുന്ന 10 മണ്ഡലങ്ങ ളേയും പൂർണ്ണമായി അവഗണിക്കുന്ന സമീപനമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. ഈ ബഡ്ജറ്റിൽ മാത്രമല്ല കഴിഞ്ഞ മൂന്ന് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും പ്രതിപക്ഷ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന മണ്ഡലങ്ങളിൽ എന്തെങ്കിലും ഒരു പദ്ധതി ആ മണ്ഡലത്തിലേക്ക് അനുവദിക്കാനുള്ള സൻമനസ് അദ്ദേഹം കാണിച്ചിട്ടില്ല. എന്റെ മണ്ഡല ത്തിൽ ഇതുവരെ ഒരു പദ്ധതി ഗവൺമെന്റിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടില്ല. എനിക്ക് അതിനെ സംബന്ധിച്ച് വലിയ വിഷമമൊന്നും തോന്നാറുമില്ല കാരണം ഇത്തരം കാര്യം പ്രതീക്ഷിക്കേണ്ടതില്ലെന്ന്. ആദ്യമേ തീർച്ചയാണ്. ജീവിതത്തിലുടനീളം വിട്ടുവീഴ്ചയില്ലാതെ ഗാന്ധിയൻ ആദർശങ്ങളെ നെഞ്ചി ലേറ്റിയ കേരളാ ഗാന്ധിയെന്ന് പരക്കെ അറിയപ്പെടുന്ന കേളപ്പജി മാതൃഭൂമി യുടെ പത്രാധിപരായിരുന്നു, കെ.പി.സി.സി.-യുടെ അദ്ധ്യക്ഷനായും എൻ. എസ്.എസ്-ന്റെ ആദ്യത്തെ പ്രസിഡന്റായും മലബാർ ഡിസ്ട്രിക്റ്റ് ബോർ ഡിന്റെ പ്രസിഡന്റായും പൊന്നാനി മണ്ഡലത്തിൽ പാർലമെന്റ് മെമ്പറായും പ്രവർത്തിച്ച ആളാണ്. അങ്ങനെയെല്ലാം സേവനമനുഷ്ഠിച്ചിട്ടുള്ള ഗുരുവാ യൂർ സത്യാഗ്രഹത്തിലും വൈക്കം സത്യാഗ്രഹത്തിലുമെല്ലാം ക്ഷേത്ര പ്രവേ ശനത്തിന് വേണ്ടി ധീരമായി സമരമുഖത്ത് ജ്വലിച്ചു നിന്ന മഹാനായ കേളപ്പ ജിക്കു വേണ്ടി ഒരു സ്മാരകം പണിയുന്നതിന് വേണ്ടി ഒരു നടപടിയും ഉണ്ടാ യിട്ടില്ല. ശ്രീ. രമേശ് ചെന്നിത്തല കോഴിക്കോട് വന്നപ്പോൾ പറഞ്ഞു കേളപ്പ

ജിക്കുവേണ്ടി സ്മാരകമുണ്ടാക്കാൻ ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടാമെന്ന്. അന്ന് ശ്രീ. രമേശ് ചെന്നിത്തല കെ. പി. സി. സി പ്രസിഡന്റായിരുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അന്ന് പറഞ്ഞത് ശരിയാണ് അവരുടെ വീട് ഗവൺമെന്റിന് തരാമെങ്കിൽ സംരക്ഷിക്കാം. അല്ലെങ്കിൽ ആവശ്യമായ സ്ഥലം, അഞ്ചു സെന്റോ പത്ത് സെന്റോ സ്ഥലം തരികയാണെങ്കിൽ അവിടെ സ്മാരകം പണിയുന്ന കാര്യം ഞാൻ സാംസ്ക്കാരിക വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫുമായി സംസാരിച്ചിട്ടുളളതാണ്. ശ്രീ. ദാസൻ തന്നെ മുൻകൈയെടുത്താൽ മതി. ആ വീട് സംരക്ഷിക്കണമെങ്കിൽ ഗവൺമെന്റ് ഏറ്റെടുക്കുന്നതാണ്. അതല്ല സ്ഥലം തരുമെങ്കിൽ അവിടെ സ്മാരകം പണിയാം. അത് ആലോചിച്ച് പറയാമെന്നാണ് അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾ പറഞ്ഞത്. ആലോചിച്ചിട്ട് തയ്യാറാണെങ്കിൽ ഗവൺമെന്റ് മറ്റ് നടപടിയിലേക്ക് പോകും.

ശ്രീ. കെ. ദാസൻ: സർ, ഇപ്പോൾ പത്ത് സെന്റ് സ്ഥലം അവർ നൽകിയിട്ടുണ്ട്. അവരുടെ തറവാട് സ്വത്തിൽ നിന്ന് ട്രസ്റ്റി ബോർഡ് 10 സെന്റ് സ്ഥലം പഞ്ചായത്ത് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ട് ഒരു നടപടിയും മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ല. ഞാൻ ഇതു സംബന്ധിച്ച്......

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ പോലെ സ്ഥലം ലഭ്യമാണെങ്കിൽ ബഡ്ജറ്റിൽ പണം ഉണ്ടെങ്കിലും ഇല്ലെങ്കിലും അവിടെ അത് ആരംഭിക്കാം.

ശ്രീ. കെ. ദാസൻ: സ്ഥലം അവിടെ എടുത്തിട്ടുണ്ട്. നടപടികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയോട്

ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട അഞ്ചു പ്രവൃത്തി ഞാൻ എഴുതികൊടുത്തിരുന്നു. ഒന്ന് കുടിവെള്ളത്തിന് വേണ്ടി ചിറ്റാരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 10 കോടി രൂപ മലബാർ പാക്കേജിൽ അനുവദിച്ചതാണ്. ഇപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നപ്പോൾ 18 കോടി 20 ലക്ഷം രൂപയായി. ഞാൻ കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി അതിന്റെ പിന്നാലെ നടക്കുകയാണ്. ഇന്നു വരെ അതിന് ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ എന്റെ മണ്ഡലത്തിൽ ചെയ്യുന്നതിന് ഒരു നടപടിയും ഉണ്ടായിട്ടില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് ഓർക്കുമ്പോൾ കവി മധുസൂദനൻ നായരുടെ പ്രസിദ്ധമായ ഒരു വരി കവിതയാണ് ഓർമ്മ വരുന്നത്. "പന്ത്രണ്ട് മക്കളെ പെറ്റൊരമ്മേ നിന്റെ മക്കളിൽ ഞാനാണ് ഭ്രാന്തൻ" മാണി സാറിന്റെ പന്ത്രണ്ടാമത്തെ ബഡ്ജറ്റാണ് ഇത്. ഈ ബഡ്ജറ്റ് നാറാണത്തു ഭ്രാന്തന്റെ പണി തന്നെയാണ് ചെയ്യുന്നത്. കേരള സമൂഹം കൈവരിച്ച എല്ലാ നേട്ടങ്ങളെയും പാടുപെട്ട് ഉയർത്തിക്കൊണ്ടുവന്ന എല്ലാ നൻമകളെയും മൂല്യങ്ങളെയും നാറാണത്തു ഭ്രാന്തനെപ്പോലെ താഴോട്ടു തള്ളിവിടുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ആളുകൾ ഉന്നതങ്ങളിൽ എത്തുമ്പോൾ താഴോട്ട് പതിക്കാനുള്ള വാസന ഒരു മനോവൈകല്യമാണെന്നത് മന:ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായമാണ്. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ഊന്നൽ നൽകുന്ന പദ്ധതിയാണ് മുൻപ് ഡോ. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി ഈ ബഡ്ജറ്റിൽ ജനങ്ങൾക്കു

മേൽ അധിക നികുതിഭാരം ഏൽപ്പിക്കുകയാണ്. എൽ. ഡി. എഫ് ഗവൺമെന്റ് അഞ്ചു വർഷം ഒരു പുതിയ നികുതിയും ഏർപ്പെടുത്തിയിരുന്നില്ല. എന്നാൽ യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 2011 –12 ൽ 615 കോടി രൂപയും 2012–13 ൽ 1512 കോടി രൂപയും 2013–14ൽ 1138 കോടി രൂപയുടെയും നികുതി നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. എൽ. ഡി. എഫ് ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലയളവിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ഏതെങ്കിലും ഒരു നികുതി നിർദ്ദേശം പുതിയതായി ഉണ്ടായിരുന്നുവെന്ന് പറയാൻ കഴിയുമോ? എന്നാൽ ജനക്ഷേമ കരമായ ഒട്ടേറെ പദ്ധതികൾ അക്കമിട്ട് നിരത്തിക്കൊണ്ട് ഈ നിയമസഭയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മല ബാർ മേഖലയിൽ പ്രത്യേകമായ മലബാർ പാക്കേജ് തന്നെ നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 1566 കോടി രൂപ പുതിയ അധിക വിഭവ സമാഹരണത്തിന്റെ പേരിൽ ജനങ്ങളുടെ മേൽ അടിച്ചേൽപ്പി ക്കുകയാണ്. വാറ്റ് നികുതിയിൽ നേരത്തെയുണ്ടായിരുന്നതിനെക്കാൾ 15 ശത മാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. എല്ലാ വ്യാപാരങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ആറ് ശതമാനമാക്കുകയും മോട്ടോർ വാഹനങ്ങളുടെ നികുതി 33 ശതമാന മാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുദ്രപത്ര നിരക്കുകൾ വർദ്ധിപ്പിച്ചിട്ടു ണ്ട്. ഭൂമിയുടെ ന്യായവില കൂട്ടിയിട്ടുണ്ട്. പണയാധാരത്തിന് ഗഹാൻ വീണ്ടും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ പ്രതിസന്ധിയിലായിരിക്കുന്ന നിർമ്മാണ മേഖല നികുതി വർദ്ധനവിലൂടെ വീണ്ടും തകരാനുള്ള സാദ്ധ്യതയാണ് കൂടു ന്നത്. എല്ലാത്തരം നിർമ്മാണ സാമഗ്രികളുടെയും വില കൂടുകയാണ്.

പാറപ്പൊടിയുടെയും മെറ്റലിന്റെയും വില കൂടിയിട്ടുണ്ട്. വീടു നിർമ്മാണ ചെലവിന്റെ വർദ്ധനവ് ജനങ്ങൾക്ക് താങ്ങാൻ കഴിയാത്തതാണ്. കെട്ടിടനികുതിയും ആഡംബര നികുതിയും വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാത്തരം തുണിത്തരങ്ങൾക്കും വില കൂട്ടിയിട്ടുണ്ട്. ഹോട്ടൽ ഭക്ഷണത്തിനും ഉച്ചഭക്ഷ ണത്തിനും വില കൂട്ടിയിട്ടുണ്ട്. ഭക്ഷ്യ എണ്ണയുടെ വില കൂട്ടിയിട്ടുണ്ട്. മദ്യ വില്പന 10% കൂട്ടിയത് വ്യാജവാറ്റും അനധികൃത മദ്യവും കേരളത്തിൽ വ്യാ പിപ്പിക്കാൻ ഇടയാക്കുന്ന ഒരു പ്രവർത്തനമാണ്. അതിന്റെ ഭാഗമായി കേരള ത്തിൽ ഒരു അധോലോകം തന്നെ സൃഷ്ടിക്കപ്പെടാനും ഒരു സാമൂഹിക വിപ ത്തായി അത് മാറാനും സാധ്യതയേറെയാണ്. സ്വർണ്ണരംഗത്തെ നികുതി ചോർച്ച 20000 കോടി രൂപയിലധികം വില്പന നടക്കുമ്പോൾ നികുതി 400 കോടി രൂപ മാത്രമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴി വരവിൽ വൻനികുതി വെട്ടിപ്പ് നടക്കുന്നുണ്ട്. മണൽരംഗത്തെ ചൂഷണം അവസാനിപ്പി ക്കാൻ നിർദ്ദേശങ്ങളൊന്നുമില്ലാത്ത ബഡ്ജറ്റാണ് ഇത്. ധാതുമണൽ കള്ള ക്കടത്ത് നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന്റെ മുമ്പിൽ ഒരു പരിപാടിയുമില്ല. ചെക്കുപോസ്റ്റുകളിലൂടെ നികുതി ചോർച്ച നടക്കുന്നത് ഗവൺമെന്റ് കാണു ന്നില്ല. അത് നിർബാധം തുടരുകയാണ്. വനത്തിൽ നിന്നുള്ള സമ്പത്ത് ഇപ്പോൾ ചോർന്നുകൊണ്ടിരിക്കുകയാണ്. പാട്ടക്കരാർ പുതുക്കുന്നില്ല. പാട്ടക്കുടിശ്ശിക പിരിക്കുന്നില്ല. 2013-ലെ സി. ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം 10272.91 കോടി രൂപ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുകയാണ്. വാണിജ്യ നികുതി വകുപ്പിൽ നിന്നു മാത്രം 5458.64 കോടി രൂപ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നുണ്ട്. മദ്യകരം കൃത്യമായി പിരിച്ചെടുക്കാനുള്ള നടപടി കളൊന്നും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കേരളത്തിന്റെ റവന്യൂ കമ്മി 9000

കോടി രൂപയാണ്. കേരളത്തിന്റെ വരുമാനരംഗത്ത് വലിയ ഇടിവുണ്ടാക്കുന്ന ഒരു ബഡ്ജറ്റാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. സമസ്ത മേഖലകളിലും ഉണർവ്വിന്റെ കാഹളം വിളിച്ചു കേൾപ്പിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് മാണി സാർ അവതരിപ്പിച്ചത്. അതിന്റെ ആദ്യ നാലുമാസത്തെ ചെലവിനുള്ള അനുമതി കൊടുക്കുന്ന ചർച്ച യാണ് ഇവിടെ നടക്കുന്നത്. കർഷകർക്കും വ്യവസായികൾക്കും സാമൂഹ്യ ക്ഷേമ പ്രവർത്തകർക്കും എല്ലാത്തിനും ഊന്നൽ നൽകുന്ന ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്. കാർഷികപ്രവൃത്തി അന്തസ്സുള്ള ജോലിയാണ് എന്നുള്ള സന്ദേശമാണ് ഈ ബഡ്ജറ്റിലൂടെ അദ്ദേഹം നൽകുന്നത്. 90% സർക്കാർ പ്രീമിയത്തോടു കൂടി ഇൻകം ഗ്യാരന്റി സ്കീം ഉൾപ്പെടെ 2 ഹെക്ട റിനു താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്, കർഷക രുടെ പെൺകുട്ടികൾക്ക് ലാപ്ടോപ്പ് അങ്ങനെ നിരവധി പുതിയ ആശയങ്ങൾ അദ്ദേഹം ഇതിലൂടെ വച്ചിട്ടുണ്ട്. ഞാൻ തീരദേശ മേഖലയിൽ നിന്നുള്ള ഒരു എം.എൽ.എ. ആണ്. 1991–മുതൽ ഞാൻ ഈ സഭയിൽ വരുന്നയാളാണ്. മണ്ണെണ്ണയ്ക്ക് സബ്സിഡി കൊടുക്കണമെന്നുള്ളത് അന്ന് മുതൽ ഇവിടെ കേൾക്കുന്ന ഒന്നാണ്. ചരിത്രത്തിലാദ്യമായി 100 കോടി രൂപയാണ് ഏപ്രിൽ മാസം മുതൽ കേരളത്തിലെ തീരദേശത്തെ പാവപ്പെട്ട ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡിക്കായി കൊടുക്കുന്നത്. വേറെ ഏതെങ്കിലും ഗവൺമെന്റിന് തോന്നിയിട്ടുണ്ടോ? അതുപോലെ തന്നെ വനിതകൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പ്രത്യേക പരിഗണന ബഡ്ജറ്റി ലുണ്ട്. എല്ലാ ക്ഷേമപെൻഷനുകളും കൂട്ടിയിരിക്കുകയാണ്. ഒരു കാര്യം

ബഹുമാനപ്പെട്ട മാണി സാറിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ആഡംബര സ്വകാര്യ കാര്യേജുകൾക്ക് ടാക്സ് കൂട്ടിയത് പരിശോധിക്കണം. 12 സീറ്റുകളുള്ള ടെമ്പോ ട്രാവലറിന് നേരത്തെയുണ്ടായിരുന്ന ടാക്സ് 3720 രൂപ. പുതുക്കിയ നിരക്കിൽ 24000 രൂപയാണ്. അതുപോലെ 49 സീറ്റുകളുള്ള ബസിന് നേരത്തെയുള്ള ടാക്സ് 36750 രൂപയാണ്, അതിപ്പോൾ 98000 രൂപയായി വർദ്ധിക്കുകയാണ്. ഇതുപോലെ ഓരോ രംഗത്തുമുണ്ട്. എനിക്ക് തോന്നുന്നത് കാൽക്കുലേഷന്റെ ബുദ്ധിമുട്ടോ പോരായ്മയോ കൊണ്ടാണോ അതല്ലെങ്കിൽ......, ഈ രംഗത്ത് പുറത്തേയ്ക്ക് പോകുന്ന ബസുകളുടെ കാര്യത്തിൽ പോലും ബുദ്ധിമുട്ടുണ്ടാവുകയാണ്. സബ്ജക്ട് കമ്മിറ്റി ചേരുമ്പോൾ ആഡംബര കാര്യേജുകളുടെ ടാക്സിന്റെ കാര്യത്തിൽ പുനർചിന്തനം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ഒരു കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടി വളരെ ബോധപൂർവ്വം നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷമുണ്ടാക്കാൻ ശ്രമിക്കുകയാണ്. വടകര മേഖല വളരെ സെൻസിറ്റീവായ മേഖലയാണ്. അവിടെ കുറ്റ്യാടി മണ്ഡലത്തിൽ മേമുണ്ടയിൽ ബി.ജെ.പി.-യുടെ പോസ്റ്ററും ബാനറും കീറി അടുത്തുള്ള മദ്രസയിൽ കൊണ്ടിട്ടു. രാത്രി ജനങ്ങൾ കൂടി ആളിനെ പിടിച്ചു, പിടിച്ചപ്പോൾ അത് സി.പി.ഐ.(എം) നേതാവായിരുന്നു. അപ്പോൾ സി.പി.ഐ.(എം) വളരെ ബോധപൂർവ്വം സംഘർഷമുണ്ടാക്കാൻ ശ്രമിക്കുന്നു. എന്താണ് കാര്യം? മാർക്സിസ്റ്റ് പാർട്ടിക്കേറ്റ തിരിച്ചടികൾ, സഖാവ് പിണറായി വിജയന്റെ ജാഥയ്ക്ക് ആൾ കൂടുന്നില്ല. ആ ജാഥ ഓരോ ദിവസവും ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അവർ വർഗ്ഗീയ കാർഡ് കളിക്കാൻ, നാട്ടിൽ മുഴുവൻ വർഗ്ഗീയ സംഘർഷങ്ങൾ

ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഫസലിനെ കൊന്ന് ചോരയിൽ മുക്കിയ തൂവാല ക്ഷേത്രത്തിൽ കൊണ്ടുപോയി ഇട്ട ആൾക്കാരാണ്. ടി. പി. ചന്ദ്രശേഖരനെ വധിക്കാൻ വന്ന ഗുണ്ടകളുടെ കാറിൽ മാശാ അള്ളാഹ് സ്റ്റിക്കർ പതിപ്പിച്ചു. അങ്ങനെ വളരെ ബോധപൂർവ്വം മാർക്സിസ്റ്റ് പാർട്ടി നടത്തുന്ന ഈ ശ്രമങ്ങളെ ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കരുത്. ഇവിടെ നമ്മൾ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. യു.ഡി.എഫ്. വളരെ ആത്മവിശ്വാസത്തോടെയാണ് മുന്നോട്ട് പോകുന്നത്. ജനക്ഷേമകരമായ കാര്യങ്ങളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ മലയോര കർഷകരെ ബാധിക്കുന്ന ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് മാറ്റി കസ്തൂരിരംഗൻ റിപ്പോർട്ട് കൊണ്ടുവരികയും ആ റിപ്പോർട്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ പ്രതിപക്ഷത്തെയും കൂട്ടുപിടിച്ച് ഒരുമിച്ച് മുന്നോട്ടു പോയ ഗവൺമെന്റാണ്. ഇന്നിവിടെ മുഖ്യമന്ത്രി തീരദേശത്തെ ജനങ്ങൾക്ക് വലിയ ആശ്വാസമാണ് പകർന്നത്. 2011-ൽ അന്നത്തെ ഗവൺമെന്റ് അഭിപ്രായം അറിയിക്കാത്തതിന്റെ പേരിൽ നമുക്ക് നഷ്ടപ്പെട്ട തീരദേശവാസികളുടെ അവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഇന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച വലിയ ഇളവുകൾ ലക്ഷക്കണക്കിന് തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികളല്ലാത്തവർക്കും വലിയ ആശ്വാസകരമായിരിക്കും എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ഇടതുപക്ഷത്തിന് ഈ സർക്കാരിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? ഏത് മേഖലയിലാണ് ഈ സർക്കാർ മുന്നോട്ടുപോകാത്തത്? വളരെ കൃത്യമായ ധനകാര്യ മാനേജ്മെന്റിന്റെ കാര്യം മാണി സാർ പറഞ്ഞു. ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിലും അതുപോലെ ചെലവ് നിയന്ത്രിക്കുന്ന കാര്യത്തിലും ആവശ്യമുള്ള എല്ലാ മേഖലകളിലും ഗവൺമെന്റിന്റെ ശ്രദ്ധ പതിപ്പിക്കുകയും അതുമായി മുന്നോട്ടുപോകുകയും ചെയ്യുന്ന ഒരു

ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഇവിടെ വിമോചന സമരത്തിന്റെ കാര്യം പറഞ്ഞു. വിമോചന സമരത്തിൽ കോൺഗ്രസ് ഒറ്റയ്ക്കായിരുന്നില്ല, ഇന്ന് നിങ്ങളുടെ കൂടെയുള്ള ആർ.എസ്.പി.-യും അന്നുണ്ടായിരുന്നു. ചന്ദന ത്തോപ്പിലെ വെടിവെയ്പിൽ കൊല്ലപ്പെട്ടത് ആർ.എസ്.പി.-യുടെ ആളായി രുന്നു. അതുപോലെ ഇന്ന് നിങ്ങളോടൊപ്പമുള്ള പലരും അന്ന് വിമോചന സമരത്തിൽ പങ്കെടുത്തവരാണ്. എന്നുമാത്രമല്ല, വിമോചന സമരം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എന്തായിരുന്നു ജനവിധി? മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ അന്നത്തെ കോൺഗ്രസ്-മുസ്ലീം ലീഗ്-സോഷ്യലിസ്റ്റ് ഐക്യം അധികാര ത്തിൽ വന്നു. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ആകെ കിട്ടിയത് 24 സീറ്റായി രുന്നു. അതിന്റെ അർത്ഥം അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചു വിട്ടത് അംഗീകരിക്കുന്നുവെന്നല്ലേ. അതല്ലേ യാഥാർത്ഥ്യം. ഇപ്പോൾ ഇവിടെ ശ്രീ. കെ. ദാസൻ പറഞ്ഞു, മതമേധാവികൾ ഒരുക്കിയ എന്തോ സംവിധാന മാണ് അവിടെ ഫ്ളോറിയെ വെടിവെച്ചു കൊന്നതെന്നാണ്. പാവപ്പെട്ട ഗർഭിണിയായ ഒരു സ്ത്രീയെ പോലീസ് വെടിവെച്ചു കൊന്നിട്ട് അതുപോലും മതമേധാവികളുടെ മേൽ കെട്ടിവയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ശ്രീ. എം. എ. ബേബി അങ്ങ് ഇതെല്ലാം കേൾക്കുന്നുണ്ടല്ലോ, അങ്ങ് ഇടയ്ക്കി ടയ്ക്ക് ഇപ്പോൾ ബിഷപ്പുമാരെ കാണാൻ പോകുന്നുണ്ടല്ലോ. നിങ്ങൾ ബിഷ പ്പുമാരുടെ അരമനയിലൊക്കെ പോകുന്നില്ലേ, പക്ഷേ അപ്പോഴും നിങ്ങളുടെ മനസ്സിൽ അവരോടുള്ള സ്നേഹമല്ല, അവരോടുള്ള പ്രതികാരമാണ് എന്നല്ലേ ശ്രീ. കെ. ദാസന്റെ പ്രസംഗം സൂചിപ്പിക്കുന്നത്. കേരളത്തിൽ ഐക്യജനാധി പത്യ മുന്നണി എല്ലാ വിഭാഗം ജനങ്ങളെയും പ്രതിനിധീകരിക്കുന്ന പ്രസ്ഥാന മാണ്. ഞങ്ങൾ എല്ലാ വിഭാഗത്തിന്റെയും പ്രാതിനിധ്യമുള്ള മുന്നണിയാണ്. തൊഴിലാളി വർഗ്ഗത്തിനുവേണ്ടി, കർഷകർക്കുവേണ്ടി, ചെറുപ്പക്കാർക്ക്

വേണ്ടി, ഉദ്യോഗസ്ഥർക്കുവേണ്ടി എല്ലാവരുടെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. അതിന്റെ പ്രതിഫലനമാണ് മാണി സാറിന്റെ ബഡ്ജറ്റിൽ കണ്ടത് എന്ന് പറയാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഏതായാലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്തുകൊണ്ട് ജനങ്ങളിൽ നിന്നും ഒറ്റപ്പെടുന്നുവെന്ന് നിങ്ങൾ മനസ്സി ലാക്കേണ്ടതായിട്ടുണ്ട്. ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയുടെ വെളിപ്പെടുത്തൽ വന്നല്ലോ, അവിടെ നടന്ന 9 പേരുടെ കൊലപാതകത്തിൽ തങ്ങൾ ഖേദിക്കു ന്നുവെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇന്ന് മണിയാശാന്റെ പ്രസ്താവന കണ്ടു, മാർക്സിസ്റ്റ് പാർട്ടി ഒന്ന് ഊതിയാൽ ആർ.എം.പി. പൊടി യായിപ്പോകുമെന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ ഈ ഭീഷണി എന്ന് അവസാനിക്കും. മണിയാശാന്റെ പേരിൽ കേസെടുത്തു. ഇപ്പോൾ അദ്ദേഹത്തെ മലബാറിലേയ്ക്ക് ഇറക്കിവിട്ടിരിക്കുകയാണ്. അവിടെ നടന്നത് പ്രകോപനപരമായ പ്രസംഗമാണ്. ഊതിയാൽ പൊടിയായിപ്പോകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി പിന്താങ്ങുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞതുപോലെ സഭയുടെ ഈ സമ്മേളനത്തിന്റെ അവസാന ദിവസമാണ്. നമ്മൾ ഒരു തെരഞ്ഞെടുപ്പി ലേയ്ക്ക് പോകാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട ഡൊമിനിക് പ്രസ ന്റേഷൻ പറഞ്ഞത്. ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അഡ്മിറ്റ് ചെയ്തൊരു കാര്യമുണ്ട്. നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുള്ള സാമ്പത്തികമാന്ദ്യവും നാണയപ്പെരുപ്പവുംമൂലം രൂക്ഷമായ പ്രതിസന്ധിയാണ്

സൃഷ്ടിച്ചിരിക്കുന്നത്. ശ്രീ. കെ. എം. മാണിയെപ്പോലുള്ള അടിസ്ഥാനവർഗ്ഗ സിദ്ധാന്തത്തിന്റെ പ്രയോക്താവായ, കാരുണ്യത്തിന്റെ യഥാർത്ഥ കയ്യൊപ്പെന്ന രീതിയിൽ നമ്മളെല്ലാം ഇന്ന് വാഴ്ത്തുന്ന, കാരുണ്യ ലോട്ടറിയുൾപ്പെടെ ബഹുഭൂരിപക്ഷം ജനങ്ങൾക്ക് എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹമുള്ള ഒരു മനുഷ്യസ്നേഹിയാണ് നമ്മുടെ മുമ്പിലുള്ളത്. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിനനുസരിച്ച് നാണയപ്പെരുപ്പവും സാമ്പത്തിക മാന്ദ്യവും കടന്നുവരാൻ കഴിഞ്ഞ ആ സാഹചര്യത്തെ സംബന്ധിച്ചും തെറ്റായ സാമ്പത്തികനയത്തെ സംബന്ധിച്ചും അത് നടപ്പിലാക്കുന്ന ശക്തികളെ സംബന്ധിച്ചുമെല്ലാം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചില്ലെങ്കിൽ അദ്ദേഹത്തിന്റെ മനസ് നാടിന് സമർപ്പിക്കാൻ കഴിയാതെ വരുമെന്നാണ് എന്റെ അഭിപ്രായം. അപ്പുറത്തിരുന്നുകൊണ്ട് അദ്ദേഹത്തിന്റെ മനസ്സിനനുസരിച്ച് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിൽ നിന്ന് മാറിചിന്തിക്കണമെന്നാണ് എന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ സേവനം ബഹുഭൂരിപക്ഷം ജനങ്ങൾക്ക് ലഭ്യമാകത്തക്ക തരത്തിൽ ദേശീയ രാഷ്ട്രീയം മനസ്സിലാക്കി വരുന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം മാത്രമല്ല............ നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയും മതേതരത്വവുമെല്ലാം അപകടത്തിലാകുകയാണ്. നമുക്കറിയാമല്ലോ, മുസ്ലീം സഹോദരന്മാർ, മതന്യൂനപക്ഷത്തിൽപ്പെട്ട ആളുകൾ, മിഷണറിമാർ, ബാബ്റി മസ്ജിദ് പൊളിച്ച സംഭവം തുടങ്ങിയ കാര്യങ്ങളിലേക്കൊന്നും സമയക്കുറവുകൊണ്ട് ഞാൻ പോകുന്നില്ല. അത്തരം വിഷയങ്ങളിൽ നമ്മുടെ രാജ്യത്ത് കടന്നുവരുന്ന പ്രതിലോമശക്തികളെ തുടച്ചുനീക്കാൻ ഒരു ദേശീയ ബദൽ എന്ന ചിന്തയിലേയ്ക്ക് നമ്മുടെ രാജ്യത്തെ മനസ്സുകളെല്ലാം ഒരുമിക്കേണ്ട സാഹചര്യമാണെന്ന കാര്യം കൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. നമ്മുടെ ഭരണം ജനങ്ങൾക്കുവേണ്ടിയായിരിക്കണം. ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഭരണാധികാരിയെ

യാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത്. നമ്മുടെ ഭരണം പരിശോധിച്ചാൽ, ഭരണം ജനങ്ങൾക്കുവേണ്ടിയാണോ? ഭരണം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളായി നിയമസഭയിൽ നടക്കുന്ന ചർച്ചകളെ കാണണം. നിർഭാഗ്യകരമായി പറ ഞ്ഞാൽ ഭരണം എങ്ങനെയായിക്കൂടായെന്നുള്ളതിന്റെ രാഷ്ട്രീയ പാഠമായി മാറുകയാണ് കേരളത്തിലെ യു.ഡി.എഫ്. ഭരണം. ജനങ്ങളെ ഉത്കണ്ഠപ്പെടു ത്തുന്ന ഒരു പ്രശ്നങ്ങളെ സംബന്ധിച്ചും ഭരണാധികാരികൾക്ക് ഒരു ചിന്തയു മില്ല. ഇന്ന് കേരളത്തിലെ ജനങ്ങൾ ഭരണാധികാരികളുടെ ഏക വിഷയമായി കാണുന്നത്, അവരുടെ കസേര സംരക്ഷണവും മറ്റുള്ളവരുടെ കസേര തെറി പ്പിക്കലുമെന്ന രീതിയിലേയ്ക്കുള്ള ചക്കുളത്ത് പോരാട്ടമാണ്. ആ തരത്തിലു ള്ള ജീർണ്ണതയുടെ നെല്ലിപ്പടിയിലേക്ക് നാടിനെ താഴ്ത്തുകയാണ് ഈ ഭരണം. ജനങ്ങളുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട് യാതൊരുവിധ നടപടികളും സ്വീകരിക്കുന്നില്ല എന്നുള്ളതിന്റെ എത്രയോ ഉദാഹരണങ്ങളാണ് പറയാൻ കഴിയുന്നത്. ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകൾ പരിശോധിച്ചാൽ അതെല്ലാം വെറും ഷോയായി മാറുകയാണ്. ജനങ്ങളെ ഭിക്ഷാടകരായി മാറ്റുകയാണ്. തിരുവനന്തപുരം ജില്ലയുമായി ബന്ധപ്പെട്ടുവന്ന വാർത്തകൾ പരിശോധിച്ചാൽ, ഇരുപതിനായിരത്തിലധികം അപേക്ഷകൾ ലഭി ച്ചതിൽ കേവലം ആയിരത്തി എണ്ണൂറിലധികം ആളുകൾക്കാണ് നേരിട്ട് സഹാ യം ലഭ്യമാക്കാൻ കഴിഞ്ഞത്. അതിനേക്കാൾ എത്രയോ മഹനീയമായ പരിപാ ടിയാണ് മാണിസാറിന്റെ കാരുണ്യ ലോട്ടറി. അദ്ദേഹം ഒരു ആഡംബരവും കാണിക്കാതെ, ദർബാർ ഹാളിലും പോകാതെ, ആയിരക്കണക്കിന് പോലീസും പട്ടാളവുമൊന്നുമില്ലാതെ 200 കോടി രൂപയിലധികം രൂപയാണ് പാവപ്പെട്ട ആളുകൾക്ക് അദ്ദേഹം വിതരണം ചെയ്തത്. നമ്മുടെ ഈ സംവി

ധാനത്തെ ഉപയോഗിക്കാൻ കഴിഞ്ഞു. ഇവിടെ നമ്മുടെ ഈ സംവിധാനത്തെ ഉപയോഗിക്കാൻ കഴിയുന്നില്ല, സഹപ്രവർത്തകരെപ്പോലും കാശിന് കൊള്ളാത്തവരാക്കിമാറ്റുന്ന സംവിധാനത്തിലേയ്ക്ക് നമ്മുടെ ഭരണസംവിധാനം കൊണ്ടുപോകുമ്പോൾ അതിനെ പരിശോധിക്കാതിരിക്കുന്നത് ശരിയല്ല. കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. മറ്റൊരു ആശങ്ക നമ്മുടെ മനസ്സിലുള്ളത് നമ്മുടെ ധനകാര്യ കാര്യക്ഷമതയുമായി ബന്ധപ്പെട്ട് നേരത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുള്ള മുൻ ധനകാര്യ വകുപ്പു മന്ത്രി ഇവിടെ അനുവർത്തിച്ചതുപോലെ ചെലവ് വെട്ടിച്ചുരുക്കാതെ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട്........ശ്രീ. കെ. എം. മാണി ചെലവ് വെട്ടിച്ചുരുക്കുന്നുവെന്ന അഭിപ്രായമില്ല. വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കുറച്ചുകൂടി ഉണ്ടാകണമെന്ന അഭിപ്രായമുണ്ട്. അതുപോലെ നിത്യോപയോഗ സാധനങ്ങളായ ഉപ്പും മുളകും മഞ്ഞളും മല്ലിയും പടവലവും വാഴപ്പഴവും പച്ചക്കറിയും പഴവർഗ്ഗങ്ങളുമെല്ലാം മനുഷ്യനെ വെല്ലുവിളിക്കുകയാണ്. 'ചുണയുണ്ടോ എന്നെ വാങ്ങാൻ' എന്നാണ് അവർ ചോദിക്കുന്നത്. വിലക്കയറ്റം കൊണ്ട് രാജ്യത്ത് മനുഷ്യന് ജീവിക്കാൻ സാധിക്കില്ല. ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് ഒരുപാട് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിപോലും അവതാളത്തിലാകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ആ തരത്തിൽ ജനങ്ങൾ പൊറുതിമുട്ടുകയാണ്. ഇവിടെ മരുന്നില്ല, അടിസ്ഥാന സൗകര്യങ്ങളില്ല, ഡോക്ടർമാരില്ല അതുപോലെതന്നെ ഹോസ്പിറ്റലിൽ മരുന്ന് പരീക്ഷണ വസ്തുക്കളായി കുട്ടികളെ മാറ്റുകയാണ്. ഇതിനെയെല്ലാം നിയന്ത്രിക്കാൻ നമുക്കൊരു സിസ്റ്റം വേണം. മാവേലി

സ്റ്റോറും റേഷൻ കടകളുമെല്ലാം നോക്കുകുത്തികളായി മാറി. ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന പദ്ധതി പ്രഖ്യാപിച്ചു. നമ്മുടെ നാട്ടിലുള്ള മനുഷ്യന്റെ ആശങ്ക ഞാൻ പറയാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ ഭരിച്ച സമയത്ത് എ.പി. എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് വൈദ്യുതി കൊടുത്തത്. എം. എൽ.എ.മാരും പഞ്ചായത്ത് മെമ്പർമാരും വീടുവീടാന്തരം കയറിയിറങ്ങി 'കല്ല് കൊത്താനുണ്ടോ, കല്ല് കൊത്താനുണ്ടോ'യെന്ന് ചോദിച്ച് നടക്കുന്നതു പോലെ 'വൈദ്യുതി കിട്ടാനുണ്ടോ'യെന്ന് ചോദിച്ച് ആളുകളെ കണ്ടെത്തി എ. പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ വൈദ്യുതി കൊടുത്ത നാട്ടിലാണ് ബി.പി.എൽ. കാർക്ക് മാത്രം വൈദ്യുതി കൊടുക്കുമെന്ന് പ്രഖ്യാപിക്കുന്നത്. ജനങ്ങളെ ബാധിക്കുന്ന ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഷയങ്ങളിൽ ഇടപെടാൻ ഈ ഗവൺമെന്റിന് കഴിയാത്തതുകൊണ്ട് ഞാൻ ബില്ലിനെ എതിർക്കുകയാണ്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. മാറുന്ന കാലത്തോടൊപ്പം കേരളത്തെ വഴിനടത്താൻ പ്രാപ്തമാക്കി കേരളത്തിന്റെ ചരിത്രം മാറ്റിയെഴുതുകയാണ് ബഹുമാന്യനായ മുഖ്യമന്ത്രിയും യു.ഡി.എഫ്. സർക്കാരും. ബഹുമാന്യനായ മാണിസാറിന്റെ ബഡ്ജറ്റിലും അതുതന്നെയാണ് വ്യക്തമാക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളെ മറച്ചുവയ്ക്കാൻ പ്രതിപക്ഷം നടത്തിവരുന്ന എല്ലാ പ്രചരണങ്ങളും ദയനീയമായി പരാജയപ്പെടുകയാണ് ഉണ്ടായത്. യു.ഡി.എഫ്. സർക്കാരിന്റെ സഹായത്തിന്റെയും കാരുണ്യത്തിന്റെയും തൂവൽസ്പർശം ഏൽക്കാത്ത ഒരു വിഭാഗവും ഉണ്ടാകില്ല. എല്ലാ വിഭാഗത്തിലുമുള്ള ആളു

കൾക്കും സഹായകരമായ നിലപാടുകൾ സ്വീകരിക്കുന്ന സർക്കാരാണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ജനിക്കുന്ന കുഞ്ഞിന് പോഷകാഹാരവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുകയും വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗജന്യമായി പുസ്തകവും യൂണിഫോമും നൽകുകയും ചെയ്തു. അർദ്ധവാർഷിക പരീക്ഷ കഴിഞ്ഞാലും പാഠപുസ്തകം ലഭിക്കാത്ത സാഹചര്യം മാറുകയും സകൂൾ തുറക്കുന്നതിനുമുമ്പ് പുസ്തകം തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന വിപ്ലവകരമായ മാറ്റം സംസ്ഥാനത്തിന് അഭിമാനകരമാണ്. സമരം ചെയ്യാത്തതിന്റെ പേരിൽ എസ്.എഫ്.ഐ.ക്കാരെ സി.പി.ഐ(എം) നേതൃത്വം ശാസിച്ചിട്ട് കാര്യമില്ല. സമരം ചെയ്യാൻ ഒരു കാര്യവും കിട്ടുന്നില്ല. സ്ഥിരം പണിമുടക്കും പഠിപ്പുമുടക്കും ചെയ്യുന്നവർക്ക് ഒരു പണിയുമില്ലാതെ ഇരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റോഡിലെ കുഴിയെണ്ണി മടുത്തവർ ഇപ്പോൾ നാടുനീളെ അതിമനോഹരമായ റോഡുകൾ കണ്ട് വിസ്മരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ നേട്ടങ്ങളെയെല്ലാവരും പ്രകീർത്തിക്കുകയാണ്. വ്യവസായ രംഗത്തുണ്ടായ മുന്നേറ്റത്തിന്റെ ഫലമായി യുവതലമുറ ജനിച്ച മണ്ണിൽത്തന്നെ അവരുടെ കഴിവും ശക്തിയും പ്രയോജനപ്പെടുത്താനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. പതിനായിരത്തോളം പേർക്ക് സമ്പൂർണ്ണ പെൻഷൻ അനുവദിക്കുക മാത്രമല്ല എന്റെ മണ്ഡലമടക്കം സമ്പൂർണ്ണ പെൻഷൻ പ്രഖ്യാപിക്കുകയും ചെയ്തു. അതോടൊപ്പം വികലാംഗരെയും സുഖമില്ലാത്തവരെയും പരിപാലിക്കുന്നതടക്കമുള്ളവർക്ക് പെൻഷൻ നൽകിക്കൊണ്ടുവരികയാണ്. പാവപ്പെട്ടവർക്ക് ഒരുപാട് സഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്ന ഈ സർക്കാരിനെതിരെ

ഇടതുപക്ഷം നടത്തിയ എല്ലാ സമരങ്ങൾക്കും അവർക്കുതന്നെ റീത്ത് വയ്ക്കേണ്ടി വന്നിരിക്കുകയാണ്. ലാവ്‌ലിൻ കേസിലൂടെ ടി.പി. ചന്ദ്രശേഖരനെ നിഷ്ഠൂരമായി അരുംകൊല ചെയ്തതിലൂടെ, ഷുക്കൂറിനെ ക്രൂരമായി കൊലപ്പെടുത്തിയതിലൂടെ സി.പി.ഐ.(എം)– ബി.ജെ.പി. **പോക്കുവരവ്** വ്യക്തമാണ്. ടി.പി. ചന്ദ്രശേഖരനെ കൊന്ന കൊടുംകുറ്റവാളികളായ കൊലയാളികളോട് കാണിക്കുന്ന അടങ്ങാത്ത പ്രേമങ്ങളും കേരളീയ ജനസമൂഹത്തിന്റെ മനസ്സിലുണ്ട്. സി.പി.ഐ.(എം)–ന്റെ മുഖം തീർത്തും വികൃതമായിരിക്കുകയാണ്. ഇന്നലെ ഇവിടെ ശ്രീ. കെ. കുഞ്ഞിരാമൻ സൂചിപ്പിച്ചത്, കാസർഗോഡ് ജില്ലയിൽ നിന്നും ഒരുപാട് യു.ഡി.എഫ്. പ്രവർത്തകർ സി.പി.ഐ.(എം)–ലേയ്ക്ക് വരുന്നുവെന്നാണ്. എനിക്ക് ഓർമ്മവച്ച കാലം മുതൽ കാസർഗോഡ് നിയോജകമണ്ഡലത്തിൽ 22000 വോട്ടുകൾ എൽ.ഡി.എഫ്. നുണ്ടായിരുന്നു. കഴിഞ്ഞപ്രാവശ്യം ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്നിന്റെ എതിർസ്ഥാനാർത്ഥിയായ സിപി.ഐ.(എം)–ന് 16000 വോട്ടാണ് ലഭിച്ചത്. ബാക്കി ആറായിരം വോട്ട് എവിടെപ്പോയി എന്നാണ് മനസ്സിലാക്കേണ്ടത്.

കഴിഞ്ഞ ജനുവരി 15–ാം തീയതി കാറഡുക്കയിൽ നടന്ന ബാങ്ക് തെരഞ്ഞെടുപ്പിൽ സൗഹാർദ്ദം സ്ഥാപിച്ചത് ആരൊക്കെയാണ്? അവിടെ ബി.ജെ.പി.–യും സി.പി.ഐ.(എം)–മാണ് സൗഹാർദ്ദം സ്ഥാപിച്ചത്. സി.പി.ഐ. മാറി നിന്നു. അവർ അവരുടെ മാന്യത കാണിച്ചു. പൈവേളികെ പഞ്ചായത്തിൽ സി.പി.ഐ.–ഉം യു.ഡി.എഫ്–മാണ് ഒന്നിച്ച് മത്സരിച്ചത്. അവിടെ നിങ്ങൾ വോട്ട് ചെയ്തത് ആർക്കാണ്? സി.പി.ഐ. യെ തോൽപ്പിക്കാൻവേണ്ടി ബി.ജെ.പി.ക്ക് വോട്ട് ചെയ്തു. ഞങ്ങൾ ബി.ജെ.പി. കൂട്ടുകെട്ടാണെന്ന് പറയുന്നു, ഞങ്ങൾ ബി.ജെ.പി.യുമായല്ലാതെ നിങ്ങളുമായി

എവിടെയെങ്കിലും മത്സരിക്കുന്നുണ്ടോ? പൈവേളികെ പഞ്ചായത്തിൽ എൽ.ഡി.എഫ്-ന്റെ സഹായത്തോടെയാണ് ഇന്നും ബി.ജെ.പി. ഭരിക്കുന്നത്. അല്ലെന്ന് പറയാൻ കഴിയില്ല. അതുപോലെ ഞങ്ങൾ ഭരിക്കുന്ന സ്ഥല ത്തൊക്കെ പ്രതിപക്ഷത്ത് ബി.ജെ.പി.യാണ്. കാസർഗോഡ് മുനിസിപ്പാ ലിറ്റിയിലും മൊഗ്രാൽ പുത്തൂർ, കുമ്പള, മംഗൽപ്പാടി, മഞ്ചേശ്വരം, മീഞ്ച, വോർക്കാടി എന്നീ പഞ്ചായത്തുകളിലും ബി.ജെ.പി.യാണ് പ്രതിപക്ഷം. നിങ്ങളും ഞങ്ങളും പ്രതിപക്ഷമായുള്ളത് പുത്തിഗെ പഞ്ചായത്തിൽ മാത്രമാണ്. അത് നറുക്കെടുപ്പിലൂടെ നിങ്ങൾക്ക് കിട്ടിയതാണ്. നറുക്കെടു പ്പിലൂടെ ബദിയഡുക്ക, എന്മകജെ, കുംപഡജെ, ബേളൂർ എന്നീ പഞ്ചായത്തുകളിൽ യു.ഡി.എഫ്-ന് ബി.ജെ.പി.യാണ് പ്രതിപക്ഷം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): അപ്പോൾ എൽ.ഡി.എഫ്. എന്നുപറയുന്ന പാർട്ടി അവിടെയില്ലേ?

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞങ്ങളുടെ പഞ്ചായത്തിൽ 23 സീറ്റിൽ വിരലിലെണ്ണാവുന്ന 3 സീറ്റുമാത്രമേ നിങ്ങളുടെ പാർട്ടിക്കുള്ളൂ. ഞങ്ങളും നിങ്ങളും തമ്മിൽ നേരിട്ടുള്ള മത്സരം ഈ മൂന്ന് സ്ഥലത്ത് മാത്രമേയുള്ളൂ. അത് കല്ല്, കരട്, കാഞ്ഞിരക്കുറ്റി മുതൽ മുള്ള്, മുരട്, മൂർഖൻപാമ്പുവരെ ഒന്നിച്ചുനിന്നിട്ടാണ് മൂന്ന് സീറ്റ് കിട്ടിയത്. വേറെ എവിടെയാണ് ഞങ്ങൾ ബി.ജെ.പി.യുമായി കൂട്ടുകെട്ട്. ഞങ്ങൾക്ക് എന്തിനാണ് ബി.ജെ.പി.യുടെ കൂട്ടുകെട്ട്? പ്രതിപക്ഷം നിങ്ങളല്ലായെന്ന് നിങ്ങൾ പറയൂ.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ഒന്ന് വഴങ്ങൂ.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, വഴങ്ങാൻ നിങ്ങൾ ഇവിടെ വന്നിട്ട് ഏതാണ്ട് പത്ത് വർഷമായില്ലേ; ഞാനിപ്പോൾ ആദ്യം ഇവിടെ വന്നതല്ലേ; ഞാൻ വഴങ്ങുന്നത് എന്തിനാണ്?

മി. സ്പീക്കർ: പ്ലീസ്....കൺക്ലൂഡ്..... കൺക്ലൂഡ്.....യെസ്....യെസ്.... സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്......

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, എന്തിനാണ് നിങ്ങളിപ്പോൾ മുതലക്കണ്ണീരൊഴുക്കുന്നത്. എൻഡോസൾഫാൻ ബാധിച്ച സമയത്ത് ഞാൻ കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ ഒരു അംഗമായിരുന്നു, അവിടത്തെ പ്രസിഡന്റായിരുന്നു. 80 പേർക്ക് 40 ലക്ഷം രൂപയാണ് നിങ്ങൾ കൊടുത്ത തെന്ന് എനിക്കറിയാം. മാങ്ങയോ ചതിച്ചത് കുരുവോ ചതിച്ചത് എന്നുള്ള ചർച്ചയായിരുന്നു നിങ്ങക്ക് 5 വർഷം. എൻഡോസൾഫാൻ ബാധിച്ച 4182 പേരുടെ ലിസ്റ്റുണ്ടാക്കി. ആ ലിസ്റ്റ് പാസ്സാക്കാൻവേണ്ടി പുറത്തുനിന്ന് സമരം ചെയ്യിച്ചതല്ലാതെ വേറെ എന്താണ് നിങ്ങൾ ചെയ്തത്? ഒന്നും ചെയ്തില്ല. നിങ്ങൾ അഞ്ചുവർഷം ഭരണത്തിലായിരുന്നു. ഭരണത്തിലുണ്ടായിട്ടുപോലും നിങ്ങൾ ഒന്നും ചെയ്തില്ല. അതുകൊണ്ടാണ് ഇപ്പോൾ മുതലക്കണ്ണീരൊഴു ക്കുന്നത്. ഇപ്പോൾ മുതലക്കണ്ണീരൊഴുക്കിയതുകൊണ്ട് ഒരു കാര്യവുമില്ല. ലോകം അംഗീകരിച്ച, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നിങ്ങൾ തടഞ്ഞുവച്ച ആനുകൂല്യം വാങ്ങുന്ന ആ ജനങ്ങൾ മതി ഞങ്ങൾക്ക്. ലോകസഭയിൽ കാസർഗോഡിന്റെ സീറ്റ് അടക്കം നിങ്ങളെ തോൽപ്പിച്ച് കയ്യിൽതരും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, മാണി സാർ അവതരിപ്പിച്ച കേരള ധനവിനിയോഗ ബില്ലിനെയും ധനകാര്യ ബില്ലിനെയും ഞാൻ എതിർക്കുകയാണ്. മാണി സാർ വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലേക്കാണ് നമ്മുടെ ശ്രദ്ധയെ കൊണ്ടുവന്നത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞ ഒരു കാര്യമുണ്ട്, നമ്മുടെ ചെലവിന്റെ 61 ശതമാനവും ആകെ വരവിന്റെ 68 ശതമാനവും റവന്യൂ എക്സ്പെന്റീച്ചറാണ് എന്ന്. നമ്മുടെ വികസന പ്രവർത്തന പരിപാടികൾക്ക് ബാക്കിയുള്ള 32 ശതമാനം തുക മാത്രമാണ് കൊടുക്കാൻ കഴിയുക. ക്യാപിറ്റൽ എക്സ്പെന്റീച്ചർ വർദ്ധിപ്പിക്കണമെന്ന് പറയുകയും അതിന്റെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി എന്തുചെയ്യാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നില്ല. വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണിത്. പുതിയ വരുമാനത്തിനായി ടാക്സുകൾ ഏർപ്പെടുത്തുന്നു. 1600 കോടി രൂപയോളം ടാക്സാണ് ഇത്തവണ വരുന്നത്. പക്ഷേ കഴിഞ്ഞ തവണത്തേതിന് മുമ്പുള്ള കാര്യങ്ങളെക്കുറിച്ച് പുതിയ നികുതികൾ വരുന്നുണ്ടെങ്കിലും അത് പിരിച്ചെടുക്കാൻ എന്താണ് ചെയ്യുന്നത്. പിരിച്ചെടുക്കുന്നതിൽ കാര്യമായ അനാസ്ഥയാണ്. ഒന്നും തന്നെ ചെയ്യുന്നില്ല. നമ്മുടെ സംസ്ഥാനത്തിന് ഇപ്പോൾത്തന്നെ ഫണ്ട് കിട്ടണമെങ്കിൽ കേന്ദ്ര സഹായം വേണം. നമുക്ക് ഒരു deficit ബഡ്ജറ്റ് അവതരിപ്പിക്കാൻ നിവർത്തിയില്ല. മാനേജ്മെന്റ് ആക്ട് പ്രകാരം ഫിസിക്കൽ റെസ്പോൺസ് ബഡ്ജറ്റ് സീറോ പെർസെന്റ് ആയിരിക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിക്കുന്നത്. കേന്ദ്രം നിർദ്ദേശിക്കുന്നു, എക്സീഡ് ചെയ്യാൻ പാടില്ലായെന്ന് പറയുന്നു, പൈസ തരുന്നില്ല. 14-ാം ധനകാര്യ കമ്മീഷൻ

കൊടുത്തിട്ടുള്ള റിപ്പോർട്ടുകൾ നോക്കുമ്പോൾ അറിയാം. 2011–ലെയും, 2012–ലെയും, 2013–ലെയും കമ്മീഷനുകളിലൂടെ നമുക്ക് നൽകിയിട്ടുള്ള തനുസരിച്ച് നോക്കുമ്പോൾ ശതമാനം കുറഞ്ഞുവരികയാണ്. ശതമാനം കുറയുന്നത് മാത്രമല്ല വളരെ ഗുരുതരമായ മറ്റൊരു കാര്യമുണ്ട്. കേരള ത്തിന്റെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ജനസംഖ്യാടിസ്ഥാനത്തിലാകണം എന്നുള്ളതിന് വ്യത്യസ്തമായി മാത്രമായിരിക്കരുത് നമുക്ക് കിട്ടേണ്ട കേന്ദ്രവിഹിതം. കേരളത്തിൽ നിന്നാണ് റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ ഫണ്ട് കൊടുക്കുന്നത്. കേരളത്തിലെ റെയിൽവേയുടെ ഡെവലപ്മെന്റ് വളരെ കുറവാണ്. അതുപോലെ, വിദ്യാഭ്യാസ രംഗത്ത് നമ്മൾ ഇന്ന് മുന്നിലാണെന്ന് പറയുമ്പോൾ, ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയിലെല്ലാം പരിശീലനം കിട്ടിയതിനുശേഷമുള്ള ഒരു ഗവേഷണ രംഗം നമ്മുടെ നാട്ടിൽ പരാജയമാണ്. ആ രംഗത്ത് നമ്മുടെ കുട്ടികൾ വന്നിരുന്നില്ല. അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് കേരളത്തിൽനിന്നും ആളുകൾ പോകുന്നത് കുറവാണ്. കഴിഞ്ഞ തവണ ഒന്നുരണ്ട് ആളുകൾ വരികയും ഒന്നാം സ്ഥാനം കിട്ടുകയും ചെയ്തു എന്നുള്ളത് ശരിയാണ്. പക്ഷേ ഈ രംഗത്ത് നമുക്ക് വേണ്ട വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്തെ ഉറ്റുനോക്കുന്ന വരുംകാലത്തെ പ്രശ്നങ്ങളാണിത്. ഇതിനിടയിലാണ് ഓരോ കാര്യത്തിലും നമ്മുടെ നാട്ടിൽ ഓരോ നികുതികൾ ഏർപ്പെടുത്തുന്നത്. നികുതികൾ ഏർപ്പെടുത്തുമ്പോൾ ആലോചിക്കേണ്ട കാര്യം, കഴിഞ്ഞ ബഡ്ജറ്റിൽ 389 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്. അതിൽ 146 എണ്ണത്തിനുമാത്രമാണ് കൊടുത്തത്. ബാക്കി 243 എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഇന്നിപ്പോൾ

നൽകിയാൽപ്പോലും അത് പണിത് തീർക്കാനാവില്ല. അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ടിനൊക്കെ എത്രയോ അപേക്ഷകൾ ധനകാര്യ വകുപ്പിലും മറ്റും കെട്ടിക്കിടക്കുകയാണ്. ഇത് കൊടുക്കാതിരിക്കുക എന്നുള്ള പദ്ധതിയാണ്. അതാണ് ഇപ്പോൾ ചെയ്യുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ പല ഫ്ളാഗ് ഷിപ്പ് പ്രോഗ്രാമുകളും ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വിനിയോഗത്തിന്റെ 40 ശതമാനം മാത്രമാണ് കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിനെക്കുറിച്ച് ഒരു ഭരണകക്ഷി എം.എൽ.എ. തന്നെ പറഞ്ഞത് തലയെടുപ്പില്ലാത്ത ഒരു ബഡ്ജറ്റ് എന്നാണ്. പല കാര്യങ്ങളും ഇതിൽ നടപ്പിലാക്കാൻ പറയുന്നുണ്ട്. മാണി സാറിന്റെ ബഡ്ജറ്റിനെക്കുറിച്ച് പറയുന്നത്, 'Mani offers nothing, concrete for green brigade' എന്നാണ്. ടൈംസ് ഓഫ് ഇന്ത്യയുടെ കമന്റാണിത്. പശ്ചിമ ഘട്ടത്തിന്റെ കാര്യങ്ങളെക്കുറിച്ച് നാം ഗാഡ്ഗിൽ റിപ്പോർട്ടിലും കസ്തൂരി രംഗൻ റിപ്പോർട്ടിലുമൊക്കെ പറയുമ്പോൾ, കഴിഞ്ഞ ആഞ്ചാറ് വർഷത്തിനുള്ളിൽ നമ്മുടെ നാട്ടിൽ വർദ്ധിപ്പിച്ചിട്ടുള്ള വനമേഖലയുണ്ട്. അതിനനുസൃതമായി കേന്ദ്രം നമുക്കൊന്നും തരുന്നില്ല. നമ്മുടെ വനവിസ്തൃതി കണക്കിലെടുക്കുന്നില്ല.

<u>മി. സ്പീക്കർ</u>: യെസ്.....ശ്രീ. ജോസ്.........

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഞാൻ നിർത്തുകയാണ്. വില നിയന്ത്രണത്തിൽ 12-ാം സ്ഥാനമാണ് കേരളത്തിനുള്ളത്. ഇത്രയും മോശമായ കാലം ഉണ്ടായിട്ടില്ല. ഉപഭോക്തൃ സൂചിക കേരളത്തിൽ 13 പോയിന്റാണെങ്കിൽ ദേശീയ തലത്തിൽ 7 പോയിന്റ് മാത്രമാണ്. സത്യത്തിൽ അതൊരു പരാജയമാണ്. യു.പി.എ. ഗവൺമെന്റിന്റെ 9 വർഷത്തെ

ഭരണമെടുത്തുനോക്കുമ്പോൾ 256 ശതമാനം വരെയാണ് വിലവർദ്ധനവ്. ഒരു പ്രാദേശിക കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. ഇവിടെ പല കാര്യങ്ങളും ചെയ്യുന്നില്ല. സ്റ്റാമ്പ് ആക്ടിന്റെ കാര്യത്തെക്കുറിച്ച് നേരത്തെ മാണി സാർ അവതരിപ്പിച്ചിരുന്നു. ഫെയർ വാല്യൂ ഫിക്സേഷന്റെ പരാതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനിടയിലാണ് പുതിയ നിരക്ക് വരുന്നത്. മണൽ, മണ്ണ് തുടങ്ങിയവ കയറ്റിവരുന്ന വാഹനങ്ങൾ പിടിച്ചിട്ടിരിക്കുന്നത് ഡിസ്പോസ് ചെയ്യാതെ റോഡിൽ തടസ്സമുണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്. അതിന് പരിഹാരം കണ്ടെത്തുന്നില്ല. സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം 45 ശതമാനം മാത്രമാണ്. ഞാൻ ഒരു പ്രാദേശിക കാര്യംകൂടി പറഞ്ഞുകൊണ്ട് നിർത്താം.

മി. സ്പീക്കർ: യെസ്.....ശ്രീ. ജോസ്.........യെസ്...യെസ്... പ്രാദേശിക കാര്യം പറഞ്ഞല്ലോ. നോ...നോ.....

ശ്രീ. ജോസ് തെറ്റയിൽ: സർ, അങ്കമാലിയിൽ നിന്ന് എയർപോർട്ടിലേയ്ക്ക് പോകുന്ന റോഡ് ഏറ്റെടുക്കുന്നതിന് ഉന്നത അധികാര സമിതി ശിപാർശ ചെയ്തിട്ടുണ്ട്. പക്ഷേ ഫണ്ട് റിലീസ് ചെയ്ത് വരുന്നില്ല. പുതിയ ബഡ്ജറ്റിൽ റവന്യൂ വകുപ്പിന് ഫണ്ട് നീക്കിവച്ചിട്ടുണ്ടെങ്കിലും അത് റിലീസ് ചെയ്ത് വരുന്നില്ല. അതുംകൂടി മാണി സാർ പ്രത്യേകമായി പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ നിർദ്ദേശങ്ങളെ എതിർക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ ധനവിനിയോഗം ദിശാബോധത്തോടെ

നിർവ്വഹിക്കുവാൻ യു.ഡി.എഫ്. സർക്കാരിനും ധനകാര്യവകുപ്പിനും കഴിയുന്നുവെന്നത് അഭിമാനത്തോടെ പറയാൻ കഴിയുന്ന കാര്യമാണ്. ഓരോ മേഖലയുടെയും ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് പണം ചെലവഴിക്കുവാൻ സർക്കാർ നടത്തുന്ന പരിശ്രമം ഗവൺമെന്റ് ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുന്നുവെന്നതിനും ഭരണം ജനങ്ങൾക്കുവേണ്ടിയാണെന്നതിനും തെളിവായി കാണാൻ കഴിയും. ഇപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ച വിവിധ കാര്യങ്ങൾ പരിശോധിക്കുമ്പോൾ തന്നെ അതിനുള്ള മറുപടി ലഭിക്കുമെന്ന് തുടക്കത്തിൽത്തന്നെ ശ്രീ. കെ.എം. മാണി പറഞ്ഞുകഴിഞ്ഞതാണ്. മേജർ ക്യാപിറ്റൽ എക്സ്പെൻഡീച്ചർ വർദ്ധിപ്പിക്കുക, ക്യാപിറ്റൽ ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി കൂടുതൽ പണം ചെലവഴിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാടെന്ന് ഇവിടെ വ്യക്തമാക്കുകയുണ്ടായി. 850 കോടി രൂപയിൽ നിന്നും 1225 കോടി രൂപയായി ഇത് വർദ്ധിപ്പിച്ചുകൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്ന് പറയുന്നതുതന്നെ അടിസ്ഥാനമേഖലയുടെ വികസനത്തിന് യു.ഡി.എഫ്. സർക്കാർ ഏറ്റവും പ്രാധാന്യം കൊടുക്കുന്നുവെന്നതിന്റെ തെളിവായി കാണാൻ കഴിയും. ആരോഗ്യ –വിദ്യാഭ്യാസ മേഖലകൾക്കുവേണ്ടി ഇന്ത്യയിൽ ഏറ്റവുമധികം പ്രാധാന്യം കൊടുക്കുന്ന സംസ്ഥാനമായി കേരളം ഇന്ന് മാറിയിരിക്കുന്നുവെന്ന് ധനവിനിയോഗ ബില്ലിന്റെ അവതരണത്തിൽ ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ മേഖലകൾക്കെല്ലാം ഏറ്റവുമധികം പ്രാധാന്യം ഇപ്പോഴും കൊടുക്കുന്നു. ഇവിടത്തെ ആശുപത്രികൾ സംരക്ഷിക്കാനും വിദ്യാഭ്യാസ രംഗത്ത് പുരോഗതിയുണ്ടാകാനും വ്യക്തമായ കാഴ്ചപ്പാടോടുകൂടി ധനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു എന്നുള്ളത്

ശ്ലാഘനീയമാണ്. കേരളത്തിലെ കൃഷിക്കാർക്ക് ഉപകരിക്കുന്ന ഏറ്റവും വലിയ കർമ്മപരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിനെപ്പറ്റി ഈ സഭ ചർച്ച ചെയ്തതാണ്. എല്ലാവർക്കും അതിൽ അഭിമാനമുണ്ട്. വിലയിടിവുമൂലം പ്രയാസപ്പെടുന്ന റബ്ബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് കർഷകരെ സഹായിക്കുവാൻ റബ്ബർ സംഭരണത്തിനുള്ള തീരുമാനം ഈ ഗവൺമെന്റ് കൈകൊള്ളുകയുണ്ടായി. കൃഷിക്കാർക്കുവേണ്ടി റബ്ബർ സംഭരിക്കുവാൻ മുന്നോട്ടുവന്ന ഗവൺമെന്റിന്റെ നിലപാടിനെ എല്ലാവരും സ്വാഗതം ചെയ്യുകയാണ്. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം റബ്ബർ സംഭരണത്തിന് ഒരു രൂപ വർദ്ധിപ്പിച്ച തീരു മാനമാണ്. തീർച്ചയായും അത് കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടത് റബ്ബർ സംഭ രണം ഫലപ്രദമാകുന്നതിന് ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹി ക്കുകയാണ്. റബ്ബർ കൃഷിക്കാർക്കുവേണ്ടി ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടിനെ സ്വാഗതം ചെയ്യുമ്പോൾ തന്നെ റബ്ബർ സംഭരണം ഫലപ്രദമാ ക്കാൻ കഴിയുന്ന വിധത്തിൽ അഞ്ച് രൂപയിൽ കുറയാത്ത വില നൽകിയാൽ മാത്രമേ കൂടുതൽ ആളുകൾ റബ്ബർ കൊടുക്കാൻ തയ്യാറാവുകയുള്ളൂ. റബ്ബർ സംഭരണം ഫലപ്രദമാകണമെങ്കിൽ, സൊസൈറ്റികൾക്ക് റബ്ബർ സംഭരി ക്കാനും കൃഷിക്കാർക്ക് റബ്ബർ കൊടുക്കാനും കഴിയണമെങ്കിൽ റബ്ബറിന്റെ സംഭരണ വില പത്ത് രൂപയാക്കാൻ കഴിയണം. അഞ്ച് രൂപയിൽ കൂടുത ലായി കൊണ്ടുവരാൻ കഴിയുമോ, ഒരു രൂപ എന്ന നിലയിൽ നിന്നും വർദ്ധി പ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു തീരുമാനം ആവശ്യമാണ്. ധനവിനി യോഗത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട നിലപാടുകൾ സ്വീകരിക്കു മ്പോൾ തീർച്ചയായും റബ്ബർ കൃഷിക്കാർക്കുവേണ്ടി ഇതുപോലൊരു നിലപാട് സ്വീകരിക്കണമെന്ന് കൂടി അഭ്യർത്ഥിക്കുകയാണ്. റബ്ബർ കൃഷിക്കാരുമായി

ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രതിപക്ഷത്തു നിന്ന് കഴിഞ്ഞ ദിവസം പ്രസംഗിച്ചു. കേരള കോൺഗ്രസ്സിനെ വിമർശിക്കുന്ന വിധത്തിൽ പ്രതിപക്ഷത്തിരിക്കുന്ന പല ബഹുമാന്യ നേതാക്കന്മാരും സംസാരിക്കുകയുണ്ടായി. പക്ഷേ, കേരള ത്തിലെ റബ്ബർ കർഷകർക്കുവേണ്ടി എല്ലാകാലത്തും വാദിച്ചിട്ടുള്ള പ്രസ്ഥാന മാണ് കേരള കോൺഗ്രസ്സ് പാർട്ടി. കേരള കോൺഗ്രസ് റബ്ബർ കൃഷിക്കാർക്കു വേണ്ടി വാദിച്ച കാലത്ത് തോട്ടം മുതലാളിമാരുടെ പാർട്ടിയെന്ന് പറഞ്ഞ് ഇടതുപക്ഷ പാർട്ടികൾ ഉൾപ്പെടെയുള്ള വിവിധ പാർട്ടികൾ വിമർശിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിലെ റബ്ബർ കൃഷിക്കാർക്കുവേണ്ടി എല്ലാവരും ആത്മാർത്ഥത യോടെ മുന്നോട്ടുവരുന്നു എന്നുള്ളതിനെ സ്വാഗതം ചെയ്യുകയാണ്. ഇന്ന് കേരളാ കോൺഗ്രസ്സ് തോട്ടം മുതലാളിമാരുടെ പാർട്ടിയല്ല, കേരളത്തിലെ കർഷകരുടെ പാർട്ടിയാണെന്നും കർഷകർക്കുവേണ്ടി എല്ലാവരും ഒന്നിച്ചു നിന്ന് പടപൊരുതണമെന്ന് അന്ന് ഞങ്ങൾ പറഞ്ഞ കാര്യവും ഇന്ന് സാർവ്വ ത്രികമായി കേരളത്തിൽ അംഗീകരിക്കപ്പെട്ടുവെന്നതിലും കേരള കോൺഗ്രസ്സ് പാർട്ടി ഒരു കർഷക പാർട്ടിയെന്ന നിലയിൽ അറിയപ്പെടുന്നതിലും ഞങ്ങൾക്ക് അഭിമാനമുണ്ട്. അതുകൊണ്ടുതന്നെ യു.ഡി.എഫ്. സർക്കാരിനു വേണ്ടി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഈ ബഡ്ജറ്റിലും ധനവിനിയോ ഗത്തിലുമെല്ലാം കർഷക താൽപ്പര്യത്തിന് മുൻഗണന കൊടുക്കുകയും ചെയ്യു കയാണ്. വരൾച്ചയുടെ സമയമായതിനാൽ ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ ധാരാളം ജല സംഭര ണികളും ചെക്ക്ഡാമുകളും പ്രഖ്യാപിക്കുകയും അതിനുവേണ്ടിയുള്ള നടപടി കൾ സ്വീകരിക്കുകയും ചെയ്തിരുന്നു. അത്തരത്തിലുള്ള കാര്യങ്ങൾ നടപ്പി ലാക്കുന്ന കാര്യത്തിൽ വളരെ മുന്നോട്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. വരൾച്ചയുടെ സമയമായതുകൊണ്ട് ഇതിന് പ്രത്യേകമായ പരിഗണന കൊടുത്തുകൊണ്ട്

ഈ ധനവിനിയോഗ ബില്ലിലൂടെ അത്തരം പദ്ധതികൾക്ക് പ്രത്യേക മുൻഗണന കൊടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. പാലോട് രവി: സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടന വളരെ മികച്ച നിലവാരത്തിലാണെന്ന ചിത്രമാണ് ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചത്. ലോകത്തെ ഏത് സമ്പദ് വ്യവസ്ഥയും കൊതിക്കുന്ന എട്ട് ശതമാനം വളർച്ചാനിരക്കാണ് കേരളം ഇന്ന് നേടിയിരിക്കുന്നത്. 1956 –1986 വരെ കേരളത്തിന്റെ വളർച്ചാനിരക്ക് ഒരു ശതമാനവും 1986–2000 വരെയുള്ള കാലഘട്ടത്തിൽ മൂന്ന് ശതമാനവുമായിരുന്നു. തുടർന്നാണ് സമ്പദ്ഘടനയിലെ ഇക്കണോമി ജനങ്ങൾ വളർത്തിയെടുക്കുന്നതാണെന്ന് തെളിയിച്ചത്. ഇത് പറയുമ്പോൾ തന്നെ 1971 മുതലുള്ള സി. അച്ചുതമേനോന്റെ ഭരണകാലത്തെപ്പറ്റി ഓർത്തുപോവുകയാണ്. ജനങ്ങൾവളർത്തിയെടുക്കുന്ന ഇക്കണോമിയെ ഫൈനാൻസ് എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നുള്ളതാണ് സമ്പദ് വ്യവസ്ഥയുടെ ഏറ്റവും വലിയ കാതലെന്ന് പറയുന്നത്. പൂക്കൾ ധാരാളം വിടർന്നുനിൽക്കുമ്പോൾ തേൻകുടിക്കാൻ തേനീച്ച വന്നേ മതിയാവൂ. അതാണ് ഇക്കോണമിയും ഫൈനാൻസും തമ്മിലുള്ള ബന്ധം. അതിന് ഈ മേഖലയെ സമർത്ഥമായി കൈകാര്യം ചെയ്യാൻ, പ്രത്യേകിച്ചും റബ്ബർ മേഖലയിൽ വമ്പിച്ച വിലയിടിവുണ്ടായിട്ടും ഇവിടത്തെ കാർഷികമേഖലയിൽ അഞ്ച് ശതമാനം വളർച്ചാനിരക്കിൽ കൊണ്ടെത്തിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് കാണേണ്ട കാര്യങ്ങൾ കാണുന്നില്ല, എന്ന തലത്തിൽ നിൽക്കുകയാണ്. നമ്മുടെ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് അനുസൃതമായി സ്റ്റേറ്റിന് ടാക്സ് കിട്ടുന്നില്ല. ടാക്സ് കളക്ഷൻ

സംബന്ധിച്ച് പുനഃപരിശോധന വേണം. ഓരോ വർഷവും ടാക്സ് കുടിശ്ശിക യുള്ള എത്രപേർക്കാണ് നോട്ടീസ് നൽകിയിരിക്കുന്നത്. എത്രപേർക്കാണ് സ്റ്റേ കൊടുത്തിരിക്കുന്നത്. എത്ര കേസുകളാണ് കോടതിയിൽ പെൻഡിംഗായിട്ടു ള്ളത്. കോടതികളിൽ കേസ് പെരുകുന്നുണ്ടെങ്കിൽ അതെങ്ങനെ ഫലപ്രദ മായി കൈകാര്യം ചെയ്യാം. അങ്ങനെ ടാക്സ് കളക്ഷനെ സംബന്ധിച്ചിട ത്തോളം ഒരു പുനർ ചിന്തനം നമ്മുടെ സംസ്ഥാനത്ത് അത്യന്താപേക്ഷിതമാ ണ്. ഒരു നിർദ്ദേശം ഞാൻ അങ്ങയുടെ മുമ്പാകെ വയ്ക്കുകയാണ്. വാറ്റ് നികുതി വ്യാപാരികൾ പിരിച്ചെടുക്കുന്നതുപോല ടാക്സ് കളക്ഷനുമായി ത്രിതല പഞ്ചായത്തുകളെയും നഗരസഭകളെയും കോർപ്പറേഷനുകളെയും എങ്ങനെ ബന്ധിപ്പിക്കാം, സഹകരിപ്പിക്കാമെന്നതിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാകണം. ഇപ്പോൾ അവരുടെ സഹകരണം ഇല്ലതന്നെ. അതുപോ ലെതന്നെ ടാക്സ് കളക്ഷനിൽ 9 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുകയാണ്. ടാക്സ് കളക്ഷന്റെ വർദ്ധനവിന്റെ പങ്കും അവർക്ക് കൊടുക്കാൻ കഴിയും. ചെക്ക്പോസ്റ്റുകളെല്ലാം പഞ്ചായത്തിലാണ്. അവിടെയും ത്രിതല പഞ്ചായത്തുകളുടെ സഹകരണം ആവശ്യമാണ്. കാരണം, ഉദ്യോഗസ്ഥന്മാർ മാത്രമാണ് ആ മേഖല നോക്കുന്നത്. അതുപോലെ തന്നെ കോഴി, അറവുമാട് എന്നിവയെ എത്രവീതം ഇവിടെ കൊണ്ടുവരുന്നുവെന്ന് യാതൊരു കണക്കുമില്ല. ഈ ചെക്ക് പോസ്റ്റിൽ എഴു തുന്ന കണക്കനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. അവിടെയും കളക്ഷൻ കൂട്ടാൻ സാധിക്കും. അതുപോലെ തന്നെ ഗോൾഡ് കമ്പനിക്കാരുടെ പരസ്യം, അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ. പ്രത്യേക വിമാനത്തിൽ സ്വർണ്ണം ഇവിടെ കൊണ്ടു വന്ന് പരസ്യം കൊടുത്ത് കച്ചവടവും നടത്തുന്ന എത്രപേരാണുള്ളത്.

അപ്പോൾ ഗോൾഡ് കമ്പനിക്കാരുടെ പരസ്യവും അവർ കൊടുക്കുന്ന ടാക്സും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ. എത്ര രൂപ പരസ്യം കൊടുത്തു. എത്ര രൂപ ടാക്സ് കൊടുത്തുവെന്നതിനെ സംബന്ധിച്ച് നിയമസഭയിൽ ഇരിക്കുന്നവർക്ക് അറിയാൻ വേണ്ടിയെങ്കിലും ഒരു കണക്കുണ്ടാക്കേണ്ടതല്ലേ. അതുപോലെ തിരിച്ചടവ് വായ്പ ഉൾപ്പെടെ തൊണ്ണൂറ്റിനാലായിരത്തി ഇരുന്നൂറ് കോടിരൂപയുടെ കണക്ക് അങ്ങ് ഇവിടെ പറഞ്ഞു. ശമ്പളവും പെൻഷനും പലിശയുമുൾപ്പെടെ 61 ശതമാനത്തിന്റെ കണക്കുപറഞ്ഞു. ഞാൻ അങ്ങയോട് സൂചിപ്പിക്കുന്നത്, ടാക്സ് കളക്ഷൻ ഫലപ്രദമായി വിനിയോഗിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മാനവികത വിളംബരം ചെയ്യുന്നൊരു കവിതയായിരുന്നു മധുസൂദനൻ നായരുടെ കവിത. ആ കവിത വല്ലാത്ത തരത്തിൽ ശ്രീ. ദാസൻ ഇവിടെ വളച്ചൊടിക്കുകയാണ് ചെയ്തത്. ആ കവിതയുടെ ഏറ്റവും മനോഹരമായ ഭാഗമെന്ന് പറയുന്നത്

‘അതിലെന്റെ കരളിന്റെ നിറവും സുഗന്ധവും
ആത്മാവുമുണ്ടായിരിക്കും.
അതിലെന്റെ താരസ്വരത്തിൻ
പരാഗങ്ങൾ അനുരൂപമാർന്നിരിക്കും’ എന്നുപറയുന്ന മനോഹരമായൊരു കവിതയാണ്. ഇത് വെറുമൊരു ഭ്രാന്തന്റെ സ്വപ്നം നേര് നേരിന്റെ സ്വപ്നമെന്ന് പറയുന്ന ഏറ്റവും മനോഹരമായ കവിതയാണ്. ആ തരത്തിൽ ഏറ്റവും വലിയൊരു മാനവീകതയാണ് ഈ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചത്. ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ പത്രങ്ങളിൽ പതിനൊന്ന് പാർട്ടികൾ കോൺഗ്രസ്സിനും ബി.ജെ.പി.ക്കും ബദലായി നമ്മുടെ രാജ്യത്ത് രൂപംകൊണ്ടി

രിക്കുന്നു. അവർ പ്രത്യേകമൊരു ബ്ലോക്കായി നമ്മുടെ പാർലമെന്റിൽ ഇരിക്കുന്നുവെന്ന് ഇന്ന് എല്ലാ പത്രങ്ങളിലും വിളംബരം ചെയ്തിട്ടുണ്ട്. ആ പാർട്ടികളുടെ പേര് ഇവിടെ വായിക്കുന്നില്ല. ഇതൊരു മഹാസഖ്യത്തിന്റെ തുടക്കമായി കാണണം. **ഈ രാജ്യം സെക്കുലാർ എന്നുപറയുന്നത് ഭാരതത്തിന്റെ പര്യായമാണ്**. ഈ രാജ്യത്തിന്റെ ഭരണമേൽപ്പിക്കുന്ന തരത്തിൽ, ഈ ബാബ്റി മസ്ജിദ് തകർക്കുവാനുള്ള ഊർജ്ജമുണ്ടാകത്തക്ക തരത്തിൽ രണ്ടംഗങ്ങൾ ഉണ്ടായിരുന്ന ഇന്ത്യൻ പാർലമെന്റിൽ ..........(ബഹളം)........... ഇന്ത്യയുടെ പ്രധാനമന്ത്രി പദത്തിൽ കൊണ്ടെത്തിച്ചത് നിങ്ങൾ ഉണ്ടാക്കിയ മഹാസഖ്യമാണ്. ......(ബഹളം)..........നിങ്ങളുണ്ടാക്കിയ മഹാസഖ്യമാണ്. 1977–ൽ ഈ രാജ്യത്ത് ഉടലെടുത്ത മഹാസഖ്യത്തിന്റെ തുടർച്ചയിൽ പങ്കാളികളായവരാണ് നിങ്ങൾ ഇന്നലെ വിളിച്ചുകൂട്ടിയ എല്ലാ പാർട്ടികളും. ഇല്ലെന്ന് ആർക്കെങ്കിലും പറയാമോ; രണ്ടംഗങ്ങളുണ്ടായിരുന്ന പാർട്ടിയെ ഈ രാജ്യത്തെ ഭരണമേൽപ്പിച്ചവരാണ് നിങ്ങൾ. ബാബ്റി മസ്ജിദ് പൊളിക്കുക മാത്രമല്ല, ഭരണഘടനയിൽ നിന്ന് സെക്കുലാർ എന്നപദം എടുത്തുകളയാൻ നരേന്ദ്ര മോദി ശ്രമിക്കും. നിങ്ങൾ ഈ സെക്കുലാറിനെ വിളിച്ചുകൂട്ടുന്നത് രാജ്യത്തെ സംരക്ഷിക്കാൻ വേണ്ടിയല്ല. ഇന്ത്യയിലെ ഏക സെക്കുലാർ പാർട്ടി, ഇന്ത്യയിലെ ഏക ദേശീയ സെക്കുലാർ പാർട്ടി.......................

ശ്രീ. സി. കെ. നാണു: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്ത് പോയിന്റാണ് പറയാനുള്ളത്? ഏത് പോയിന്റാണെന്ന് പറയണം.

ശ്രീ. സി. കെ. നാണു: സർ, ഞാൻ പറയുന്നത് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലുള്ള പ്രസ്താവന..........

മി. സ്പീക്കർ: ഇതിൽ പോയിന്റൊന്നുമില്ല. പറഞ്ഞു കഴിഞ്ഞു. നോ.... നോ. ഞാൻ അങ്ങയെ പറയാൻ അനുവദിച്ചു. ഏത് പോയിന്റാണെന്ന് ചോദിച്ചു. അങ്ങ് അതിന്റെ സ്റ്റേറ്റ്മെന്റ് നടത്തി. അത് പോയിന്റ് ഓഫ് ഓർഡറല്ല. പ്ലീസ്.....പ്ലീസ്......

ശ്രീ. പാലോട് രവി: സർ, 1977-ൽ ഈ രാജ്യത്ത് ഉടലെടുത്ത മഹാസഖ്യത്തിന്റെ തുടർച്ചയിൽ പങ്കാളികളായവരാണ് നിങ്ങൾ ഇന്നലെ വിളിച്ചുകൂട്ടിയ എല്ലാ പാർട്ടികളും. ആർക്കെങ്കിലും പറയാമോ? ......(ബഹളം).....

മി. സ്പീക്കർ: പോയിന്റില്ലാതെ എങ്ങനെയാണ്?

ശ്രീ. പാലോട് രവി: സർ, രണ്ട് പേരിൽനിന്ന് ഈ രാജ്യത്തെ ഭരണം ഏൽപ്പിച്ചവരാണ് നിങ്ങൾ. ബാബ്റി മസ്ജിദ് പൊളിക്കുക മാത്രമല്ല, ഭരണഘടനയിൽനിന്ന് സെക്കുലർ എന്നുപറയുന്ന പദം എടുത്തുകളയാൻ നരേന്ദ്രമോഡി ശ്രമിക്കും. നിങ്ങൾ ഈ വിളിച്ചുകൂട്ടുന്നത് സെക്കുലർ രാജ്യത്തെ സംരക്ഷിക്കാനല്ല. ഇന്ത്യയിലെ ഏക ദേശീയ സെക്കുലർ പാർട്ടി.......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... അങ്ങ് ഒരു സീനിയർ നേതാവല്ലേ; ഏതാണ് പോയിന്റ്; 307 ആണോ?

ശ്രീ. സി.കെ. നാണു: സർ, ഞാൻ ചെയറിനോട് വിനീതമായി പറയുകയാണ്. ബാബ്റി മസ്ജിദ് തകർത്ത സംഭവം, .........

മി. സ്പീക്കർ: നോ.....നോ.....പ്രസംഗമില്ല. അങ്ങയുടെ പോയിന്റ് പറയുക. ഏത് പോയിന്റ് അനുസരിച്ചാണ്?

ശ്രീ. സി. കെ. നാണു: സർ, പോയിന്റ് എന്നുപറഞ്ഞാൽ ബാബ്റി മസ്ജിദ് തകർക്കാൻ ഇടയായതിന് കാരണക്കാർ കോൺഗ്രസ്സ് (ഐ) ആണ്.

മി. സ്പീക്കർ: ശരി. ഞാൻ ഒരു കാര്യം പറയാം. അങ്ങ് എണീറ്റപ്പോൾ ഞാൻ സമ്മതിച്ചുവെന്ന് മാത്രമേയുള്ളൂ. ഇനിമേലിൽ ഇങ്ങനെയൊന്നും പോയിന്റ് അനുവദിക്കുന്നതല്ല. പോയിന്റ് ഓഫ് ഓർഡർ പറഞ്ഞാൽ ആ പോയിന്റ് പറയണം. പ്രസംഗമല്ല നടത്തേണ്ടത്. ഇത് പ്രസംഗമാണ്. നോ.... നോ....ഇതൊക്കെ പുറത്ത് പ്രസംഗിക്കാനുള്ള സ്റ്റേറ്റ്മെന്റ് മാത്രമാണ്.

ശ്രീ. പാലോട് രവി: സർ, മാർക്സിസ്റ്റ് പാർട്ടിക്ക് ദേശീയതലത്തിൽ നിലനിൽപ്പും അംഗീകാരവുമുണ്ടാകണമെങ്കിൽ.......... ഈ രാജ്യത്തെ സെക്കുലർ പ്രസ്ഥാനങ്ങളെ സഹായിക്കാത്തതിന്റെ പേരിലാണ് ഈ പാർട്ടി എന്നും പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. 65 വർഷമായി, ബംഗാളിന്റെയും ഈ രാജ്യത്തിന്റെയും സ്ഥിതി എന്താണ്? ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, മാർക്സിസ്റ്റ് പാർട്ടി സെക്കുലർ കക്ഷികളെ സഹായിക്കാൻ വന്നു, നിങ്ങൾ ഇന്ത്യയിൽ 65 എം.പി.-മാരായി ഉയർന്നു. ഇന്ത്യയിൽ നിങ്ങൾ സെക്കുലർ പാർട്ടിയെ പിന്തുണയ്ക്കാൻ വന്നപ്പോൾ........

മി. സ്പീക്കർ: ആരിഫേ നിങ്ങൾക്കുവേണ്ടിയാണ് സംസാരിക്കുന്നത്.

ശ്രീ. പാലോട് രവി: സർ, കോൺഗ്രസ്സിന് കുറ്റങ്ങളും തെറ്റുകളുമുണ്ടാകും. പക്ഷേ ഈ രാജ്യത്തിന്റെ അടിത്തറയും ആധാരശിലയും ഇളക്കണമോ? ഈ മഹാസഖ്യത്തിൽ അംഗങ്ങളായ മുഴുവൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും വിളിച്ചുകൂട്ടി ഈ രാജ്യത്തിന്റെ ഫെഡറൽ സംവിധാനവും മതനിരപേക്ഷതയും തകർക്കുന്നതിന് അച്ചാരം വാങ്ങുകയാണ് നിങ്ങൾ ഇന്നലെ ചെയ്തത്. നിങ്ങൾ ഇനിയും പുറകോട്ട് പോകും, തകരും. ഇന്ത്യയിൽ

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് എ.കെ. ഗോപാലൻ ഉണ്ടാക്കിയ, ഈ രാജ്യത്തെ തൊഴിലാളികളുണ്ടാക്കിയ എല്ലാ അടിത്തറയും മതനിരപേക്ഷതയും നിങ്ങൾ അവസരവാദികളോടൊപ്പം കൂട്ടുനിന്ന് തകർക്കും. അതുകൊണ്ട് ഈ സെക്കുലർ രാജ്യത്തെയും ഭരണഘടനയെയും പ്രസ്ഥാനത്തെയും നിലനിർത്താൻ നിങ്ങൾ തയ്യാറാകണം. ശ്രീരാമൻ അദ്ദേഹത്തിന്റെ അനുജന് ഒരു ഉപദേശം ചൊല്ലിക്കൊടുക്കുന്നുണ്ട്.

'പാന്ഥർ പെരുവഴിയമ്പലം തന്നിലെ
താന്തരായി വന്ന് വിയോഗം വരുംപോലെ.'

ദു:ഖം വരുമ്പോൾ വഴിയാത്രക്കാരൊക്കെ വഴിയമ്പലത്തിൽ ഒരുമിച്ച് കൂടുന്നതുപോലെ മാർക്സിസ്റ്റ് പാർട്ടി ആ വേഷം കെട്ടരുത്. നിങ്ങളെ ഇന്ത്യയിലെ യഥാർത്ഥ ഇടതുപക്ഷ പ്രസ്ഥാനമായി വരുംതലമുറ അംഗീകരിക്കണമെങ്കിൽ നിങ്ങൾ സെക്കുലർ പ്രസ്ഥാനമായ ഈ ദേശീയ പാർട്ടിയെ പിന്തുണയ്ക്കണം. അതിന് ഞങ്ങൾ സഹായിക്കുമെന്ന് ആയിരം വട്ടം നിങ്ങൾ പറയേണ്ടിവരും. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുകയാണ്, എതിർക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവർ നടത്തുന്ന ഭരണമെന്നതാണ് ജനാധിപത്യത്തിന്റെ അന്ത:സത്ത. പക്ഷേ, ഇവിടെ അത് ഹനിക്കപ്പെടുന്നുവെന്നത് വളരെ യാഥാർത്ഥ്യമാണ്. ഇപ്പോൾ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി ഒരു പാർട്ടിയുടെ മന്ത്രിയായി നിൽക്കുന്ന ഒരു സ്ഥിതിയാണുള്ളത്. പൊതുവായ അധികാരസ്ഥാനമാണ് ആഭ്യന്തര വകുപ്പുമന്ത്രിക്കുള്ളത് എന്നത് കാണാൻ കഴിഞ്ഞിട്ടില്ല എന്ന്

നമുക്കറിയാം. ഇന്ന് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് 35 ദിവസം പിന്നിടുകയാണ്. കെ.പി.സി.സി. യുടെ പ്രസിഡന്റായി ഇനിയും ആ രംഗത്ത് തുടരുന്നത് ഭംഗിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. കേട്ടുകേഴ്വി ഇല്ലാത്ത ഒരു കാര്യമായതുകൊണ്ടാണ് അത് പറയേണ്ടിവരുന്നത്. പാർട്ടിയുടെ പ്രധാന ഭാരവാഹിയായും ആഭ്യന്തര വകുപ്പുമന്ത്രിയായും തുടരുന്നത് കേരളത്തിന് പരിചയമില്ലാത്ത കാര്യമാണ്. ഒരു ഭാഗത്ത് ഡി.സി.സി. ഓഫീസിന്റെ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ അതേ ആൾതന്നെ തൊട്ടടുത്തുതന്നെ പോലീസ് സ്റ്റേഷനും ഉദ്ഘാടനം ചെയ്യപ്പെടുന്നുവെന്ന വിരോധാഭാസം കേരളത്തിലുണ്ടാകുകയാണ്. ഈ കാര്യത്തിൽ നമ്മുടെ പൊതുസമൂഹത്തിന് എവിടെ നിന്നാണ് നീതി ലഭിക്കുക എന്നത് വളരെ വ്യക്തമാണ്. ഇന്ന് നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന വാർത്ത, ഇന്നലെ യൂത്ത് കോൺഗ്രസ്സിന്റെ ചെറുപ്പക്കാർ ജസീറയെ..... ജസീറയെ അറിയാത്തവരാരും ഇപ്പോൾ ഈ സഭയ്ക്കകത്തും പുറത്തുമുണ്ടാകില്ല. വളരെ ക്രൂരമായ പീഡനമാണ് ജസീറയ്ക്ക് യൂത്ത് കോൺഗ്രസ്സുകാരുടെ ഭാഗത്തുനിന്നുമുണ്ടായത്. അതിന്റെ ഭാഗമായി അവർ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാൻ പോയി. പരാതി കൊടുക്കാൻ പോയ സന്ദർഭത്തിൽ അതിലേറെ ദു:ഖമെന്നേ പറയേണ്ടതുള്ളൂ, അവിടത്തെ പോലീസുകാരുടെ ഭാഗത്തുനിന്നും നിഷ്ഠൂരമായ രീതിയിലുള്ള പെരുമാറ്റമാണുണ്ടായത്. പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി അവരെ കസ്റ്റഡിയിൽ വച്ചു. അവരുടെ മക്കളും അവരുടെ കൂടെയുണ്ടായിരുന്നു. ആ മുസ്ലീം സ്ത്രീയുടെ പർദ്ദയടക്കം അഴിച്ചുമാറ്റുന്ന രീതിയിലേക്ക്, അഭിമാനത്തെ, സ്ത്രീത്വത്തെ ചോദ്യം ചെയ്യപ്പെടുന്ന രീതിയിലേക്കുള്ള കാര്യങ്ങൾ ഈ കേരളത്തിൽ സംഭവിച്ചു എന്നത് വളരെ ദു:ഖകര

മായ കാര്യമാണ്. അതുമാത്രമല്ല, ആ സ്ത്രീയെ അടിക്കുമ്പോൾ യൂത്ത് കോൺഗ്രസ്സുകാർ പറയുന്ന വാക്കുകൾ വളരെയധികം അപമാനകരമായതാണ്. ഈ നിയമസഭയ്ക്കകത്തെ ഒരു നിയമസഭാ സാമാജികൻ, 'അബ്ദുള്ളക്കുട്ടിക്കെതിരായി നീ മത്സരിക്കുമോടീ' എന്ന് ചോദിച്ചുകൊണ്ട് ക്രോശിക്കുന്ന ഭാഷയിലായിരുന്നു യൂത്ത് കോൺഗ്രസ്സുകാരുടെ പ്രതികരണമുണ്ടായത് എന്ന് കേൾക്കുകയാണ്. ആ പിഞ്ചുകുട്ടികളെയും ആ സ്ത്രീയെയും അതിക്രൂരമായ രീതിയിൽ പോലീസ് ഉൾപ്പെടെ...... കാരണം, ഒരു മാധ്യമപ്രവർത്തകന് പുറത്തുനിന്ന് അടികിട്ടിയപ്പോൾ അടിക്കുന്നത് ഞാൻ കണ്ടുവെന്ന് ജസീറ പറഞ്ഞതിന്റെ പേരിൽ വളരെ ക്രൂരമായി പോലീസിന്റെ മർദ്ദനമേൽക്കേണ്ടിവന്നുവെന്നുള്ളതാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന വാർത്ത. ഈ കാര്യങ്ങളൊക്കെ മാധ്യമങ്ങളിലും വരികയാണല്ലോ; നിങ്ങളും ഇതൊക്കെ മനസ്സിലാക്കിയിട്ടുണ്ടാകുമല്ലോ; എവിടെയാണ് സ്ത്രീക്ക് നീതി കിട്ടുക? ഇതേ രൂപത്തിൽത്തന്നെയാണല്ലോ ഇന്നലെ വൈകുന്നേരം നിങ്ങളുടെ മഹിളാ കോൺഗ്രസ്സിന്റെ നേതാവ് ബിന്ദുകൃഷ്ണ മാനന്തവാടിയിൽ അവർ നടത്തിയ പ്രകടനത്തിൽ പോലീസിനുനേരെ ക്രൂരമായ രീതിയിൽ തട്ടിക്കയറി അട്ടഹാസം നടത്തി. ഞങ്ങൾ മാത്രമല്ല, എല്ലാ മാധ്യമങ്ങളും ഇതിനെക്കുറിച്ച് കാണിച്ചു. എവിടെ കേസെടുത്തു നിങ്ങൾ? 'തൊപ്പി തെറിപ്പിക്കും, ഇത് മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസല്ല. ആഭ്യന്തര വകുപ്പ് മാറിയത് നിങ്ങൾ അറിഞ്ഞില്ലേ' എന്ന രീതിയിലായിരുന്നു മഹിളാ കോൺഗ്രസ്സ് നേതാവ് ബിന്ദുകൃഷ്ണയുടെ പ്രതികരണമുണ്ടായത്. ഇത് കേരളമാണോ? അതുകൊണ്ടാണ് പറയുന്നത് ആഭ്യന്തര

വകുപ്പുമന്ത്രി ഈ രണ്ട് സ്ഥാനവും തുടരുന്നതിന്റെ പ്രത്യാഘാതം ഈ കേരളം .......

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, 'തിരുവഞ്ചൂരിന്റെ പോലീസല്ല, ശ്രീ. രമേശ് ചെന്നത്തലയുടെ പോലീസാണെന്ന് അറിഞ്ഞില്ലേ' എന്നാണ് ചോദിച്ചത്. അത് ശ്രദ്ധിച്ചോ?

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, അത് തന്നെയാണ് ഞാൻ പറഞ്ഞത്. ആഭ്യന്തര വകുപ്പ് മാറിയില്ലേ എന്നാണ് ചോദിക്കുന്നത്. അപ്പോൾ എന്തായിരുന്നു ഇടതുപക്ഷത്തിന്റെ പോലീസ് എന്നത് അതിൽനിന്നുതന്നെ വ്യക്തമാണ്. നീതിപൂർവ്വമായി ഞങ്ങൾ കാര്യങ്ങൾ നടപ്പിലാക്കിയിരുന്നു. ഒരു പക്ഷത്ത് നിന്നുകൊണ്ട് കാര്യങ്ങൾ ചെയ്യുന്നുവെന്നത് അവരുടെ വായിൽ നിന്നുതന്നെ, ആ വാക്കുകൾ ഉതിർന്നുവന്നത് ഉദാഹരണമായി നമുക്ക് കാണാൻ കഴിയും. തെരഞ്ഞെടുപ്പിന്റെ മുഖത്ത് നിൽക്കുന്ന ഈ അവസരത്തിൽ ഇവിടെ എല്ലാവരും 100 കാര്യങ്ങൾ പ്രസംഗിച്ചല്ലോ? ഡൊമിനിക് പ്രസന്റേഷൻ ഇവിടെ പ്രസംഗിക്കുമ്പോൾ 'ഉണർവ്വിന്റെ കാഹള'മാണ് ഇവിടെ എന്ന് പറഞ്ഞു. 'ഉണർവ്വിന്റെ കാഹള'മാണ് നമ്മൾ ഇപ്പോൾ ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. സ്ത്രീക്ക് മാന്യതയോടെ ഈ സമൂഹത്തിൽ ജീവിക്കാൻ നിവൃത്തിയില്ല. അവർ ഒരു പോരാട്ടം നടത്തി, അവർ ഒരു സമരമുഖത്തായിരുന്നു. കേരളത്തിൽ അവർക്ക് സമരം ചെയ്യാൻ അവകാശമില്ലേ; ഇത് ജനാധിപത്യ കേരളമല്ലേ; ഒരു സമരത്തിനുനേരെ ഇത്തരത്തിലുള്ള നീതിനിഷേധം ഏതെങ്കിലും കാലത്തിൽ ഈ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? സഭ തീരുന്നതിനുമുമ്പ് ആ കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ വിശദമാക്കുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്.

അതറിയാൻ വളരെയധികം താൽപ്പര്യമുണ്ട്. നിയമസഭയുടെ അവസാന നാളുകളിലും ഒരു തെരഞ്ഞെടുപ്പിന്റെ മുഖത്തേക്ക് പോകുന്ന ഘട്ടത്തിലും സ്ത്രീത്വത്തെ അപമാനിച്ചതിന്റെ പേരിൽ നിങ്ങൾ എടുത്ത സമീപനം, അത് വച്ച് ജനങ്ങൾ നിങ്ങളുടെ വിധിയെഴുതുമെന്നുതന്നെയാണ് അതിനെ സംബന്ധിച്ച് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ ഇവിടെ പ്രസംഗിച്ച പലരും പറഞ്ഞ പല കാര്യങ്ങളുണ്ട്. കാസർഗോഡുനിന്ന് വന്ന എം.എൽ.എ. ഇവിടെ ധാരാളം കാര്യങ്ങൾ പറഞ്ഞു. അവിടെ ആരുമാ യിട്ടാണ് കൂട്ടുകെട്ട്; ഇവിടെ എന്റെ മുമ്പിൽ ഉദുമ എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമൻ ഇരിക്കുന്നുണ്ടല്ലോ? ഉദുമ എം.എൽ.എ. യുടെ മണ്ഡല ത്തിലെ പുല്ലൂർ–പെരിയ പഞ്ചായത്ത് ആരാണ് ഭരിക്കുന്നത്; അവിടെ പഞ്ചായ ത്തിന്റെ പ്രസിഡന്റ് ആരാണ്?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, മുസ്ലീം ലീഗ് ഏറ്റവും വലിയ ശക്തിയായിരുന്നു എന്നതാണ് ശ്രീ. പി. ബി. അബ്ദുൾ റസാക് ഇവിടെ പറഞ്ഞ കാര്യം. ബി.ജെ.പി.യുടെ ഒരു ഭാഗത്തെ കൂട്ടുപിടിച്ചു കൊണ്ട് വോട്ട് വാങ്ങിയതിന്റെ ഭാഗമായിട്ടാണ് അവിടെ ലീഗ് ശക്തമായത്. എന്നാൽ വേറെ ചില പഞ്ചായത്തുകളിൽ ലീഗ് അധികാരത്തിൽ വരാതിരി ക്കാൻവേണ്ടി കോൺഗ്രസ്സുകാർ ബി.ജെ.പി. ക്ക് വോട്ട് ചെയ്തു. ഇക്കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീമതി കെ.എസ്. സലീഖ: സർ, കുഞ്ഞിരാമേട്ടാ, സമയമില്ലാത്തതു കൊണ്ട് പ്രസംഗം അധികം നീട്ടാൻ കഴിയില്ല. ഇതാണ് കാസർഗോഡ് ജില്ല യിലുള്ള കാര്യം. അതുപോലെതന്നെ ശ്രീ. പാലോട് രവി ഇവിടെ പറഞ്ഞു, ‘സെക്കുലർ പാർട്ടിക്കുവേണ്ടി സി.പി.എം.–കാർ നിൽക്കണം.’ അതിന്റെ

അനുഭവങ്ങളൊക്കെയുണ്ടല്ലോ; ഒന്നാം യു.പി.എ. ഗവൺമെന്റ് എങ്ങനെ യാണ് ഇന്ത്യാ രാജ്യത്ത് ഭരണത്തിൽ വന്നത്? വർഗ്ഗീയ ഫാസിസത്തെ മാറ്റി നിർത്താൻ സി.പി.ഐ.(എം.) തന്നിട്ടുള്ള പിന്തുണ കൊണ്ടാണ് ഇന്ത്യാ രാജ്യത്ത് യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നത്. അത് മറന്നോ നിങ്ങൾ? അതിനെ ഇവിടെ ഇല്ലാതാക്കിയത് എന്തിന്റെ പേരിലാണ്? സാമ്രാ ജ്യത്വത്തിന് കീഴ്പ്പെടാൻ തീരുമാനിച്ചപ്പോൾ അതിന് നിങ്ങൾക്ക് കൂട്ടു നിൽക്കാൻ ഞങ്ങൾക്കാകില്ല എന്നുള്ളതുകൊണ്ടാണല്ലോ ഒന്നാം യു.പി.എ. ഗവൺമെന്റ് അട്ടിമറിക്കപ്പെട്ടത്. അതിന്റെ ചരിത്രത്തിലേക്കൊന്നും പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഗവൺമെന്റ് അവതരിപ്പിച്ച ഈ ബില്ലുമായി ഒരു തെരഞ്ഞെടുപ്പിന്റെ മുഖത്തേയ്ക്ക് നമ്മൾ പോകുകയാണ്. ഈ രാജ്യത്തെ സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ബഡ്ജറ്റുകൊണ്ട് എന്ത് ഗുണമുണ്ട് എന്നാണ് പറയുന്നത്? നികുതി വർദ്ധന വുണ്ടാക്കി. ആർക്കാണ് നേട്ടം? സാധാരണക്കാരന്റെ തലയിൽ മുളക് അര ച്ചുകൊണ്ടാണല്ലോ നിങ്ങൾ നികുതി വർദ്ധനവുണ്ടാക്കി ഖജനാവിലേയ്ക്ക് പണം സ്വരൂപിക്കാൻ ആലോചിച്ചത്. അതുപോലെ എടുത്തിട്ടുള്ള ഒട്ടേറെ തീരുമാനങ്ങളുണ്ട്. വി. എ. പ്രകാശ് ചെയർമാനായിട്ടുള്ള പബ്ലിക് എക്സ്പെന്റിച്ചർ കമ്മിറ്റിയുടെ ഒരു റിപ്പോർട്ട് വന്നു. എല്ലാ സേവന ങ്ങൾക്കും ഇനി .........

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, എക്സ്പെൻഡീച്ചർ കമ്മിറ്റി കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ആശങ്കയിൽ തീകോരിയിട്ടുകൊണ്ട് പെൻഷൻ പ്രായം വർദ്ധിപ്പിക്കുക എന്നൊരു ശുപാർശ ചെയ്തിരിക്കുക യാണ്. പെൻഷൻ പ്രായം വർദ്ധിപ്പിക്കില്ലെന്ന് ഈ സഭയിൽ ഉറപ്പുനൽകാൻ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകുമോ; ആ കാര്യത്തിൽ ധന കാര്യ വകുപ്പുമന്ത്രിയുടെ അഭിപ്രായമെന്താണ്?

ശ്രീമതി കെ. എസ്. സലീഖ: സർ, ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ മറുപടി പറയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുപോലെതന്നെ പാർലമെന്റിൽ ഇപ്പോൾ 11 അംഗങ്ങൾ കൂടിച്ചേരുന്നു എന്ന പ്രയാസമൊക്കെ നിങ്ങൾ പറഞ്ഞു. എന്തിനു വേണ്ടിയിട്ടാണ്; മതേതര ഇന്ത്യയ്ക്ക് വേണ്ടിയാണ് ആ കൂടിച്ചേരൽ. അല്ലാതെ വർഗ്ഗീയ ഫാസിസത്തിന് വേണ്ടിയിട്ടല്ല. വർഗ്ഗീയ ഫാസിസത്തെ മാറ്റിനിർത്തുന്നതിന് വേണ്ടിയിട്ടാണ് ആ കൂടിച്ചേരൽ എന്നു കാണാൻ വേണ്ടി ശ്രീ. പാലോട് രവി വലിയ ആശങ്കയിൽ ഇവിടെ പറഞ്ഞു. അതുകൊണ്ടാണ് എനിക്കത് പറയേണ്ടി വന്നത്. നമ്മളെ സംബന്ധിച്ചിടത്തോളം ഈ കേരളത്തിന്റെ സ്ഥിതിയൊന്നു നോക്കൂ, കേരളത്തിൽ ഒരു പാർട്ടിയെ പ്രധാന പ്രതിപക്ഷ പാർട്ടിയായ സി.പി.ഐ.(എം.) നെ എങ്ങനെ തകർക്കാമെന്നാണല്ലോ നിങ്ങൾ ആലോചിക്കുന്നത്. അതിലപ്പുറത്തേക്കുള്ള ചിന്ത നിങ്ങൾക്കില്ലല്ലോ; അതിനുള്ള മറുപടി നിങ്ങൾക്ക് തന്നെ വന്നുകൊണ്ടിരിക്കുകയാണ്. അത് പറയുമ്പോൾ ഞാൻ ഒരു കാര്യം ഓർക്കുകയാണ്, ചരിത്രം എന്നെ കുറ്റക്കാരനാക്കുകയില്ലെന്ന് ഒരു വിധിയുണ്ടായി. അത് ക്യൂബയുടെ വിമോചന പോരാട്ട നാളുകളിൽ തടവറയിലാക്കപ്പെട്ട ഫിദൽ കാസ്ട്രോ അദ്ദേഹത്തിന്റെ വിചാരണക്കോടതിയിലെ വിഖ്യാതമായ വാക്കുകളെയാണ് ഞാൻ ഇപ്പോൾ ഓർക്കുകയാണ്. ഇന്ന് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണല്ലോ; അതിന് സാക്ഷ്യം വഹിക്കുകയാണ് ഈ കേരളം. അതാണല്ലോ സി.ബി.ഐ. കൂട്ടിലടച്ച തത്തയാണെന്ന് പരമോന്നത നീതിപീഠത്തിന്റെ നിരീക്ഷണം അക്ഷരാർത്ഥത്തിൽ ശരിവെയ്ക്കുന്നതാ

ണല്ലോ ലാവ്ലിൻ കേസ്സിന്റെ വിധി വന്നത്. ഇപ്പോൾ ഏറ്റവും അവസാനം ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് എന്തെല്ലാം കേസ്സുകളാണ് രാജ്യത്ത് ഉണ്ടാക്കിക്കൊണ്ട് രാഷ്ട്രീയമായി ഈ എതിരാളിയെ പരാജയപ്പെടുത്തുക അല്ലെങ്കിൽ അവരെ തകർക്കുകയെന്ന ഒറ്റ ലക്ഷ്യമാണ് നിങ്ങൾക്കുള്ളതെന്ന് ടി.പി. ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യത്തിലും വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ജനങ്ങളുടെ മുന്നിലേയ്ക്കാണ് പോകുന്നത്, ജനങ്ങൾ ഇക്കാര്യത്തിൽ വിധിയെഴുതും, വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ അതിന്റെ ദുരന്തം ഈ കേരളത്തിലെ കോൺഗ്രസ്സിന് ഏറ്റുവാങ്ങേണ്ടി വരുമെന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ട്, ഇതിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ശ്രീ. കെ. ദാസൻ തുടങ്ങിയത് വിമോചന സമരത്തെത്തുടങ്ങിയാണ്. അതിനെപ്പറ്റി പറയണ്ട, വിമോചന സമരം ജനകീയ കോടതിതന്നെ അത് ശരിവെച്ചതാണ്. അതെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. 1960 –ലെ തെരഞ്ഞെടുപ്പാണല്ലോ ഏറ്റവും വലിയ ജനകീയ കോടതി. അങ്കമാലി മാത്രമല്ലല്ലോ, complete break down of the machinery, ജനങ്ങൾ പിന്നെന്ത് ചെയ്യും. അധികാരത്തിൽ കയറ്റിയ ജനങ്ങൾക്ക് അധികാരത്തിൽനിന്ന് താഴെയിറക്കാനുള്ള ഫണ്ടമെന്റൽ റൈറ്റ് ഉണ്ട് നാച്വറൽ ലായിൽ. അതുപോട്ടെ, നമ്മൾ അതിലേക്ക് കടക്കണ്ട. കേളപ്പജിയുടെ സ്മാരകത്തിന് ഫണ്ട് ആവശ്യത്തിന് തികയുന്നില്ല എന്ന് പറഞ്ഞു. അതിനുവേണ്ടിയുള്ള റിക്വസ്റ്റ് വരുന്നുവെങ്കിൽ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് ആവശ്യമായ സഹായം തീർച്ചയായും ഗവൺമെന്റ്

നൽകുന്നതാണ്. സ്റ്റാമ്പ് ഡ്യൂട്ടി കൂട്ടി എന്ന് പറയുന്നത് ശരിയല്ല. കുടുംബ ങ്ങളിൽ നടക്കുന്ന കരണങ്ങൾക്കൊക്കെ, ഭാഗം ഉടമ്പടി, ധനനിശ്ചയാധാരം അങ്ങനെയൊക്കെയുള്ള കുടുംബാംഗങ്ങൾ തമ്മിലുള്ള കരണങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുകയാണ് ചെയ്തത്. അതുപോലെതന്നെ വിലയാധാരത്തിന് വിവിധ നിരക്കിലുണ്ടായിരുന്ന റേറ്റ് 6% ആയി ഗവൺമെന്റ് കുറച്ചു. കൂട്ടി എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരിക്കലും ശരിയായില്ല. മുൻകാല എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഡാമിൽ നിന്ന് മണൽ വാരി 300 കോടി രൂപയുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പറ ഞ്ഞു. അതൊന്നും ഉണ്ടായില്ല. 5,000 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തു. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ട് പോയി. ആ ഭാരമെല്ലാം ഈ ഗവൺമെന്റ് ചുമക്കേണ്ടിവന്നു. അഡ്മിനി സ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തതെല്ലാം നടപ്പിലാക്കേണ്ടത് ഈ ഗവൺമെന്റാണ്. ഞങ്ങളതൊന്നും ക്യാൻസൽ ചെയ്തില്ല. ഈ ഗവൺമെന്റിന്റെ ഒരു സമീപനം ഞാൻ പറഞ്ഞെന്നേയുള്ളു. എൽ.ഡി.എഫ്. ഗവൺമെന്റ് നികുതി കൊണ്ടുവന്നില്ലെന്ന് ശ്രീ. പി. ബി. അബ്ദുൾ റസാക് പറഞ്ഞു. 2006-ൽ ലക്ഷ്വറി ഗുഡ്സിന് 20% വാറ്റ് കൊണ്ടുവന്നു. കേന്ദ്രം പെട്രോളിന് 16 തവണയും ഡീസലിന് 10 തവണയും നികുതി വർദ്ധിപ്പിച്ചു. ഒരു തവണ മാത്രമാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് നികുതി കുറച്ചത്. എന്നാൽ കേന്ദ്രം പെട്രോളിന് 7 തവണയും ഡീസലിന് 17 തവ ണയും കൂട്ടിയപ്പോൾ സംസ്ഥാനത്തെ യു.ഡി.എഫ്. ഗവൺമെന്റ് 4 തവണ പെട്രോളിനും ഡീസലിന് 2 തവണയും വില കുറച്ചു. രണ്ടും തമ്മിലുള്ള ഒരു സമീപനം ജനപക്ഷത്ത് നിൽക്കുന്നത് ആരാണ്; ജനപക്ഷത്ത് നിൽക്കുന്നത്

യു.ഡി.എഫ്. അല്ലേ; യു.ഡി.എഫ്. ആണ് ജനപക്ഷത്ത് നിൽക്കുന്നത്. 2006–ൽ സ്വർണ്ണ നികുതി നിരക്ക് ഒരു ശതമാനത്തിൽനിന്ന് നാല് ശതമാനമാക്കി ഉയർത്തി. ശ്രീ. മോൻസ് ജോസഫ് സംസാരിച്ചപ്പോൾ റബ്ബറിന്റെ മാർക്കറ്റ് റേറ്റ് ഒരു രൂപ കൂട്ടിയെടുത്താൽ റബ്ബറിന് വില ഉയരുമോയെന്ന് ചോദിച്ചു. എനിക്കും അതേ അഭിപ്രായമാണ്. ഒരു രൂപ കൂട്ടിയെടുക്കാൻ അന്നങ്ങനെ പറഞ്ഞാലും ഒരു രൂപ കൂട്ടിയതുകൊണ്ടൊന്നും മാർക്കറ്റിൽ വലിയ ഇഫക്ട് ഉണ്ടാവില്ല. അതുകൊണ്ട് കുറച്ചുകൂടി വില കൂട്ടണം. അതിപ്പോൾ എത്രയാണെന്ന് ഞാൻ പറയുന്നില്ല. റീസണബിളായി ഒരു വില ഉയർത്തി നിശ്ചയിച്ചാലെ മാർക്കറ്റിൽ വില ഉയരൂ. അങ്ങനെ ഉയർത്തി നിശ്ചയിക്കുന്നുവെങ്കിൽ അതിലുള്ള നഷ്ടത്തെ സംബന്ധിച്ചിടത്തോളം തീർച്ചയായും അതിലൊരു ഷെയർ ഗവൺമെന്റ് വഹിക്കും, യാതൊരു സംശയവുമില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, മാർക്കറ്റിന് ഒരു രൂപയോ അല്ലെങ്കിൽ എത്ര രൂപ വേണമെങ്കിലും അധികം നിശ്ചയിച്ചുകഴിഞ്ഞാൽ എപ്പോഴെല്ലാം മാർക്കറ്റിൽ വില കുറയുന്നുവോ അപ്പോഴെല്ലാം നിങ്ങളും വില കുറയ്ക്കും. താങ്ങ് വില പ്രഖ്യാപിക്കുമെന്ന് പറയണം. ഈ വിലയെക്കാൾ താഴ്ന്നുകഴിഞ്ഞാൽ ഗവൺമെന്റ് വാങ്ങി പ്രൊക്യുവർ ചെയ്യും. അല്ലാതെ സർക്കാർ മാർക്കറ്റിൽനിന്ന് മാർക്കറ്റ് വില ഇടിയുമ്പോൾ ഇടിച്ച് ഒരു രൂപ മാത്രം കൂട്ടി മേടിച്ചതുകൊണ്ട് എന്ത് കാര്യമാണുള്ളത്. ഞാൻ പറയുന്നത് നിങ്ങളുടെ ഈ പ്രഖ്യാപനത്തിലെ കൺസപ്റ്റ് റോങ്ങാണ്. ഇത് റബ്ബറിന്റെ വിലയെ ഒരു വിധത്തിലും സഹായിക്കില്ല.

ശ്രീ. കെ. എം. മാണി: സർ, ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതിൽ കുറച്ച് അർത്ഥമുണ്ട്. റബ്ബർ കൃഷിക്കാരന്റെ ഒരു വികാരം എനിക്കുള്ള

തുകൊണ്ട് ഞാനും അതുമായി യോജിക്കുകയാണ്. എന്റെ മനസ്സിൽ അത് വന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ ആവറേജ് വില ..........

മി. സ്പീക്കർ: കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ വിഷയം പറഞ്ഞപ്പോൾ അങ്ങ് സീറ്റിലില്ലായിരുന്നു. ഇപ്പോൾ രണ്ടിനും കൂടി മറുപടി ആയല്ലോ?

ശ്രീ. കെ. എം. മാണി: സർ, കഴിഞ്ഞ മൂന്ന് വർഷത്തെ ആവറേജ് വില എന്നു പറഞ്ഞാൽ 170 രൂപയാണ്. കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ഒരു ന്യായവില കൃഷിക്കാരന് കിട്ടണമെന്നതിൽ യാതൊരു സംശയവുമില്ല. ആ ന്യായവില എത്രയെന്ന് വേണമെങ്കിൽ നമുക്ക് നിശ്ചയിക്കാം. ഗവൺമെന്റും മാർക്കറ്റിംഗ് ഫെഡറേഷനും എല്ലാവരും കൂടിയിരുന്ന് നമുക്ക് ആലോചിച്ചിട്ട് ക്യാബിനറ്റ് അതിനെ സംബന്ധിച്ചിടത്തോളം നയപരമായ ഒരു തീരുമാനം എടുക്കണം. അത് വേണമെങ്കിൽ നമുക്ക് നിശ്ചയിക്കാം. എന്തായാലും ഒരു കാര്യത്തിൽ യോജിക്കുന്നു. ഒരു രൂപ എന്നുള്ളത് വളരെ കുറവാണ്. അതുയർത്തണം എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റിന് രണ്ടഭിപ്രായമില്ല. ഇക്കാര്യത്തിൽ മാർക്കറ്റിടപെടലിന് ആവശ്യമായ ധന സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവും. പിന്നെയുള്ളത് സഹകരണ വകുപ്പും കാർഷിക മേഖലയ്ക്കൊപ്പം അടിസ്ഥാന സൗകര്യ വികസനവും ജനക്ഷേമവും എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നൊരു ബഡ്ജറ്റാണിത്. കാർഷിക മേഖലയ്ക്ക് മാത്രമല്ല, എല്ലാ മേഖലകൾക്കും ഇക്വിറ്റബിളായി ഇവിടെ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. ആ നിലയ്ക്ക് അത് പോകുന്നു, ഡെവലപ്മെന്റ് വിത്ത് ജസ്റ്റിസ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ 2013 ഏപ്രിൽ മാസത്തിന് ശേഷം സർവ്വീസിൽ ചേർന്ന 25000–ൽപരം സംസ്ഥാന ഗവൺമെന്റ് ജീവന ക്കാരുടെ ഡി.എ. കുടിശ്ശിക അനിശ്ചിതത്വത്തിലാണെന്ന് ഒരു റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അവർ ജി.പി.എഫ്. എടുക്കാത്തതാണ് ഇങ്ങനെ സംഭ വിക്കാൻ കാരണമെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിന് എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, എങ്ങനെയാണ് കൈകാര്യം ചെയ്യാൻ തീരുമാ നിച്ചിട്ടുള്ളത്?

ശ്രീ. കെ. എം. മാണി: ഒരു കാര്യം ജനറലായി പറയാം. ജീവനക്കാർക്ക് ദൂഷ്യകരമായ ഒരു സ്റ്റാൻഡും ഗവൺമെന്റ് എടുക്കുകയില്ല. ടെക്നിക്കലായി ട്ടുള്ള കാര്യം ഫിനാൻസ് ഡിപ്പാർട്ടുമെന്റ് നോക്കട്ടെ. ഫിനാൻസ് ഡിപ്പാർട്ടു മെന്റും ജീവനക്കാരുമായി ചർച്ച ചെയ്ത് ബുദ്ധിമുട്ടുള്ള കാര്യങ്ങൾക്ക് ഫിനാൻസ് കോഡിനകത്തുനിന്നുകൊണ്ട് പരിഹാരമുണ്ടാക്കാം.

ശ്രീ. സി. ദിവാകരൻ: സർ, സാമ്പത്തിക പ്രതിസന്ധിയൊന്നുമില്ല, എല്ലാം മുറപോലെ നടക്കുന്നുവെന്ന് പറയുന്നുണ്ട്. പക്ഷേ എന്റെ മണ്ഡല ത്തിൽ അനുവദിച്ച ഗവൺമെന്റ് ആർട്സ് കോളേജ് സാമ്പത്തിക ചെലവുചു രുക്കൽ കാരണം തൽക്കാലം റദ്ദാക്കിയിരിക്കുന്നുവെന്ന് എനിക്ക് ഇന്നലെ ഗവൺമെന്റിന്റെ ഒരു അറിയിപ്പ് കിട്ടി.

മി. സ്പീക്കർ: അതൊക്കെ ശരിയാകും.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ നടത്തിയ എല്ലാ വാഗ്ദാനങ്ങളും ഇതുപോലെയാണ്. ഇത് ജനങ്ങളെ പറ്റിക്കാൻ, ഞങ്ങളെ വഷളാക്കാനാണ്. ആർട്സ് കോളേജെന്ന് പറഞ്ഞ് എന്റെ മണ്ഡലം മുഴുവൻ ആളുകൾ നടക്കുകയാണ്.

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി, അതിന് ഉറപ്പ് കൊടുത്താൽ മതി.

ശ്രീ. സി. ദിവാകരൻ: സർ, ഉത്തരവിട്ടിരിക്കുന്നു. (ഉത്തരവ് ഉയർത്തിക്കാണിച്ചു.) അഡീഷണൽ സെക്രട്ടറിയുടെ ഉത്തരവാണ്.

ശ്രീ. കെ. എം. മാണി: സർ, ആ ഉത്തരവിനകത്ത് കാര്യകാരണങ്ങളെല്ലാം കാണുകയില്ല. Let me examine the file, ആ ഫയലിനകത്ത് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ ഞാൻ പരിഹരിക്കാം. എനിക്കത് അറിഞ്ഞുകൂടാ. ചിലപ്പോൾ അത് ശരിയായിരിക്കാം.

ശ്രീ. സി. ദിവാകരൻ: സർ, സാമ്പത്തിക ചെലവുചുരുക്കൽ കാരണം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ സാധ്യമല്ലായെന്നാണ് എഴുതിയിരിക്കുന്നത്. ഇനി ഇതിൽ കൂടുതൽ എന്തു വേണം.

മി. സ്പീക്കർ: പ്ലീസ്........ പ്ലീസ്........

ശ്രീ. കെ. എം. മാണി: സർ, ഒന്ന് പറഞ്ഞോട്ടെ........

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അദ്ദേഹം പറയട്ടെ. നമുക്ക് കാര്യം ശരിയായാൽ പോരേ.

ശ്രീ. കെ. എം. മാണി: സർ, കരുനാഗപ്പള്ളിയിൽ കോളേജ് വേണമെന്നുള്ളത് ഒരു ആവശ്യം. ചെലവ് ചുരുക്കണമെന്നുള്ളതും മറ്റൊരു ആവശ്യമാണ്. രണ്ടുംകൂടി നമുക്ക് സമന്വയിപ്പിച്ച് കൊണ്ടുപോകാം.

ശ്രീ. സി. ദിവാകരൻ: സർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നുവന്ന നഗ്നമായ ഒരു വാഗ്ദാനമാണ്, അത് കേരളം മുഴുവൻ അറിഞ്ഞതാണ്.

ധനകാര്യ വകുപ്പുമന്ത്രിയുടെ അറിവോടുകൂടിയാണ് അത് ചെയ്തത്. ഇത് ഗവൺമെന്റ് നിഷേധിക്കരുത്. എം.എൽ.എ.-യ്ക്ക് അവിടെയിരിക്കുന്ന സെക്രട്ടറിമാർ മറുപടി അയയ്ക്കേണ്ട എന്ത് അവകാശമാണുള്ളത്? ഞങ്ങൾ മന്ത്രിയോടാണ് ആവശ്യപ്പെടുന്നത്. മന്ത്രിമാരാണ് മറുപടി പറയേണ്ടത്. മന്ത്രി മാർ അറിയിക്കണം. അവിടെയിരിക്കുന്ന ക്ലർക്കുമാരല്ല എം.എൽ.എ.-മാർക്ക് മറുപടി അയയ്ക്കേണ്ടത്.

ശ്രീ. കെ. എം. മാണി: സർ, ഈ സാമ്പത്തിക വർഷത്തിൽ അതിന് ചെലവ് വരരുത്, ഭാവിയിൽ ആകാം, അടുത്ത വർഷത്തേക്ക് ആകാം. അതാണ് അതിന്റെ ഇന്റൻഷൻ. അല്ലാതെ വേറൊന്നുമില്ല. ആ ആവശ്യം ഒരിക്കലും ധനകാര്യ വകുപ്പ് നിഷേധിക്കുകയില്ല.

മി. സ്പീക്കർ: നിഷേധിക്കുകയില്ലായെന്ന് പറഞ്ഞു. പ്ലീസ്........ അത് ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കായി ഇവിടെ എടുക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, എന്റെ മണ്ഡലത്തിൽ കഴിഞ്ഞ മൂന്നുവർഷ മായി ഒന്നും തന്നില്ല. അവസാനം തന്നത് ഇതാണ്. ഇതിനേയും റദ്ദാക്കി.

മി. സ്പീക്കർ: റദ്ദാക്കിയിട്ടില്ല.

ശ്രീ. കെ. എം. മാണി: സർ, പ്രതിപക്ഷ ബഹുമാനമുള്ള ഒരു ഗവൺമെന്റാണ് ഇത്. തീർച്ചയായും ഗവൺമെന്റ് ആ കോളേജിന് ആവശ്യമായ അനുമതി നൽകും.

മി. സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

**2-ഉം 3-ഉം വകുപ്പുകൾ**

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1 -ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

1 -ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1 -ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2014–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദ്ദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. കെ. ശിവദാസൻ നായർ
60. ശ്രീ. വി. എസ്. ശിവകുമാർ
61. ശ്രീ. എം. വി. ശ്രേയാംസ്കുമാർ

62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ

20. ശ്രീമതി ജമീലാ പ്രകാശം
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. മുല്ലക്കര രത്നാകരൻ
40. പ്രൊഫ. സി. രവീന്ദ്രനാഥ്
41. ശ്രീ. സി. കെ. സദാശിവൻ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. എ. കെ. ശശീന്ദ്രൻ
46. ശ്രീ. വി. ശിവൻകുട്ടി
47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
48. ശ്രീ. ജി. സുധാകരൻ
49. ശ്രീ. വി. എസ്. സുനിൽകുമാർ

50. ശ്രീ. കെ. സുരേഷ് കുറുപ്പ്
51. ശ്രീ. പി. തിലോത്തമൻ
52. ശ്രീ. തോമസ് ചാണ്ടി
53. ഡോ. ടി. എം. തോമസ് ഐസക്
54. ശ്രീ. ഇ. കെ. വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 70
പ്രതികൂലിക്കുന്നവർ – 54
നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

2014–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, 2014–ലെ കേരള ധനകാര്യ ബില്ലും 2014 –ലെ കേരള ധനകാര്യ (2–ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ. ഉന്നയിച്ച ക്രമപ്രശ്നത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നൽകിയ വിശദീകരണം**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ വീട്ടിനുമുമ്പിൽ സമരം നടത്തുകയായിരുന്ന ജസീറ 5–2–2014 തീയതിയിൽ വൈകുന്നേരം 6.15–ഓടെ കുട്ടികളുമായി പാലാരിവട്ടം പോലീസ് സ്റ്റേഷനിൽവന്ന് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പ്രഖ്യാപിച്ച പണം നൽകുന്നില്ലെങ്കിൽ അത് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതി കൊടുക്കുകയും പോലീസ് നടപടി ആവശ്യപ്പെട്ട് മൂന്ന്

കുട്ടികളുമായി പോലീസ് സ്റ്റേഷന് ഇടുതുഭാഗത്തുള്ള ഫുട്പാത്തിൽ കുത്തിയിരിക്കുകയും ചെയ്തു. വൈകിട്ട് ഏഴുമണിയോടെ ആരോ ഒരാൾ അവിടെ വന്ന് അവരുമായി സംസാരിക്കുകയും ജസീറ അയാളോട് തട്ടിക്കയറുകയും അയാളെ കൈകൊണ്ടടിക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് പതിനഞ്ചോളം പേർ സ്റ്റേഷനിലെത്തി പ്രതിഷേധം പ്രകടിപ്പിച്ചു. ജസീറയോട് വഴക്കുണ്ടാക്കുകയും ചെയ്തു. തുടർന്ന് ജസീറയുടെയും കുട്ടികളുടെയും സുരക്ഷയെ കരുതി പോലീസ് ഇവരെ സ്റ്റേഷനിലേക്ക് മാറ്റി. രാത്രി പന്ത്രണ്ടരയോടെ പ്രതിഷേധക്കാർ പിരിഞ്ഞുപോയി. ഇന്ന് രാവിലെ ജസീറയെ സ്റ്റേഷനിൽനിന്ന് പുറത്തുപോകാൻ പോലീസ് അനുവദിച്ചിട്ടും ജസീറ പോകാതെ സ്റ്റേഷനിൽത്തന്നെ കുത്തിയിരുന്നു. പാലാരിവട്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ അപ്പോൾ ഓട്ടോറിക്ഷക്കാരും പത്രക്കാരും തമ്മിൽ എന്തോ കശപിശയുണ്ടായി. അവരെല്ലാംകൂടി സ്റ്റേഷനിൽവന്നു. ഈ സമയത്ത് മാധ്യമപ്രവർത്തകർ അവിടെ തടിച്ചുകൂടി. പോലീസുകാർ തന്നെ മർദ്ദിച്ചുവെന്ന് ജസീറ ഒരു കാരണവുമില്ലാതെ ഉറക്കെ വിളിച്ചുപറയുകയാണ്. അഡ്വ. ഷൈജുവെന്ന ആൾ ജസീറ കുട്ടികളെ പീഡിപ്പിക്കുന്നുവെന്ന് ആരോപിച്ച് ജസീറയ്ക്കെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ജുവനൈൽ ആക്ട് സെക്ഷൻ 23 പ്രകാരം പാലാരിവട്ടം പോലീസ് ക്രൈം 156/14 ആയി കേസ് രജിസ്റ്റർ ചെയ്തു. എന്നിട്ട് ഉച്ചയ്ക്ക് പന്ത്രണ്ടരയ്ക്ക് ജസീറയെയും കുട്ടികളെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കാനായി കൊണ്ടുപോകുന്ന സമയം ജസീറ സ്റ്റേഷനുമുമ്പിൽ കിടന്നു. എന്നിട്ട് മാധ്യമപ്രവർത്തകർ അടുത്തെത്തിയ സമയം സ്വയം എഴുന്നേറ്റ് മാധ്യമപ്രവർത്തകരോട് സംസാരിച്ചശേഷം അവർ പോലീസ് വാഹനത്തിൽ കയറി

കാക്കനാട് ജുവനൈൽ ഹോമിലേക്ക് പോകുകയും ചെയ്തു. ഇതാണ് സംഭവം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്, ഒരാൾ അവിടെവന്ന് കയ്യേറ്റം ചെയ്തുവെന്നുള്ളതാണ്. ആരാണ് കയ്യേറ്റം ചെയ്തത്; ഈ സമയംവരെയായിട്ടും പോലീസിന് അത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലേ; ആരാണ് അവരെ കയ്യേറ്റം ചെയ്തത്? അതുമാത്രമല്ല, ടെലിവിഷൻ ക്യാമറയിൽ അവരെ ഇടിക്കുന്നതായിട്ടുള്ള പടം വന്നിട്ടുണ്ട്. മഫ്തിയിൽ നിൽക്കുന്ന ഒരു പോലീസുകാരൻ ഇടിക്കുന്ന ദൃശ്യം ടെലിവിഷൻ സംപ്രേക്ഷണം ചെയ്തിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പോലീസ് അവരെ എന്തിനാണ് അടിക്കുന്നത്? .............(ബഹളം)......... ഫുട്പാത്തിലിരുന്ന് സമരം ചെയ്യുന്ന അവരെ രാത്രിയിൽ സുരക്ഷയ്ക്കുവേണ്ടിയാണ് പോലീസുകാർ സ്റ്റേഷനിൽ കയറ്റിയിരുത്തിയത്. പോലീസ് എന്തിനാണ് അടിക്കുന്നത്? അവിടെ ജനമൈത്രി പോലീസാണുള്ളത്. പോലീസ് അവരെ അടിക്കേണ്ട കാര്യം എന്താണ്? പോലീസ് അടിക്കേണ്ട യാതൊരു കാര്യവും അവിടെയില്ല. ഇവിടെ എന്താണ് നടക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: അദ്ദേഹം പറയാനുള്ളത് പറഞ്ഞല്ലോ.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങയുടെ സ്റ്റേറ്റ്മെന്റിൽ ഒരു പ്രധാനപ്പെട്ട ഭാഗം വിട്ടുപോയി. പത്രക്കാരും ഓട്ടോറിക്ഷക്കാരും തമ്മിലുണ്ടായ കശപിശയെത്തുടർന്ന് പരാതി കൊടുക്കാൻ അവർ പോലീസ് സ്റ്റേഷനുള്ളിൽ വന്നു. പരാതി കൊടുക്കുന്നതിനുള്ള തർക്കങ്ങൾക്കിടയിൽ ഒരു പത്രക്കാരനെ പോലീസ് തല്ലി. അങ്ങനെ പ്രശ്നം വന്നപ്പോൾ പത്രക്കാരനെ തല്ലുന്നത് ജസീറ കണ്ടുവെന്ന് പറഞ്ഞു. അതിനെത്തുടർന്നാണ് ഈ

തർക്കം മുഴുവനുമുണ്ടാകുന്നത്. അതാണ് പ്രശ്നം. അത് പോലീസിനെ പ്രകോപിപ്പിച്ചു. അങ്ങ് ആ ഭാഗം വിട്ടുകളഞ്ഞു.

മി. സ്പീക്കർ: ഏതായാലും ഒരു പ്രശ്നം ഇവിടെ അവതരിപ്പിച്ചു. ലഭ്യ മായ വിവരമനുസരിച്ച് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിതന്നെ പറഞ്ഞു, ജനമൈത്രിയല്ലേ നടക്കുമോയെന്ന്. ജനമൈത്രി യെന്നുള്ള നിലയിൽ അവരെ പോലീസ് സ്റ്റേഷനിൽ കയറ്റിയിരുത്തി. ആ പോലീസ് സ്റ്റേഷനകത്തുവെച്ച് അവരെ അടിക്കുന്ന ദൃശ്യം ടെലിവിഷനിൽ കാണിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇതൊന്ന് പരിശോധിച്ചാൽ മതി. ഇങ്ങനെയൊരു സംഭവം ജനമൈത്രി പോലീസ് സ്റ്റേഷനിൽ നടക്കാൻ പാടില്ല. അതുകൊണ്ട് ഉന്നതതലത്തിലുള്ള ആരെയോ..........

ശ്രീ. രമേശ് ചെന്നിത്തല: അത് പരിശോധിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നിജസ്ഥിതി മനസ്സിലാക്കി പ്രവർത്തിക്കുന്ന നിലയുണ്ടാകണം.

മി. സ്പീക്കർ: മന്ത്രി പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന് പറഞ്ഞല്ലോ.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളുടെ പരിഗ ണനയും അനന്തര ഘട്ടങ്ങളും

1. **2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ**.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. ഉമ്മൻ ചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഭേദഗതി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണെന്ന് പറഞ്ഞിരുന്നു. അതിനെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്തു. അത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പക്ഷെ ഇപ്പോൾ ഈ ബില്ലിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. അത് സംബന്ധിച്ച് ചില നടപടിക്രമങ്ങൾകൂടി പൂർത്തിയാകേണ്ടതായിട്ടുണ്ട്. നിശ്ചയമായും അത് തത്വത്തിൽ അംഗീകരിച്ചിരിക്കുന്നു. ഏറ്റവും അടുത്ത അവസരത്തിൽ ആ മാറ്റം വരുത്തിക്കൊണ്ടുള്ള ബിൽ ഇവിടെ അവതരിപ്പിക്കുന്നതാണ്.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 -ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........................

പ്രതികൂലിക്കുന്നവർ............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

<u>2–ാം വകുപ്പ്</u>

(ഭേദഗതിയില്ല)

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........................

പ്രതികൂലിക്കുന്നവർ............................

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**<u>1–ാം വകുപ്പും പീഠികയും പേരും</u>**

(ഭേദഗതിയില്ല)

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........................

പ്രതികൂലിക്കുന്നവർ............................

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**<u>മൂന്നാം വായന</u>**

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, 2014–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## 2. 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 04-03-2003-ലെ ദേശീയ ന്യൂനപക്ഷ കമ്മീഷന്റേയും ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സൺമാരുടേയും സമ്മേളനത്തിൽ എല്ലാ സംസ്ഥാനങ്ങളും ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ മാതൃകയിൽ സ്റ്റാറ്റ്യൂട്ടറി പദവി നൽകിക്കൊണ്ടുള്ള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകരിക്കണമെന്നുള്ള നിർദ്ദേശമുണ്ടായി. പ്രസ്തുത നിർദ്ദേശത്തിന്റെ അനു

കൂല–പ്രതികൂല ഘടകങ്ങളെക്കുറിച്ച് പരിശോധിച്ചതിനെത്തുടർന്ന് 14–02 –2009–ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിനുള്ള ബിൽ പാസ്സാക്കിയെടുക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ 03–03–2011–ലെ മന്ത്രിസഭായോഗം ഇതിലേയ്ക്കായി ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഗവർണ്ണറോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചില്ല. തുടർന്ന് 15–11–2012–ലെ മന്ത്രിസഭായോഗം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം ഇതിലേയ്ക്കായി കരട് ബിൽ തയ്യാറാക്കി 173/12 നമ്പരായി പ്രസിദ്ധീകരിച്ചു. 16 സംസ്ഥാനങ്ങളിൽ ഇതിനോടകംതന്നെ സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുകൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ 46 ശതമാനത്തോളം ന്യൂനപക്ഷങ്ങളുള്ള ഈ സംസ്ഥാനത്ത് അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സഹായിക്കുന്ന സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പ്രവർത്തനം തുടങ്ങാൻ വൈകിപ്പോയി എന്നുള്ളത് വളരെ ഖേദകരമായ ഒരു കാര്യമാണ്. ഈ സാഹചര്യത്തിലാണ് ന്യൂനപക്ഷങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധനാ വിധേയമാക്കുന്നതരത്തിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന് ദേശീയ ന്യൂനപക്ഷ കമ്മീഷൻ ശക്തമായി ശുപാർശ ചെയ്തിട്ടുള്ളത്. ന്യൂനപക്ഷങ്ങളുടെ ബഹുമുഖ പുരോഗതിക്കായി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന കേന്ദ്ര പദ്ധതികളുടെ നിർവ്വഹണത്തിനുള്ള പരിശോധനയും അവ

ലോകനവും സാധ്യമാക്കാൻ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിലേയ്ക്കായി 15-11-12-ലെ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനപ്രകാരമുള്ള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് തയ്യാറാക്കി. അതിനുശേഷം ബിൽ പ്രിപ്പയർ ചെയ്യുകയും ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ പോയി മടങ്ങിവരികയുമാണ് ചെയ്തിട്ടുള്ളത്. ആദ്യമായി ഇൻഡ്രൊസ്യൂസ് ചെയ്യുന്ന ബില്ലായതുകൊണ്ട് സ്വാഭാവികമായും അതിനെപ്പറ്റി ധാരാളം ചർച്ചകളുണ്ടാകും. അത് പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി ഇത്തരത്തിലൊരു ബിൽ കൊണ്ടുവരാനുണ്ടായ സാഹചര്യം വിശദീകരിക്കുകയുണ്ടായി. നേരത്തെ തുടങ്ങിവച്ച ഒരു പ്രക്രിയയുടെ ഭാഗമായാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ഈ ബില്ല് കൊണ്ടുവരുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ ക്ഷേമകാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കാൻ ഒരു കമ്മീഷൻ വേണമെന്നുള്ളത് ന്യായയുക്തമായ ഒരാവശ്യമാണ്. ദേശീയ ന്യൂനപക്ഷ കമ്മീഷൻതന്നെ ഇതു സംബന്ധിച്ച് ചൂണ്ടിക്കാണിച്ചതാണ്. എന്നാൽ നമ്മളിപ്പോൾ അംഗീകരിക്കുന്ന ഈ ബില്ല് പാസ്സാകുമ്പോൾ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഇന്നത്തെ നില മാറ്റിയെടുക്കാൻ എത്രത്തോളം സാധിക്കുമെന്നത് നാം ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഈ ബില്ല് പ്രകാരം ന്യൂനപക്ഷ ക്ഷേമത്തിനും ആ ജന

വിഭാഗത്തിന്റെ ഉന്നമനത്തിനുമായി ക്രിയാത്മകമായി ഒന്നും ചെയ്യാൻ ഈ കമ്മീഷന് കഴിയില്ല. ഈ കമ്മീഷന് കൊടുത്തിരിക്കുന്ന അധികാരങ്ങൾ പരിശോധിച്ചാൽ– ഒരു നിരീക്ഷണം നടത്താം, വിലയിരുത്തൽ നടത്താം, ഉപദേശം നടത്താം. അങ്ങനെ ഈ കമ്മീഷൻ ശരിക്കും ഒരു ഉപദേശക സമിതിയായിട്ടാണ് മാറാൻ പോകുന്നത്. ഈ ന്യൂനപക്ഷ കമ്മീഷൻ വന്നാൽ തലയില്ലാത്ത ഒരു പ്രതിമ പോലെയാണ് അനുഭവപ്പെടാൻ പോകുന്നത്. ന്യൂനപക്ഷങ്ങളുടെ അവസര തുല്യതയെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഈ കമ്മീഷന് അധികാരം നൽകിയിട്ടില്ല. അതോടൊപ്പംതന്നെ ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായിട്ടുള്ള അവസരങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുന്നത് അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാം. ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽകൊണ്ടുവരാൻ കഴിയുമെന്നുള്ളതല്ലാതെ അത്തരം കാര്യങ്ങളിലിടപെട്ട് എന്തെങ്കിലും നടപടിയെടുക്കാനുള്ള ഒരധികാരവും ഈ കമ്മീഷനിൽ നിക്ഷിപ്തമാക്കിയതായി കാണുന്നില്ല. ന്യൂനപക്ഷങ്ങൾക്കെതിരെ പലതരത്തിലുള്ള വിവേചനങ്ങളും നടക്കുന്നുണ്ട്. അത് പഠനവിഷയമാക്കി അതുസംബന്ധിച്ച് ശുപാർശ കൊടുക്കാൻ ഈ കമ്മീഷന് അധികാരമുണ്ട്. എന്നാൽ അത്തരം കാര്യങ്ങളിൽ എന്തെങ്കിലും നടപടിയെടുക്കാനുള്ള അധികാരമുണ്ടോ; അത്തരമൊരധികാരവും ഈ കമ്മീഷന് കൊടുത്തിട്ടില്ല. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ന്യൂനപക്ഷങ്ങൾ പിന്തള്ളപ്പെടുന്നുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ ഈ കമ്മീഷന് കഴിയുമോ; അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള ഒരവകാശവും ഈ കമ്മീഷന് നൽകിയിട്ടില്ല. പലപ്പോഴും ന്യൂനപക്ഷ വിഭാഗങ്ങൾ മുഖ്യധാ

രയിൽനിന്ന് പിന്തള്ളപ്പെട്ടുപോയതായി ആക്ഷേപങ്ങൾ വരാറുണ്ട്. അങ്ങനെ മുഖ്യധാരയിൽനിന്നും പിന്തള്ളപ്പെട്ടുപോയിട്ടുള്ള ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ കമ്മീഷന് അധികാരമുണ്ടോ; അങ്ങനെയുള്ള യാതൊരധികാരവും ഈ കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടില്ല. ന്യൂനപക്ഷ ജനവിഭാഗങ്ങളിൽത്തന്നെ പിൻനിരയിൽ നിൽക്കുന്ന ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരിക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. പിൻനിരയിൽ നിൽക്കുന്ന ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ഈ കമ്മീഷന് എന്താണ് ചെയ്യാൻ സാധിക്കുന്നത്; അത് സംബന്ധിച്ച ഒരു നിർദ്ദേശവും ഉൾപ്പെടുത്തിയിട്ടില്ല. തൊഴിൽപരമായ കാരണങ്ങളാൽ സാമൂഹികമായി പിന്നോക്കം പോയവരെ സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഈ കമ്മീഷന് കഴിയുമോ; അങ്ങനെയുള്ള അധികാരം നൽകിയതായി ഇതിനകത്ത് പറയുന്നില്ല. ആധുനികമായ തൊഴിലാണിപ്പോൾ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്നത്. ആധുനികമായ തൊഴിൽ മേഖലയിൽ പിന്നോക്ക ജനവിഭാഗങ്ങൾ പ്രാതിനിധ്യം കുറവായ ജനവിഭാഗമായിട്ടാണ് ഇപ്പോഴും തുടരുന്നത്. ആധുനികമായ തൊഴിൽ മേഖലയിലുള്ള ഈ പിന്നോക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം ഉയർത്തുന്നതിനുവേണ്ടി ഇടപെടൽ നടത്തുന്നതിനുള്ള ഒരധികാരവും ഈ കമ്മീഷന് നൽകിയിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് ഇന്ന് ആധുനികവത്ക്കരണം വന്നിരിക്കുകയാണ്. വളരെ വലിയ സാധ്യതകൾ വിദ്യാഭ്യാസരംഗത്ത് ഇപ്പോഴുണ്ട്. ഈ സാധ്യതകളെല്ലാം സമൂഹത്തിലെ വളരെ കുറച്ചാളുകൾക്കുമാത്രമാണ് ഇപ്പോൾ കിട്ടുന്നത്. ഈ വിദ്യാഭ്യാസ സൗകര്യങ്ങളിൽനിന്നും പിന്തള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളുണ്ട്. അവർക്ക് സഹായം ചെയ്യാനുള്ള എന്ത് കാര്യമാണ് ഈ കമ്മീഷൻ വരുന്നതിന്റെ ഫലമായി ഇവിടെ സംഭവിക്കാൻ പോകു

ന്നത്; ഫലത്തിൽ 'ന്യൂനപക്ഷങ്ങൾക്കും ഒരു കമ്മീഷനുണ്ടായി' എന്നുപറയാൻമാത്രം സഹായകമായ ഒരു കമ്മീഷനാണ്. ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഒരു പ്രത്യേക കാര്യം പറയുമ്പോൾ ദേശ വ്യാപകമായി ഒരു പ്രചരണം നടക്കുന്നുണ്ട്– ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കുന്നു. ന്യൂനപക്ഷങ്ങളുടെ ഒരു കാര്യം ഉന്നയിച്ചുകഴിഞ്ഞാൽ നിങ്ങൾ ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കാൻവേണ്ടി പറയുന്നു എന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത്തരം വിവാദങ്ങൾ വളരെ വലിയ തോതിൽ നടക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ കേരളത്തിലെ അവസ്ഥ എന്താണ്; മതന്യൂനപക്ഷങ്ങൾ ഏറ്റവും കൂടുതൽ അധിവസിക്കുന്നത് മലപ്പുറം ജില്ലയിലാണ്.

മലപ്പുറം ജില്ലയിൽ മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം–ക്രിസ്തൃൻ പോപ്പുലേഷൻ എടുത്തുനോക്കിയാൽ ഏകദേശം 78 ശതമാനത്തോളമാണ്. സംസ്ഥാനത്തെ ആളോഹരി വരുമാനത്തിന്റെ കണക്കിൽ മലപ്പുറം ജില്ല 14–ാം സ്ഥാനത്താണ്. മലപ്പുറം ജില്ലയിൽ മുസ്ലീം വിഭാഗത്തിനകത്ത് ഒരു ചെറിയ വിഭാഗം സമ്പന്നൻമാരായിട്ടുണ്ട്. ആ ചെറിയൊരു വിഭാഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് മതന്യൂനപക്ഷങ്ങളിൽപ്പെട്ടവരെല്ലാം സമ്പന്നൻമാരായിരിക്കുന്നു എന്ന് ഒരു പ്രചരണം നടക്കുന്നുണ്ട്. മറ്റെല്ലാ മതവിഭാഗങ്ങളുമെന്നതുപോലെതന്നെ ഒരു ചെറിയ ശതമാനം മുസ്ലീം വിഭാഗത്തിലും സമ്പന്നൻമാരായിട്ടുണ്ട്. എന്നാൽ മഹാഭൂരിപക്ഷംപേർ സമ്പന്നൻമാരല്ല. കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ പണിയെടുക്കുന്നവർ മതന്യൂനപക്ഷങ്ങളിൽ ഗണ്യമായൊരു വിഭാഗമുണ്ട്. അതിന്റെ പ്രത്യക്ഷമായ തെളിവാണ് നമ്മുടെ സാമ്പത്തികാവലോകനം പുറത്തുകൊണ്ടുവന്നിരിക്കുന്ന വസ്തുതകൾ. മലപ്പുറം ജില്ല രൂപീകരി

ച്ചാൽ പുരോഗതിയുണ്ടാകുമെന്ന് പറഞ്ഞു. ആ ജനവിഭാഗത്തിന് എന്ത് പുരോഗതിയുണ്ടായി? മലപ്പുറം ജില്ല രൂപീകരിക്കുന്ന സന്ദർഭത്തിലും ആളോഹരി വരുമാനത്തിൽ മലപ്പുറം ജില്ല 14–ാം സ്ഥാനത്താണ്. ഇപ്പോഴും മലപ്പുറം ജില്ല 14–ാം സ്ഥാനത്താണ്. 13–ാം സ്ഥാനത്ത് വയനാട് ജില്ലയാണ്. 12 –ാം സ്ഥാനത്ത് കാസർഗോഡ് ജില്ലയാണ്. 11–ാം സ്ഥാനത്ത് പാലക്കാട് ജില്ല യാണ്. മതന്യൂനപക്ഷങ്ങൾക്ക് പ്രാതിനിധ്യം കൂടുതലുള്ള ഈ ജില്ലകളുടെ പിന്നോക്കവസ്ഥ നോക്കിയാൽ, മതന്യൂനപക്ഷ വിഭാഗങ്ങളെ സംബന്ധിച്ച് നടത്തിവരുന്ന പ്രചാരവേലയുടെ പൊള്ളത്തരം മനസ്സിലാക്കാൻ കഴിയും. വലിയൊരു വിഭാഗം ആളുകൾ ഇപ്പോഴും പിന്നോക്കം നിൽക്കുകയാണ്. ഈ പിന്നോക്കാവസ്ഥ സംബന്ധിച്ചിട്ടുള്ള നിരവധി റിപ്പോർട്ടുകൾ നമ്മുടെ വിവിധ കമ്മീഷനുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പാലോളി കമ്മീഷൻ പുറത്തുവിട്ടി ട്ടുള്ള റിപ്പോർട്ടിൽ കണക്കുകൾ പരിശോധിച്ചുനോക്കിയാൽ ദാരിദ്ര്യമനുഭവി ക്കുന്ന ജനവിഭാഗങ്ങളിൽ മുസ്ലീം ജനവിഭാഗം പ്രധാനപ്പെട്ട ഒരു ഘടകമാണ്. 28.7 ശതമാനം ദരിദ്രജനവിഭാഗത്തിൽപ്പെട്ടവരാണെന്ന് കമ്മീഷൻ ചൂണ്ടിക്കാ ണിച്ചിരിക്കുകയാണ്. തൊഴിലില്ലാത്തവരുടെ കണക്കെടുത്ത് നോക്കുമ്പോൾ അതിലും ഗണ്യമായ ഒരു വിഭാഗം മുസ്ലീം വിഭാഗത്തിലും ക്രിസ്ത്യൻ വിഭാഗ ത്തിലുംപെട്ടവരുണ്ട്. ന്യൂനപക്ഷങ്ങൾക്കെന്തിനാണ് ഒരു കമ്മീഷൻ എന്ന് ചോദിച്ചുകൊണ്ട് നടത്തുന്ന പ്രചാരവേലകളുടെ അന്തസ്സാരശൂന്യത നാം മനസ്സിലാക്കണം. പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ഉയർത്തി ക്കൊണ്ട് വരികയെന്ന് ചിന്തിക്കുമ്പോൾ ആ മതവിഭാഗത്തിലെ ഏറ്റവും പാവപ്പെട്ടവനെ ഉയർത്തിക്കൊണ്ടുവരികയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. പിന്നോക്ക സമുദായത്തിൽ ഒരു ചെറിയ ന്യൂനപക്ഷം സമ്പന്നൻമാ രായിട്ടുണ്ട്. എന്നാൽ ആ പിന്നോക്കസമുദായത്തിലെ മഹാഭൂരിപക്ഷം ദരിദ്ര

നാരായണന്മാരാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായിരിക്കണം നമ്മൾ ആദ്യ പരിഗണന കൊടുക്കേണ്ടത്. അത്തരത്തിലുള്ള കാഴ്ചപ്പാടുവച്ചുകൊണ്ട് മതന്യൂനപക്ഷവിഭാഗങ്ങളിലെ പാവപ്പെട്ടവനിൽ പാവപ്പെട്ടവരെ സഹായിക്കാനുള്ള പദ്ധതികൾ ഈ കമ്മീഷന് ആവിഷ്കരിക്കാൻ കഴിയുമോ? ഇങ്ങനെയൊരു കമ്മീഷൻ വന്നാൽ അതുകൊണ്ട് നേട്ടം ആ വിഭാഗത്തിലെ പാവപ്പെട്ടവനിൽ പാവപ്പെട്ടന് കിട്ടണം. പിന്നോക്കസമുദായത്തിൽ ഒരു ചെറിയ ന്യൂനപക്ഷം സമ്പന്നരുണ്ട്. എന്നാൽ പിന്നോക്കസമുദായത്തിലെ മഹാഭൂരിപക്ഷം ദരിദ്രരാണ്, വിഷമമനുഭവിക്കുന്നവരാണ്. ആ ജനവിഭാഗത്തെ ഉയർത്തികൊണ്ടുവരാൻ പിന്നോക്കസമുദായ കമ്മീഷൻ രൂപീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ട് എന്തുസാധിച്ചു എന്ന് പരിശോധിക്കേണ്ടതാണ്. ഇപ്പോൾ നമ്മൾ മുന്നോക്കസമുദായ കമ്മീഷൻ രൂപീകരിച്ചു. മുന്നോക്കസമുദായങ്ങളിൽത്തന്നെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗമുണ്ട്. അവരാണ് ഏറ്റവും വേദനയനുഭവിക്കുന്നവർ. മുന്നോക്കസമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം കൊടുക്കണം എന്നുള്ള പ്രശ്നം വളരെക്കാലമായി ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് ഭരണഘടന ഭേദഗതി ചെയ്യണം. ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവനിൽ പാവപ്പെട്ടവന് സംവരണം കൊടുത്തുകൊണ്ട് പ്രശ്നത്തിൽ ഇടപെടുന്നില്ലെങ്കിൽ മുന്നോക്ക സമുദായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ദരിദ്രന്മാരായിട്ടുള്ള ജനവിഭാഗങ്ങളിലാണ് പ്രശ്നങ്ങളുണ്ടാകാൻ പോകുന്നത്. മുന്നോക്കസമുദായത്തിൽ ഏറ്റവും പാവപ്പെട്ടവനോട് ഇതാ പിന്നോക്കസമുദായക്കാരുടെ കമ്മീഷൻ വന്നു, മതന്യൂനപക്ഷങ്ങൾക്ക് കമ്മീഷൻ വന്നു എന്ന് പറഞ്ഞുകൊണ്ട് മുന്നോക്കസമുദായത്തിലെ ഏറ്റവും പാവപ്പെട്ടവനെ മതന്യൂനപക്ഷ വിഭാഗ

ങ്ങൾക്കെതിരെ തിരിച്ചുവിടാൻ ബോധപൂർവ്വമായ ശ്രമം നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് എല്ലാ മതവിഭാഗത്തിലുംപെട്ട ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങളെ സഹായിക്കുക എന്നതായിരിക്കണം നമ്മുടെ കമ്മീഷനുകളുടെ പരമപ്രധാനമായ ലക്ഷ്യം. അതിനുതകുന്ന വിധത്തിലുള്ള പദ്ധതികളൊന്നും തന്നെ ആവിഷ്ക്കരിക്കാനോ അത് സംബന്ധിച്ച ഇടപെടലുകൾ നടത്താനോ ഉള്ള അധികാരം ഈ കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടില്ല എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ഒരു പോരായ്മായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേരളത്തിൽ മുസ്ലീം ജനസംഖ്യ 26 ശതമാനം ആണ്. സർക്കാർ സർവ്വീസിൽ ഇപ്പോൾ പ്രവർത്തിക്കുന്നവർ എത്രയാണ്? 11 ശതമാനമാണ്. ഈ പ്രാതിനിധ്യം എല്ലാ മേഖലകളിലും ലഭ്യമാക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ചത് പരിശോധിക്കാനാണ് മുമ്പ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നരേന്ദ്രൻ കമ്മീഷനെ നിയോഗിച്ചത്. ഇതു സംബന്ധിച്ച ധാരാളം കാര്യങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചു. ഇനിയും അത് നമ്മുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ? ഇപ്പോൾ മുസ്ലീം ജനവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കിട്ടുന്ന തൊഴിലവസരങ്ങൾ പിന്നോക്ക സമുദായത്തിൽപ്പെട്ട ആളുകൾക്ക് കിട്ടുന്ന തൊഴിലവസരങ്ങൾ പരിശോധിച്ചാൽ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ, എയ്ഡഡ് അൺഎയ്ഡഡ് മേഖലകളിലൊന്നും തന്നെ സംവരണമില്ല. ഗവൺമെന്റ് മേഖലയിൽ മാത്രമാണ് സംവരണമുള്ളത്. അതായത് ഗവൺമെന്റ് കോളേജുകൾ, ഹൈസ്കൂളുകൾ, സ്കൂളുകൾ എന്നീ മേഖലകളിൽ മാത്രമേ സംവരണമുള്ളു. അതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ അവസരം ലഭിച്ചിട്ടുള്ള ബി.എഡ് ബിരുദധാരികൾ, ടി.ടി.സി. –ക്കാർ ഇങ്ങനെയുള്ളവർ പിന്നോക്കസമുദായത്തിൽനിന്ന് അർഹമായി തൊഴിലവസരങ്ങൾ തേടി

യാലും നമ്മുടെ സംസ്ഥാനത്ത് അവർക്ക് അവസരം കുറവാണ്. അവർക്ക് അവസരം കൊടുക്കണമെങ്കിൽ, നമ്മൾ ഇനി ആലോചിക്കേണ്ടത് എയ്ഡഡ് മേഖലയിൽ സംവരണം നടപ്പിലാക്കണം. പി.എസ്.സി. വഴിയുള്ള നിയമന മെന്നുള്ള ആവശ്യം വളരെ ശക്തമാണെങ്കിലും അത് ഇപ്പോൾ പ്രാവർത്തികമായിട്ടില്ലെങ്കിൽ ഒരു അഭിപ്രായരൂപീകരണം നടത്താൻ കഴിയുന്നില്ലെങ്കിൽ ഇവിടെ എയ്ഡഡ് സ്കൂളുകളിൽ ആദ്യം സംവരണം ഏർപ്പെടുത്തണം. അങ്ങനെവന്നുകഴിഞ്ഞാൽ പിന്നോക്കസമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ, അവർക്കുള്ള തൊഴിലവസരങ്ങൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിപ്പിക്കാൻ സാധിക്കുന്ന ഒരു മേഖല ഏറ്റവും വലിയൊരു അവസരം ലഭിക്കുന്നതിൽ വിദ്യാഭ്യാസ മേഖലയാണ്. ആ വിദ്യാഭ്യാസ മേഖലയിൽ പിന്നോക്കസമുദായത്തിൽപ്പെട്ടവർക്ക് അർഹമായിട്ടുള്ള, കാരണം ഗവൺമെന്റ് മേഖലയിൽ മാത്രമേ ഇപ്പോൾ സംവരണമുള്ളു. ഇത് എയ്ഡഡ് മേഖലയിലേയ്ക്ക് വ്യാപിപ്പിക്കണം. പാലോളി കമ്മീഷൻ നടത്തിയ ഒരു പ്രധാനപ്പെട്ട ശുപാർശയാണ് എയ്ഡഡ് മേഖലയിലേയ്ക്ക് ഇത് വ്യാപിപ്പിക്ക ണമെന്നുള്ള കാര്യം. അതുപോലെ തന്നെ മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഒരു വിഭാഗം ആളുകൾ ഇപ്പോൾ വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്യാനുള്ള അവസരമുണ്ട്. വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്യാനുള്ള അവസരം ലഭ്യമായതോടുകൂടിയാണ് കേരളത്തിലെ മതന്യൂന പക്ഷ വിഭാഗങ്ങളിൽ സാമ്പത്തികമായി ഉയർച്ച പ്രകടമായിത്തുടങ്ങിയത്, കുടിയേറ്റം ശക്തിപ്പെട്ടത്. അതിന്റെ ഫലമായി ഇന്ന് വിദേശരാജ്യങ്ങളിലുണ്ടാ കുന്ന തൊഴിലവസരങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് നമ്മൾ ആലോചിക്കേണ്ട ഘട്ടമാണ്. വലിയൊരു മത്സരാധിഷ്ഠിതമായ ഒരു സാഹച ര്യം ഇപ്പോഴുണ്ട്. വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യണമെങ്കിൽ മുമ്പ്

കായികാരോഗ്യമുണ്ടെങ്കിൽ ജോലി ലഭിക്കും. ഇപ്പോൾ അതല്ല. നല്ല ഭാഷാ പ്രാവീണ്യം വേണം. നല്ല വൈദഗ്ദ്ധ്യം വേണം. വ്യക്തിത്വ ഉത്കൃഷ്ടത വേണം. ഇതിൽ മികവ് പ്രകടിപ്പിക്കുന്ന ആളുകൾക്കാണ് ഇന്ന് വിദേശ രാജ്യ ങ്ങളിൽ തൊഴിലവസരങ്ങൾക്ക് പ്രാപ്തി നേടാൻ കഴിയുന്നത്. അതുകൊണ്ട് മതന്യൂനപക്ഷ വിഭാഗങ്ങൾ ഇതിനുള്ള പ്രത്യേകമായ ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട് എന്ന് കണക്കിലെടുത്തുകൊണ്ട് ഇതിന് ഉപകരി ക്കുന്ന തലത്തിൽ ഫിനിഷിംഗ് കോഴ്സുകൾ നടത്തി യുവതലമുറയെ ഇത്തരം മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പ്രാപ്തിയുണ്ടാക്കണം. വിദേശ രാജ്യങ്ങളിൽ തൊഴിവലവസരങ്ങൾ ലഭ്യമാകുന്നതിന് വേണ്ടിയിട്ടുള്ള ഏറ്റവും നല്ല സാദ്ധ്യതകൾ മത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എങ്ങനെ ലഭ്യമാ ക്കിക്കൊടുക്കാൻ കഴിയും. അതിന് കമ്മീഷൻ ഇടപെടാൻ വേണ്ടയിട്ടുള്ളത് കൊടുക്കണം. അത്തരത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്ന ആളുകൾക്ക് അതിലിടപ്പെട്ട് വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങൾ കരസ്ഥമാക്കാൻ അവരെ പ്രാപ്തരാക്കത്തക്കവിധത്തിൽ ഫിനിഷിംഗ് കോഴ്സുകൾ എത്ര സ്ഥലത്ത് നമുക്ക് നടത്താൻ കഴിയും. കോളേജുകളെ കേന്ദ്രീകരിച്ചുകൊണ്ട് അക്കാഡമിക് കോഴ്സുകളുടെ തുടർച്ചയായി ഫിനിഷിംഗ് കോഴ്സുകൾ ആരംഭിക്കണം. ഇങ്ങനെയുള്ള ഫിനിഷിംഗ് കോഴ്സുകളിൽ വിജയിക്കുന്ന ആളുകൾക്ക് വിദേശരാജ്യങ്ങളിൽ കിട്ടുന്ന തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചുവ രുമ്പോൾ മതന്യൂനപക്ഷ വിഭാഗങ്ങളിലെ വീടുകളിലെ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.

അതിലിടപെടാനുള്ള അവസരം കൊടുത്തുകഴിഞ്ഞാൽ വളരെയധികം പ്രയോജനകരമാകും. എങ്ങനെയാണ് അത് ചെയ്യാൻ സാധിക്കുക എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. അതുപോലെ തന്നെ തൊഴിലധിഷ്ഠിത കോഴ്സുകൾ, വിദേശ രാജ്യങ്ങളിലും മറ്റും ഭാഷ പ്രധാന മാണ്. ഉറുദു, അറബിക് ഭാഷകളിൽ പരിജ്ഞാനം ലഭിച്ചിട്ടുള്ള ആളുകൾക്കാണെങ്കിൽ അവിടെ കൂടുതൽ തൊഴിലവസരങ്ങളുണ്ട്. പല കാരണങ്ങൾ പറഞ്ഞ് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണമെന്ന് പറയുമ്പോൾ, വെറുതെ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചാൽ നമ്മുടെ സംസ്ഥാനത്ത് എത്ര പേർക്കാണ് തൊഴിലവസരം ലഭ്യമാകുന്നത്? മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട കേരളീയരുടെ വീടുകളിലേയ്ക്ക് അറബ് ലോകത്ത് തുറന്നുകിടക്കുന്ന തൊഴിലവസരങ്ങളുടെ ഗുണം എത്തിക്കാൻ സാധിക്കണമെങ്കിൽ ഉറുദു ഭാഷയും അറബി ഭാഷയും മാധ്യമമാക്കിക്കൊണ്ടുള്ള ഐ.റ്റി.ഐ.കൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കണം. മാതൃഭാഷാ പഠനം നടത്തിയിട്ടാണ് ഹയർ സെക്കണ്ടറിയിൽ വരുന്നത്. അതിനുശേഷം നടത്തുന്ന ഐ.റ്റി.ഐ കോഴ്സുകളിൽ ഉറുദു ഭാഷയും അറബി ഭാഷയും പഠിപ്പിക്കത്തക്കവിധത്തിൽ മാറ്റങ്ങൾ വരുത്തണം. ഐ.റ്റി.ഐ. കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങി കഴിഞ്ഞാൽ ഗൾഫ് രാജ്യങ്ങളിൽ ഉറുദു ഭാഷയിലുള്ള പാണ്ഡിത്യവും അറബി ഭാഷയിലുള്ള പാണ്ഡിത്യവും കൂടി ചേരുമ്പോൾ തൊഴിലവസരങ്ങൾ ലഭ്യമാകാനുള്ള സാധ്യത വളരെ വലുതാണ്. ഇത് പാലോളി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ ശുപാർശയ്ക്കനുസരിച്ച് നമുക്ക് ഇത്തരത്തിലുള്ള കോഴ്സുകളെ സംബന്ധിച്ച് ആലോചിക്കാൻ സമയമായിരിക്കുകയാണ്. മതന്യൂനപക്ഷങ്ങളെ സഹായിക്കാനുള്ള പ്രഖ്യാപനങ്ങൾ നടത്തിയതുകൊണ്ട് മാത്രം കാര്യമില്ല.

ഇങ്ങനെയൊരു കോഴ്സ് പഠിച്ച ഒരു കുട്ടി ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടതോ മുസ്ലീം വിഭാഗത്തിൽപ്പെട്ടതോ ആയ മത്സ്യത്തൊഴിലാളി കുടിലുകളിലുണ്ടെങ്കിൽ അവന് ജോലി കിട്ടും. ആ കുടുംബം നന്നാകും. അങ്ങനെയാണെങ്കിൽ മതന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ടവനിൽ പാവപ്പെട്ടവനായവനെ നമുക്ക് എങ്ങനെ വളർത്തിക്കൊണ്ടുവരാം?. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്ര ദാരിദ്ര്യമനുഭവിക്കുന്നവരാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ മുസ്ലീം വിഭാഗത്തിൽപ്പെട്ടവരുണ്ട്, ക്രിസ്ത്യൻ ലത്തീൻ വിഭാഗത്തിൽപ്പെട്ടവരുമുണ്ട്. ആ ജനവിഭാഗത്തെ ഉയർത്തിക്കൊണ്ടുവരാനും അവിടെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ യോഗ്യത വർദ്ധിപ്പിക്കാനും വിദേശ രാജ്യങ്ങളിൽപ്പോയി തൊഴിൽ ചെയ്യാനുള്ള അവസരമുണ്ടാക്കി കൊടുക്കാനും നമ്മുടെ രാജ്യത്തുണ്ടാകുന്ന തൊഴിലവസരങ്ങളിൽ അവർക്ക് അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാനും ഈ ന്യൂനപക്ഷ കമ്മീഷന് എങ്ങനെ സാധിക്കും? അതിനുള്ള സാധ്യതകൾ എത്രത്തോളം ഉപയോഗിക്കാൻ സാധിക്കുമെന്ന് നോക്കി വേണം അത്തരത്തിലുള്ള ഒരു കമ്മീഷൻ രൂപീകരിക്കേണ്ടത്. അതിനുസഹായകമായി ഇടപെടാനുള്ള കാര്യങ്ങളൊന്നും ഇപ്പോഴത്തെ ഈ കമ്മീഷൻ രൂപീകരണംകൊണ്ട് നടക്കുന്ന യാതൊരു ലക്ഷണവുമില്ല എന്നതാണ് ഇവിടത്തെ അവസ്ഥ. നമ്മുടെ സംസ്ഥാനത്ത് മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ള ഇന്നത്തെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി ദീർഘവീക്ഷണത്തോടു കൂടിയുള്ള ഇടപെടൽ നടത്തുക തന്നെ വേണം. ഇപ്പോൾ ഒരു വിഭാഗത്തിനുവേണ്ടി ആനുകൂല്യം ചെയ്യുമ്പോൾ ആ വിഭാഗത്തെ പ്രീണിപ്പിക്കാനാണ് എന്നുള്ള ആക്ഷേപങ്ങൾ സർവ്വ സാധാരണയായി വന്നുകൊണ്ടിരിക്കുന്നുണ്ട്. ചിലർ ബോധപൂർവ്വം അത്തരം പ്രചരണങ്ങൾ നടത്തുന്നുണ്ട്. അതിൽ കുടുങ്ങിക്കിടന്ന് നമ്മൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ

ചെയ്യാതെ പോകരുത്. അത് ചെയ്യാതെ പോയാൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും. സാമൂഹികമായ പിന്നോക്കാവസ്ഥയെ ചൂഷണം ചെയ്തുകൊണ്ടാണ് നമ്മുടെ നാട്ടിൽ തീവ്രവാദ പ്രസ്ഥാനങ്ങളും വർഗ്ഗീയ പ്രസ്ഥാനങ്ങളുമൊക്കെ പ്രവർത്തിക്കുന്നത്. അത്തരത്തിലുള്ള തീവ്രവാദ ശക്തികളെയും വർഗ്ഗീയ ശക്തികളെയും ഒറ്റപ്പെടുത്താൻ കഴിയണമെങ്കിൽ സർക്കാർ എടുക്കുന്ന നിലപാടുകൾ ശരിയാണ്; എല്ലാ മതവിഭാഗത്തിൽപ്പെട്ട വർക്കും തുല്യ നീതി കിട്ടും; അവസര സമത്വം കിട്ടും എന്ന് വ്യക്തമാകുമ്പോ ഴാണ് മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്കുകൂടി നമ്മുടെ രാജ്യത്ത് ഏറ്റവും തൃപ്തികരമായി ജീവിക്കാനുള്ള അവസ്ഥ ഉണ്ടാക്കികൊടുക്കാനുള്ള ബാധ്യത, ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവരെ സംരക്ഷിക്കേണ്ട ബാധ്യത ഭൂരിപക്ഷ മതവിഭാഗങ്ങൾക്കുമുണ്ട്; അതാണ് മതേതരത്വം. മുസ്ലീങ്ങളും ക്രിസ്ത്യാനികളും ചേർന്ന നമ്മുടെ സംസ്ഥാനത്തെ അഞ്ചാറ് ജില്ലകൾ ന്യൂന പക്ഷ കേന്ദ്രീകൃത ജില്ലകളായി മാറിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ന്യൂനപ ക്ഷങ്ങൾക്ക് എന്താണ് പ്രശ്നം; ന്യൂനപക്ഷങ്ങൾക്ക് ബുദ്ധിമുട്ടുണ്ടോ എന്നൊക്കെയുള്ള ചോദ്യങ്ങൾ സ്വാഭാവികമായും വരാം. പക്ഷെ ഇന്ത്യ യിലെ പൊതുസ്ഥിതി അതല്ല.

ശ്രീ. കെ. എം. ഷാജി: സർ, അങ്ങ് വളരെ ശ്രദ്ധേയമായ നിർദ്ദേശങ്ങ ളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നലെയും ഞാൻ സഭയിൽ പറഞ്ഞൊ രുകാര്യം, ഇത്തരം ഒരു കമ്മീഷൻ വരുമ്പോൾ നേരത്തെ മാറിമാറി വന്ന ഗവൺമെന്റുകൾ ന്യൂനപക്ഷങ്ങളെ പരിരക്ഷിക്കാൻ നിരവധി ആനുകൂല്യ ങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ആ ഏജൻസികൾ ഏതായാലും ഈ ആനുകൂല്യ ങ്ങൾ അതാത് കമ്മ്യൂണിറ്റികൾക്ക് എത്തിക്കുന്നുണ്ടോ; അതിനിടയിൽ വമ്പിച്ച കച്ചവടങ്ങൾ അടക്കമുള്ള കാര്യങ്ങൾ നടക്കുന്നുണ്ടോയെന്ന് പരിശോധി

ക്കുന്നതിനാവശ്യമായ ഒരു സംവിധാനം കൂടി ഇത്തരം കമ്മീഷനുകളിൽ ഉണ്ടാകേണ്ടതല്ലേ? അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രധാനമായും ഉദ്ദേശിക്കുന്നത് അതാണ്. മതന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു കഴിഞ്ഞാൽ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് അർഹതയുള്ള ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കാനും ഇടപെടാനുമുള്ള അധികാരം ഈ കമ്മീഷന് വേണം. ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച നരേന്ദ്രൻ കമ്മീഷൻ ധാരാളം ശുപാർശകൾ നടത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് മുഴുവൻ ശുപാർശകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത്തരം പ്രശ്നങ്ങ ളിൽ ഇടപെടാൻ ഇനിയൊരു കമ്മീഷന്റെ ആവശ്യമില്ല. ഈ കമ്മീഷന് തന്നെ അത് ചെയ്യാം. അതിനുള്ള സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടി ഇത്തരം കാര്യങ്ങൾ അവർക്ക് പരിശോധിക്കാം. രാവിലെ ശ്രീ. റ്റി. എ. അഹമ്മദ് കബീർ പ്രധാനപ്പെട്ടൊരു പ്രശ്നം ചൂണ്ടിക്കാണിച്ചു. ജില്ലാ ജഡ്ജിമാരെ സംബന്ധിച്ച് സെലക്ഷൻ നടത്തിയപ്പോൾ പന്ത്രണ്ട് പേരിൽ ആറുപേരെ മാത്രമേ നിയമിച്ചുള്ളൂ. ആറു പേരെ നിശ്ചയിക്കാതിരുന്നപ്പോൾ സംവരണ പ്രകാരം ആനുകൂല്യങ്ങൾ കിട്ടേണ്ട ആളുകൾക്ക് കിട്ടിയില്ല. ഇതൊരു പ്രധാ നപ്പെട്ട പ്രശ്നമാണ്. നീതിന്യായ സ്ഥാപനങ്ങളിലെ സബോർഡിനേറ്റ് ജുഡീഷ്യറി വിഭാഗത്തിലും ജുഡീഷ്യറി വിഭാഗത്തിലുമുള്ള നിയമനങ്ങൾ പി. എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ച് ആലോചിക്കണം. എങ്കിൽ മാത്രമേ ഈ സംവരണതത്വം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. മുമ്പ് ഈ നിയമനം നടത്തിയിരുന്നത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്. മജിസ്ട്രേറ്റുമാരുടെ നിയമനം മുതൽ ജില്ലാ ജഡ്ജിമാരുടെ നിയമനം വരെ പി. എസ്. സി യാണ് നടത്തിയിരുന്നത്. ഒരു ഘട്ടത്തിൽ ഹൈക്കോടതി അത് ഏറ്റെടുത്തു.

ഞങ്ങൾ നിയമനം നടത്താൻ പോകുകയാണെന്നുള്ള നിലപാട് ഹൈക്കോടതി സ്വീകരിച്ചു. ആ ഘട്ടത്തിൽ ഗവൺമെന്റ് ഒന്നും ചെയ്തില്ല. പ്രത്യേക രാഷ്ട്രീയ കാരണങ്ങളാൽ അന്നത്തെ ഗവൺമെന്റ് ഇടപെട്ടില്ല. ആ തക്കം നോക്കി ഹൈക്കോടതി അത് കയ്യേറി. ഇതിന്റെ ഫലമായി മജിസ്ട്രേറ്റുമാരുടെയും മുൻസിഫ്മാരുടെയും ജില്ലാ ജഡ്ജിമാരുടെയുമിടയിൽ സംവരണ തത്ത്വപ്രകാരം കിട്ടേണ്ട തൊഴിലവസരങ്ങൾ കിട്ടുന്നില്ല. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസ് അഞ്ച് വർഷം കൈകാര്യം ചെയ്തയാളാണ്. ആ സമയത്ത് ഹൈക്കോടതിയിൽ സംവരണതത്വം നടപ്പിലാക്കുന്നില്ല എന്നുപറഞ്ഞ് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ഹൈക്കോടതി രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തുകയല്ലാതെ ഗവൺമെന്റിന് വേറൊന്നും ചെയ്യാൻ സാധിക്കുകയില്ല. ഹൈക്കോടതിക്കാണ് ഇതുസംബന്ധിച്ചുള്ള നിയമനാധികാരം കൊടുത്തിട്ടുള്ളത്. ജുഡീഷ്യറിയിൽ ഹൈക്കോടതി ജഡ്ജിമാരിൽ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് അർഹമായ പരിഗണനയുണ്ടോ? എല്ലാ സ്ഥലത്തും ജുഡീഷ്യൽ സർവ്വീസിലുള്ള നിയമനങ്ങൾ നടത്തുന്നത് കോടതി തന്നെയാണ്. ഹൈക്കോടതിയിലെ ജഡ്ജിമാർ ആരാകണമെന്ന് തീരുമാനിക്കുന്നത് ഹൈക്കോടതിയാണ്. ഹൈക്കോടതിയുടെ കൊളീജിയം തീരുമാനിക്കുകയാണ്. ഗവൺമെന്റിന് അധികാരമൊന്നുമില്ല. അതാണ് ഇപ്പോൾ പാർലമെന്റ് ജുഡീഷ്യൽ കമ്മീഷൻ സംബന്ധിച്ച തീരുമാനത്തിൽ എത്തിയിരിക്കുന്നത്. അവിടെമാത്രമല്ല നമ്മുടെ സംസ്ഥാനത്ത് ജുഡീഷ്യൽ സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നത് പി.എസ്.സി യ്ക്ക് വിടുന്നില്ലെങ്കിൽ, ഒരു പ്രത്യേക കമ്മീഷനെങ്കിലും അതിനുവേണ്ടി നിയോഗിക്കണം. ഈ സംവരണതത്വം നടപ്പിലാക്കപ്പെടാതിരുന്നാൽ ഗവൺമെന്റിന് നോക്കി നിൽക്കാൻ മാത്രമേ ഇന്നത്തെ സ്ഥിതിയിൽ സാധിക്കുകയുള്ളൂ. മതന്യൂന

പക്ഷ വിഭാഗങ്ങൾക്ക് അർഹമായ പരിഗണന ഈ മേഖലയിലെല്ലാം ലഭ്യമാകുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്താൻ ഈ കമ്മീഷന് അധികാരം കൊടുക്കണം. ജുഡീഷ്യൽ സർവ്വീസിൽ ന്യായമായ പരിഗണന ലഭിക്കാതിരിക്കുകയോ മതന്യൂനപക്ഷങ്ങൾക്ക് കിട്ടേണ്ട പോസ്റ്റുകൾ കിട്ടാതിരിക്കുകയോ ചെയ്താൽ ഈ കമ്മീഷന് അതിലിടപെടാൻ അധികാരം കൊടുക്കണം. അത് വിലയിരുത്താനും റിപ്പോർട്ട് നിരീക്ഷിക്കാനും വേണ്ടിയുള്ള അധികാരം കൊടുത്താൽ പോരാ. അതുകൊണ്ടാണ് പല്ലും നഖവുമില്ലാത്ത കമ്മീഷനാണിത് എന്ന് ഞാൻ പറഞ്ഞത്. അത്തരത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കണം.

മറ്റൊന്ന്, പി.എസ്.സി നിയമനങ്ങളെ സംബന്ധിച്ചാണ്. പി.എസ്.സി അപേക്ഷ ക്ഷണിക്കുമ്പോൾ മതന്യൂനപക്ഷ വിഭാഗങ്ങളിൽനിന്ന് യോഗ്യരായ അപേക്ഷകരില്ല എന്ന റിപ്പോർട്ടാണ് പലപ്പോഴും പി.എസ്.സി യിൽ നിന്ന് ലഭിക്കുന്നത്. പത്ത് പോസ്റ്റിലേയ്ക്ക് അപേക്ഷ ക്ഷണിച്ചാൽ അർഹരായിട്ടുള്ള ആളില്ലാത്തതിനാൽ പിന്നോക്ക സമുദായത്തിന് കിട്ടേണ്ട പരിഗണന നിഷേധിക്കപ്പെടുന്നു. അതുകൊണ്ട് പി.എസ്.സി നിയമനങ്ങളുടെ യോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്ക് ഒരു പ്രത്യേക ഇളവ് കൊടുക്കണം. 10 ശതമാനം മാർക്ക് ഇളവുകൊടുക്കണമെന്നാണ് പാലൊളി കമ്മീഷൻ ചൂണ്ടിക്കാണിച്ചത്. ഇതുപോലെ മറ്റൊരു കമ്മീഷനും ഇങ്ങനെ പറയാനുള്ള അധികാരം കൊടുത്താൽ മതിയോ. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായ അധികാരത്തോടുകൂടി ഇടപെടാൻ കഴിയുന്ന ഒരു ന്യൂനപക്ഷ കമ്മീഷനാണ് ഇവിടെ പ്രവർത്തിക്കേണ്ടത്. മതന്യൂനപക്ഷ വിഭാഗത്തിലെ ഏറ്റവും പാവപ്പെട്ടവനെ ഉയർത്തി

ക്കൊണ്ടുവരാൻ സഹായകമായ ഇടപെടൽ നടത്തുന്ന ഒരു കമ്മീഷനായി ഈ കമ്മീഷൻ പ്രവർത്തിക്കണം. ഇന്ന് കേരളത്തിൽ വാസയോഗ്യമായ വീടു ള്ളവരുടെ കണക്ക് നോക്കിയാൽ മതന്യൂനപക്ഷ വിഭാഗക്കാരായ ധാരാളം പേർക്ക് വാസയോഗ്യമായ വീടില്ല. മതന്യൂനപക്ഷങ്ങളെല്ലാം സമ്പന്നൻമാരാ ണ്, മതന്യൂനപക്ഷങ്ങൾക്കെന്തിനാണ് ഇങ്ങനെയുള്ള കമ്മീഷൻ എന്ന വാദഗ തികളുയർത്തുന്നവർ പരിശോധിക്കേണ്ട ചില കാര്യങ്ങളുണ്ട്. വാസയോഗ്യ മായ വീട് എല്ലാവർക്കും അർഹതപ്പെട്ടതല്ലേ, സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ ഇത് സംബന്ധിച്ച കാര്യങ്ങൾ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് വാസയോഗ്യമായ വീട് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി യിൽ നമ്മുടെ സംസ്ഥാനത്തും വീട് വച്ചുകൊടുക്കുന്നതിനുള്ള മാനദണ്ഡ ങ്ങൾ നിശ്ചയിച്ചു. യഥാർത്ഥത്തിൽ ഇന്ദിരാ ആവാസ് യോജന പ്രകാരം അർഹരായവരെ തെരഞ്ഞെടുക്കുന്ന സന്ദർഭത്തിൽ 47 ശതമാനം മതന്യൂന പക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് കൊടുക്കേണ്ടതാണ്. പക്ഷേ കേരളം അത് 15 ശതമാനമായി വെട്ടിച്ചുരുക്കി. മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് 47 ശതമാനം കൊടുക്കേണ്ടത് 15 ശതമാനമായി കുറച്ചതെന്തിനാണ്? വാസയോഗ്യമായ വീടുകളില്ലാത്ത മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് കിട്ടുന്ന ആനുകൂ ല്യം നമ്മുടെ സംസ്ഥാനത്ത് വെട്ടിക്കുറച്ചതെന്തിനാണ് എന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കണം. അതുപോലെ പിന്നോക്ക സമുദായ വികസനവകുപ്പ് നമ്മുടെ സംസ്ഥാനത്തുണ്ട്. അതിന് 2013–14 ബഡ്ജറ്റിൽ 248 കോടി രൂപ നീക്കിവച്ചിരുന്നു. 248 കോടി രൂപയിൽ 166 കോടി രൂപ ഇനിയും ചെലവഴിച്ചിട്ടില്ല. കേരള കൗമുദി പത്രം വളരെ വിശദമായി ഇക്കാ

ര്യം റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ തുക ഈ സാമ്പത്തിക വർഷം ചെലവാകാൻ പോകുന്നില്ല. പിന്നോക്കസമുദായത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കാൻ കഴിയാത്തതെന്താണ്? ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഇടപെടണം. പിന്നോക്ക സമുദായ വകുപ്പിൽ ആവശ്യമായ സംവിധാനമില്ലാത്തതിനാൽ ഇപ്പോൾ ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി ഒരു വകുപ്പുണ്ടാക്കി. ആ വകുപ്പിന് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാകുന്നില്ലെങ്കിൽ ഇതെല്ലാം വെറും പ്രചരണത്തിൽ ചെന്നവസാനിക്കും. അതുകൊണ്ട് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയത്തക്കവിധത്തിലുള്ള ഇടപെടൽ നടത്താൻ സാധിക്കണം. അതുപോലെ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെപോയ ഒരു പ്രശ്നം, തലമുറകൾക്കുമുമ്പ് തന്നെ കേരളത്തിൽവന്ന് സ്ഥിരതാമസമാക്കി മുസ്ലീം ആചാരങ്ങൾ പിന്തുടരുന്ന മുസ്ലീം മത വിശ്വാസികളായ ഒരു വിഭാഗമാണ് ദഖ്നി കച്ച്മേമൻ. ഈ വിഭാഗക്കാരെ സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് പാലൊളി കമ്മീഷൻ ചൂണ്ടിക്കാണിച്ചിരുന്നു. എന്താണതിന്റെ മറ്റ് സാങ്കേതിക പ്രശ്നങ്ങളെന്ന് എനിക്കറിയില്ല.

ഡോ. കെ.ടി. ജലീൽ: സർ, പാലൊളി കമ്മീഷന്റെ ശുപാർശയനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ദഖ്നി കച്ച്മേമൻസിനെ മുസ്ലീങ്ങളുടെ സംവരണപരിധിക്കുള്ളിൽ കൊണ്ടുവന്ന് ഉത്തരവായി. ഇപ്പോൾ മുസ്ലീങ്ങളിലെ റാവുത്തർ വിഭാഗങ്ങൾക്കും മുസ്ലീങ്ങളുടെ സംവരണാനുകൂല്യം ലഭിക്കുന്നില്ലെന്നുള്ള പരാതി കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങൾക്കുമുമ്പ് ലഭ്യമാവുകയുണ്ടായി. റാവുത്തർ വിഭാഗം 'മാപ്പിള' എന്നതിന്റെ ഡെഫനിഷനിൽ വരാത്തതുകൊണ്ട് അവർക്ക് ഉദ്യോഗ സംവരണം ലഭിക്കുന്നില്ലെന്ന

ആക്ഷേപം വന്നിട്ടുണ്ട്. എന്താണ് അതിന്റെ കറക്ടായിട്ടുള്ള കാര്യമെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഗവൺമെന്റ് പരിശോധിക്കണമെന്ന ഉദ്ദേശത്തിലാണ് ഞാനിത് ചൂണ്ടിക്കാണിച്ചത്. അതിന്റെ സാങ്കേതിക വശമൊന്നും എനിക്കറിയില്ല. ആ വിഭാഗത്തിന്റെ ഘടനയൊന്നും ഞാൻ പഠിച്ചിട്ടില്ല. കമ്മീഷൻ റിപ്പോർട്ട് വന്നിട്ട് കുറച്ചുകാലമായി. നമുക്ക് ഇങ്ങനെയുള്ള മേഖലകളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാൻ കഴിയുന്നുണ്ടോ? മതന്യൂനപക്ഷങ്ങൾക്ക് എല്ലാ പരിഗണനയും നൽകുന്നു എന്ന പ്രചരണമാണ് നടക്കുന്നത്. ഈ പ്രചരണം ബോധപൂർവമായി നടത്തിക്കൊണ്ട് ഇവിടെ വർഗ്ഗീയ ശക്തികൾ മുതലെടുക്കുന്നുണ്ട്. ഈ വർഗ്ഗീയ ശക്തികൾ നടത്തുന്ന മുതലെടുപ്പിന് സഹായകമായ വിധത്തിലുള്ള വാദഗതികൾ നമ്മൾ അവതിരപ്പിക്കാൻ പാടില്ല. വസ്തുതകളെ വസ്തുതകളായിക്കണ്ടുകൊണ്ട് ഈ പ്രശ്നത്തിൽ സമീപനമെടുക്കണം. ഇന്ന് ദേശീയതലത്തിൽതന്നെ ഹിന്ദുത്വ വർഗ്ഗീയ ശക്തികൾ ആപൽക്കരമായ വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. ആ ശക്തികളാണ് ഈ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത്. ദേശീയ തലത്തിൽ നടക്കുന്ന ഈ പ്രശ്നങ്ങളെ സംബന്ധിച്ച് നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസിന്റെ റിപ്പോർട്ടിൽ കൺക്ലൂഷൻസ് ആന്റ് റെക്കമെന്റേഷൻസിൽ മുസ്ലീം വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരെ അനാവശ്യമായി അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുന്ന പ്രവണത സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ സംഭവം നടത്തുന്നത് മുസ്ലീം വിഭാഗത്തിൽപ്പെട്ടവരല്ല. മാലേഗാവ് സംഭവം, മക്കാ മസ്ജിദ് സംഭവം ഇതൊന്നും മുസ്ലീം വിഭാഗത്തിൽപ്പെട്ടവർ നടത്തിയ അക്രമസംഭവങ്ങളല്ല. ഹിന്ദുത്വ വർഗ്ഗീയ ശക്തികൾ നടത്തുന്ന അക്രമത്തെ മുസ്ലീം ചെറുപ്പക്കാരുടെ മേൽ കെട്ടിവയ്ക്കുകയും

വർഷങ്ങളായി അവരെ ജയിലിൽ അടയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെ പീഡിപ്പിക്കുന്ന പ്രവണത സംബന്ധിച്ച് നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വരെ ഹോൾസെയിലായി മതതീവ്രവാദികളായി മുദ്രകുത്തി പീഡിപ്പിക്കുന്ന സ്ഥിതി നമ്മുടെ സമൂഹത്തിലുണ്ട്. ഇന്ന് ദേശീയ തലത്തിൽ വന്നുകൊണ്ടിരി ക്കുന്ന ആർ.എസ്.എസ് നേതൃത്വത്തിലുള്ള ഈ വിഭാഗം ഭരണകൂടത്തിന്റെ താക്കോൽ സ്ഥാനങ്ങൾ പിടിച്ചടക്കാൻ ശ്രമിക്കുമ്പോൾ ഇത്തരം പ്രവണത കൾ വർദ്ധിച്ചുവരാനുള്ള സാഹചര്യമുണ്ടാകും. ബ്യൂറോക്രാറ്റുകൾ നടപ്പിലാ ക്കിയ രീതിയാണിത്. ബ്യൂറോക്രാറ്റുകൾ ചെയ്യുന്ന സമീപനമെന്താണ്. ബ്രിട്ടീ ഷുകാരുടെ കാലത്തുതന്നെ രൂപകല്പന ചെയ്തിട്ടുള്ള ന്യൂനപക്ഷ വിരുദ്ധ സമീപനത്തിന്റെ ചാലിൽ പോകുന്ന ബ്യൂറോക്രാറ്റിക് സംവിധാനം മുസ്ലീം വിഭാഗത്തിൽപ്പെട്ടവർക്കെതിരായി വരുന്ന ആക്ഷേപങ്ങൾ വളരെ ഗൗരവമാ യെടുത്ത് കൈകാര്യം ചെയ്യുകയാണ്. ഇതു പറയുമ്പോൾ മുസ്ലീങ്ങളെ പ്രീണിപ്പിക്കുകയാണോ എന്ന് ചോദിക്കാം. വസ്തുതകൾ പറയാതിരിക്കാൻ സാധിക്കില്ല. അബ്ദുൾ നാസർ മ്അദനി ഇപ്പോൾ ജയിലിലാണ്. അതുപോ ലുള്ള കുറ്റം ചെയ്ത ആർ.എസ്.എസ്. വിഭാഗത്തിൽപ്പെട്ട ആളുകളെ എന്താണ് ജയിലിൽ അടയ്ക്കാത്തത്. വിചാരണ കൂടാതെയാണല്ലോ ജയി ലിൽ കിടക്കുന്നത്. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ വിചാരണ ചെയ്ത് ശിക്ഷിക്കു കയല്ലേ ചെയ്യേണ്ടത്. ഇത്തരത്തിലുള്ള പ്രത്യേകമായ സ്ഥിതിവിശേഷം ഒരു മതവിഭാത്തിൽപ്പെട്ടവരോട് സ്വീകരിക്കുമ്പോൾ അത് ചൂണ്ടിക്കാണിക്കാൻ മതേതര പ്രസ്ഥാനങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ വർഗ്ഗീയ ശക്തികൾ മുതലെടു ക്കും. ഇത് ഉപയോഗിച്ചുകൊണ്ട് മുസ്ലിം വിഭാഗത്തിൽതന്നെ ഒരു തീവ്രവാദ വിഭാഗം വളർന്നുവരും. മുസ്ലീങ്ങളും ഹിന്ദുക്കളും ക്രിസ്ത്യാനികളും സിക്കു

കാരുമെല്ലാം ചേർന്നതാണ് ഇന്ത്യ. ഇതിൽ മത ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണനയുണ്ട്. ഇവിടെ ഒരു മതത്തിൽ വിശ്വസിക്കാം, വിശ്വസിക്കാതിരിക്കാം, മതം മാറാം. ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. മതേതരത്വം നിലനിൽക്കുന്നു എന്നതാണ് ഇന്ത്യയുടെ പ്രത്യേകത. ഈ മതേതരത്വത്തെ തകർത്തുകൊണ്ട് ഒരു മതം മാത്രം മതി എന്ന ചിന്താഗതി വളർത്തിയെടുത്താൽ, മതന്യൂനപക്ഷങ്ങൾക്ക് രക്ഷയില്ലെന്ന് വന്നാൽ മതന്യൂനപക്ഷ വിഭാഗങ്ങളിൽ തീവ്രവാദ ചിന്താഗതി വളർന്നുവരും. അതിനുപകരം ഇവിടെ എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും അധിവസിക്കാം, എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും അവരുടെ ആരാധനാലയങ്ങൾ സ്ഥാപിക്കാം, അവർക്ക് പ്രവർത്തിക്കാം. ഈ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ടുമാത്രമേ നമുക്ക് മതേതരത്വത്തെ രക്ഷിക്കാനും മതനിരപേക്ഷത ഉയർത്തിപ്പിടിക്കാനും സാധിക്കുകയുള്ളൂ. അതിനനുസരിച്ച് ന്യൂനപക്ഷ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയുടെ പ്രശ്നം മതനിരപേക്ഷ പ്രസ്ഥാനങ്ങൾതന്നെ ഏറ്റെടുക്കുന്നില്ലെങ്കിൽ തീവ്രവാദ ശക്തികൾ അത് മുതലെടുക്കും. ഇപ്പോൾ ആർ.എസ്.എസ് ഉയർത്തിപ്പിടിക്കുന്ന വർഗ്ഗീയത എന്താണ്, ന്യൂനപക്ഷ വിഭാഗങ്ങളെ പ്രീണിപ്പിക്കുന്നു എന്ന് പ്രചരണം നടത്തിയാണ് വർഗ്ഗീയത ശക്തിപ്പെടുത്തുന്നത്. ഇതിന് കാറ്റ് പിടിക്കാൻ കഴിയുന്ന വിധത്തിലുള്ള കുറെ വാദഗതികൾ അവതരിപ്പിക്കും. അതിനെ നേരിടണമെങ്കിൽ ഭൂരിപക്ഷ സമുദായത്തിലെ പാവപ്പെട്ടവന്റെ പ്രശ്നവും ഏറ്റെടുക്കണം. ഭൂരിപക്ഷ സമുദായത്തിൽപ്പെട്ട പാവപ്പെട്ടവന് സംവരണം കൊടുക്കണമെന്നുള്ള പ്രശ്നം ഉന്നയിക്കാൻ തുടങ്ങിയിട്ട് എത്ര കാലമായി. ഞങ്ങൾ, ഇടതുപക്ഷം അതിന് അനുകൂലമാണ്.

സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം കൊടുക്കണമെന്ന അഭിപ്രായമാണ് ഇടതുപക്ഷത്തിനുള്ളത്. ഇത് കേരള ഗവൺമെന്റിന് സാദ്ധ്യമല്ല, അതിന് ഭരണഘടന ഭേദഗതി ചെയ്യണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഹിന്ദുത്വ വർഗ്ഗീയ ശക്തികൾ മുതലെടുക്കുന്നത് പാവപ്പെട്ടവനെ മുന്നിൽ വച്ചുകൊണ്ടാണ്. അവർക്ക് അത്തരത്തിൽ മുതലെടുക്കാനുള്ള അവസരം കൊടുക്കാൻ പാടില്ല. അതിനനുസരിച്ചുള്ള സംവരണ നയം തന്നെ പുതുക്കി എഴുതുന്നില്ലെങ്കിൽ ഇതെല്ലാം ഇത്തരം ശക്തികൾക്ക് വളരാനുള്ള പ്രോത്സാഹനം രാജ്യത്തുണ്ടാകുന്ന അവസ്ഥയുണ്ടാകും. ഒരു മതത്തിൽപ്പെട്ടവർ മാത്രം അധിവസിച്ച്, മതരാഷ്ട്രമെന്ന് മുദ്രാവാക്യം വിളിച്ചാൽ അനന്തരഫലം എന്തായിരിക്കും. ഇന്ത്യയുടെ സ്വാതന്ത്ര്യവും ജനാധിപത്യവും രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരവും ഇല്ലാതായി നമ്മുടെ നാട് നശിക്കും. അതാണ് മതഭരണം സ്ഥാപിച്ചാലും സംഭവിക്കാൻ പോകുന്നത്. ഇതിനെതിരായി ശക്തമായ പ്രതിരോധനിര രാജ്യത്ത് വളർത്തിക്കൊണ്ട് വന്നാൽ മാത്രമെ ഈ വെല്ലുവിളി നേരിടാൻ സാധിക്കുകയുള്ളു. അതുകൊണ്ട്, ഇന്ത്യൻ രാഷ്ട്രീയത്തിൽ വന്നിരിക്കുന്ന പുതിയ ധ്രുവീകരണത്തിൽ നമ്മളെല്ലാവരും എടുത്ത നിലപാടിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. മുസ്ലീം രാഷ്ട്രീയം തന്നെ ഇന്ത്യയിൽ മാറിയിരിക്കുന്നു. 1991-ലെ ബാബ്റി മസ്ജിദ് തകർച്ചയ്ക്കുശേഷം ഒരു പ്രത്യേക സാഹചര്യം നമ്മുടെ രാജ്യത്തുണ്ടായി. അതിനുശേഷമാണ് മുസ്ലീം മതവിഭാഗത്തിൽ തീവ്രവാദ വിഭാഗം വളർന്നുവരാൻ തുടങ്ങിയത്. ഇതുപയോഗിച്ചുകൊണ്ട് ഫണ്ടമെന്റലിസ്റ്റുകൾ രാജ്യത്തെ മതന്യൂനപക്ഷങ്ങളിൽ ശക്തിപ്പെടാൻ ശ്രമിക്കുന്നുണ്ട്. ഇതിനെ നേരിടേണ്ടതായുണ്ട്. ഈ വെല്ലുവിളി

നേരിടണമെങ്കിൽ ഇടതുപക്ഷപ്രസ്ഥാനങ്ങളും മതനിരപേക്ഷ പ്രസ്ഥാനങ്ങളും.....അതിൽ നിന്ന് കോൺഗ്രസ് (ഐ) –യെ മാറ്റി നിർത്തുകയാണ്. കോൺഗ്രസ്സ് ഇതര മതനിരപേക്ഷ പ്രസ്ഥാനം, മതന്യൂനപക്ഷ വിഭാഗങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർ, ഇവരെല്ലാം ചേർന്നുകൊണ്ട് ഒരു പുതിയ രാഷ്ട്രീയ ധ്രുവീകരണം ഇന്ത്യയിൽ വളർന്നുവരും. ആർ.എസ്.എസ്. ഉയർത്തുന്ന വർഗ്ഗീയ വെല്ലുവിളി നേരിടാനുള്ള വഴി അതുമാത്രമാണ്. കോൺഗ്രസ് (ഐ)–ക്ക് ഇതിന് സാധിക്കുന്നില്ല. ഇത്രയും കാലത്തെ ഭരണംകൊണ്ട് ഇന്ത്യയിൽ വർഗ്ഗീയ ശക്തികൾ വളർന്നുവന്നു. മുസ്ലീം വിഭാഗത്തിലും അവർ വർഗ്ഗീയ ശക്തികളെ ഉണ്ടാക്കി, ഭീകരവാദികളെ സൃഷ്ടിച്ചു. ഹിന്ദു വിഭാഗത്തിൽ അവർക്ക് വളർന്നുവരാനുള്ള അവസരം കൊടുത്തു. ഇത് തടയണമെങ്കിൽ മതേതരത്വത്തെ ശക്തിപ്പെടുത്താൻ കഴിയുന്ന, പുതിയൊരു അവബോധം നമ്മുടെ രാജ്യത്ത് വളർന്നുവരണം. ഈ മതന്യൂനപക്ഷത്തിലെ വർഗ്ഗീയ ശക്തികളെ മാറ്റിനിർത്തിക്കൊണ്ട് മറ്റെല്ലാ ജനവിഭാഗങ്ങളും ചേരുന്ന പുതിയ രാഷ്ട്രീയ മുന്നേറ്റമാണ് ഈ രാജ്യത്ത് വളർന്നുവരേണ്ടത്. അതിനുള്ള തുടക്കമാണ് ഡൽഹിയിൽ ആരംഭിച്ചിരിക്കുന്ന വിവിധ പാർട്ടികൾ ചേർന്നുള്ള തുടക്കം. അതൊരു തുടക്കം മാത്രമാണ്. രാജ്യത്ത് മാറ്റമുണ്ടാകണം. ആർ.എസ്.എസ്. –നെ അധികാരത്തിൽക്കൊണ്ടുവരുന്ന ഒരു സാഹചര്യത്തിനും ഞങ്ങൾ കൂട്ടുനിൽക്കുകയോ അനുവദിക്കുകയോ ചെയ്യില്ല. അതിന്റെ പേരിൽ 2004–ൽ ചെയ്തതുപോലുള്ള ഒരബദ്ധം കാണിക്കാനും ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. 2004–ൽ ആർ.എസ്.എസ്. അധികാരത്തിൽ വരുന്നത് തടയാൻ കോൺഗ്രസ്സിനെ തോൽപ്പിച്ച് ജയിച്ച 65 എം.പി. മാർ യു.പി.എ. ഗവൺമെന്റിന്

പിന്തുണ കൊടുത്തു. അതുപയോഗിച്ച് ആർ.എസ്.എസ്.–നെയും വർഗ്ഗീയ ശക്തികളെയും ഒറ്റപ്പെടുത്തുന്നതിനുപകരം കോൺഗ്രസ്, ഇടതുപക്ഷത്തിന്റെ പിന്തുണ ഉപയോഗിച്ച് അമേരിക്കൻ സാമ്രാജ്യത്വം കൊടുത്ത നിർദ്ദേശത്തിന നുസരിച്ച് ഇടതുപക്ഷത്തെ തകർ ക്കാൻ ശ്രമിച്ചു. അതിന്റെ ദുരന്തഫലമല്ലേ, നരേന്ദ്ര മോഡി എന്നൊരു ഭീകര പ്രസ്ഥാനം ഈ രാജ്യത്ത് വളർന്നുവരാൻ ഇടയാക്കിയത്. ഇതിനെക്കുറിച്ച് കോൺഗ്രസ്സ് ആത്മപരിശോധന നടത്തണം. നമ്മുടെ രാജ്യത്ത് വന്നിരിക്കുന്ന ഈ സ്ഥിതിവിശേഷം മാറണമെങ്കിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളെന്ന നിലയിൽത്തന്നെ ഗൗരവമായി ആലോചിക്കേ ണ്ടതായിട്ടുണ്ട്. അതുവഴി മാത്രമെ ഇന്ത്യൻ രാഷ്ട്രീയത്തിൽ നമുക്ക് വർഗ്ഗീയ ശക്തികളെ നേരിടാൻ സാധിക്കുകയുള്ളൂ. വ്യക്തമായ നിലപാട് എടുത്തുകൊണ്ട് പ്രവർത്തിക്കണം. അതിൽ ഭൂരിപക്ഷ വർഗ്ഗീയത പ്രചരിപ്പി ക്കുന്ന ആർ.എസ്.എസ്. –കാർ ശ്രീ. നരേന്ദ്ര മോഡി നടത്തുന്ന ഏറ്റവും വലിയ പ്രചാരവേല മതന്യൂനപക്ഷങ്ങളെ ഇടതുപക്ഷവും മറ്റുള്ളവരും പ്രീണിപ്പിക്കുന്നുവെന്നതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം മതന്യൂനപ ക്ഷങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി എല്ലാക്കാലത്തും ഇടപെട്ട പ്രസ്ഥാന മാണെന്ന കാര്യത്തിൽ നമുക്ക് അഭിമാനമുണ്ട്. ഇവിടെ കേരളത്തിൽ മുസ്ലീങ്ങൾക്ക് ആദ്യമായി സംവരണം ഏർപ്പെടുത്തിയത് 1957– ലെ ഇ.എം.എ സ്. ഗവൺമെന്റാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മുസ്ലീങ്ങൾക്ക് സംവരണം കൊടുക്കുന്നതിന് എതിരല്ല. സച്ചാർ കമ്മീഷൻ റിപ്പോർട്ടും രംഗനാഥൻ മിശ്ര കമ്മീഷൻ റിപ്പോർട്ടും നടപ്പിലാക്കണമെന്ന് പറഞ്ഞ പാർട്ടിയാണ് സി.പി. ഐ.(എം). കേരളത്തിൽ ഭൂപരിഷ്കരണ നടപടികൾ ആരംഭിച്ചതിന്റെ ഗുണം ഏറ്റവും കൂടുതൽ കിട്ടിയത് കുടിയാന്മാരായ മുസ്ലീം മതവിഭാഗത്തിനാണ്.

അതിന്റെ ഫലമായി ഗ്രാമീണ അന്തരീക്ഷം മാറി. മലബാർ പ്രദേശത്തെ മുസ്ലീം ജനവിഭാഗത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയത് ഭൂപരിഷ്കരണ പ്രക്രിയയാണ്. ഭൂമിയുടെ ഉടമകളായി മാറി. മലബാർ കലാപം ഭൂമിക്ക് വേണ്ടി നടത്തിയിട്ടുള്ള..... ബ്രിട്ടീഷുകാർക്ക് എതിരായി നടത്തിയിട്ടുള്ള കലാപത്തെ മാപ്പിളലഹളയെന്ന് പറഞ്ഞ് മുദ്ര കുത്തിയപ്പോൾ അതിനെതിരായ നിലപാട് സ്വീകരിച്ച പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. അത് മാപ്പിള ലഹളയും വർഗ്ഗീയ ലഹളയുമല്ല. ഭൂമിക്ക് വേണ്ടി നടത്തിയ സമരമാണെന്ന് പറഞ്ഞ് ശരിയായ നിലപാട് സ്വീകരിച്ചുകൊണ്ട് അന്നുമുതൽ ഈ പ്രശ്നത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന പാർട്ടിയാണ് ഇടതുപക്ഷ പ്രസ്ഥാനം. അതുകൊണ്ട് ഒരു നിലപാട് എടുക്കുമ്പോൾ നിങ്ങൾ ന്യൂനപക്ഷത്തെ പ്രീണിപ്പിക്കുകയല്ലെ എന്നുപറഞ്ഞ് ആക്ഷേപിക്കുന്നതിന് മുമ്പിൽ ഞങ്ങൾ മുട്ടുമടക്കിയിട്ടില്ല. ഞങ്ങൾ ശരിയായ നിലപാട് എടുക്കുന്നതാണ്. മതന്യൂന പക്ഷങ്ങൾക്കുവേണ്ടി പ്രവർത്തിക്കേണ്ട ബാദ്ധ്യത ഭൂരിപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് തന്നെയുണ്ട്. ഈ ബാദ്ധ്യത മതനിരപേക്ഷ പ്രസ്ഥാനം ഏറ്റെടുക്കണം. ഇല്ലെങ്കിൽ മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആളുകൾ എന്തിനാണ് മതേതര പ്രസ്ഥാനത്തിൽ നിൽക്കുന്നത്. അവർ വേറെ വർഗ്ഗീയ പ്രസ്ഥാനം ഉണ്ടാക്കിപ്പോകും. ന്യൂനപക്ഷത്തിന്റെ സംരക്ഷണം ഇവിടെ ഉറപ്പുണ്ടെന്ന് ന്യൂനപക്ഷങ്ങൾക്ക് ബോദ്ധ്യപ്പെട്ടാൽ മാത്രമെ ഇതിനെ നേരിടാൻ കഴിയുകയുള്ളു. സഖാവ് ഇ.എം.എസ്. മലപ്പുറം ജില്ല രൂപീകരിക്കാൻ തീരുമാനിച്ചപ്പോൾ എന്തെല്ലാം കോലാഹലങ്ങളും പ്രകോപനങ്ങളുമുണ്ടായി. ഞങ്ങൾ അതിന് വഴങ്ങിയിട്ടുണ്ടോ? അത്തരം പ്രകോപനങ്ങൾക്ക് വഴങ്ങി, എടുക്കേണ്ട തീരുമാനങ്ങൾ എടുക്കുന്നതിനെ ഒരിക്കലും തടഞ്ഞിട്ടില്ല. 1967

–ൽ മലപ്പുറം ജില്ലയിൽ കോഴിക്കോട് സർവ്വകലാശാല രൂപീകരിക്കുമ്പോൾ അവിടെയല്ല വേണ്ടതെന്ന് പലരും എതിർത്തില്ലേ. അതിന് വഴങ്ങുകയല്ല നമ്മൾ ചെയ്തത്. ഇത്തരത്തിൽ ഓരോ സന്ദർഭങ്ങളിലും മതന്യൂനപക്ഷ ങ്ങൾക്ക് ന്യായമായി കൊടുക്കേണ്ട അവകാശങ്ങൾ പരിഗണിച്ചുകൊടുക്ക ണമെന്ന നിലപാട് എടുത്തുകൊണ്ട് പ്രവർത്തിച്ചുവെന്നുള്ളതുകൊണ്ട്, ന്യൂന പക്ഷ കമ്മീഷൻ രൂപീകരിക്കുമ്പോൾ അതിന് ഇന്ന് കൊടുക്കുന്ന അധികാരം പോര. വിപുലമായ അധികാരങ്ങൾ കൊടുത്തുകൊണ്ട് ഇടപെടാൻ സാധി ക്കുന്ന കമ്മീഷനാക്കി മാറ്റുന്നില്ലെങ്കിൽ ഇത് വെറും പ്രചരണത്തിനായുള്ള കമ്മീഷനായി മാറിപ്പോകുമെന്നതുകൊണ്ടാണ് ഇന്നത്തേതിനേക്കാൾ അധി കാരം നൽകുന്ന ഒരു കമ്മീഷനായിട്ടാണ് ഈ കമ്മീഷൻ പ്രവർത്തിക്കേണ്ടത്. കേരളത്തിൽ മതന്യൂനപക്ഷ വിഭാഗങ്ങൾ പലതരം തെറ്റിദ്ധാരണയിൽ എപ്പോഴും നിർത്താൻ സംഘടിതമായ ശക്തികൾ പ്രവർത്തിക്കുന്ന സംസ്ഥാ നമാണ് കേരളം. ഇടതുപക്ഷ വിരുദ്ധ വികാരം ഉണ്ടാക്കാൻ ശ്രമിക്കും. അത്ത രത്തിൽ വികാരം ഉണ്ടാക്കാൻ ശ്രമിക്കുന്നതിൽ പലപ്പോഴും അവർ വിജയി ച്ചിട്ടുണ്ട്. കേരളത്തിലെ മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് മതന്യൂനപക്ഷ ങ്ങൾക്കിടയിൽ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആരംഭിച്ച കാലം മുതൽ കമ്മ്യൂണി സ്റ്റുകാർ ന്യൂനപക്ഷങ്ങൾക്ക് എതിരാണെന്ന വലിയ ദുഷ്പ്രചരണവേല നടത്തുന്നുണ്ട്. കൊടുങ്ങല്ലൂരിൽ ആണ് ഇന്ത്യയിലെ ആദ്യത്തെ മുസ്ലീംപള്ളിയും ക്രിസ്ത്യൻപള്ളിയും സ്ഥിതിചെയ്യുന്നത്. അതുപോലെ ആദ്യത്തെ ജനപ്രതിനിധിയും കൊടുങ്ങല്ലൂരിൽ നിന്നാണ്. ഇന്ത്യയിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിലാണ്. അതുകൊണ്ട് മതന്യൂ നപക്ഷങ്ങൾ ഒരിക്കലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് എതിരല്ല. മത ന്യൂനപക്ഷ പ്രസ്ഥാനങ്ങളോട് സഹകരിച്ചുകൊണ്ട്, കൂടെനിന്ന് അവരുടെ

പ്രശ്നങ്ങൾ ഏറ്റെടുത്ത് പ്രവർത്തിച്ചതുകൊണ്ടാണ് ഞങ്ങൾ വിവിധ സന്ദർഭ ങ്ങളിൽ കേരളത്തിൽ അധികാരത്തിൽ വന്നത്. പലപ്പോഴും മതന്യൂനപ ക്ഷങ്ങളിൽ തെറ്റിദ്ധാരണ സൃഷ്ടിച്ചുകൊണ്ട് ഞങ്ങളെ അധികാരത്തിൽ നിന്നിറക്കിയിട്ടുണ്ട്. മതന്യൂനപക്ഷ വിഭാഗങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടി ക്കുമ്പോൾ ഒരു വിഭാഗം ജനങ്ങൾ ഇടതുപക്ഷത്തിനെതിരായി വോട്ട് ചെയ്യും. അപ്പോൾ ഞങ്ങൾ അധികാരത്തിൽ നിന്നും പുറത്താകും. പിന്നെ യവർക്ക് കാര്യം മനസ്സിലാകുമ്പോൾ വീണ്ടും ഞങ്ങളെ സപ്പോർട്ട് ചെയ്യും. ഇങ്ങനെയാണ് ഒരിക്കൽ ഞങ്ങൾ അധികാരത്തിൽ വരികയും പിന്നെയൊരു ഘട്ടത്തിൽ അധികാരത്തിൽ നിന്നും ഇറങ്ങേണ്ടി വരികയും ചെയ്യുന്നത്. അതുകൊണ്ട് കേരളത്തിൽ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് അർഹമായ പരിഗണന എല്ലാ മേഖലയിലും ലഭ്യമാകുന്നതിനുവേണ്ടി ഇടപെട്ട പ്രസ്ഥാന മാണ് ഇടതുപക്ഷ പ്രസ്ഥാനമെന്നതുകൊണ്ടാണ് കഴിഞ്ഞ ഇടതു പക്ഷമുന്നണി മന്ത്രിസഭയുടെ കാലത്ത് ശ്രീ. പാലൊളി മുഹമ്മദ്കുട്ടി ഈ വകുപ്പ് കൈകാര്യം ചെയ്ത കാലത്ത് കുറച്ച് കാര്യങ്ങൾ ചെയ്തത്. അന്ന് ന്യൂനപക്ഷ സെല്ലുണ്ടാക്കി. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി തന്നെ അന്ന് ചെയ്ത കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ഞാനത് എടുത്ത് പറയാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് അതിന്റെ തുടർച്ചയാണ് ഈ കമ്മീഷൻ. കമ്മീഷൻ ഉപയോഗിച്ച് മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു റെക്കമെന്റേഷൻ കൊടുക്കാൻ മാത്രമല്ല, അതിൽ ഇടപെ ടാനും കഴിയണം. ഇടപെടത്തക്കവിധത്തിലുള്ള ഒരു തീരുമാനമെടുക്കാനും അധികാരം കൊടുക്കാനുമുള്ള എന്ത് നിർദ്ദേശമാണ് ഈ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതാണ് ഞങ്ങൾ ഡിസന്റ് എഴുതുന്നതിനുള്ള പ്രധാന കാരണം. അല്ലാതെ കമ്മീഷൻ രൂപീകരിക്കുന്നതിനെയല്ല ഞങ്ങൾ

എതിർക്കുന്നത്. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് തന്നെ ഇങ്ങ നെയൊരു കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചതാണ്. അന്ന് പൂർത്തീകരി ക്കാൻ കഴിയാതെ പോയത് ഇപ്പോൾ ചെയ്യുന്നു. അത് ചെയ്യുമ്പോൾ ഇത്തര ത്തിലുള്ള നിലമാത്രം പോര. പിന്നോക്കം കിടക്കുന്ന ജനവിഭാഗത്തിന്റെ അവശതയെ പരിഹരിക്കുന്ന വിധത്തിൽ കൂടുതൽ ക്രിയാത്മകമായ നിർദ്ദേശ ങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കണം ഈ കമ്മീഷൻ.

ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും തന്നെ ശ്രീ. മഞ്ഞളാംകുഴി അലിയുടെ പാർട്ടിക്ക് എതിർക്കാൻ കഴിയുമെന്ന് തോന്നുന്നി ല്ല. ഇതിന്റെ ഭാഗമായി നമ്മുടെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തണം. നമുക്ക് യോജിക്കാൻ കഴിയുന്ന മേഖലകളിൽ യോജിക്കാം. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും യോജിപ്പാണെങ്കിൽ ആരുടെ സമ്മതമാണ് വേണ്ടത്, അത് പാസ്സാക്കിക്കൂടേ? നിങ്ങൾക്ക് സമ്മതം തരേണ്ടത് പുറത്ത് നിൽക്കുന്ന ചില ആളുകളാണ്. അതാണ് ഇവിടത്തെ ജാതി-മത ശക്തികൾ. ആ ജാതി-മത ശക്തികൾക്ക് വിധേയമായാണ് നിങ്ങൾ തീരുമാനമെടുക്കാത്തത്. നമ്മൾ ഇനിയും ഈ സമ്മർദ്ദത്തിന് വിധേ യമായി നിന്നാൽ പിന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയും വർഗ്ഗീയശക്തികൾ ഇത് മുതലെ ടുക്കുകയും ചെയ്യും. മതന്യൂനപക്ഷ വിഭാഗത്തിൽ വർഗ്ഗീയശക്തികളും ഭീകരവാദികളും പ്രവർത്തിക്കുന്നുണ്ട്. അവർ മുതലെടുക്കാൻ പറഞ്ഞ കാരണങ്ങൾ ഇതൊക്കെയാണ്, നമുക്ക് അർഹമായ പരിഗണന കിട്ടുന്നില്ല, നമ്മൾ എന്തുചെയ്യും എന്നുള്ള ചോദ്യമുന്നയിച്ചുകൊണ്ടാണ് വർഗ്ഗീയവാദി കൾ ഇവിടെ വളരാൻ ശ്രമിക്കുന്നത്. അവർക്ക് അതിനുള്ള അവസരം

കൊടുക്കാതിരിക്കണമെങ്കിൽ മതേതരപ്രസ്ഥാനം അതിൽ ഇടപെടണം. ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് മന്ത്രിസഭയ്ക്ക്, മുസ്ലീം ലീഗിന് പങ്കാളിത്തമുള്ള മന്ത്രിസഭയ്ക്ക്, ഈ സംവരണം നടപ്പിലാക്കുന്നതിന് എന്താണ് തടസ്സം? പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ മാറ്റിയെടുക്കുന്ന തിന് ഇടപെടാൻ എന്താണ് തടസ്സം? ഇത്തരത്തിലുള്ള കാര്യങ്ങളെ സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയമുണ്ടാക്കി കേരളത്തിലെ മതന്യൂനപക്ഷ വിഭാഗത്തിലെ പാവപ്പെട്ടവനിൽ പാവപ്പെട്ടവന് ആദ്യ പരിഗണനകൊടുത്ത് സഹായിക്കണം. അതിന് ഒന്നിച്ചുള്ള മനസ്സ് നമുക്കുണ്ടെങ്കിൽ, ഈ കമ്മീഷന് ഇന്നത്തേതിനേക്കാൾ അധികാരം കൊടുക്കണം, ഇടപെടാനുള്ള അവസരം കൊടുക്കണം, കമ്മീഷനായി വയ്ക്കുന്ന ആളുകൾക്ക് നല്ല ഇന്റഗ്രിറ്റിയുണ്ടാ കണം, അവർ പ്രശ്നങ്ങളിൽ ഇടപെടാൻ പറ്റുന്നവരായിരിക്കണം, ഇത്തരം കാഴ്ചപ്പാടോടുകൂടിയ കമ്മീഷനായി മാറ്റണമെന്നതുകൊണ്ടാണ് ഈ ബില്ലിന കത്ത് ഡിസന്റ് എഴുതുന്നതിന് ഞങ്ങൾ തയ്യാറായത് എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് ഇവിടെ അവതരിപ്പിക്കുകയാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഏതൊരു ജനാധിപത്യരാജ്യത്തും ആ നാട്ടിലെ ജനാധിപത്യം എങ്ങനെയാണ് പുലരുന്നതെന്നും ആ നാട് എത്ര മാത്രം പരിഷ്കൃതമാണെന്നും അറിയുന്നതിനുള്ള ഒരു പ്രധാന മാനദണ്ഡം ആ നാട്ടിലെ മതന്യൂനപക്ഷങ്ങൾ എങ്ങനെ കഴിയുന്നു, അവരുടെ സ്ഥിതിയെ ന്താണെന്ന് നോക്കുക എന്നുള്ളതാണ്. ഏതൊരു പരിഷ്കൃത സമൂഹത്തി ന്റെയും പ്രധാനപ്പെട്ട മാനദണ്ഡങ്ങളിലൊന്ന് അവിടത്തെ ഏറ്റവും ചെറിയ മതന്യൂനപക്ഷ വിഭാഗങ്ങളുടെ നില ഭൂരിപക്ഷ മതവിഭാഗങ്ങളോടൊപ്പമാണെ ങ്കിൽ ആ നാട് ഒരു പരിഷ്കൃത സമൂഹമായി വിലയിരുത്തും. ഇന്ത്യയ്ക്ക്

സ്വാതന്ത്ര്യം ലഭിച്ച ഘട്ടത്തിൽ പാകിസ്ഥാൻ ഒരു മുസ്ലീം രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടശേഷമാണ് നമ്മുടെ ഭരണഘടന എഴുതിയുണ്ടാക്കിയത്. നമ്മുടെ ഭരണഘടന നിർമ്മാണസഭയിലെ ഒരാളുപോലും പാകിസ്ഥാൻ ഒരു മതാധിഷ്ഠിതരാജ്യമായി എന്നതുകൊണ്ട് ഇന്ത്യ ഭൂരിപക്ഷമുഖത്തിന് മേധാവിത്വമുള്ള ഒരു രാജ്യമാകണമെന്ന് തമാശയായിപ്പോലും പറഞ്ഞിട്ടില്ലെന്നു മാത്രമല്ല, നമ്മുടെ ഭരണഘടന ഈ നാട്ടിലെ ഏറ്റവും ചെറിയ മതന്യൂനപക്ഷങ്ങൾക്കും ഭൂരിപക്ഷമതവിഭാഗങ്ങളനുഭവിക്കുന്ന എല്ലാ തരത്തിലുമുള്ള ആനുകൂല്യങ്ങൾ, നിയമത്തിനുമുമ്പിൽ അവരുടെ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുത്തുകൊണ്ടാണ് ഇന്ത്യയെ ഒരു മതേതര റിപ്പബ്ലിക് ആക്കിയത്. നമ്മുടെ നാട് സ്വാതന്ത്ര്യം ലഭിക്കുന്ന കാലത്ത് ഇന്ത്യാ രാജ്യം ഒന്നിച്ചുനിൽക്കില്ലായെന്ന് ദോഷൈകദൃക്കുകൾ പറഞ്ഞതിന്റെ കാരണമെന്താണ്? വിൻസ്റ്റൺ ചർച്ചിലിനെ പോലെയുള്ള ആളുകൾ ഈ രാജ്യം ഛിന്നഭിന്നമായിപ്പോകുമെന്ന് പ്രവചിച്ചു. ആ പ്രവചനത്തെയെല്ലാം അതിജീവിച്ച് നമ്മൾ മുമ്പോട്ടുപോയതിന്റെ കാര്യം ഇന്ത്യ ഒരു ജനാധിപത്യ മതേതര രാജ്യമാണെന്നുള്ളതുകൊണ്ടാണ്. നമ്മുടെ രാജ്യത്തിനുചുറ്റും നടന്ന കാര്യങ്ങൾ നോക്കുക. മതത്തിന്റെ പേരിൽ രൂപീകരിച്ച പാകിസ്ഥാൻ, അതിനകത്തെ ഭാഷാന്യൂനപക്ഷം, ഭാഷയുടെ പേരിൽ അവരിൽ നിന്നും വേറിട്ടുപോയി. നമ്മുടെ തൊട്ടടുത്തുള്ള ശ്രീലങ്ക, തമിഴ്ഭാഷാ ന്യൂനപക്ഷങ്ങൾക്കെതിരായി, സിംഹളഭാഷ സംസാരിക്കുന്ന ബുദ്ധമത ഭൂരിപക്ഷം നടത്തിയ നിരന്തരമായ കടന്നാക്രമണങ്ങൾ, തമിഴ്ഭാഷയുടെ സ്ഥാനം തന്നെ രണ്ടാമതാക്കിയ തടക്കമുള്ള കാര്യങ്ങളാണ് ശ്രീലങ്കയെ ഒരിക്കലും തീരാത്ത വംശവൈരാഗ്യത്തിലേയ്ക്ക് കൊണ്ടുചെന്നെത്തിച്ചതും ഏറ്റവും വലിയ ദുഃഖകരമായ സംഭവങ്ങൾ അവിടെ അരങ്ങേറിയതും. നമ്മൾ ശ്രദ്ധിക്കാതെപോയ ഒരു രാജ്യം,

യൂഗോസ്ലോവിയ ഛിന്നഭിന്നമായി, ടിറ്റോയുടെ യൂഗോസ്ലോവിയ നമ്മുടെ സഖ്യരാജ്യമായിരുന്നു. എങ്ങനെ ഛിന്നഭിന്നമായി? മതത്തിന്റെ പേരിൽ പല രാജ്യങ്ങളായി വിഭജിക്കപ്പെടുകയും യുദ്ധങ്ങൾ ഉണ്ടാവുകയും ചെയ്തത് നമ്മൾ കൺമുമ്പിൽ കണ്ടതാണ്. ആഫ്രിക്കയിലെ ഏറ്റവും വലിയ രാജ്യമായ സുഡാൻ, ക്രിസ്ത്യൻ സുഡാനും മുസ്ലീം സുഡാനുമായി വേർപിരിഞ്ഞു. അതിന്റെ പേരിൽ വലിയ യുദ്ധങ്ങളും കലാപങ്ങളുമുണ്ടായില്ലേ? ഒന്നുകിൽ മതത്തിന്റെ പേരിൽ അല്ലെങ്കിൽ ഭാഷയുടെ പേരിൽ രാജ്യങ്ങൾ ഛിന്നഭിന്നമാകുമ്പോഴാണ്, ലോകത്തെ എല്ലാ മതവിഭാഗങ്ങളുമുള്ള രാജ്യം, വിവിധ ഭാഷകൾ സംസാരിക്കുന്ന രാജ്യം എന്ന നിലയിൽ ഇന്ത്യ നിൽക്കുന്നത്. ഒരു രാജ്യത്തിന്റെ ഐഡന്റിറ്റിക്ക് വേണമെന്ന് പലരും ധരിച്ചിരുന്ന ഒരേ മതവിഭാഗത്തിൽപ്പെട്ടവരുടെ ഭൂരിപക്ഷമുള്ളത് അല്ലെങ്കിൽ ഒരേഭാഷ സംസാരിക്കുന്ന ജനങ്ങൾ, ഇതൊന്നും ഇന്ത്യാരാജ്യത്തിലില്ല. ഇവിടെ മലയാളം, തമിഴ്, തെലുങ്ക്, ബംഗാളി എന്നുവേണ്ട വിവിധഭാഷകൾ സംസാരിക്കുന്ന, വിവിധ സാംസ്ക്കാരിക പശ്ചാത്തലമുള്ള, ലോകത്തിലെ എല്ലാ മതവിഭാഗങ്ങളുമുള്ള രാജ്യമായി ഇന്ത്യ നിൽക്കുന്നു. ഈയിടെ ഒരാൾ ചോദിച്ചു ഒരു ഇന്ത്യാക്കാരനെ എങ്ങനെയാണ് നിങ്ങൾ നിർവ്വചിക്കുന്നത് എന്ന്. ഞാൻ കഴിക്കുന്ന ഭക്ഷണം ഇഷ്ടമില്ലാത്ത മറ്റൊരാൾ, ഞാൻ ധരിക്കുന്ന വസ്ത്രമല്ലാതെ മറ്റൊരു വസ്ത്രം ധരിക്കുന്ന ആൾ, എന്റെ മതമല്ലാതെ മറ്റ് മതമുള്ള ആൾ, എന്റെ ഭാഷയല്ലാതെ വേറെ ഭാഷ സംസാരിക്കുന്ന ആൾ, ഇതെല്ലാമാണ് ഇന്ത്യാക്കാരൻ. ഇങ്ങനെ ഒരു രാജ്യം ലോകത്തില്ല. ഈ രാജ്യം ഇന്നുവരെ നിലനിൽക്കുന്നതും ഇനി നാളെ ഇതുപോലെ നിലനിൽക്കണമെങ്കിലും നമ്മുടെ രാജ്യം മതേതരമായിരിക്കണം. ഈ നാട്ടിലെ മതന്യൂനപക്ഷങ്ങൾക്ക് അവർ അർഹിക്കുന്ന സംരക്ഷണവും നീതിയും ലഭിക്കണം. ഇവിടെ മത

ന്യൂനപക്ഷങ്ങളുടെ പ്രാധാന്യമെല്ലാം കുറച്ചുകാണുന്ന ആളുകളുണ്ട്. നമ്മുടെ രാജ്യത്തിലെ മിനിസ്ക്യൂൾ മൈനോരിറ്റി എന്നുപറയാവുന്നതാണ് പാഴ്സികൾ. ദാദാഭായി നവറോജിയും ജെ.ആർ.ഡി. ടാറ്റയും ഉൾപ്പെടെയുള്ള പാഴ്സികൾ ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥയുടെ പുരോഗതിയിലും വ്യവസായ പുരോഗതിയിലുമൊക്കെ നൽകിയ സംഭാവനകളെന്താണ്? ഇന്ത്യയുടെ നിയമപണ്ഡിതന്മാരിൽ ലോകം ആദരിക്കുന്നതും ലോകം അറിയപ്പെടുന്നവരുമായ പത്തുപേരെയെടുത്താൽ അതിൽ നാലഞ്ചുപേർ പാഴ്സികളാണ്. ഇങ്ങനെയുള്ള അഞ്ചാറുപേർ ഇപ്പോഴുമുണ്ട്. ലോകത്തെല്ലായിടത്തുമുള്ള നിയമപരമായ ഏത് കാര്യങ്ങളിലും അഭിപ്രായം ചോദിക്കാവുന്ന ആളുകളായ, ഫാലി എസ്. നരിമാനും സോളിസൊറാബ്ജിയുമൊക്കെ ഇന്ത്യക്കാരായ പാഴ്സികളാണ്. ഇന്ത്യയുടെ സംസ്ക്കാരമെന്നുപറയുന്നത് ഒരു പ്രത്യേക മതവിഭാഗത്തിന്റെ മാത്രം സംസ്ക്കാരമാണെന്ന് പ്രചരിപ്പിക്കുന്നവർ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ച് അജ്ഞതയുള്ളവരാണ്. ഇന്ത്യയിലെ ആദ്യത്തെ ഹൈന്ദവമതപ്രചാരകനായി വിദേശത്തേയ്ക്ക് പോയത് സ്വാമി വിവേകാനന്ദനാണ്. അദ്ദേഹം ചിക്കാഗോയിൽ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിൽ, ഭൂതകാലമില്ലാത്ത അമേരിക്കയിലെ ജനതയെനോക്കി അദ്ദേഹം പറഞ്ഞു, ലോകത്തിൽ ഏറ്റവും വലിയ സാംസ്ക്കാരിക പാരമ്പര്യമുള്ള, പൈതൃകമുള്ള രാജ്യത്തെ പ്രതിനിധീകരിച്ചാണ് ഞാൻ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്. ആ സംസ്കൃതിയുടെ ഏറ്റവും വലിയ ആകർഷണീയത അതിന്റെ സഹിഷ്ണുതയാണ്. ലോകത്തിലെ എല്ലാ ചിന്താധാരകളേയും സ്വാഗതം ചെയ്യുകയും എല്ലാ മതവിഭാഗങ്ങളേയും സ്വാഗതം ചെയ്യുകയും ചെയ്ത പാരമ്പര്യമാണ് എന്റെ രാജ്യത്തുള്ളത്. എന്നിട്ട് അദ്ദേഹം ഓരോ മലയാളിക്കും അഭിമാനിക്കാവുന്ന ഒരു ഉദാഹരണവും

പറഞ്ഞു. ലോകത്തിന്റെ എല്ലാഭാഗത്തുനിന്നും ആട്ടിയോടിച്ച ജൂതന്മാർക്ക് ചുവപ്പ് പരവതാനി വിരിച്ച് സ്വീകരണം കൊടുത്ത രാജ്യമാണ് എന്റെ രാജ്യം. എന്നിട്ട് അദ്ദേഹം പറഞ്ഞു, അതിന്റെ പ്രത്യക്ഷചിഹ്നമായിട്ടാണ് എന്റെ നാടിന്റെ തെക്കേയറ്റത്ത് ജൂതന്മാരുടെ സിനഗോഗ് ഉയർന്നുനിൽക്കുന്നത്. ഓരോ മലയാളിക്കും അഭിമാനിക്കാവുന്ന ഒരു പാരമ്പര്യമാണ് ഇത്. ഈ പാരമ്പര്യത്തിൽ ഊന്നി നിന്നുകൊണ്ടാണ് ഇന്ത്യയുടെ സ്വാതന്ത്ര്യസമരം രൂപംകൊണ്ടത്. ആ സ്വാതന്ത്ര്യസമരത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടു കൊണ്ടാണ് നമ്മുടെ ഭരണഘടന രൂപംകൊണ്ടത്. ആ ഭരണഘടനയാണ് ഈ രാജ്യത്തെ എല്ലാ മതന്യൂനപക്ഷങ്ങൾക്കും സംരക്ഷണം നൽകുന്നതിനുള്ള വകുപ്പുകൾ അതിൽ എഴുതിച്ചേർത്തത്. ഒരു മതേതര രാജ്യമായി, മതനിര പേക്ഷരാജ്യമായി ഇന്ത്യയെ മുമ്പോട്ടുകൊണ്ടുപോകുന്നത്.

അതിനിടെ എന്തെല്ലാം വെല്ലുവിളികൾ വന്നു. വലിയ വെല്ലുവിളികൾ ഉയർന്നു. ഇപ്പോൾ മതത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട പാകിസ്ഥാനിൽ ഇന്ത്യയിലെ പാഴ്സികളെക്കാൾ കുറഞ്ഞ ന്യൂനപക്ഷമാണ് അവിടത്തെ ക്രിസ്തുമത വിശ്വാസികൾ. അവരാണ് ഒരു പള്ളിയിൽനിന്ന് ഞായറാഴ്ച പ്രാർത്ഥന കഴിഞ്ഞുവന്നപ്പോൾ കൂട്ടക്കൊല ചെയ്യപ്പെട്ടത്. പലരും പറയുന്ന വാദമെന്താണ്; ആ രാജ്യം അങ്ങനെയാണ്, അവിടെ ഇങ്ങനെയാണ് അതു കൊണ്ട് നമ്മുടെ രാജ്യം ഇങ്ങനെയാവണമെന്ന് പറയുന്നത് ഇന്ത്യാ രാജ്യത്തിന്റെ മഹത്തായ പാരമ്പര്യത്തിന്റെയും നമ്മുടെ രാജ്യം ഒന്നിച്ചു നിൽക്കുന്നതിന്റെ പിന്നിലെ ശക്തിവിശേഷത്തെയും തള്ളിപ്പറയുന്നവരാണ്, ഈ രാജ്യം ഛിന്നഭിന്നമാകണമെന്ന് ആഗ്രഹിക്കുന്നവരാണ്. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്ക് എല്ലാ സംരക്ഷണവും കൊടുക്കുന്നതിൽ എല്ലാ കാലത്തും

മുമ്പിൽ നിന്നിട്ടുള്ളത് ഈ നാട്ടിലെ ഇടതുപക്ഷങ്ങളാണ് എന്നുള്ളത് ആരും നിഷേധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. ഞങ്ങൾ അഖിലേന്ത്യാതലത്തിൽ ചെറിയ ശക്തിയായിരിക്കും, പക്ഷെ ഇൻഡ്യയിലെ നിർണ്ണായകമായ എല്ലാ സന്ദർഭങ്ങളിലും ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളെ രക്ഷിക്കാൻ വേണ്ടി രംഗത്തുവന്നവർ ഞങ്ങളാണ്. അങ്ങനെയാണല്ലോ ഒന്നാം യു.പി.എ. ഗവൺമെന്റുണ്ടായത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഇൻഡ്യയിലെ മതേതരത്വത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ കെ. സുരേഷ് കുറുപ്പ് സംസാരിക്കുന്നത്. സാധാരണ ജനങ്ങളുടെ ഇടയിൽ മതരംഗത്തും മറ്റു രംഗങ്ങളിലുമൊക്കെ നല്ല സൗഹാർദ്ദവും ഐക്യവും ഇന്ത്യയിൽ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ. അടുത്ത കാലത്തായി ഒരു നിയമസഭാ സമിതിയുടെ പ്രതിനിധികളെന്ന നിലയിൽ ഞങ്ങൾ സുവർണ്ണ ക്ഷേത്രത്തിൽ പോയപ്പോൾ അവിടെ സുവർണ്ണ ക്ഷേത്രത്തിലെ പ്രധാനപ്പെട്ട പൂജാരിയുടെ മകൻ ഹെർമീന്ദർ സിംഗുമുണ്ടായിരുന്നു. ഞങ്ങളതെല്ലാം നടന്നുകണ്ടുകൊണ്ടിരിക്കുമ്പോൾ, അന്യമതസ്ഥരായ ആളുകൾക്ക് ഈ പ്രധാനപ്പെട്ട സ്ഥലങ്ങളിലൊക്കെ പ്രവേശിക്കാമോയെന്ന് ഞാൻ ഹെർമീന്ദർ സിംഗിനോട് ചോദിച്ചപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞ മറുപടി, വാസ്തവത്തിൽ എന്റെ കണ്ണുകളെ ഈറനണിയിച്ച മറുപടിയായിരുന്നു. അദ്ദേഹം പറഞ്ഞത് ‘ഖാദർ സാഹിബ്, യേ ടെമ്പിൾ ജിത്നാ ഹമാരി ഹെ, ഉത്നാ ആപ്കാ ഭി ഹെ’ എന്നാണ്. അതായത് ‘ഈ ക്ഷേത്രം എത്രകണ്ട് ഞങ്ങളുടേതാണോ, അത്ര കണ്ട് നിങ്ങളുടേതുമാണ്’ എന്നാണ്. ആ ഒരു

നിലപാട് എല്ലാപേരും സ്വീകരിച്ചാൽ ഈ മതേതരത്വം എന്നും സാധിക്കുമെന്ന് അങ്ങ് മനസ്സിലാക്കിയിട്ടില്ലേ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, തീർച്ചയായും. ഞാനതാണ് പറഞ്ഞത്. എല്ലാ മതങ്ങളെയും സ്വീകരിക്കുകയും എല്ലാ വിശ്വാസ പ്രമാണങ്ങളെയും സഹിഷ്ണുതയോടെ നോക്കിക്കാണുകയും ചെയ്യുന്നതാണ് ഇന്ത്യാ രാജ്യത്തിന്റെ മഹത്തായ പാരമ്പര്യം. അങ്ങനെയൊരു പാരമ്പര്യമുള്ള മതവിഭാഗത്തെയാണ് 1984–ൽ ഡൽഹിയിലും ഇൻഡ്യാ രാജ്യത്തെ പല സ്ഥലങ്ങളിലും കൂട്ടക്കൊലയ്ക്കിരയാക്കിയത്. കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ്സ് ഗവൺമെന്റിന്റെ മൗനാനുവാദത്തോടും സമ്മതത്തോടുംകൂടി കൂട്ടക്കൊലയ്ക്കിരയാക്കുകയും ആ കൂട്ടക്കൊലയിലെ പ്രതികളെ നമ്മുടെ നീതിന്യായപീഠത്തിനുമുമ്പിൽ കൊണ്ടുവരാതിരിക്കുകയും ചെയ്തത് ആരാണ് എന്നുള്ളതും ശ്രീ. കെ. എൻ. എ. ഖാദറിനെപ്പോലുള്ളവർ ആലോചിക്കണം. ഈ മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണ് പലപ്പോഴും ഈ സഭയിൽ പല അവസരത്തിലും പലരും പറഞ്ഞിട്ടുള്ളതുപോലെ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഒന്നാം യു.പി.എ. ഗവൺമെന്റിനെ കോൺഗ്രസ്സുമായി നൂറ്റിയൊന്ന് കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നുവെങ്കിലും ഞങ്ങൾ പിന്താങ്ങിയത്. ബി.ജെ.പി. ഇന്ത്യാ രാജ്യത്തെ മതന്യൂനപക്ഷങ്ങളുടെ നെഞ്ചിനു മുകളിൽക്കൂടി അവരുടെ രഥമുരുട്ടിവന്നപ്പോൾ അതിനെ തടഞ്ഞു നിർത്തിയത് ഇടതുപക്ഷം എടുത്ത ഈ നിലപാടല്ലേ; ആർക്കെങ്കിലും നിഷേധിക്കാനാകുമോ? ആ നിലപാടിന്റെ ഫലമായിട്ടല്ലേ ശ്രീ. ഇ. അഹമ്മദ് മന്ത്രിയായത്? കോൺഗ്രസ്സ് അതിനുമുമ്പ് ലീഗിലെ ആരെയെങ്കിലും മന്ത്രിയാക്കിയോ? കേരളത്തിൽ ലീഗിനെ പിന്നീട് മന്ത്രിസഭയിൽ ചേർത്തത്

എങ്ങനെയാണ്; 'ലാസറെ നീ എണീറ്റുവാ' എന്ന് കർത്താവ് പറഞ്ഞതുപോലെയാണ് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് മുസ്ലീം ലീഗിനെ പിടിച്ചെഴുന്നേൽപ്പിച്ച് 1967-ലെ മന്ത്രിസഭയിൽ ചേർത്തത്. 1960-ൽ ഒന്നിച്ചു നിന്ന് തെരഞ്ഞെടുപ്പിനെ നേരിട്ട്, ഒന്നിച്ച് മത്സരിച്ച് അധികാരത്തിലെത്തിയപ്പോൾ ലീഗിന് മന്ത്രി സ്ഥാനം കൊടുക്കാൻ പറ്റില്ലെന്ന് കോൺഗ്രസ്സ് പറഞ്ഞില്ലേ? ലീഗിന്റെ പ്രമുഖരായ രണ്ട് നേതാക്കന്മാരെ തൊപ്പിയൂരി സ്പീക്കർ ആക്കിയില്ലേ? ഇതൊക്കെ സമകാലീന കേരള രാഷ്ട്രീയ ചരിത്രത്തിലെ കാര്യങ്ങളല്ലേ; ആർക്കെങ്കിലും മറക്കാൻ പറ്റുന്നതാണോ? പിന്നീട് കോൺഗ്രസ്സ് ദുർബലമായപ്പോഴല്ലേ ഇപ്പോൾ ലീഗിന് മന്ത്രി സ്ഥാനം നൽകിയത്, അഞ്ചും ആറും മന്ത്രിമാരെ കൊടുക്കാൻ തയ്യാറായത്. 1967-ൽ കേരള രാഷ്ട്രീയത്തിൽ ലീഗിനോടുള്ള അസ്പൃശ്യത മാറ്റിയെടുത്തത് ആരാണ്; 1957-ലെയും 1967-ലെയും ഗവൺമെന്റ് എടുത്ത നടപടികൾ ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിശദീകരിച്ചതുകൊണ്ട് ഞാൻ പറയുന്നില്ല. കോൺഗ്രസ്സ് എടുത്ത സമീപനമെന്താണ്; കോൺഗ്രസ്സ് ഇപ്പോൾ ലീഗിനെ ചേർക്കുന്നതിന്റെ കാര്യമെന്താണ്; കോൺഗ്രസ്സ് ദുർബലമായതുകൊണ്ടുമാത്രമാണ് ഇപ്പോൾ മുസ്ലീം ലീഗിനെ മന്ത്രിസഭയിലെടുക്കുന്നതും യു.പി.എ. മന്ത്രിസഭയിൽ ശ്രീ. ഇ. അഹമ്മദിനെ മന്ത്രിയാക്കിയതും. യു.പി.എ. മന്ത്രിസഭയിൽ ശ്രീ. ഇ. അഹമ്മദിനെ എടുക്കരുതെന്ന് വേണമെങ്കിൽ ഞങ്ങൾക്ക് പറയാമായിരുന്നല്ലോ; ഞങ്ങൾ പറഞ്ഞില്ലല്ലോ, പിന്തുണ നൽകിയ ഞങ്ങൾ പറഞ്ഞില്ലല്ലോ. അവിടെ മന്ത്രിയായതും ഇവിടെ മന്ത്രിയായതും സി.പി.ഐ.(എം) എടുക്കുന്ന സുശക്തമായ രാഷ്ട്രീയ നിലപാടുകളുടെ പശ്ചാത്തലത്തിൽ നിങ്ങൾ കാണണം. അതേ എനിക്ക് പറയാനുള്ളൂ. ഈ കോൺഗ്രസ്സ്...

ഡോ. കെ. ടി. ജലീൽ: സർ, കേന്ദ്രത്തിൽ കോൺഗ്രസ്സ് മുസ്ലീം ലീഗിനെ അംഗീകരിച്ച് ആദ്യമായി സഹമന്ത്രി സ്ഥാനം നൽകി. കോൺഗ്രസ്സ് ഉഗ്രപ്രതാപിയായിരുന്ന കാലത്ത് ലീഗിന് അങ്ങനെയൊരു സ്ഥാനം നൽകിയിരുന്നില്ല. കോൺഗ്രസ്സ് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദുർബലതയെ അഭിമുഖീകരിച്ച ഘട്ടത്തിൽ 65 ഇടതുപക്ഷ എം.പി. മാരുടെ പിന്തുണയോടുകൂടി കോൺഗ്രസ്സ് അധികാരത്തിൽ വന്ന സന്ദർഭത്തിലാണ് ലീഗിലെ ഒരേ ഒരു അംഗം സഹമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നത്. താങ്കൾ പറഞ്ഞതുപോലെ ഇടതുപക്ഷത്തിന് കോൺഗ്രസ്സിനോട് പറയാമായിരുന്നു ലീഗിന്റെ ഈ മെമ്പറെ മന്ത്രിയാക്കാൻ പാടില്ലായെന്ന്. തീർച്ചയായും അത് കോൺഗ്രസ്സ് അംഗീകരിക്കുമായിരുന്നു. പക്ഷെ, അത് പറയാതിരുന്നത് ഇടതുപക്ഷ കക്ഷി ആ ഒരു വാദം ഉയർത്തിയെന്നുള്ളതിന്റെ പേരിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയവാദികൾ അത് ഉയർത്തിപ്പിടിച്ച് നടക്കുമെന്ന് ഇടതുപക്ഷ കക്ഷികൾ ചിന്തിച്ചതുകൊണ്ടായിരുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അന്ന് കേന്ദ്രമന്ത്രിസ്ഥാനത്ത് മുസ്ലീംലീഗ് വന്നപ്പോൾ ഞങ്ങളുടെ ഭാഗത്തുനിന്ന് എതിർപ്പുണ്ടായില്ലായെന്ന വാദം കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധതയുള്ളവരുടെ മുമ്പിൽ വിലപ്പോവില്ല. കാരണം, അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ അന്ന് ശ്രീ. ഇ. അഹമ്മദിന് നൽകിയ മന്ത്രിസ്ഥാനം 'എന്റെ ചങ്കിൽ കുടുങ്ങിയ മുള്ളാണെന്ന്' കേരളത്തിലെ വാർത്താ മാധ്യമ പ്രവർത്തകരോട് പറഞ്ഞിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാന

ന്ദന്റെ അന്നത്തെ ആ അഭിപ്രായം പാർട്ടിയുടെ നയമല്ലെങ്കിൽ ഞാനത് അംഗീകരിക്കാം, വിരോധമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ശ്രീ. ഇ. അഹമ്മദ് മന്ത്രിയായതും 1967-ൽ ലീഗ് അന്നത്തെ മുന്നണിയിൽ വന്നതും മന്ത്രിമാരായതും ഒക്കെ കേരള രാഷ്ട്രീയ ചരിത്രത്തിലെ സമകാലീന ചരിത്രങ്ങളല്ലേ; ഇതൊക്കെ വളച്ചൊടിക്കാമോ, വളച്ചൊടിക്കേണ്ട കാര്യമുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ന്യൂനപക്ഷ വിഭാഗത്തിന് കൊടുത്ത സഹായത്തെക്കുറിച്ച് അങ്ങ് സംസാരിച്ചു. അങ്ങയുടെ പാർട്ടിയെ ഡിഫെന്റ് ചെയ്യേണ്ടത് അങ്ങയുടെ ബാദ്ധ്യതയാണ്, അത് അങ്ങ് ചെയ്യുന്നു. പക്ഷെ ദേശീയതലത്തിൽ എ.ബി. വാജ്പേയിക്കും എൽ. കെ. അദ്വാനിക്കും പിന്തുണ കൊടുക്കുന്ന സ്ഥാനത്തും ഇതേ ആവേശം ഉണ്ടായിരുന്നുവെന്നുള്ള യാഥാർത്ഥ്യം അങ്ങ് മറന്നുപോകരുത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇൻഡ്യൻ രാഷ്ട്രീയത്തിൽ...

ശ്രീ. പി. സി. ജോർജ്: സർ, ഈ കക്ഷികളിലൊന്നും ഞാൻ കക്ഷിയല്ല. ഡോ. കെ. ടി. ജലീൽ ഉദ്ദേശിക്കുന്ന പാർട്ടി അഖിലേന്ത്യാ ലീഗ് 1993 മുതൽ ഇടതുപക്ഷ മുന്നണിയെ സപ്പോർട്ട് ചെയ്യുകയാണ്. ഇന്നുവരെ ആ പാർട്ടിയെ മുന്നണിയിൽ കൂട്ടാൻ ഞങ്ങൾ തയ്യാറായിട്ടില്ല. എ.കെ.ജി. സെന്ററിന്റെ പുറത്തുനിൽക്കാനല്ലേ ഇപ്പോഴും അവർക്ക് അധികാരമുള്ളൂ. അവർ ന്യൂനപക്ഷങ്ങളല്ലെ. നിങ്ങൾ അവരെ കൂട്ടിയിട്ടില്ലല്ലോ. നിങ്ങൾ അത് ചെയ്യാത്തതിന്

കാരണമെന്താണ്? ഇത്രയും ന്യൂനപക്ഷ പ്രേമം പറയുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അവരെക്കൂടെ മുന്നണിയിൽ കൂട്ടാമല്ലോ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: അവർ പുറത്തൊന്നുമല്ല, അകത്തുതന്നെയാണ്. അവർ ഞങ്ങളുടെ വീടിനകത്തുതന്നെയാണ്. അതോർത്ത് ശ്രീ. പി. സി. ജോർജ് വ്യാകുലപ്പെടണ്ട. അദ്ദേഹത്തിന്റെ പാർട്ടിയുടെ സ്ഥാനം അവിടെ എന്താണെന്നോർത്ത് വ്യാകുലപ്പെട്ടാൽ മതി. ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി എത്രതവണ മാണിസാർ ഡൽഹിക്കുപോയി. ശ്രീ. ഇ. അഹമ്മദിനെ മന്ത്രിയാക്കാം. ശ്രീ. ജോസ് കെ. മാണിക്ക് എന്താണ് ആ ന്യായമില്ലാത്തത്. അതിനെക്കുറിച്ച് ആദ്യം ചിന്തിക്കണം.

ശ്രീ. പി. സി. ജോർജ്: ശ്രീ. കെ. സുരേഷ് കുറുപ്പ് എന്തിനാണ് വികാരം കൊള്ളുന്നത്. ഞാൻ കാര്യമായിട്ടൊരു കാര്യം പറഞ്ഞപ്പോൾ അങ്ങേയ്ക്ക് വേദനിച്ചു. അങ്ങ് പറഞ്ഞത് ഞങ്ങളുടെ മാണിസാർ ഡൽഹിയിൽ പലപ്രാവശ്യം പോയിയെന്ന്. ശ്രീമതി സോണിയാ ഗാന്ധി മന്ത്രിസ്ഥാനം കൊടുക്കാമെന്ന് പറഞ്ഞു, ഞങ്ങൾ നോക്കിയിരിക്കുകയാണ്. ഞങ്ങൾക്ക് കിട്ടിയിട്ടില്ല. ഞങ്ങൾക്കതിൽ തർക്കമുണ്ട്. പക്ഷേ 1993 മുതൽ അഖിലേന്ത്യാ ലീഗ് എ.കെ.ജി. സെന്ററിനുമുമ്പിൽ കാവലിരിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവരെയൊന്ന് എ.കെ.ജി. സെന്ററിനകത്തോട്ടു കയറ്റിക്കൂടെ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളാ കോൺഗ്രസുകാർക്ക് മന്ത്രി സ്ഥാനം കിട്ടാത്ത കാര്യം പറഞ്ഞു. 2004-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസിന് ഒരു സീറ്റും കിട്ടാതെ വന്നപ്പോൾ അന്ന് ജയിച്ച മുസ്ലീം ലീഗിലെ ഒരു പ്രതിനിധിയെ യു.പി.എ. മന്ത്രി ആക്കുകയാണ്

ചെയ്തത്. അതുപോലെ അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒരു സീറ്റും കോൺഗ്രസ് ജയിക്കാതിരുന്നാൽ കേരളാ കോൺഗ്രസിന് ഒരു ബർത്ത് അവിടെ കിട്ടുമെന്ന കാര്യം ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എന്നാൽപ്പോലും കിട്ടില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അടുത്ത പാർലമെന്റ് തെരഞ്ഞെടു പ്പിലും കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് ഉണ്ടാകുമെന്ന കോൺഫിഡൻസ് ഉപനേതാവിൽനിന്ന് കേൾക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഉദ്ദേശിച്ചത് കോൺഗ്ര സിന് കിട്ടാതെ വന്നാൽ ആ സമയത്ത് അവിടെയൊരു മുന്നണി വരും, ആ സമയത്ത് നിങ്ങളുടെ മന്ത്രിസ്ഥാനം നമുക്ക് പരിഗണിക്കാമെന്നാണ്. അതി നുള്ള വാഗ്ദാനം ഇപ്പോഴേ തരാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, ചില രാഷ്ട്രീയ പാർട്ടികൾ ദുർബലപ്പെടു മ്പോഴാണ് ചെറിയ പാർട്ടികളേയും വ്യക്തികളേയുമൊക്കെ കൂട്ടേണ്ടിവരുന്ന ത്. കോൺഗ്രസ് ദുർബലപ്പെട്ടതുകൊണ്ടാണ് ലീഗിനെ സ്വീകരിച്ചതെന്നു പറ ഞ്ഞു. മാർക്സിസ്റ്റ് പാർട്ടി ദുർബലപ്പെട്ടതുകൊണ്ടാണോ ഡോ. കെ. ടി. ജലീ ലിനേയും ശ്രീ. പി. റ്റി. എ. റഹീമിനേയും സ്വീകരിച്ചത്?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, മാർക്സിസ്റ്റ് പാർട്ടി ദുർബലപ്പെട്ടതു കൊണ്ടല്ലല്ലോ 1967– ൽ ലീഗിനെ കൂട്ടിയത്. ഞങ്ങൾ മതന്യൂനപക്ഷങ്ങളോടും മതന്യൂനപക്ഷ താല്പര്യങ്ങളോടും എടുക്കുന്ന വളരെ കൺസിസ്റ്റന്റായ

സമീപനമുണ്ട്. അതിനകത്ത് ഞങ്ങൾ ഒരിക്കലും വിട്ടുവീഴ്ച ചെയ്തിട്ടില്ല. ജനതാ ഗവൺമെന്റിനെ പിൻതാങ്ങിയതിനെക്കുറിച്ചാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചത്. ഇന്ത്യാരാജ്യത്ത് ജനാധിപത്യത്തെ അട്ടിമറിച്ചപ്പോൾ ആ അട്ടിമറിച്ചതിനെതിരായി വന്ന ജനകീയ മുന്നേറ്റത്തിൽ ഞങ്ങൾ പങ്കാളിയായി. ഞങ്ങൾ പുതിയ ജനതാ ഗവൺമെന്റിന് പിന്തുണ കൊടുത്തു. ആ ഗവൺമെന്റിൽ ആർ.എസ്.എസ്. പിടിമുറുക്കുന്നുവെന്നുവന്നപ്പോൾ ഞങ്ങൾ ആ ഗവൺമെന്റിന്റെ പിൻതുണ പിൻവലിച്ചു. അല്ലാതെ എന്തെങ്കിലും ശല്യമുണ്ടായോ. യു.പി.എ. ഗവൺമെന്റിനെ പിന്തുണച്ചത് മതന്യൂനപക്ഷ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ്. നരസിംഹറാവുവിന്റെ ഗവൺമെന്റ് എന്താണ് ചെയ്തത്. നമ്പാടൻ മാഷ് വളരെ പ്രസക്തമായ ഒരു ചോദ്യം ചോദിച്ചതുപോലെ 18 ഭാഷ അറിയാവുന്ന നരസിംഹറാവു ഒരു ഭാഷയിൽപ്പോലും ബാബറി മസ്ജിദ് പൊളിക്കരുതെന്ന് പറഞ്ഞില്ലല്ലോ. അങ്ങനെയല്ലെ ബാബറി മസ്ജിദ് പൊളിച്ചത്. ബാബറി മസ്ജിദ് പൊളിച്ചുകഴിഞ്ഞ് ഇന്ത്യാരാജ്യത്ത് ഉടനീളം കലാപമുണ്ടായില്ലേ. മതന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെട്ടില്ലേ. ബോംബെ നഗരത്തിൽ നിരന്തരമായി മുസ്ലീം വീടുകൾ തെരഞ്ഞുപിടിച്ച് ആക്രമിച്ചപ്പോൾ ആറ് തവണ സേട്ടു സാഹിബ് നരസിംഹറാവുവിനെ വിളിച്ചു. ഒരേയൊരു ആവശ്യമാണ് അദ്ദേഹം ഉന്നയിച്ചത്. ബോംബെ നഗരത്തിൽ മുസ്ലീങ്ങളെ സംരക്ഷിക്കാൻ പട്ടാളത്തെ ഇറക്കണം എന്നതായിരുന്നു ആവശ്യം. എന്നിട്ട് ഇറങ്ങിയോ പട്ടാളം. ഇപ്പോൾ ഉത്തരവിടും, ഇപ്പോൾ ഉത്തരവിടും എന്നുപറഞ്ഞു. ഒരിക്കലും ഉത്തരവ് വന്നില്ല. ഒരു പോലീസുകാരൻപോലും ഇറങ്ങിയില്ല. അങ്ങനെ ഹൃദയം നൊന്തല്ലേ സേട്ടു സാഹിബ് കോൺഗ്രസുമായിട്ടുള്ള ബന്ധം വിച്ഛേദിക്കാൻ തീരുമാനിച്ചത്.

അതല്ലേ ചരിത്രം. കോൺഗ്രസ് ഈ രാജ്യത്തെ സിക്കുകൾക്കെതിരായി നടത്തിയ കലാപം, ബാബറി മസ്ജിദിന് നേരെ നടന്ന ആക്രമണം, അതിനുശേഷം ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കുനേരെ നടന്ന ആക്രമണം ഇതിനെല്ലാം......... കോൺഗ്രസ് വർഗ്ഗീയ പാർട്ടിയെന്നു ഞാൻ പറയില്ല. കോൺഗ്രസ് ഒരു മതേതര പാർട്ടിയാണ്. പക്ഷേ ഇത്തരം കാര്യങ്ങളിൽ മതന്യൂനപക്ഷങ്ങളെ വഞ്ചിച്ച പാർട്ടിയാണ് കോൺഗ്രസ്. തരംപോലെ നിലപാടെടുത്തതാണ്. ഗുജറാത്തിൽ ശ്രീ. നരേന്ദ്ര മോഡിക്കെതിരെ ഉറച്ച മതനിരപേക്ഷ നിലപാടെടുക്കാൻ കോൺഗ്രസ് തയ്യാറായോ? തയ്യാറായിരുന്നെങ്കിൽ ഗുജറാത്തിൽ ഇത്രയധികം മുന്നേറ്റം ശ്രീ. നരേന്ദ്ര മോഡിക്കും ആർ.എസ്.എസ്.നും ബി.ജെ.പി.ക്കും ഉണ്ടാകുമായിരുന്നോ? ഗാന്ധിജി പിറന്ന ഗുജറാത്തിൽ മൃദുഹിന്ദുത്വമല്ലേ ഇന്ന് കോൺഗ്രസ് സ്വീകരിക്കുന്നത്. മൃദുഹിന്ദുത്വം സ്വീകരിച്ചിതിന്റെ ഫലമായിട്ടല്ലെ ബി.ജെ.പി.ക്ക് ഗുജറാത്തിലടക്കം പല സ്ഥലത്തും വലിയ മുന്നേറ്റങ്ങളുണ്ടായത്.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ബി.ജെ.പി.യെ വളർത്തിയത് സംബന്ധിച്ച് ബഹുമാന്യരായ കോൺഗ്രസ് അംഗങ്ങൾ വാതോരാതെ സംസാരിക്കുന്നതു കേട്ടു. 1986–ൽ ബാബറി മസ്ജിദ് സ്ഥിതിചെയ്തിരുന്ന ആ ഭൂമിയിൽ ശിലാന്യാസത്തിന് അനുമതി കൊടുത്തത് രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന സമയത്തല്ലേ. 1948–ൽ അവിടെ വിഗ്രഹം കൊണ്ടുവച്ചപ്പോൾ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു അത് സരയൂ നദിയിൽ എടുത്തെറിയാൻ പറഞ്ഞതാണ്. യഥാർത്ഥത്തിൽ ശിലാന്യാസത്തിന് അനുമതി കൊടുത്ത്, ബി.ജെ.പി.ക്ക് ഇത്തരം ഒരു അവസരമുണ്ടാക്കികൊടുത്തത് കോൺഗ്രസല്ലേ.

അതിൽ നിന്ന് കോൺഗ്രസിന് ഒഴിഞ്ഞുമാറാൻ കഴിയുമോ? എന്താണ് അങ്ങയുടെ അഭിപ്രായം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കോൺഗ്രസ് എടുത്ത അത്തരം നിലപാടുകളിൽനിന്നൊന്നും ഒഴിഞ്ഞുമാറാൻ കഴിയില്ല. ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് ഇവിടെ പറഞ്ഞു. വിഭജനത്തിനുശേഷം ആദ്യത്തെ കാബിനറ്റിൽ അംഗമായിരുന്ന, നഗരവികസന മന്ത്രിയായിരുന്ന മോഹൻലാൽ സക്സേന ഒരു പ്രസ്താവന ഇറക്കി. പാക്കിസ്ഥാനിലെ ഹിന്ദുക്കളുടെ കടകളെല്ലാം അടച്ചുപൂട്ടുകയാണെങ്കിൽ ഡൽഹിയിലെ എല്ലാ മുസ്ലീങ്ങളുടേയും കടകൾ അടച്ചുപൂട്ടുമെന്നായിരുന്നു ആ പ്രസ്താവന. അപ്പോൾ നെഹ്റു പറഞ്ഞു, ഇന്ന് ഈ പ്രസ്താവന പിൻവലിക്കണം അല്ലെങ്കിൽ കാബിനറ്റിൽനിന്ന് പുറത്തുപോകണമെന്ന്. മോഹൻലാൽ സക്സേനയ്ക്ക് അദ്ദേഹത്തിന്റെ പ്രസ്താവന പിൻവലിക്കേണ്ടിവന്നു. കോൺഗ്രസിലെ തലമൂത്ത നേതാവായിരുന്നു ബി. സി. റോയ്. ജവഹർലാൽ നെഹ്റുവിനെക്കാൾ തലമൂത്ത നേതാവായിരുന്നു. അദ്ദേഹത്തെ കുറിച്ചൊരു കഥയുണ്ട്. ജവഹർലാൽ നെഹ്റുവിന് എഴുതിയ കത്തിൽ മൈ ഡിയർ മോട്ടിലാൽ എന്നെഴുതിയതിനെക്കുറിച്ച്. അതായത് മോട്ടിലാൽ നെഹ്റുവുമായിട്ടാണ് അദ്ദേഹത്തിന് കത്തിടപാടുകൾ കൂടുതലുമുണ്ടായിരുന്നത്. ബി. സി. റോയ് ഒരു പ്രസ്താവന കൊണ്ടുവന്നു. പാക്കിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്ക് വരുന്ന ഓരോ മുസ്ലീമിനും പകരം 10 മുസ്ലീങ്ങളെ ഞങ്ങൾ പാക്കിസ്ഥാനിലേക്ക് അയയ്ക്കുമെന്നായിരുന്നു ആ പ്രസ്താവന. തന്റെ പിതൃതുല്യനായ ബി.സി. റോയിയോട് പ്രസ്താവന പിൻവലിക്കാൻ നെഹ്റു പറഞ്ഞു. ബി. സി. റോയ് പ്രസ്താവന പിൻവലിച്ച് മാപ്പുപറയുകയും ചെയ്തു. അങ്ങനെയാണ് ജവഹർലാൽ

നെഹ്റുവിനെപ്പോലെയൊരാൾ ഇന്ത്യാരാജ്യത്തെ മതേതരത്വത്തെ സംരക്ഷിച്ചതും അതിന്റെ അടിക്കല്ലുകൾ ശക്തമാക്കിയതും. ആ കോൺഗ്രസാണോ ഇന്നുള്ളത്, ആ കോൺഗ്രസാണോ ബാബറി മസ്ജിദ് പൊളിക്കാൻ നിശബ്ദമായി നോക്കി നിന്നത്, ആ കോൺഗ്രസാണോ ഇന്ത്യാരാജ്യത്തെ വിവിധ തലങ്ങളിൽ മത വർഗ്ഗീയകലാപങ്ങൾ ആളിക്കത്തുമ്പോൾ നിസ്സംഗരായി നോക്കി നിന്നത്, ആ കോൺഗ്രസാണോ ഇപ്പോൾ യു.പി.യിൽ പോയി ഇവിടെയെല്ലാം തീവ്രവാദികൾ വരുന്നു, തീവ്രവാദികളുടെ റിക്രൂട്ട്മെന്റ് ഗ്രൗണ്ടാണെന്ന് ശ്രീ. രാഹുൽ ഗാന്ധിയെക്കൊണ്ട് പറയിച്ചത്. ആ കോൺഗ്രസ് പോയിക്കഴിഞ്ഞു. ആ കോൺഗ്രസ് നെഹ്റുവിന്റെ കോൺഗ്രസാണ്. അതിനുശേഷം ഇന്ത്യാരാജ്യത്ത് ഉടനീളമെടുത്ത മൃദുഹിന്ദുത്വ സമീപനവും ഹിന്ദു വർഗ്ഗീയ വാദികളെ തൃപ്തിപ്പെടുത്താനും പ്രീതിപ്പെടുത്താനും കോൺഗ്രസ് എടുത്ത നടപടികൾ പത്രം വായിക്കുന്ന മുഴുവൻ ജനങ്ങൾക്കും അറിവുള്ളതാണ്. അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഡൽഹിയിൽ സിക്കുകാർ കൂട്ടക്കൊല ചെയ്യപ്പെട്ടപ്പോൾ ബംഗാളിലും കൽക്കട്ടയിലും ഒരു കലാപവും ഉണ്ടായില്ലല്ലോ? ഒരു സിക്കുകാരനും ആക്രമിക്കപ്പെട്ടില്ലല്ലോ? വിഭജനകാലത്തിനുശേഷം കൽക്കട്ടയിലോ ബംഗാളിലോ വല്ല കലാപവുമുണ്ടായോ? ഉത്തരേന്ത്യയിലെ പല സ്ഥലങ്ങളിലും കലാപങ്ങൾ ആളിക്കത്തിയപ്പോൾ മുസ്ലീങ്ങൾ ഇടതൂർന്ന് താമസിക്കുന്ന കൽക്കട്ടയിലോ ബംഗാളിന്റെ ഏതെങ്കിലും പ്രദേശത്തോ ഒരു കാലാപവും ഉണ്ടാകാതിരുന്നതിന് കാരണം സഖാവ് ജ്യോതിബസുവും ഇടതുപക്ഷ ഗവൺമെന്റുമാണ്. മദർ തെരേസയ്ക്കെതിരെ എന്തെല്ലാം തരത്തിലുള്ള കോലാഹലം വർഗ്ഗീയവാദികൾ ഉണ്ടാക്കി. അവരുടെ പ്രശസ്തമായ സ്ഥാപനം ആ തെരുവിൽനിന്ന് നീക്കം ചെയ്യണമെന്നുവരെ പറഞ്ഞു. എന്നിട്ട് എന്താണ് അത് നടക്കാതെ

പോയതെന്നറിയാമോ? അവിടെ ഇടതുപക്ഷങ്ങൾ ശക്തമായതുകൊണ്ടും അവിടെയൊരു ഇടതുപക്ഷ ഗവൺമെന്റ് ഉണ്ടായിരുന്നതുകൊണ്ടും ശ്രീ. ജ്യോതിബസു മുഖ്യമന്ത്രിയായതുകൊണ്ടുമാണ്. ഇതെല്ലാം ഞങ്ങൾ അഭിമാനത്തോടെ പറയുന്നതാണ്.

ശ്രീ. എം. എ. ബേബി: സർ, ലോകസഭാ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന കേന്ദ്രമന്ത്രി ഡോ. ശശി തരൂർ നോവലുകളും എഴുതിയിട്ടുണ്ട്. ശ്രീ. പി. സി. ജോർജിന് വളരെ ഇഷ്ടപ്പെട്ട ആളാണ് ഡോ. ശശി തരൂർ. അദ്ദേഹം എഴുതിയ 'The Riot' എന്നുപറയുന്ന നോവലിൽ ഇന്ത്യയിലെ വർഗ്ഗീയ സംഭവവികാസങ്ങളെക്കുറിച്ചുള്ള പരാമർശമുള്ളപ്പോൾ അതിലെ ഐ.എ.എസ്. ഓഫീസറായിട്ടുള്ള ഒരു കഥാപാത്രം പറയുന്നുണ്ട്. ഇന്ത്യയിലാകെ വർഗ്ഗീയ ലഹളകൾ പടർന്നുപിടിച്ചപ്പോൾ വർഗ്ഗീയലഹള പടർന്നുപിടിക്കാത്ത ന്യൂനപക്ഷങ്ങളെല്ലാം സംരക്ഷിക്കപ്പെട്ട ഒരേയൊരു സംസ്ഥാനം ഇടതുപക്ഷം ഭരിക്കുന്ന പശ്ചിമബംഗാളാണെന്ന്. ശ്രീ. പി. സി. ജോർജ് ആ നോവൽ വായിച്ചിട്ടുണ്ടോ? ഇത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നോവൽ ഞാൻ വായിച്ചിട്ടില്ല. പക്ഷേ ഇത് എനിക്കറിയാം.

ശ്രീ. പി.സി. ജോർജ്: സർ, ഞാൻ വായിച്ചിട്ടില്ല. ആ ബംഗാളിലിപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടോ? പണ്ട് അമ്മാവൻ ആനപ്പുറത്തിരുത്തിയതുകൊണ്ട് ചന്തിയിൽ തഴമ്പ് കാണുമെന്ന് പറഞ്ഞ് നടക്കരുത്. ബംഗാളിലിപ്പോൾ സാധനമില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അവർ അത്ര പുരോഗമനവാദി കൾ ആയതുകൊണ്ടാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: അപ്പുറത്തിരിക്കുന്ന ആളിനോട് എവിടെ യൊക്കെ കോൺഗ്രസ് ഉണ്ടെന്ന് കേൾക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോൺഗ്രസ് കൊണ്ടുവന്ന താണ് ജനാധിപത്യം. മൾട്ടി പൊളിറ്റിക്സ് ഇവിടെ കൊണ്ടുവന്നത് കോൺഗ്രസ് തന്നെയാണ്. സംശയമൊന്നും വേണ്ട. പക്ഷേ ആ പാർട്ടി ജയി ക്കാൻ വേണ്ടി മാത്രമല്ല. തെരഞ്ഞെടുപ്പ് വരും, ജനങ്ങളുടെ ഹിതം നടക്കും. കോൺഗ്രസ്സിന് മാത്രം ജയിക്കാൻ ഒരു പാർട്ടി സിസ്റ്റം വേണമായിരുന്നുവെ ങ്കിൽ സർവ്വാധിപത്യപ്രസ്ഥാനമായി ഇരുന്നാൽ പോരായിരുന്നോ? അതല്ല, ഞങ്ങൾ ജനാധിപത്യത്തിലാണ് വിശ്വസിക്കുന്നത്. സർവ്വാധിപത്യത്തിൽനിന്ന് അകന്നാണ് പോകുന്നത്. അതുകൊണ്ടുതന്നെ ഏതുകക്ഷിക്കും ഭരണത്തിൽ വരാം. അത് ജനാധിപത്യത്തിന്റെ ബേസ് ആണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃ ഷ്ണൻ മനസ്സിലാക്കേണ്ടത്, ഇന്ത്യയുടെ ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യ ത്തിലൂന്നിയും ഇന്ത്യയുടെ ബഹുസ്വരരാഷ്ട്രം എന്നുള്ള സമീപനം മനസ്സിലാ ക്കിയും അല്ലാതെ ഒരു പാർട്ടിക്കും മുമ്പോട്ടുപോകാൻ പറ്റില്ല. ഇന്ത്യാ രാജ്യം ഒന്നിച്ചുനിൽക്കുന്നത് ജനാധിപത്യവും മതേതരത്വവും ഉള്ളതുകൊണ്ടാണ്. അതില്ല എങ്കിൽ ഛിന്നഭിന്നമാകും. അതിനകത്തുനിന്ന് കോൺഗ്രസ്സിന് മാറിപ്പോകാൻ പറ്റില്ല. കേരളത്തിൽ 1957-ൽ ഇ.എം.എസ്.-ന്റെ കാലത്ത് കാർഷിക പരിഷ്കരണ നിയമം കൊണ്ടുവന്നതും അതിനുശേഷം നടന്നകാ

ര്യങ്ങളെല്ലാം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ വിശദീകരിച്ചു. കഴിഞ്ഞ ഗവൺമെന്റ് സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലോളി കമ്മിറ്റിയെ നിയമിച്ചു. അതിന്റെ റിപ്പോർട്ട് എന്നുപറയുന്നത് കേരളത്തിലെ മുസ്ലീം സമുദായത്തിന്റെ മാഗ്നാകാർട്ടയാണ്. എന്തെങ്കിലും സംശയമുണ്ടോ? 85 ശുപാർശകൾ കൊടുത്തു. എന്തൊക്കെയാണത്? പൊതുവിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം, വിദ്യാഭ്യാസ ഉദ്യോഗ സംവരണം, തൊഴിലും സാമ്പത്തിക വളർച്ച, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തലസൗകര്യം, വഖഫ്, ഭരണനടപടികൾ. ഈ കാര്യങ്ങളെ സംബന്ധിച്ച് 85 ശുപാർശകളിൽ 70-75 എണ്ണം നടപ്പാക്കിയില്ലേ? മലബാർ പ്രദേശത്ത് മാത്രമായി ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ 178 ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചില്ലേ; കേരളത്തിലെ ഏത് ഗവൺമെന്റ് ചെയ്തു? സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷ ഗവൺമെന്റ് രൂപീകരിച്ച പാലോളി കമ്മിറ്റി നടത്തിയ ശുപാർശകളിന്മേലാണ് ഈ നടപടി വന്നത്. 178 ഹയർ സെക്കണ്ടറി സ്കൂളുകൾ, മലബാറിലെ മുസ്ലീം പിന്നോക്കപ്രദേശങ്ങളിലെല്ലാം അനുവദിച്ചത് നിഷേധിക്കാനാകുമോ; ശ്രീ. എം. എ. ബേബിയുടെ നേതൃത്വത്തിൽ അലിഗഡ് സർവ്വകലാശാലയുടെ കാമ്പസ് കൊണ്ടുവന്നില്ലേ? ശ്രീ. ശശികുമാറിന്റെ നേതൃത്വത്തിൽ അവിടെ സ്ഥലമെടുത്തുകൊടുത്തില്ലേ; അദ്ദേഹത്തെ ആ പരിപാടിക്ക് വിളിക്കാതെയാണ് ശശികുമാറിനോട് നന്ദികാണിച്ചത്. നാഷണൽ ഹൈവേക്ക് സ്ഥലമെടുക്കാൻ ലീഗ് വിചാരിച്ചിട്ട് പറ്റുന്നില്ലല്ലോ; മലപ്പുറത്ത് 350 ഏക്കർ സ്ഥലമാണ്

എടുത്തത്. അലിഗഡ് കാമ്പസ് ഉണ്ടാക്കാൻ 350 ഏക്കർ ഒരു ചെറിയ അവസരം പോലുമുണ്ടാകാതെ........

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി: സർ, പെരിന്തൽമണ്ണ മണ്ഡലത്തിൽ അലിഗഡ് യൂണിവേഴ്സിറ്റി കൊണ്ടുവരാൻ ശ്രീ. ശശികുമാർ ശ്രമിച്ചു എന്നുള്ളത് സത്യമാണ്. പരമാർത്ഥമാണ് ഞങ്ങൾ എല്ലാവരും അതംഗീകരിക്കുന്നു. അദ്ദേഹത്തെ ആ പരിപാടിയിലേക്ക് വിളിച്ചിട്ടുമുണ്ട്. അദ്ദേഹം വന്നില്ല എന്നുള്ളതാണ് കാര്യം. അദ്ദേഹത്തെ ആ പരിപാടിയിലേക്ക് ഞങ്ങൾ ക്ഷണിച്ചിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പെരിന്തൽമണ്ണയിൽ സർവ്വകലാശാല വരുന്നതിനുവേണ്ടി ശ്രമിച്ചു, ഞങ്ങളെല്ലാം അംഗീകരിക്കുന്നുണ്ട് എന്ന് ഇപ്പോൾ അദ്ദേഹം പറഞ്ഞു. പക്ഷേ ആ സമയത്ത് മലപ്പുറത്ത് കളക്ടറേറ്റിനുമുന്നിൽ ഏതാണ്ട് 100 ദിവസമാണ് സർവ്വകലാശാലയ്ക്കെതിരായി ലീഗ് ഒരു സമരം സംഘടിപ്പിച്ചത്. ആ സമരത്തിന്റെ പ്രധാനപ്പെട്ട ഒരു ഉദ്ദേശം, അവർ ഉദ്ദേശിച്ച സ്ഥലത്തുതന്നെ സർവ്വകലാശാല വരണമെന്നുള്ളതായിരുന്നു. ആ സമരം വിജയിച്ചോ ഇല്ലയോ എന്നത് ചർച്ച ചെയ്യുമ്പോൾ യഥാർത്ഥത്തിൽ വിജയിച്ചത് ഒരാളാണ്. കളക്ടറേറ്റിനുമുന്നിൽ ഹോട്ടൽ ബിസിനസ് നടത്തുന്ന ആളാണ് വിജയിച്ചത്. നൂറുദിവസം ആയിരക്കണക്കിനാളുകൾക്ക് ഭക്ഷണം വിൽക്കാൻ അവസരം കിട്ടി. വേറെ ആരും ആ സമരം കൊണ്ട് വിജയിച്ചില്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറത്ത് വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ കയ്യിലുള്ള 250 ഏക്കർ സ്ഥലം അതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടു. അത് പാണക്കാട് വില്ലേജിൽ ആയിപ്പോയി എന്ന ഒറ്റക്കാരണം കൊണ്ടാണ്

അന്ന് ആ സ്ഥലത്ത് തുടങ്ങാതിരിക്കാൻ സി.പി.എം. എതിരായ നിലപാട് സ്വീകരിച്ചത്. മുസ്ലീം ലീഗ് പാർട്ടി കളക്ടറേറ്റിനുമുമ്പിൽ 55 ദിവസം നീണ്ടുനിന്ന അനിശ്ചിതകാല സമരം നടത്തിയപ്പോൾ ഈ സ്ഥലം അക്വയർ ചെയ്തുകൊടുക്കാൻ സി.പി.എം. ഗവൺമെന്റ് നിർബന്ധിതമായ സാഹചര്യത്തിലാണ് പെരിന്തൽമണ്ണയിൽ അത് യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചത് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പാണക്കാട് ബഹുമാനപ്പെട്ട തങ്ങളുടെ നേതൃത്വത്തിലുള്ള സ്കൂളിന് പ്ലസ്-ടു അനുവദിച്ചത് മുസ്ലീം ലീഗ് ഭരിക്കുമ്പോഴല്ല ഇടതുപക്ഷഗവൺമെന്റ് ഭരിക്കുമ്പോഴാണ് എന്നുള്ളത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ? രണ്ടാമതായി പാണക്കാടുള്ള സ്ഥലം എന്നുപറയുന്നത് വ്യാവസായ വികസനത്തിനുവേണ്ടിയുള്ള ഇൻകെൽ-ന്റെ ഭൂമിയായിരുന്നു. ആ ഭൂമിയിൽ സർവ്വകലാശാല വേണമെന്ന് വാശിപിടിച്ചതിന്റെ പേരിലാണ് ഈ സമരമുണ്ടായത്. ന്യൂനപക്ഷമേഖലയിലുള്ള ഇത്തരം പദ്ധതികൾ വരുമ്പോഴെല്ലാം നെഗറ്റീവായ സമീപനം സ്വീകരിച്ചിട്ടുണ്ട്. ഈ സഭയിൽ പാവപ്പെട്ട മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയ സമയത്ത് അത് പലിശ ഉൾപ്പെടുന്ന പണമാണെന്നുള്ളതുകൊണ്ട് അത് വാങ്ങുന്നത് ശരിയല്ല എന്നു പ്രസംഗിച്ച മുസ്ലീം ലീഗ് നേതാക്കൾ ഇല്ലേ എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ഒരു മിനിട്ട്, ഇന്ന് ഇനി ഒരു ബിൽ കൂടിയുണ്ട്.

ഡോ. കെ.ടി. ജലീൽ: സർ, പാണക്കാട് 250 ഏക്കർ സ്ഥലത്താണ് ഇപ്പോൾ EFLU-ന്റെ കാമ്പസ് വന്നത്. എജ്യൂക്കേഷണൽ ഹബ്ബ് വരാൻ പോകുന്നത്. അന്ന് ഇവർ പറഞ്ഞതുപോലെ അലിഗഡ് മുസ്ലീം യൂണിവേ

ഴ്സിറ്റിയുടെ ഓഫ് കാമ്പസ് അവിടെ സ്ഥാപിച്ചിരുന്നുവെങ്കിൽ EFLU-ന്റെ കാമ്പസും എജ്യൂക്കേഷണൽ ഹബ്ബും എവിടെ കൊണ്ടുവരുമായിരുന്നു? സത്യത്തിൽ വലിയൊരു നേട്ടമല്ലേ അന്നത് പെരിന്തൽമണ്ണയിൽ ആരംഭിച്ചതു കൊണ്ട് മലപ്പുറത്തിന് കിട്ടിയത്. 350 ഏക്കർ സ്ഥലം കിട്ടി അവിടെ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് കൊണ്ടുവന്നു. അങ്ങനെ കൊണ്ടുവന്നതുകൊണ്ടാണ് 250 ഏക്കർ സ്ഥലം ഉപയോഗിച്ചുകൊണ്ട് ഇന്ന് EFLU-ന്റെ  കാമ്പസ് മലപ്പുറത്ത് സ്ഥാപിക്കാൻ കഴിഞ്ഞതും അതുപോലെ എജ്യൂക്കേഷണൽ ഹബ്ബ് അവിടെ തുടങ്ങാൻ കഴിഞ്ഞതും. ഒരിഞ്ച് സ്ഥലം മലപ്പുറത്ത് പ്രത്യേകിച്ച് 100 ഏക്കർ സ്ഥലമൊക്കെ ഇപ്പോൾ ഇവർക്ക്............

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇത്തരം കാര്യങ്ങൾക്ക്....ഞാൻ വഴങ്ങുന്നില്ല.

മി. ചെയർമാൻ: എല്ലാവരും ഒന്ന് സഹകരിക്കുക. അദ്ദേഹം ഒന്നു പറഞ്ഞ് അവസാനിപ്പിച്ചോട്ടെ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ വഴങ്ങുന്നില്ല. ഇത്തരം കാര്യങ്ങളുടെ ന്യൂ ആൻസേഴ്സിലേക്ക് ഞാൻ കടക്കുന്നില്ല.  കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടി ഇടതുപക്ഷം കേരള സംസ്ഥാനത്തും അഖിലേന്ത്യാതലത്തിലും നിരന്തരമായി  എടുത്തിട്ടുള്ള നിലപാടുകളെ ഓർമ്മിപ്പിക്കാൻ വേണ്ടി മാത്രമാണ് ഞാൻ ഇത് പറഞ്ഞത്. ആന്ധ്രാപ്രദേശിൽ സലാഹുദ്ദീൻ ഉവൈസിയുടെ പാർട്ടിയാണ്  ഇത്തിഹാദുൽ മുസ്ലിമീൻ.  സലാഹുദ്ദീൻ ഉവൈസി എന്നോടൊപ്പം പാർലമെന്റിൽ അംഗമായിരുന്നു.  ഇപ്പോൾ അദ്ദേഹ

ത്തിന്റെ മകനാണ് പാർലമെന്റിൽ അംഗമായിട്ടുള്ളത്. അവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും കോൺഗ്രസ്സുൾപ്പെടെ ഭരിക്കുന്ന പാർട്ടിയും എല്ലാവരും ഒരു തീരുമാനമെടുത്തു. അവരെ ഞങ്ങൾ ഐക്യത്തിൽ കൂട്ടില്ല എന്ന്. ഞങ്ങൾ അവരുമായി ഐക്യത്തിനില്ല എന്നുപറഞ്ഞതിന്റെ ഫലമായി ബോൺസായിയെപ്പോലെ ഏഴ് നിയമസഭാംഗങ്ങളെ അവർക്ക് കിട്ടും. ഏഴ് നിയമസഭാംഗങ്ങളും സലാഹുദീൻ ഉവൈസി ജീവിച്ചിരുന്നപ്പോൾ അദ്ദേഹവും ഇപ്പോൾ അദ്ദേഹത്തിന്റെ മകനും പാർലമെന്റിൽ വരുന്നതുപോലെ ലീഗിന് ആ സ്ഥിതി ആകുമായിരുന്നു. ആ ലീഗിനെ കേരള രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നത് ഞങ്ങളാണ്. അതിനകത്ത് യാതൊരു സംശയവും വേണ്ട. അതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഞങ്ങൾക്ക് പശ്ചാത്താപമൊന്നുമില്ല. പക്ഷേ ലീഗുകാർ അത് എപ്പോഴെങ്കിലുമൊക്കെ ഓർക്കണം. ഞാൻ പറഞ്ഞുവന്നത്, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മതന്യൂനപക്ഷവിഭാഗമായ മുസ്ലീങ്ങൾക്ക് പിന്നോക്കാവസ്ഥയുണ്ട്. ആ പിന്നോക്കാവസ്ഥ മാറ്റുന്നതിനുവേണ്ടിയുള്ള അതിശക്തമായ നടപടിയെടുക്കണം. ആ നടപടികൾ എടുത്തതിന്റെ ഭാഗമായാണ് പാലോളി കമ്മീഷന്റെ റിപ്പോർട്ടും അത് നടപ്പാക്കാൻ വേണ്ടി യത്നിച്ചതും എന്ന് ഞങ്ങൾ അഭിമാനപുരസ്സരം പറയുന്നു. ശ്രീ.കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ കമ്മീഷൻ ഒരു പല്ലില്ലാത്ത കമ്മീഷനാണ്. ഒരു ശക്തിയില്ലാത്ത കമ്മീഷനാണ്. ഒരു കാര്യത്തിൽ ഈ കമ്മീഷന് ഇടപെടാം. ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളും വിവേചനങ്ങളുമെല്ലാം പൊതുസമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരാം എന്നുള്ളതല്ലാതെ മറ്റൊരുകാര്യവും ഈ കമ്മീഷനെക്കൊണ്ട് ഉദ്ദേശിക്കുന്നില്ല എന്നാണെനിക്ക് തോന്നുന്നത്. ഈ കമ്മീഷന് അതിനുള്ള

അധികാരവുമില്ല. അങ്ങനെ ഒരധികാരമുള്ള കമ്മീഷനാകണം. പാലോളി കമ്മീഷൻ റിപ്പോർട്ടിൽ നടപ്പാക്കാത്ത ശുപാർശകൾ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ കഴിയുന്നതിനുള്ള ഒരു കമ്മീഷനാകണം. അങ്ങനെ ഒരു കമ്മീഷൻ കൊണ്ടുവന്നെങ്കിൽ മാത്രമേ, അങ്ങനെ ശക്തിയുള്ള ഒരു കമ്മീഷൻ കൊണ്ടുവരിക എന്നതാണ് ഇന്ന് കേരളത്തിന്റെ പ്രധാനപ്പെട്ട ആവശ്യം. ആ അവശ്യം ഈ ബില്ല് നിറവേറ്റുന്നില്ല എന്നുള്ളതാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ന്യൂനത. പക്ഷേ ഇത് കുറച്ചുപ്രവർത്തിച്ചുതുടങ്ങിക്കഴിഞ്ഞ് വീണ്ടും ഇടതുപക്ഷഗവൺമെന്റ് വരുമ്പോൾ ഭേദഗതിയടക്കം ശക്തിയുള്ള ഒരു കമ്മീഷൻ കൊണ്ടുവരാൻ സാധിക്കുമെന്നുള്ള ഒരാത്മവിശ്വാസം എനിക്കുണ്ട്. ഇതുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുകയാണ്. 1992-ലെ ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ചുവടുപിടിച്ചുകൊണ്ടുള്ള ഒരു ബില്ലാണ് ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്നത്. ചുവടുപിടിച്ചു എന്നുമാത്രമല്ല, ആ കേന്ദ്ര നിയമത്തെ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. ഇപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് കേന്ദ്രത്തിൽ ഏത് ഗവൺമെന്റ് വന്നാലും ആ ഗവൺമെന്റ് കേന്ദ്ര നിയമത്തോട് സ്വീകരിക്കുന്ന സമീപനം കേരളത്തിലെ നിയമത്തിലും അടിസ്ഥാനപരമായിത്തന്നെ റിഫ്ളക്ട് ചെയ്യും. അതാണ് ഇവിടത്തെ ഒന്നാമത്തെ പ്രശ്നം. ഈ നിയമത്തിൽ ന്യൂനപക്ഷത്തെ നിർവ്വചിച്ചിരിക്കുന്നത് 1992-ലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്ടിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന സമുദായം

എന്നാണ്. കേന്ദ്ര നിയമത്തിന്റെ കീഴിൽ കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന സമുദായമാണ് നമ്മുടെ സംസ്ഥാനം ഇന്ന് പാസ്സാക്കാൻപോകുന്ന നിയമത്തിലെ ന്യൂനപക്ഷം. കേന്ദ്രം ന്യൂനപക്ഷത്തിന്റെ മാനദണ്ഡം മാറ്റിയാ ലോ ന്യൂനപക്ഷ പട്ടികയിൽനിന്ന് എന്തെങ്കിലും മാറ്റിയാലോ ഇവിടെ ഈ നിയമം അപ്രസക്തമാകുകയാണ്. ഈ സംസ്ഥാനത്തിന്റെ മതന്യൂനപക്ഷ ങ്ങൾ ഏത് എന്നതിനെ സംബന്ധിച്ച് നമ്മുടേതായ മാനദണ്ഡങ്ങൾവച്ച് തീരു മാനിക്കാതെ പരിപൂർണ്ണമായും കേന്ദ്ര ആക്ടിനെ അതേപടി പകർത്തുന്നു എന്നുള്ളതാണ് ഈ നിയമത്തിന്റെ പോരായ്മ. അത് എവിടെ പ്രതിഫലി ക്കാൻ പോകുന്നുവെന്ന് പറഞ്ഞാൽ, ആ വിജ്ഞാപനത്തിൽ കേന്ദ്ര ഗവൺമെന്റ് അപ്പപ്പോൾ ഉണ്ടാക്കുന്ന മാറ്റങ്ങൾ അതേപടി വിഴുങ്ങേണ്ടുന്ന ഒരു അവസ്ഥ ഈ നിയമം ഇതേപടി പാസ്സാക്കിയാൽ നമുക്കുണ്ടാകാൻ പോകുന്നുവെന്നുള്ളതാണ് ഈ നിയമത്തിലെ ഏറ്റവും വലിയ പോരായ്മ. രണ്ടാമത്, ഇതിന്റെ മൂന്നാം ഖണ്ഡികയിൽ കമ്മീഷന്റെ അംഗങ്ങളെ സംബ ന്ധിച്ച് പറയുന്നുണ്ട്. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും നിയമപരിജ്ഞാനമുള്ളതുമായ ഒരു ചെയർപേഴ്സൺ. നിയമപരിജ്ഞാനമെന്നല്ലാതെ നിയമബിരുദം എന്നുപോലും പറയുന്നില്ല. നിയമപരിജ്ഞാനം ആർക്കാണ് ഇല്ലാത്തത്? അടിസ്ഥാനപരമായ നിയമം, കൊല ചെയ്യരുതെന്ന് അറിയാവുന്ന ഒരാൾക്ക് നിയമപരിജ്ഞാനമുണ്ട്. അതു പോലെതന്നെ ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ പ്രത്യേക പരിജ്ഞാനമെന്ന് പറയുന്നത് വളരെ ആപേക്ഷികമായി ഒരു സംസ്ഥാന ഗവൺമെന്റിന് ചെയർപേഴ്സണെ നിയമിക്കുന്നതിന് പൂർണ്ണമായ സ്വാതന്ത്ര്യം കൊടുക്കുന്ന തരത്തിലുള്ള ഒരു വ്യവസ്ഥയാണ് കമ്മീഷൻ നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നത്. അംഗങ്ങളായി പറയുന്നതിൽ ഒരാൾ, നിയമ

പരിജ്ഞാനമെന്ന് പറയുന്നത് നിൽക്കട്ടെ, അവിടെ പ്രത്യേക പരിജ്ഞാനം മാത്രമേ പറയുന്നുള്ളൂ. അംഗത്തിന് നിയമപരിജ്ഞാനം വേണ്ട. ചെയർപേഴ്സണായി വരുന്ന ആൾ ഏത് മതന്യൂനപക്ഷത്തിൽപ്പെടുന്നുവോ ആ സമുദായത്തിൽപ്പെടാത്ത ആളായിരിക്കണം ഒരംഗം, മൂന്നാമത് വനിതാ അംഗം, നാലാമത് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരംഗം. നമ്മുടെ സംസ്ഥാനത്ത് മറ്റ് കമ്മീഷനുകൾ രൂപീകരിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് കാട്ടുന്ന പരിപൂർണ്ണമായ രാഷ്ട്രീയ പരിഗണന വച്ചുകൊണ്ട് ഒരു കമ്മീഷനുണ്ടാകാൻ പോകുന്നു എന്നതിനപ്പുറത്തേക്ക് ഏതെല്ലാം തരത്തിൽ അധികാരമുള്ള അല്ലെങ്കിൽ കാര്യങ്ങൾ വിശകലനം ചെയ്ത് സമീപിക്കാൻ കഴിയുന്ന ഒരു സംവിധാനമായി നമ്മുടെ സംസ്ഥാനത്തെ ന്യൂനപക്ഷ കമ്മീഷൻ മാറുകയില്ലെന്ന ആശങ്കയിലാണ് നമ്മളിപ്പോൾ ഈ നിയമം പാസ്സാക്കുന്നത്. ഒമ്പതാം വകുപ്പിൽ വരുമ്പോഴാണ് കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും നാം കാണുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. സുരേഷ് കുറുപ്പും പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഇത് പരിപൂർണ്ണമായി ഒരു ശുപാർശ കമ്മീഷനായി മാറുകയാണ്. അങ്ങുകൂടി പങ്കെടുത്താണ് നമ്മൾ സബ്ജക്ട് കമ്മിറ്റിയിൽ ഇരുന്നത്. നമ്മൾ എന്താണ് കൂട്ടിച്ചേർത്തത്? പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുന്നതിനോടൊപ്പം അധികാരം കൂടുതൽ കൊടുത്തത് സെമിനാറും സിമ്പോസിയവും ബോധവൽക്കരണ ക്ലാസും സംഘടിപ്പിക്കാനാണ്. എവിടെയാണ് ഇതിന്റെ അധികാരം? സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ വികസനത്തിനുണ്ടായ പുരോഗതി വിലയിരുത്താം, സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തന രീതി അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യാം, പരിഹാര നടപടികൾ നിർദ്ദേശിക്കാം, സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയിലുണ്ടാകുന്ന നടപട

കളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യാം, ശുപാർശ ചെയ്യാം, നടപടികൾ നിർദ്ദേശിക്കാം, സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാം, അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക, സർക്കാർ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റെന്തെങ്കിലും കാര്യങ്ങൾ ചെയ്യുക. ഈ നിയമംമൂലം രൂപീകൃതമാകുന്ന കമ്മീഷന് ശുപാർശകൾ നൽകുക, പഠനങ്ങൾ നടത്തുക, ക്ലാസുകൾ നടത്തുക, റിപ്പോർട്ട് കൊടുക്കുക എന്നതിനപ്പുറത്തേക്ക് ന്യൂനപക്ഷങ്ങളുടെ ന്യായമായ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നുവെന്ന് കൃത്യമായി കണ്ടെത്തുന്ന ഒരു രംഗത്ത് ഇടപെടാൻ, ശുപാർശയ്ക്കപ്പുറത്തേക്ക് അധികാരമുള്ള ഒരു സ്ഥാപനമായി ഇത് വരുന്നില്ല എന്നുള്ളതാണ് ഈ പുതിയ നിയമത്തിന്റെ ഒരു ന്യൂനതയായി ചൂണ്ടിക്കാണിക്കാൻ ഞാൻ ശ്രമിക്കുന്നത്. നമ്മുടേത് ഒരു മതേതര സമൂഹമാണ്. ഭരണഘടന രൂപകൽപ്പന ചെയ്യുമ്പോൾത്തന്നെ ഭൂരിപക്ഷ സമൂദായത്തിനുണ്ടാകുന്ന അതേ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളുമെല്ലാം ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്കും മതേതര ഇന്ത്യയിലുണ്ടാകണമെന്ന് നമ്മുടെ ഭരണഘടനാ ശില്പികൾ ഉറപ്പിച്ചാണ് ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകമായി ചില സംവിധാനങ്ങൾ ഒരുക്കിക്കൊടുത്തത്. ഒരു കാരണവശാലും ഇന്ത്യാ രാജ്യത്ത് ഭൂരിപക്ഷ സമുദായത്തിൽപ്പെട്ട ആളുകളും ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളുകളും തമ്മിൽ സംഘർഷങ്ങളുണ്ടാകരുതെന്നും സംഘർഷരഹിതമായി എല്ലാ ഭാരതീയരും ഒരുമിച്ച് പോകണം എന്നുമുള്ള കാഴ്ചപ്പാടോടുകൂടിയാണ് ഭരണഘടനയിൽ നമ്മുടെ പൂർവ്വികർ ചില നിബന്ധനകൾ എഴുതിവച്ചത്. ഒരു ജനാധിപത്യ സംവിധാനത്തിൽ മതത്തിന്റെ അടിസ്ഥാനത്തിൽ ഒരു പാർട്ടിയുണ്ടാകാൻ പാടുണ്ടോ? ഇവിടെ അതാണ് പ്രശ്നം. ജനാധിപത്യ പ്രക്രിയയിൽ എല്ലാ ആളുകളും പങ്കെടുക്കുമ്പോൾ, മതത്തിനതീതമായി ഒരു പ്രത്യയ ശാസ്ത്രത്തെയോ തത്വസംഹിതയെയോ

ആദർശങ്ങളെയോ സ്വീകരിച്ചുകൊണ്ട് ഒരു പാർട്ടി പ്രവർത്തിക്കുമ്പോൾ മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആളുകളെ പാർട്ടിയിൽ ചേർക്കുന്ന സമ്പ്രദായം ഒരു ജനാധിപത്യ പ്രക്രിയയിൽ ഭൂഷണമല്ല. അത് ഭൂരിപക്ഷ വർഗ്ഗീയതയുടെ പാർട്ടിയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയതയുടെ പാർട്ടിയാണെങ്കിലും ജനാധിപത്യ സംവിധാനത്തിലുള്ള ഒരു പാർട്ടി മതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത് അപകടകരമാണ്. പേരിൽ ഒരു മതത്തിന്റെ പേര് ചേർന്നതുകൊണ്ട് അതൊരു മതപ്പാർട്ടിയാകണമെന്നില്ല. പേരില്ലാത്ത പാർട്ടികളും മതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടാകും. പക്ഷെ, നമ്മൾ ഈയൊരു കാര്യം വിലയിരുത്തിപ്പറയുമ്പോൾ, ഇപ്പോൾ വിലയിരുത്താനും പരിശോധിക്കാനുമുള്ള അവകാശം മാത്രമാണല്ലോ ഈ നിയമത്തിലൂടെ കമ്മീഷന് കൊടുക്കുന്നത്. ഈ രാജ്യത്ത് ഇത്തരത്തിലുള്ള പാർട്ടികൾ നടത്തുന്ന പ്രവർത്തനം എന്താണ്? മതത്തിന്റെ പേരിൽ പാർട്ടി രൂപീകരിച്ച് ആ മതത്തിന്റെ പേരുപറഞ്ഞ് ഒത്തിരി വോട്ടർമാരുടെ ആൾബലം തങ്ങൾക്കുണ്ടെന്ന് വരുത്തിത്തീർത്ത് വിലപേശി അധികാരസ്ഥാനങ്ങളിൽ എത്തിച്ചേർന്നുകഴിഞ്ഞാൽ ആർക്കാണ് ആ അധികാര നിർവ്വഹണത്തിന്റെ പ്രയോജനം ലഭിക്കുന്നത്? അത്തരം മതത്തിൽപ്പെട്ട സാധാരണക്കാർക്ക് ഇതിന്റെ ഫലം കിട്ടാറില്ല. ഞാൻ പാർട്ടികളുടെ പേര് പറയാതിരിക്കാനാണ് ശ്രമിക്കുന്നത്. കേരളത്തിലാണെങ്കിലും ഇന്ത്യയിലാണെങ്കിലും മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ രൂപീകരിക്കപ്പെടുന്ന രാഷ്ട്രീയപ്പാർട്ടികൾ തങ്ങൾക്ക് പിന്തുണയുണ്ടെന്ന് അവകാശപ്പെടുന്ന സമുദായത്തിലെ സാധാരണക്കാരനുവേണ്ടി നിലകൊള്ളാറില്ല. ആ സമുദായത്തിലെ വരേണ്യ വിഭാഗത്തിൽപ്പെട്ട ആളുകളുടെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഏർപ്പാടുകളായി മാറുന്നു. ചില പാർട്ടികൾ

പേര് ഉപയോഗിക്കുന്നു, ചില പാർട്ടികൾ പേര് ഉപയോഗിക്കുന്നില്ല എന്നത് ഒഴിച്ചുനിർത്തിയാൽ....., ഇപ്പോൾ ക്രിസ്ത്യാനികളുടെ പാർട്ടിയാണെന്ന് പറയുന്ന ഏതെങ്കിലും പാർട്ടിയുണ്ടെങ്കിൽ, മുസ്ലീങ്ങളുടെ പാർട്ടിയാണെന്ന് പറയുന്ന പാർട്ടിയുണ്ടെങ്കിൽ, ഈ പാർട്ടികളെല്ലാം ആ സമുദായത്തിലെ ഉന്നതരായ ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും അതിനുവേണ്ടി പടപൊരുതുകയും സാധാരണക്കാരെ വിസ്മരിക്കുകയും ചെയ്യുന്ന കാഴ്ച യാണ് നമുക്ക് ഈ കാലഘട്ടത്തിൽ കാണാൻ കഴിയുന്നത്. രാഷ്ട്രീയ ലാഭത്തിനുവേണ്ടി ന്യൂനപക്ഷത്തെയോ ഭൂരിപക്ഷത്തെയോ അപ്പപ്പോൾ പ്രീണിപ്പിക്കുന്ന നയം രാജ്യത്തെ എല്ലാ ജനാധിപത്യ പാർട്ടികളും ഉപേക്ഷി ക്കാൻ തയ്യാറാകണം. അത് ഇല്ലാതെ വരുന്നതിന്റെ പ്രത്യാഘാതങ്ങൾ പലതും നാം കണ്ടിട്ടുണ്ട്. പഞ്ചാബിൽ ജനതാ പാർട്ടി ശക്തമായിരുന്ന ഒരു കാലഘട്ട ത്തിൽ സുർജിത്സിംഗ് ബർണാലയുടെ നേതൃത്വത്തിലുള്ള അകാലിദളും ജനതാ പാർട്ടിയും തമ്മിൽ സഖ്യത്തിലായിരുന്നു. ആ അകാലിദളിന് സമാന്ത രമായി അകാലികളുടെ ഒരു പാർട്ടി രൂപീകരിക്കുന്നതിനായി ഒരു ഭീകരവാ ദത്തെ പിന്തുണയ്ക്കാൻ അന്നത്തെ ദേശീയപ്രസ്ഥാനം തയ്യാറായി. ഭിന്ദ്രൻവാലയുമായി ഒരുമിച്ച് കോൺഗ്രസിന്റെ നേതാക്കന്മാർ ചില വേദികൾ 1980-ലെ തെരഞ്ഞെടുപ്പിൽ പങ്കിട്ടു. അവസാനം അത് ആ സംസ്ഥാന ത്തിൽപ്പോലും ഖാലിസ്ഥാൻ വാദമായി ഉയരുകയും രാജ്യത്തിന്റെ ഐക്യ ത്തിനുതന്നെ ഭീഷണിയായി വരികയും ചെയ്തു. എന്താണ് ഇത് സൂചിപ്പി ക്കുന്നത്? ഇന്ദിരാ ഗാന്ധിയെന്ന രാജ്യംകണ്ട പ്രധാനപ്പെട്ട പ്രധാനമന്ത്രിയുടെ ജീവൻതന്നെ നഷ്ടപ്പെടുന്നിടത്തേക്ക് അത് എത്തിച്ചേർന്നു. സുവർണ്ണ ക്ഷേത്രത്തിലെ ഓപ്പറേഷൻ, അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകു

ന്നില്ല. അപ്പപ്പോഴത്തെ രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടി മതത്തെ രാഷ്ട്രീയത്തിന് ഉപയോഗിച്ചാൽ അത് ആത്യന്തികമായി ദോഷം ചെയ്യുമെന്ന സന്ദേശമാണ് പഞ്ചാബിലൂടെ നമുക്ക് കിട്ടിയത്. ബാബറി മസ്ജിദിൽ എന്താണ് ഉണ്ടായത്? ഇന്ത്യയിലെ മതേതരത്തിന്റെ ഏറ്റവും വലിയ ടെസ്റ്റ് ഡോസാണ് ബാബറി മസ്ജിദ്. 1989–ൽ വി. പി. സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ മറ്റുപല കാരണങ്ങളാൽ അന്ന് ആ ഗവൺമെന്റിന് പിന്തുണ കൊടുക്കുന്നവരിൽ ബി.ജെ.പി.–യുണ്ട്. ഞാനത് വിസ്മരിക്കുന്നില്ല. ആ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കർസേവകരുമായി അയോധ്യയിലേക്ക് മാർച്ച് നടത്തുമ്പോൾ അതിനെ തടയാനുള്ള ആർജ്ജവം അന്നത്തെ കേന്ദ്ര മന്ത്രിസഭയ്ക്ക്, ബീഹാറിലെ മുഖ്യമന്ത്രിക്കുണ്ടായി. അതുകൊണ്ട് എന്താണ് സംഭവിച്ചത്? അതുകൊണ്ട് സംഭവിച്ചത് ഒരു ഗവൺമെന്റ് താഴെപ്പോയി എന്നതാണ്. ഇന്ത്യാ രാജ്യത്ത് കോൺഗ്രസ് (ഐ)–യും ബി.ജെ.പി.–യും ഒരുമിച്ച് വി. പി. സിംഗ് ഗവൺമെന്റിനെ താഴെയിടാൻവേണ്ടി വോട്ട് ചെയ്തു. എന്തിനാണ്; ബാബറി മസ്ജിദ് സംരക്ഷിക്കുവാനുള്ള ശക്തമായ നിലപാട് വി. പി. സിംഗ് എടുത്തു എന്നുള്ളതുകൊണ്ടാണ്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ഏറ്റവുമധികം അപമാനിക്കപ്പെട്ട, ഹ്യുമിലിയേറ്റ് ചെയ്യപ്പെട്ട ഒരു ദിവസമായിരുന്നു 1992 ഡിസംബർ മാസം ആറാം തീയതി.

ശ്രീ. എം. എ. ബേബി: സർ, അന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന വി. പി. സിംഗിന്റെ ഒരു വാചകം നമ്മൾ ഓർമ്മിക്കേണ്ടതാണ്. മതസൗഹാർദ്ദത്തിന്റെ പ്രതീകമായ ബാബറി മസ്ജിദ് തകർക്കാൻ ചിലർ വരുമ്പോൾ അത് ഞാൻ അനുവദിക്കുകയില്ല. എന്റെ ഗവൺമെന്റ് തകർന്നുവീണാലും ബാബറി

മസ്ജിദ് തകർന്നുവീഴാൻ അനുവദിക്കുകയില്ലെന്നാണ് അദ്ദേഹം പാർലമെന്റിൽ പറഞ്ഞത്. അത് ഓർമ്മിക്കേണ്ടതാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഒരു ഗവൺമെന്റ് കുറച്ചുദിവസം ഇവിടെ അധികാരത്തിൽ തുടരുകയെന്ന രാഷ്ട്രീയ ലക്ഷ്യത്തിനുപരിയായി ഭരണഘടന ഉറപ്പുനൽകുന്ന മതേതരത്വം സംരക്ഷിക്കുവാൻ മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി ഒരു പ്രധാനമന്ത്രിക്കസേര വലിച്ചെറിഞ്ഞ ഒരു പ്രധാനമന്ത്രിയുണ്ടായിരുന്നു ഇന്ത്യാ രാജ്യത്ത്, അത് വി. പി. സിംഗാണ്. അദ്ദേഹത്തിന്റെ ശവസംസ്കാരത്തിന് ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ശ്രീ. എം. എ. ബേബിയും ഞാനും ഒരുമിച്ചാണ് പോയത്. ഇത്തരം കാര്യങ്ങളിൽ അപ്പോഴത്തെ രാഷ്ട്രീയ അധികാരത്തിനുവേണ്ടി വർഗ്ഗീയതയെ, അത് ഭൂരിപക്ഷ വർഗ്ഗീയതയായാലും ന്യൂനപക്ഷ വർഗ്ഗീയതയായാലും അതിനെ താലോലിക്കുന്ന സമീപനം ശരിയല്ല. എങ്ങനെയാണ് ബാബറി മസ്ജിദ് തകർന്നത്, ഇവിടെ ചില ആളുകൾ സൂചിപ്പിച്ചു. ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് അത് പൂട്ടിയിട്ടു, അത് എന്തോ ആകട്ടെ ഷബാനു കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽനിന്നും ഒരു വിധിയുണ്ടായി മൊഴി ചൊല്ലപ്പെടുന്ന മുസ്ലീം സ്ത്രീകൾക്ക് ജീവനാംശം കൊടുക്കാൻ.....

ശ്രീ. സി. പി. മുഹമ്മദ്: സർ,ഈ പറഞ്ഞതൊക്കെ ഞാൻ അംഗീകരിച്ചു. പക്ഷെ ഒരു പാർലമെന്റ് അംഗത്വത്തിനുവേണ്ടി, മകന്റെ മുഖ്യമന്ത്രി സ്ഥാനത്തിനുവേണ്ടി ബി. ജെ.പി.യുമായി കൂട്ടുചേർന്ന ദേവഗൗഡയല്ലേ അങ്ങയുടെ നേതാവ്. അത് വിസ്മരിച്ചുകൊണ്ട് ഇങ്ങനെയൊക്കെ പറയാമോ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ ആ വിഷയത്തിലേക്ക് വരാം. ദേവഗൗഡ ഒരു കാലഘട്ടത്തിലും ബി.ജെ.പി.യുമായി കൂട്ടുകൂടിയിട്ടില്ല.

പാർട്ടിയുടെ പ്രഖ്യാപിത നിലപാടിൽനിന്ന് വ്യതിചലിച്ചുകൊണ്ട് കുമാരസ്വാമി അങ്ങനെപോയപ്പോൾ പാർട്ടി അതിന്റെ നടപടി എടുത്തിട്ടുണ്ട്. കേരളാ പാർട്ടി അത് അംഗീകരിച്ചിട്ടില്ല. കേരളത്തിലെ ജനതാദൾ (എസ്) ഇവിടുത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം നിന്നതാണ്. ബാബറി മസ്ജിദ് എങ്ങനെ രൂപപ്പെട്ടതാണ്? ഇപ്പോൾ അങ്ങേഭാഗത്തുള്ള ശ്രീ. വീരേന്ദ്ര കുമാർ പാർട്ടിയുടെ പ്രസിഡന്റായിരിക്കുമ്പോൾ അദ്ദേഹമുൾപ്പെടെ ഞങ്ങൾ ആ നില പാടുകളെ തള്ളിപ്പറഞ്ഞുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം നിൽക്കുകയും 2006-ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കു കയും ചെയ്തു. ബാബറി മസ്ജിദ് എങ്ങനെയാണ് രൂപപ്പെട്ടത്? ഷബാനു കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുണ്ടായി. മൊഴി ചൊല്ലപ്പെ ടുന്ന മുസ്ലീം സ്ത്രീക്ക് ജീവനാംശം കൊടുക്കണം. സിആർ.പി.സി.-യുടെ 125 ആപ്ലിക്കബിൾ ആണ്. ഇതിനെ മറികടക്കാൻവേണ്ടി നിയമം കൊണ്ടുവരണ മെന്ന് ഒരു സമുദായത്തിലെ പ്രബലൻമാർ ആവശ്യപ്പെട്ടു. അന്ന് ഒരു പ്രത്യേക നിയമം കൊണ്ടുവന്നു. ആ നിയമത്തിന്റെ പേര് മുസ്ലീം വിമെൻ പ്രൊട്ടക്ഷൻ ഓൺ ഡൈവോഴ്സ് ആക്ട് എന്നാണ്. വിവാഹമോചിതയാക പ്പെടുന്ന മുസ്ലീം സ്ത്രീയെ സംരക്ഷിക്കപ്പെടുവാനുള്ള നിയമം വന്നപ്പോൾ വേറൊരു സമുദായത്തിൽനിന്ന് പ്രത്യാഘാതങ്ങളുണ്ടായി. ഒരുഭാഗത്ത് മുസ്ലീം വർഗ്ഗീയതയെ പ്രീണിപ്പിക്കുവാൻവേണ്ടി പ്രൊട്ടക്ഷൻ ഓഫ് മുസ്ലീം വിമെൻ ഓൺ ഡൈവോഴ്സ് ആക്ട് കൊണ്ടുവന്ന അതേ ഗവൺമെന്റ് തന്നെ മറുഭാഗത്തെ വർഗ്ഗീയതയെ പ്രീണിപ്പിക്കാൻവേണ്ടി ബാബറി മസ്ജിദ് അല്ലെങ്കിൽ രാമ ജൻമഭൂമിയിൽ പൂജ നടത്താൻവേണ്ടി അവസരം കൊടു ത്തു. അത് ഇന്ത്യയുടെ മതേതരത്വം തകർക്കുന്ന തരത്തിലുള്ള പ്രശ്നമായി

മാറിയതെപ്പോഴാണ്, അന്നേരത്തെ രാഷ്ട്രീയ ആവശ്യങ്ങൾക്കുവേണ്ടി ഇതിനെയൊക്കെ ഉപയോഗിക്കാൻ ശ്രമിച്ചപ്പോഴാണ്. രാഷ്ട്രീയത്തെയും മതത്തെയും തമ്മിൽ വേർതിരിച്ചുകാണാൻ നമുക്ക് കഴിയണം. മതന്യൂനപക്ഷങ്ങൾക്ക് വിശ്വാസമർപ്പിക്കാൻ കഴിയുന്ന രാഷ്ട്രീയ സംവിധാനത്തിൽ അവർ വിശ്വാസം അർപ്പിക്കട്ടെ, അവർ വളരട്ടെ, അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടട്ടെ, അവരുടെ വിദ്യാഭ്യാസം, പ്രകൃതിയുടെ വിഭവങ്ങൾ അനുഭവിക്കാനുള്ള സ്വാതന്ത്ര്യം, അവസരം, അവകാശം അതൊക്കെ സംരക്ഷിക്കപ്പെടുന്നതോടൊപ്പംതന്നെ ഒരുതരത്തിലും ഈ നാട്ടിലെ ജനാധിപത്യ പ്രക്രിയയിൽ നേരിട്ട് മതങ്ങൾ ഇടപെടുന്ന ഒരു സമ്പ്രദായത്തെ നമ്മൾ ഇരുഭാഗത്തുമുള്ള ആളുകൾ പ്രോത്സാഹിപ്പിക്കരുത്. അത്തരത്തിലുള്ള സമീപനം തന്നെയാണ് നമുക്കുണ്ടാകേണ്ടത്. മതത്തിന്റെ അടിസ്ഥാനത്തിൽ ഒരു ജനാധിപത്യ സമ്പ്രദായത്തിൽ പാർട്ടികൾ പ്രവർക്കുന്നതുതന്നെ, ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയതയാണെങ്കിലും മതം പറഞ്ഞുകൊണ്ടല്ല, മതത്തിന്റെ പേരിൽ ആളുകളെ സംഘടിപ്പിച്ച് ജനാധിപത്യഭരണ സമ്പ്രദായത്തിൽ മതേതര സമൂഹത്തിൽ പാർട്ടികൾ പ്രവർത്തിക്കുന്നതിന് നിയന്ത്രണം കൊണ്ടുവരുന്നതിനെ സംബന്ധിച്ച് നമുക്ക് ആലോചിക്കേണ്ടതായിട്ടുണ്ട്. മതന്യൂനപക്ഷങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന കാര്യത്തിൽ ഒരു ഭാഗത്തും തർക്കമില്ല. കഴിഞ്ഞ കാലത്ത് ആര് സംരക്ഷിച്ചിരുന്നു എന്നതിനെ സംബന്ധിച്ച് പറയുമ്പോഴാണ് ഭിന്നതകളുണ്ടാകുന്നത്. വലിയ തർക്കങ്ങളിലേക്ക് ഞാൻ പോകുന്നില്ല. നിയമം ക്രോഡീകരിച്ച് ഫലവത്താക്കി തീർക്കണമെങ്കിൽ ശുപാർശകൾക്കപ്പുറത്ത് നടപടികൾ സ്വീകരിക്കാൻ കഴിയുന്ന, പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്ന അധികാരംകൂടി സംസ്ഥാനത്ത് രൂപീകരിക്കാൻ പോകുന്ന ന്യൂനപക്ഷ കമ്മീഷന് ഉണ്ടാകേണ്ടിയിരിക്കുന്നു. അതോ

ടൊപ്പംതന്നെ ദേശീയ കമ്മീഷൻ ആക്ട് പ്രകാരം കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന സമുദായങ്ങളെ മാത്രം ഈ നിയമത്തിന്റെ പരിധി യിൽ കൊണ്ടുവരുന്ന വ്യവസ്ഥ ആപൽക്കരമാണെന്നുകൂടി ചൂണ്ടിക്കാണിച്ചു കൊണ്ട് എന്റെ ഡിസന്റ് ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംതൃപ്തമായ ന്യൂനപക്ഷമാണ് ജനാധി പത്യത്തിന്റെ സമൂർത്തമായ ഭാവം നമ്മുടെ രാജ്യത്ത് നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റി ബിൽ എന്ന പേരിൽ പാർലമെന്റ് പാസ്സാക്കിയ നിയമം 1992 മേയ് 14–ന് നിലവിൽ വന്നപ്പോൾ അതിന്റെ അടിസ്ഥാനത്തിലാണ് മൈനോരിറ്റി കമ്മീഷൻ രൂപീകരിക്കുക എന്ന സാഹചര്യമുണ്ടാകുന്നത്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉണ്ടാവുകയും അതിനെ തുടർന്ന് ഒട്ടേറെ സംസ്ഥാനങ്ങളിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വരികയും ചെയ്തു. 1992 ഡിസംബർ 18 –ന് ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് പരിപൂർണ്ണമായ സംരക്ഷണം ഉറപ്പാക്കേണ്ട ബാധ്യത ഊന്നിപ്പറഞ്ഞുകൊണ്ട് യു.എൻ. പ്രഖ്യാപനവും വന്നതോടുകൂടി നമ്മുടെ രാജ്യത്ത് ഇതുസംബന്ധമാ യുണ്ടായ നിയമത്തിന് കൂടുതൽ പരിരക്ഷ ലഭിക്കുകയായിരുന്നു. നമ്മുടെ രാജ്യത്തിന്റെ ഭരണഘടന എല്ലാ വിഭാഗം ജനങ്ങളുടേയും വികാര വിചാര ങ്ങൾ ഉൾക്കൊള്ളുന്നതാണ്. ആ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30, 350 (എ), 350 (ബി) തുടങ്ങിയവ ന്യൂനപക്ഷങ്ങളുടെ പരിരക്ഷ ഉറപ്പാക്കാൻ കഴി

യുന്നവിധം നമ്മുടെ രാജ്യത്തിന്റെ ഭരണ സംവിധാനത്തെ ചിട്ടപ്പെടുത്തിയതാണ് എന്നുമാത്രമല്ല ന്യൂനപക്ഷവും ഭൂരിപക്ഷവുമെന്ന് പറയുന്നത് ഒരു ആഗോള പ്രതിഭാസമാണ്. അത് ഇന്ത്യയിൽ മാത്രമുള്ള ഒന്നല്ല. ലോകത്തിന്റെ ഏത് ഭാഗത്തും ന്യൂനപക്ഷ ജനവിഭാഗങ്ങളുണ്ട്. ഇവിടെ മുസ്ലീങ്ങളും ബുദ്ധമതക്കാരും ജൈനമതക്കാരും പാഴ്സികളുമായ വിഭാഗമുണ്ടെങ്കിൽ അതുപോലെതന്നെ ജർമ്മനിയിൽ എത്തുമ്പോൾ അത് ജൂത സമുദായമായി മാറുകയാണ്. ചിലയിടങ്ങളിൽ കറുത്ത വർഗ്ഗക്കാരെ ആ രീതിയിൽത്തന്നെ ഉൾപ്പെടുത്തിയിരിക്കുകയാണ്. ന്യൂനപക്ഷങ്ങൾ എന്നുപറയുന്നത് ലോകത്തിന്റെ ഏത് ഭാഗത്തുമുണ്ട് ആ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുമാണ്. പ്രവാചകൻ മദീനയിൽ ഒരു രാഷ്ട്രം ഉണ്ടാക്കുമ്പോൾ എല്ലാവർക്കും പരിരക്ഷ നൽകുന്ന രീതിയാണ് സ്വീകരിച്ചത്. മദീന ചാർട്ടർ വളരെ പ്രധാനമാണ്. മദീന ചാർട്ടർ പരിശോധിക്കുന്ന ഏതൊരാൾക്കും അറിയാം പ്രവാചകൻ ആ രംഗത്തുപോലും എത്രമാത്രം സൂക്ഷ്മത പുലർത്തിയിട്ടുണ്ട് എന്ന്. ഐക്യരാഷ്ട്രസഭയുടെ ചാർട്ടർപോലും പറയുന്നത് ഒരു രാജ്യത്തിന്റെ ജനസംഖ്യയിൽ മേധാവിത്വം പുലർത്താത്തതും ഇതര ജനവിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി ഭാഷ, മതം, സംസ്ക്കാരം എന്നിവയുടെ തനിമ നിലനിർത്താൻ ആഗ്രഹിക്കുന്നതുമായ വിഭാഗം എന്നാണ്. അങ്ങനെവരുമ്പോൾ സ്വാഭാവികമായും ഇന്ത്യാരാജ്യത്ത് 50 ശതമാനത്തിൽ കുറവുള്ള വിഭാഗങ്ങളാണ് ഈ ഗണത്തിൽപ്പെടേണ്ടത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ മുസ്ലീങ്ങൾ 13.4 ശതമാനവും ക്രിസ്ത്യാനികൾ 2.3 ശതമാനവും സിക്കുകാർ 1.9 ശതമാനവുമാണ്. ന്യൂനപക്ഷങ്ങളുടെ പട്ടികയിൽപ്പെട്ട അവർ അവരുടെ അവകാശങ്ങൾക്ക് അർഹതപ്പെട്ടവരാണ്. കേരളത്തിൽ മുസ്ലീങ്ങൾ 24.3 ശത

മാനവും ക്രിസ്ത്യാനികൾ 19 ശതമാനവുമാണ്. ന്യൂനപക്ഷങ്ങൾക്കും ഭൂരിപക്ഷങ്ങൾക്കും ഒരുപോലെ അവകാശപ്പെടുന്ന അവകാശങ്ങളും നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയിലുണ്ട്. ഭരണഘടനയിലെ ആർട്ടിക്കിൾ 15, 16, 25, 26, 28 എന്നിവ ആ രീതിയിലുള്ളതാണ്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടന പരിശോധിക്കുന്ന ഏതൊരാൾക്കും കാണാൻകഴിയും രാജ്യത്തിന്റെ ക്രിമിനൽ ചട്ടങ്ങളിൽ വരെ പലപ്പോഴും കാർക്കശ്യമെന്ന് തോന്നാവുന്നത് മതപരമായ വിശ്വാസത്തിന്റെ പേരിൽ അവർക്ക് വകവച്ചുകൊടുത്ത സാഹചര്യം ഇന്ത്യാ രാജ്യത്തിന്റെ ഭരണഘടനയിലുണ്ട്.

ഉദാഹരണത്തിന് സിക്കുകാർ, The kirpans shall deemed to be included in the profession of the Sikh religion എന്നത് സിക്കുകാർക്ക് കൊടുക്കുന്ന അവകാശം. കൃപാൺ എന്നുപറയുന്നത് അവരുടെ മതപരമായ ഒരാചാരത്തിന്റെ ഭാഗമായി ഉപയോഗിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ മതപരമായ വിശ്വാസത്തിന് എത്രമാത്രം പ്രാധാന്യം നൽകുന്നുവെന്നാണ് അത് തെളിയിക്കുന്നത്. നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശം, ഭാഷ, ലിപി, സംസ്ക്കാരം, പഠനസൗകര്യം എന്നിവ ഉറപ്പാക്കാൻ നിയമംവഴി കഴിയുന്നു. ഇതൊക്കെ പരിശോധിക്കുമ്പോഴും ഇങ്ങനെയുള്ള ഒരുപാട് അവകാശങ്ങളുടെ പറുദീസയിലാണ് ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ജീവിക്കുന്നതെങ്കിലും സ്വാതന്ത്ര്യംനേടി 66 വർഷം പിന്നിട്ടിട്ടും മതിയായ രീതിയിൽ അവർക്ക് ആവശ്യമായത് നേടിയെടുക്കാനായിട്ടില്ല എന്നുള്ള ഒരു യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഇതിൽനിന്ന് കേരളം വിഭിന്നമാകാം. അങ്ങനെ വിഭിന്നമായതിന് ഒരുപാട് കാരണങ്ങളുണ്ട്. രാഷ്ട്രീയമായ കാരണങ്ങൾ മാത്രമല്ല, സി.പി.എം. പ്രവർത്തകരുടെ പങ്ക് ഞാൻ

ചെറുതായി കാണില്ല. സി.പി.എം./കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ മാത്രമാണ് ആ മാറ്റത്തിന് വിധേയമെങ്കിൽ ആ മാറ്റം കേരളത്തിൽ മാത്രം പ്രതിഫലിക്കേണ്ട ഒന്നായിരുന്നില്ല. അത് ബംഗാളിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് വേരോട്ട മുള്ള പലയിടത്തും പ്രതിഫലിക്കണമായിരുന്നു. അവിടെയൊന്നുമുണ്ടായില്ല. കേരളത്തിൽ മാത്രമാണുണ്ടായത്. മാത്രമല്ല, കേരളത്തിൽ അങ്ങനെ ഉണ്ടാകുമ്പോൾ അതിന് രാഷ്ട്രീയമായ ധാരാളം കാരണങ്ങളുമുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ കേരളത്തിലെ ന്യൂനപക്ഷങ്ങൾ മഹാഭൂരി പക്ഷവും ജീവിക്കുന്നത് മലബാറിലും തിരുവിതാംകൂർ മേഖലയിലുമാണ്. തിരുവിതാംകൂർ മേഖല വിദ്യാഭ്യാസരംഗത്ത് നേരത്തേതന്നെ വളരെ മുന്നോ ക്കമാണ്. അങ്ങനെ മുന്നോക്കമായതിന് ഇവിടത്തെ മഹാരാജാക്കൻമാരോടും ക്രിസ്റ്റ്യൻ മിഷണറിമാരുടെ പ്രവർത്തനത്തോടും ഈ രാജ്യം കടപ്പെട്ടിട്ടുണ്ട്. ആർക്കും അത് ചെറുതായി കാണാൻ കഴിയില്ല. എന്നാൽ മലബാറിന്റെ ചിത്രം അതായിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ നാളുകൾ വരെ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടം നടത്തിയ പാരമ്പര്യമാണ്. ആ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടം നടത്തു മ്പോഴേക്കും വിദ്യാഭ്യാസരംഗത്ത് ഒരു നൂറ്റാണ്ട് പിന്നിൽ പോയവരാണ് മലബാറുകാർ. കേരളപ്പിറവിക്കുശേഷം ഒരുപക്ഷേ, സ്വാതന്ത്ര്യത്തിനുശേഷ മാണ് മലബാറിലൊരു വിദ്യാഭ്യാസ മുന്നേറ്റം നമുക്കുണ്ടാക്കാൻ കഴിയുന്നത്. ആ മുന്നേറ്റത്തിനെത്തുടർന്നുണ്ടായ മാറ്റങ്ങളാണ്, നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞത്. മലപ്പുറം, കാസർഗോഡ്, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളെക്കുറിച്ച് പറയു മ്പോൾ നമ്മൾ മനസ്സിലാക്കേണ്ടൊരു യാഥാർത്ഥ്യം അതൊക്കെ അന്നത്തെ മലബാറിന്റെ ഭാഗമാണ് എന്നതാണ്. അപ്പോൾ സ്വാഭാവികമായും ചരിത്രപര മായ ചില കാരണങ്ങൾ കൂടിയുണ്ട്. എത്ര ത്വരിതഗതിയിലാണ് മലബാർ ഈ

മുന്നേറ്റത്തിൽ പങ്കാളിത്തം വഹിച്ചതെന്ന യാഥാർത്ഥ്യത്തെ നമുക്ക് വിസ്മരിക്കാനാവില്ല. കേരളത്തിൽ സംവരണം കൊടുക്കണമെന്ന നിലപാട് ഞങ്ങൾ അംഗീകരിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. പക്ഷേ, സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നപ്പോൾ ബംഗാളിന്റെ ചിത്രം 2.1 ശതമാനമാണ്. 1957–ൽ കേരളത്തിലാദ്യമായി സംവരണം നടപ്പിലാക്കിയത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെങ്കിൽ ആ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മൂന്ന് പതിറ്റാണ്ടുകാലം ഭരിച്ച ബംഗാളിന്റെ ചിത്രം 2.1 ശതമാനമായി മാറുമായിരുന്നില്ല. കേരളത്തിലുണ്ടായ ഈ പരിഷ്ക്കരണത്തെ ഒരു പാർട്ടിയുടെ അക്കൗണ്ടിലും പെടുത്താനാകാത്ത ഒരവസ്ഥയുണ്ട് എന്നാണ് സ്വഭാവികമായും ഇതിൽനിന്നും മനസ്സിലാക്കേണ്ടത്.

ബംഗാൾ മാത്രമല്ല ഉത്തർപ്രദേശും ബീഹാറുമൊക്കെയുണ്ട്. അവരൊക്കെ പിന്നിലാണ്. പിന്നിൽ നിൽക്കുന്ന ധാരാളം സംസ്ഥാനങ്ങളുണ്ട്. ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ധാരാളം കമ്മീഷനുകൾ നമ്മുടെ രാജ്യത്തുണ്ടായി. ഈ കമ്മീഷനുകളിൽ മണ്ഡൽ കമ്മീഷനും കാക്കാകലേഖർ കമ്മീഷനും രജീന്ദ്രസച്ചാർ കമ്മീഷനും രംഗനാഥ് മിശ്ര കമ്മീഷനും ഉൾപ്പെടെ ഒട്ടേറെ കമ്മീഷനുകൾ നമ്മുടെ രാജ്യത്ത് പലപ്പോഴായി ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉണ്ടായിട്ടുണ്ട്. ഇതിനൊക്കെ മതിയായ കാരണങ്ങളുമുണ്ട്. കാരണം നേരത്തേ ശ്രീ. റ്റി. എ. അഹമ്മദ് കബീർ ഇവിടെ അവതരിപ്പിച്ച ഒരു വിഷയമുണ്ട്. അതിൽ ഉദ്യോഗരംഗത്തുള്ള ഈ പിന്നോക്കാവസ്ഥ എന്നത് പുതിയ വിഷയമല്ല. 1953–ൽ ഇന്ത്യാരാജ്യത്തിന്റെ പ്രഥമ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന മൗലാനാ അബ്ദുൾകലാം ആസാദ് അന്നത്തെ വാർത്താവിനിമയ മന്ത്രിയായിരുന്ന ബാബുജഗ്ജീവൻ റാമിന് കാശ്മീരിൽ നടക്കുന്ന നിയമന

വുമായി ബന്ധപ്പെട്ട് ഒരു കത്തെഴുതി. കാശ്മീരിൽ 53 മുസ്ലീം അപേക്ഷകരുടെ ഇന്റർവ്യൂ നടക്കുമ്പോൾ അതിൽ ഒരാളെ മാത്രമാണ് നിയമിച്ചത്. ഇതൊരിക്കലും ആവർത്തിക്കപ്പെടരുതെന്നും ഇങ്ങനെയുള്ളൊരു സാഹചര്യം ഇന്ത്യാരാജ്യത്ത് സൃഷ്ടിക്കപ്പെടരുതെന്നും അതിൽ അങ്ങയുടെ സൂക്ഷ്മതയുണ്ടാകണമെന്നും കത്തെഴുതിയത് ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. ഇന്ത്യാരാജ്യത്ത് പിന്നോക്ക ജനവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും വേണ്ടിയുള്ള പോരാട്ടം പുതിയതല്ല എന്ന് ബോധ്യപ്പെടുത്താനാണ് ഞാനിത് പറഞ്ഞത്. ഇവിടെ പലരും പറയാതെ പോയ ഒരു കാര്യമുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, രാവിലെ ബഹുമാനപ്പെട്ട റ്റി. എ. അഹമ്മദ് കബീർ അടിയന്തരപ്രമേയ ചോദ്യം ഉന്നയിച്ചപ്പോൾ 1000 പേർ അപേക്ഷകരായുണ്ടായിട്ടും 12 ജില്ലാ ജഡ്ജിമാരെ ആവശ്യമുള്ളിടത്ത് 6 പേരെ മാത്രം കിട്ടിയതുകൊണ്ടാണ് സംവരണം നടപ്പിലാക്കാൻ സാധിക്കാതിരുന്നത് എന്ന മറുപടി കേട്ടു. കേരളത്തിൽ ആയിരക്കണക്കിന് അഭിഭാഷകന്മാരുണ്ട്. ജില്ലാ ജഡ്ജിയാകാനും ഹൈക്കോടതി ജഡ്ജിയാകാനുമൊക്കെ യോഗ്യതയുള്ള ധാരാളം അഭിഭാഷകന്മാരുള്ളപ്പോൾ 1000 പേരെ അപേക്ഷക്ഷണിച്ച് പരിശോധന നടത്തിയിട്ട് 6 പേരെ മാത്രമേ കിട്ടിയുള്ളൂ എന്നത് വിശ്വാസയോഗ്യമായി അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, തീർച്ചയായും. മൗലാനാ അബ്ദുൾകലാം ആസാദ് ബാബു ജഗ്ജീവൻ റാമിന് എഴുതിയ കത്തിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചതും ആ കാലഘട്ടം മുതൽ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഒന്നാണെന്ന് പറഞ്ഞതും അതുകൊണ്ടാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ പുരോഗതിക്ക് കരുത്ത് പകരുന്ന ഒരു സമീപനമുണ്ടായിട്ടുണ്ട്.

ഇവിടെ നേരത്തെ ആരും അപ്പുറത്തുനിന്ന് പറഞ്ഞില്ല. അത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ആയിരുന്നു. മൊറാർജി ദേശായി സർക്കാരിന്റെ കാലഘട്ടത്തിൽ 27% വിദ്യാഭ്യാസസംരക്ഷണം ഉറപ്പാക്കുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ സുപ്രീംകോടതിയുടെ അനുകൂലമായ നിലപാടുണ്ടായി. നമുക്ക് ആർക്കും അത് ചെറുതായി കാണാൻ കഴിയില്ല. എന്നാൽ 2006–ലെ യു.പി.എ. ഗവൺമെന്റാണ് ധീരമായ ഒരു സമീപനം ഈ രംഗത്തുണ്ടാക്കിയത്. 93–ാം ഭരണഘടനാഭേദഗതിവരുത്തി 27% സീറ്റ് പിന്നോക്ക ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസരംഗത്ത് ഉറപ്പാക്കിക്കൊണ്ടാണ് അന്ന് യു.പി.എ. ഗവൺമെന്റ് ആ തീരുമാനമെടുത്തത്. അത് വലിയ വിവാദമുണ്ടാക്കി. വലിയ വിവാദമെന്നുപറഞ്ഞാൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനുമുന്നിൽ മണ്ണെണ്ണയൊഴിച്ച് ആത്മഹത്യചെയ്യാൻവരെ ആളുകളെത്തി. വലിയ വിദ്യാർത്ഥി പ്രക്ഷോഭമുണ്ടായി. എങ്ങനെയാണ് അതിനെ നേരിടേണ്ടതെന്നത് ഒരു ചോദ്യചിഹ്നമായി അന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റിനുമുമ്പിൽ നിന്നു. നമ്മൾ ഓർക്കുന്നുണ്ടാവും, വലിയ പ്രതിസന്ധി, ഡൽഹി കത്തിയെരിയുന്നു, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നില്ല, 27% സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള 93–ാം ഭരണഘടനാഭേദഗതിക്കെതിരെ ഡൽഹിയിൽ വലിയ കലാപം നടക്കുന്ന സമയത്ത്, നമുക്ക് വിസ്മരിക്കാനാകാത്ത അർജ്ജുൻ സിംഗ് എന്ന ധീരനായ ഒരു നേതാവ് അന്നുണ്ടായിരുന്നു. അദ്ദേഹം അന്ന് മാനവവിഭവശേഷി വകുപ്പുമന്ത്രിയാണ്. അർജ്ജുൻ സിംഗ് ചെയ്തത് 27 ശതമാനം സീറ്റ് ഉറപ്പാക്കിയതിനുശേഷം അവരെ ചർച്ചയ്ക്കുവിളിച്ച് 54 ശതമാനം സീറ്റ് വർദ്ധിപ്പിച്ചു. മാത്രവുമല്ല ഐ.ഐ.എം., ഐ.ഐ.റ്റി., എ.ഐ.ഐ.എം.എസ്. തുടങ്ങിയ സ്ഥാപനങ്ങളിൽ ഭൗതിക

സൗകര്യങ്ങളൊരുക്കാൻ വേണ്ടി 10328 കോടി രൂപയാണ് അന്ന് നീക്കിവച്ചത്. കാരണം 54 ശതമാനം സീറ്റിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കിക്കൊണ്ട് പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്ക് 27 ശതമാനം സീറ്റ് ഉറപ്പാക്കുന്ന ചരിത്ര പരമായ തീരുമാനമുണ്ടാക്കിയത് അർജ്ജുൻ സിംഗാണ്. അതിനുശേഷമാണ് ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിന്റെ കവാടങ്ങളിലേക്ക് ന്യൂനപക്ഷങ്ങൾക്ക് കടന്നുചെല്ലാൻ കഴിയുന്ന ഒരന്തരീക്ഷം സൃഷ്ടിക്കപ്പെട്ടത് എന്നത് ഈ സമയത്ത് നമുക്ക് ഓർക്കാതിരിക്കാൻ കഴിയില്ല. എന്നാൽ ന്യൂനപക്ഷ പിന്നോ ക്കാവസ്ഥയുടെ കൃത്യമായ ചരിത്രമെന്താണ്? ഇവിടെ എന്തൊക്കെ നടന്നു എന്തൊക്കെ നടന്നില്ല എന്ന് നമുക്ക് കൃത്യമായൊരു രൂപം കിട്ടുന്നത് 2005 മാർച്ച് 9-ന് ഡോ. മൻമോഹൻ സിംഗ് നിയോഗിച്ച രജീന്ദ്രസച്ചാർ കമ്മീഷ നിലൂടെയാണ്. ആ രജീന്ദ്രസച്ചാർ കമ്മീഷൻ വളരെ ആഴത്തിലിറങ്ങിയുള്ള ഒരു പഠനമായിരുന്നു നടത്തിയത്. ആ പഠനറിപ്പോർട്ട് 2006 നവംബർ 30-നാണ് ലോകസഭയിൽ എത്തുന്നത്. ആ റിപ്പോർട്ടിൽ പറയുന്ന ചില കൃത്യ മായ തെളിവുകളുണ്ട്. അത് ഈ രാജ്യത്തിലെ ന്യൂനപക്ഷങ്ങൾ എവിടെ നിൽക്കുന്നു എന്നതിന്റെ കൃത്യമായ ഒരളവുകോലാണ്. ദേശീയ ശരാശരിയെ ക്കാൾ സാക്ഷരതയുടെ കുറവാണ് ന്യൂനപക്ഷങ്ങൾക്കുള്ളത് മുസ്ലീം ന്യൂനപ ക്ഷത്തിന്. 6 വയസ്സുമുതൽ 14 വയസ്സിന് താഴെയുള്ള കുട്ടികൾ 25 ശതമാനവും സ്കൂളിലെത്തുന്നില്ല. ബാങ്ക് വായ്പ നാമമാത്രമായിപോലും അവർക്ക് ലഭിക്കുന്നില്ല. ഐ.എ.എസ്.-ൽ 3 ശതമാനവും ഐ.എഫ്.എസ്.-ൽ 1.8 ശതമാനവും ഐ.പി.എസ്.-ൽ 4 ശതമാനവുമാണ് അവരുടെ പ്രാതിനി ധ്യം. റെയിൽവേയിൽ 4.5 ശതമാനം ഉണ്ടെങ്കിലും അതിൽ 98 ശതമാനവും

താഴ്ന്ന ജോലി ചെയ്യുന്നവരാണെന്നാണ് രജീന്ദ്രസച്ചാർ കണ്ടെത്തിയത്. രജീന്ദ്രസച്ചാർ ഞെട്ടിപ്പിക്കുന്ന ചില യാഥാർത്ഥ്യങ്ങൾ മുന്നിൽ കൊണ്ടുവന്നു. അതോടൊപ്പം 6 ലക്ഷം ഏക്കർ ഭൂമിയും 60,000 കോടി രൂപയുടെ ആസ്തിയും 5 ലക്ഷത്തോളം ജംഗമസ്വത്തുക്കളും ഇന്ത്യയിലുണ്ട്, അതും സംരക്ഷിക്കപ്പെടേണ്ടതാണെന്നുകൂടി അദ്ദേഹം സൂചിപ്പിച്ചു. ഇത് വളരെ പ്രധാനപ്പെട്ട ഒരു മുന്നറിയിപ്പാണ്. ഈ മുന്നറിയിപ്പ് വളരെ പ്രധാനമായി തന്നെ കാണണം. ഈ സാഹചര്യങ്ങൾ മുന്നിൽകണ്ടുകൊണ്ട് ഒരു ജനവിഭാഗത്തെ, ഇന്ത്യാരാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് ഇത്രയും നാളുകളായിട്ടും നൂറ്റാണ്ടുകളോളം ഇന്ത്യാരാജ്യം ഭരിച്ച ഒരു സമുദായത്തിന്റെ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പ്രസംഗം പലപ്പോഴും ഈ നിയമസഭയുടെ അകത്തളങ്ങളിൽ ഉണ്ടായിട്ടുണ്ട്. കുത്തബ് മീനാറിന്റെ ഉത്തുംഗതയും ചെങ്കോട്ടയുടെ കെട്ടുറപ്പും താജ്മഹലിന്റെ സൗന്ദര്യവുമുള്ള സമുദായത്തെ മാറ്റിയെടുത്തു. അങ്ങനെയൊരു സമുദായം പിറകോട്ടുപോയി റിക്ഷ വലിക്കുന്നവരായി, ജോലിചെയ്യാൻ കഴിയാത്തവരായി, സർക്കാർ ഉദ്യോഗരംഗത്ത് വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടവരായി മാറിയിട്ടുണ്ടെങ്കിൽ അവരെ ഉയർത്തിക്കൊണ്ടുവരേണ്ട ബാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞത് ഡോ. മൻമോഹൻ സിംഗാണ് എന്ന സത്യം മറക്കാൻ കഴിയില്ല. അതുകൊണ്ടായിരുന്നു പതിനഞ്ചിനപരിപാടി നടപ്പാക്കാൻ തീരുമാനിച്ചത്. ഈ പതിനഞ്ചിനപരിപാടി ഒരു വലിയ ചുവടുവയ്പാണ്. ആ പതിനഞ്ചിന പരിപാടി ശിശുവികസന പദ്ധതി മുതൽ വർഗ്ഗീയ കലാപമുണ്ടായിടത്ത് പുനരധിവാസംവരെ ശുപാർശ ചെയ്യുകയാണ്. നിരന്തരമായി ഒട്ടേറെ പരിപാടികളാണ് നടപ്പിലാക്കുന്നത്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ 17,224 കോടി രൂപ

നിർദ്ദേശിക്കുകയും 7,000 കോടി രൂപ വകയിരുത്തിക്കൊണ്ട് യു.പി.എ. ഗവൺമെന്റ് ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി ഒരു വലിയ ചുവടുവയ്പ് ആരംഭിക്കുകയും ചെയ്തു. ഈ യാഥാർത്ഥ്യത്തെ നമുക്കിവിടെ കാണാതിരിക്കാൻ കഴിയുമോ? ഈ യാഥാർത്ഥ്യത്തെ ചെറിയ ചെറിയ മർമ്മരങ്ങൾകൊണ്ട് ഓട്ടയടയ്ക്കാനാകുമോ? പക്ഷേ പ്രബുദ്ധമായ കേരളത്തിലുണ്ടായത് എന്താണ്? സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ കാര്യക്ഷമമായി ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനല്ല പ്രബുദ്ധമായ കേരളം ചെയ്തത്. അവിടെനിന്നു മാറുകയാണ്. കേരളം ചെയ്ത ഒരു ശൈലിയെന്താണ്? കേരളം അതിൽനിന്നുമാറിയിട്ട്, സാധാരണ അലോപ്പതി ഗുളികകൾ പൊടിച്ച് ചെറിയ പൊതിയാക്കി അതിൽ തന്റെ ലേബൽ ഒട്ടിച്ച് വിൽക്കുന്ന മുറിവൈദ്യനെപ്പോലെ സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ നേട്ടങ്ങൾ ലേബൽ ഒട്ടിച്ച് വിൽക്കുന്ന പദ്ധതിയാണ് ഇവിടെ പാലോളി കമ്മീഷനിലൂടെ നടപ്പിലാക്കിയത്.

ഈ യാഥാർത്ഥ്യത്തെ ആർക്കും കാണാതിരിക്കാൻ കഴിയില്ല. സത്യത്തിൽ സച്ചാർ കമ്മിറ്റി റിപ്പോർട്ടല്ലാതെ മറ്റൊന്ന് ഇവിടെയില്ലല്ലോ? ഇവിടെ പാലോളി കമ്മിറ്റിയില്ല, അതിന്റെ ആവശ്യവുമില്ല. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളാണ് നിങ്ങൾ അതുവഴി കൊണ്ടുവന്നത്. എന്നു മാത്രമല്ല, ഇതോടൊപ്പം മനസ്സിലാക്കേണ്ട ചില യാഥാർത്ഥ്യങ്ങളുണ്ട്. ആ യാഥാർത്ഥ്യങ്ങളെന്താണ്? കേരളത്തിൽ നിരവധി പദ്ധതികൾ കൃത്യതയോടുകൂടി നടപ്പാക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. നമ്മൾ അവിടേക്കാണ് പോകേണ്ടത്. ഒന്ന്, ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട മൾട്ടിസെക്ടർ ഡെവലപ്മെന്റ് സ്കീം വയനാട് ജില്ലയിൽ മാത്രമാണ് നടപ്പിലാക്കിയത്. ഈ സ്കീം ബ്ലോക്ക് തലത്തിൽ കൊണ്ടുവരണമെന്ന് ഞാൻ ഈ നിയമസഭയിൽ

പലതവണ പറഞ്ഞു. ഇതിന്റെ ആനുകൂല്യങ്ങൾ ന്യൂനപക്ഷങ്ങൾക്ക് ലഭിക്കണമെങ്കിൽ തീർച്ചയായും ബ്ലോക്ക് തലത്തിൽ നിർണ്ണയിച്ചാൽ മാത്രമേ കഴിയൂവെന്നും പറഞ്ഞു. പക്ഷേ കഴിഞ്ഞ ഗവൺമെന്റ് അത് ചെയ്തില്ല. എന്നുമാത്രമല്ല, ഞാൻ അഭിമാനത്തോടുകൂടി പറയട്ടെ, ആ സ്കീം ബ്ലോക്ക് തലത്തിൽ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തതിന് ഞാൻ മന്ത്രിയെ അഭിനന്ദിക്കുകയാണ്. കാരണം താഴെത്തട്ടിലെ അർഹതപ്പെട്ടവർക്ക് ഇത് എത്തിച്ചേരണമെന്നുള്ള സദുദ്ദേശപരമായ നീക്കത്തോടുകൂടിയാണ് ഇത് ചെയ്തത്. എന്നുമാത്രമല്ല, അതോടൊപ്പംതന്നെ ഇവിടെ പറഞ്ഞല്ലോ, ന്യൂനപക്ഷങ്ങളെക്കുറിച്ച് പറയുമ്പോൾ എല്ലാവർക്കും വലിയ സന്തോഷമാണ്. എനിക്ക് വലിയ സന്തോഷം തോന്നുകയാണ്, ന്യൂനപക്ഷങ്ങളെ എല്ലാവരും ഇഷ്ടപ്പെടുന്നത് നല്ല കാര്യമാണ്, ആരും എതിര് പറയുന്നില്ല. പക്ഷേ ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സ്വാശ്രയ വിദ്യാഭ്യാസ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് പ്രമുഖനായ അഭിഭാഷകനായ അഡ്വക്കേറ്റ് വൈദ്യനാഥ് കോടതിക്കുമുന്നിൽ കൊടുത്ത ഒരു അഫിഡവിറ്റുണ്ട്. ആ അഫിഡവിറ്റ് ഓർക്കുന്നുണ്ടാകും. ഇവിടത്തെ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണനയ്ക്കും അവകാശങ്ങൾക്കും അർഹതയില്ല. ഞാൻ ഓർക്കുന്നത്, ഇന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പിന്നോക്കാവസ്ഥയുടെ കാര്യങ്ങൾ തുറന്നുപറയുമ്പോൾ എനിക്ക് വലിയ സന്തോഷമുണ്ടായി. വലിയ മാറ്റം വന്നിരിക്കുന്നു. ഈ മാറ്റം ചെറുതല്ല. കാരണം ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണനയ്ക്കും അവകാശങ്ങൾക്കും അർഹതയില്ല എന്ന് ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി അഡ്വക്കേറ്റ് വൈദ്യനാഥനെക്കൊണ്ട് അഫിഡവിറ്റ് കൊടുപ്പിച്ചത് കഴിഞ്ഞ സർക്കാരാണ്, അന്നത്തെ

മുഖ്യമന്ത്രി സഖാവ് വി. എസ്. അച്ചുതാനന്ദനാണ്. നമുക്കാർക്കും അത് മറക്കാൻ കഴിയില്ല. എന്നുമാത്രമല്ല, ഇവിടെ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ ആ നീക്കം ശരിയായിരുന്നോ? ആർട്ടിക്കിൾ 30, 31-ന്റെ ലംഘനമാണ്. രാജ്യത്തിന്റെ ഭരണഘടനയുടെ ലംഘനമാണ്. പാർലമെന്റ് പാസ്സാക്കിയ നാഷണൽ മൈനോരിറ്റി എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ആക്ട്, 2006 പ്രകാരം ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർണ്ണയിക്കേണ്ട അധികാരം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനാണ്. വിദ്യാഭ്യാസം എന്നത് കൺകറന്റ് ലിസ്റ്റിലായതിനാൽ കേന്ദ്രവും സംസ്ഥാനവും വ്യത്യസ്ത നിയമങ്ങൾ പാസ്സാക്കാൻ പാടില്ല എന്ന നിയമം നിലനിൽക്കുമ്പോൾത്തന്നെ കഴിഞ്ഞ ഇടതുമുന്നണി സർക്കാർ അത് ലംഘിച്ചു. അവിടെയാണ് ഇതിന്റെ പ്രാധാന്യം നിൽക്കുന്നത്. ആ പ്രാധാന്യത്തെ നമ്മൾ ചെറുതായി കാണരുത്. അതിന്റെ അർത്ഥമെന്താണ്? ഭരണഘടന, ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസപരമായി നൽകിയ ആനുകൂല്യങ്ങൾപോലും ലഭ്യമാകരുത് എന്നാണോ ഉദ്ദേശിക്കുന്നത്? അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷ നേതാവുമായ ശ്രീ. വി. എസ്. അച്ചുതാനന്ദന് വേറെ ചില സവിശേഷതകൾ കൂടിയുണ്ട്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹം മുസ്ലീം ന്യൂനപക്ഷങ്ങൾക്ക് വാരിക്കോരി കൊടുക്കുകയാണെന്നും ബഹുമാനപ്പെട്ട ഗവർണർ ഇത് നേരിട്ട് അന്വേഷിക്കണമെന്നും കാണിച്ച് അദ്ദേഹം കേരള ഗവർണർക്ക് ഒരു കത്തെഴുതി. ഒരു സംസ്ഥാനത്തിന്റെ പ്രതിപക്ഷ നേതാവ് അന്ന് കത്തയച്ചു, അദ്ദേഹമാണ് പിന്നീട് മുഖ്യമന്ത്രിയായി വന്നത്. കേരളത്തിന് അന്ന് ആദ്യമായി വീണുകിട്ടിയ അവസരമായിരുന്നു. കേരളത്തിൽ ഒരു ചീഫ്

സെക്രട്ടറി വന്നു, റിയാസുദ്ദീൻ. നിങ്ങൾ ഓർക്കുന്നുണ്ടാകും, പിന്നോക്ക ജനവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ അധികാരത്തിന്റെ അടുത്തേക്ക് വരുന്നില്ല, ജഡ്ജിമാരുടെ പട്ടികയിലേക്ക് വരുന്നില്ല എന്നുപറയുന്നവർ അറിയേണ്ടത്, കേരള സെക്രട്ടേറിയറ്റിനകത്ത് ചീഫ് സെക്രട്ടറിയായി റിയാസുദ്ദീൻ എന്നൊരു പേര് വന്നപ്പോൾ ആ റിയാസുദ്ദീനെ തൽസ്ഥാനത്ത് തുടരാൻ അനുവദിച്ചില്ല എന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ നേട്ടത്തിന്റെ പട്ടികയിൽ നിങ്ങൾ എഴുതണം. ഇത് ഒരു ചെറിയ കാര്യമല്ല. ഇവിടെ നിന്നു കൊണ്ടുവേണം ന്യൂനപക്ഷങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ, ആ ന്യൂന പക്ഷ നേട്ടങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ തയ്യാറാകേണ്ടത്. മലപ്പുറ ത്തിന്റെ പിന്നോക്കാവസ്ഥയെക്കുറിച്ച് ഇവിടെ പറഞ്ഞു. പിന്നോക്കാവ സ്ഥയുണ്ടാകാം, ഞാൻ അംഗീകരിക്കുന്നു. പിന്നോക്കാവസ്ഥയുണ്ടെങ്കിലും ആളോഹരി വരുമാനത്തിൽ പിന്നിലാണ് എന്ന് പറയുമ്പോഴും കേരളത്തിലെ ഏറ്റവും കൂടുതൽ പ്രവാസികൾ ജോലി ചെയ്യുന്ന പ്രദേശമെന്നുള്ള നിലയിൽ ഒരു സാമൂഹിക സുരക്ഷയുടെ സാഹചര്യം അവിടെയുണ്ട് എന്ന സത്യം മറക്കാൻ കഴിയില്ല. അത് അവിടെ നിലനിൽക്കുകയാണ്. സർക്കാർ ഉദ്യോഗ ങ്ങളിൽ ഒരുപക്ഷേ പിറകോട്ടായിരിക്കാം. അത് ഞാൻ നിഷേധിക്കുന്നില്ല. എന്നാലും നാം മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ, അലിഗഡ് പോലെയുള്ള സ്ഥാപനങ്ങൾ അവിടെ നൽകിയത് ചെറുതായി കാണുന്നില്ല. പക്ഷേ എങ്ങ നെയാണ് നൽകിയത്. അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിക്ക് അനുയോജ്യ മായ സ്ഥലം മലപ്പുറത്ത് പാണക്കാടുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററാ ണെന്ന് ഈ സഭയിൽവച്ച് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. പി. രാജേന്ദ്രൻ എനിക്ക് നൽകിയ രണ്ടു മറുപടികൾ എന്റെ കൈയിൽ ഇന്നു മുണ്ട്. വൈദ്യുതിയുണ്ട്, എയർപോർട്ട് അടുത്താണ്, നദിയിൽ വെള്ളമുണ്ട്,

ഏറ്റവും അനുയോജ്യമായ സ്ഥലം പാണക്കാടാണ് എന്ന് പറഞ്ഞതിനുശേഷം പിന്നീട് മാറാനുണ്ടായ കാരണമെന്താണ്? പിന്നെ അത് മാറുകയല്ല, അത് നടക്കാത്ത അന്തരീക്ഷംവന്നു. ഞങ്ങൾ അധികാരത്തിൽ വന്നാൽ മലപ്പുറത്ത് ഒരു യൂണിവേഴ്സിറ്റിയും അനുവദിക്കില്ലെന്ന് ബി.ജെ.പി.-യുടെ ദേശീയ കമ്മിറ്റി പ്രഖ്യാപിച്ചു. സ്വാഭാവികമായും പാർലമെന്റ് തെരഞ്ഞെടുപ്പ് മുമ്പിൽ വരുന്നു. ആ പാർലമെന്റ് തെരഞ്ഞെടുപ്പ് മുമ്പിൽ വരുമ്പോൾ തെരഞ്ഞെടുപ്പിന് മുമ്പ് സ്ഥലം കണ്ടെത്തി തീരുമാനമെടുക്കേണ്ടത് അനിവാര്യതയായിരുന്നു. അതാണ് ഞങ്ങളെ സമരമുഖത്തേക്ക് നയിച്ചത്. ആ സമരം കഴിഞ്ഞു. ഭാഗ്യത്തിന് യു.പി.എ. ഗവൺമെന്റാണ് അധികാരത്തിൽ വന്നത്. യു.പി.എ. ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ച് പുറത്തേക്ക് വന്ന സമയത്ത്, മലപ്പുറത്ത് അലിഗഡ് യൂണിവേഴ്സിറ്റിക്കുവേണ്ടി 25 കോടി രൂപ നീക്കിവെച്ചിരിക്കുന്നുവെന്ന ശ്രീ. പ്രണബ് കുമാർ മുഖർജിയുടെ പ്രഖ്യാപനമുണ്ടായി. നമ്മൾ അറിയേണ്ടത് ഈ യാഥാർത്ഥ്യങ്ങളൊന്നും കാണാതിരുന്നുകൂടാ. എന്നിട്ട് ഇരുട്ടുകൊണ്ട് ഓട്ടയടച്ചുകൊണ്ട് ഞങ്ങളാണ് അതിന്റെ ആളുകൾ എന്നുപറയുന്നു, നിങ്ങളും പങ്ക് വഹിച്ചിട്ടുണ്ട്. നിങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടിത്തന്നെ അതിൽ പങ്ക് വഹിച്ചിട്ടുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. മറ്റൊന്ന് ഇവിടെ പറഞ്ഞത് ഉദ്യോഗ മേഖലയാണ്. ഉദ്യോഗ മേഖലയിൽ നമുക്കറിയാം, ഇവിടെ ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുണ്ട്. ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് 2001 നവംബർ 9-ന് സമർപ്പിച്ചു. ആ റിപ്പോർട്ട് സമർപ്പിച്ച സമയത്ത് ഒരു യാഥാർത്ഥ്യമുണ്ടായിരുന്നു. 7383 തസ്തികകളാണ് മുസ്ലീങ്ങൾക്ക് നഷ്ടപ്പെട്ടതായി കണ്ടെത്തിയത്. ആ തസ്തിക നികത്താൻ വേണ്ടി ബാക്ക്ലോഗ് എന്ന

സംവിധാനം കൊണ്ടുവന്നത് ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ആ തീരുമാനത്തെയും നമുക്ക് മറക്കാനാകില്ല. പതിന ഞ്ചിന പരിപാടിയിൽ ഇനിയും കാര്യക്ഷമത വേണമെന്നുതന്നെയാണ് ഞങ്ങളും പറയുന്നത്. പതിനഞ്ചിന പരിപാടി പൂർണ്ണമായും കാര്യക്ഷമമാണ് എന്ന അഭിപ്രായം ഞങ്ങൾ പറയുന്നില്ല. ഇവിടെ രാഷ്ട്രീയ ലാഭത്തിനാണെ ങ്കിൽപ്പോലും എപ്പോഴും പ്രീണനം എന്ന ചില പ്രയോഗങ്ങൾ ആര് നടത്തു മ്പോഴും അത് സൂക്ഷ്മതയോടുകൂടി വേണം. ഉദാഹരണത്തിന് ഏരിയ ഇന്റൻസീവ് സ്കൂൾ – ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പര മായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയാണ്. അവരുടെ സ്വന്തം പള്ളികളുടെ സ്ഥലം, അതുപോലെ ട്രസ്റ്റുക ളുടെ സ്ഥലം, അങ്ങനെ വിട്ടുകൊടുത്താൽ അവിടെ മാത്രമേ ഇത് സ്ഥാപി ക്കാൻ പാടുള്ളൂ. ആ ഏരിയ ഇന്റൻസീവ് സ്കൂളുകളിലെ അദ്ധ്യാപകന്മാരെ നിയമിക്കുന്നിടത്തുപോലും അതിനൊരു വർഗ്ഗീയതയുടെ മുഖംനൽകി ക്കൊണ്ട് പ്രസ്താവനയിറക്കാനും അത് കേരളത്തിൽ ചർച്ചയാക്കി കൊണ്ടുവ രുവാനും തയ്യാറായത് ആരാണ്? ഇവിടെയാണ് ഇവരിൽ പലരുടെയും ഉള്ളി ലിരിപ്പ് അറിയേണ്ടത്.

ഇവിടെ മൈനോറിറ്റി കോ–ഓർഡിനേറ്റേഴ്സിനെ നിയമിച്ചല്ലോ. ന്യൂന പക്ഷ ക്ഷേമപദ്ധതികൾ കാര്യക്ഷമമായി ഗ്രാമങ്ങളിൽ എത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടവരാണ് മൈനോറിറ്റി കോ–ഓർഡിനേറ്റേഴ്സ്. അവർക്ക് പള ളിയിൽ പോയി പരിശോധിക്കണം, ജനങ്ങളുമായി സംസാരിക്കണം, മതസം ഘടനകളുമായും സംസാരിക്കണം. ഇവിടെ കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കുവേണ്ടി ആയിരക്കണക്കിന് കോടിരൂപയുടെ പദ്ധതികൾ

ആവിഷ്ക്കരിക്കുമ്പോൾ ആ പദ്ധതികൾ കാര്യക്ഷമമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അങ്ങനെ പരിശോധിക്കുന്ന കോ–ഓർഡിനേറ്റർമാർക്ക് നാലായിരം രൂപയാണ് ഓണറേറിയം കൊടുക്കുന്നത്. ആ ഓണറേറിയം കൊടുക്കുന്നതിനുപോലും, ആയിരം കോ–ഓർഡിനേറ്റർമാരെ നിയമിച്ചിരിക്കുന്നുവെന്നും ഈ ഗവൺമെന്റ് വലിയ അപകടം ചെയ്യുന്നുവെന്ന് പ്രചരിപ്പിച്ചത് ഞങ്ങളല്ല. ഇത്തരം പ്രചരണങ്ങൾ ഏറ്റെടുക്കുമ്പോൾ ഇത്തരം പ്രചരണങ്ങൾ നടത്തുമ്പോൾ നിങ്ങൾ ഓർക്കണം. ഇത് നമ്മുടെ സമൂഹത്തിലുണ്ടാകുന്ന ഏറ്റവും വലിയ സ്പർദ്ധ എന്താണെന്നും എത്ര വലിയ വിപത്തിലേയ്ക്കാണ് എത്തുകയെന്നുള്ളത് ആലോചിക്കാൻ നിങ്ങൾ തയ്യാറാകണം. കേരളത്തിന്റെ സാമൂഹിക സാഹചര്യങ്ങളിൽ നിലനിന്നുകൊണ്ടുവേണം കാര്യങ്ങൾ പഠിക്കാൻ. പതിനഞ്ചിന പരിപാടിയുടെ നടത്തിപ്പ് കാര്യക്ഷമമായിട്ടില്ലായെന്ന് പഠനങ്ങളിലൂടെ കണ്ടെത്തികൊണ്ടിരിക്കുകയാണ്. ഡൽഹി ജെ.എൻ.യു.–വിലെ ഡോ. അമിതാബ് ഗുണ്ടു, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്ടീവ് സ്റ്റഡീസിലെ ഡോ. മൺസൂർ ആലം എന്നിവർ നേതൃത്വം കൊടുത്തുകൊണ്ട് ഇതു സംബന്ധിച്ച് ഒരു പഠനം തന്നെ നടന്നു. യു.എസ്. ഇന്ത്യ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യ ഗവേഷകൻ അബ്ദുഷവാലിക് ഷെരീഫ് നടത്തിയ പഠന റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത്, ഈ രംഗത്ത് കോടിക്കണക്കിന് രൂപ വിനിയോഗിച്ചെങ്കിലും വേണ്ടത്ര ഇനിയും മുന്നേറാൻ സാധിച്ചിട്ടില്ല. അങ്ങനെ സാധിച്ചിട്ടില്ലായെങ്കിൽ അത് പരിഹരിക്കാൻ കൂടി കമ്മീഷൻ ഉപയോഗപ്പെടുത്താൻ കഴിയണമെന്നാണ്. ഈ കമ്മീഷന്റെ ചുമതല എവിടെയായിരിക്കണം ഇങ്ങനെ പിന്തള്ളപ്പെട്ടുപോയിട്ടുണ്ടെങ്കിൽ എവിടെയെങ്കിലും ധനം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടിയെടുക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തണം. ഇത് ശരിവ

യ്ക്കുന്ന കാര്യംകൂടിയുണ്ട്. അവിടെയാണ് നേരത്തേ ആദരണീയനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യം നിൽക്കുന്നത്. പതിനഞ്ചിന പരിപാടി നടപ്പിലാക്കുന്നതിനെതിരായി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സർക്കാർ ഹൈക്കോടതിയിൽ എത്തി. ന്യൂനപക്ഷങ്ങളുടെ ഭരണഘടനാ അവകാശത്തെ നിങ്ങൾക്ക് ചോദ്യം ചെയ്യാൻ കഴിയില്ലെന്ന് പറഞ്ഞുകൊണ്ട് ഹൈക്കോടതി ഗുജറാത്ത് സർക്കാരിന്റെ പെറ്റീഷൻ തള്ളി. പതിനഞ്ചിന പരിപാടി ന്യൂനക്ഷങ്ങൾക്ക് നടപ്പാക്കരുതെന്ന് പറഞ്ഞുകൊണ്ട് ബി.ജെ.പി.യുടെ ഗുജറാത്ത് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. എനിക്ക് ഈ സന്ദർഭത്തിൽ ഒരുകാര്യം പറയാനുള്ളത് ഇരുപക്ഷവും ഒരുമിച്ചുനിൽക്കുന്ന ന്യൂനപക്ഷ വിഷയങ്ങളിൽ ഒരേ താളമായി ലയമായി നീങ്ങുന്ന കേരളത്തിന്റെ നിയമസഭ ഒരു തീരുമാനമെടുക്കണം. കേരള സർക്കാർ സുപ്രീംകോടതിയിൽ ഈ കേസിൽ കക്ഷിച്ചേരണമെന്ന് ഞാൻ ബഹുമാന്യനായ മന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചെറിയ ഒരു കാര്യമായി കാണരുത്. പതിനഞ്ചിന പരിപാടി നടപ്പാക്കണമെന്നുള്ളത് നമ്മുടെ ഒരാവശ്യമാണ്. ഇവിടെ ഐ.എ.വൈ പദ്ധതിയെക്കുറിച്ച് പറഞ്ഞു. ഐ.എ.വൈ പദ്ധതിയിലൂടെ വീടുകൾ ജനസംഖ്യാനുപാതികമായി നൽകണമെന്നത് ഇവിടെ മാത്രമല്ല, ഇവിടെ വലിയ അത്ഭുതംപോലെയാണ്. ഞങ്ങൾ മൈനോറിറ്റിയുടെ പദ്ധതികളെക്കുറിച്ച് ഓരോ മാസവും നടത്തുന്ന വേദികളിൽ ഇക്കാര്യം കൃത്യമായി പഠിച്ചുകൊണ്ടിരിക്കുന്നു. ഗവൺമെന്റിന് അക്കാര്യത്തിൽ അനുകൂലമായ സമീപനമുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. ഇവിടെ വർഗ്ഗീയ കലാപങ്ങളെക്കുറിച്ച് പറഞ്ഞു. വർഗ്ഗീയ കലാപങ്ങൾ ഒരു യാഥാർത്ഥ്യമാണ്. വർഗ്ഗീയ കലാപങ്ങൾ യാഥാർത്ഥ്യമാണെന്ന് സമ്മതിക്കുന്നതാരാണ്? കേന്ദ്ര ആഭ്യന്തര വകു

പ്പുമന്ത്രി സുശീൽകുമാർ ഷിൻഡെ പറഞ്ഞത് വർഗ്ഗീയ കലാപങ്ങൾ വർദ്ധിക്കുന്നുണ്ടെന്നും അത് ഇന്ത്യൻ മനസ്സിന് ഗുണകരമല്ലായെന്നുമാണ്. 479 കലാപങ്ങളും 107 മരണങ്ങളുമുണ്ടായി. 107 മരണങ്ങളെന്ന് ഔദ്യോഗികമായി പറയുമ്പോൾ 216 പേർ മുസഫർ നഗറിൽ മരിച്ചിട്ടുണ്ടെന്നാണ് മറ്റൊരു കണക്ക്. അനൗദ്യോഗിക കണക്കെന്ന് പറയാനാകില്ല. കാരണം കമ്മീഷന്റെ അംഗങ്ങളും ഇപ്പോഴത്തെ സുപ്രീംകോടതിയിലെ അഭിഭാഷകൻ കൂടിയായ അഡ്വ. നൗഷാദ് അഹമ്മദ് ഖാൻ, മഹാരാഷ്ട്രയുടെ മുൻമന്ത്രി അനീസ് തുടങ്ങിയവർ അടങ്ങുന്ന സംഘം അവിടെപ്പോയി കണ്ടെത്തിയത് പോസ്റ്റുമോർട്ടം പോലും നടത്താതെ ഒരുപാട് മൃതശരീരങ്ങൾ സംസ്ക്കരിച്ചിട്ടുണ്ടെന്നാണ്. ഇത് വലിയ അപകടകരമായ ഒന്നാണ്. ഇത്തരം ഘട്ടങ്ങളിലാണ് ഇടപെടാൻ കഴിയുന്ന സാഹചര്യമുണ്ടാകേണ്ടത്. കേരളത്തിലുണ്ടാകുന്ന കമ്മീഷൻ ആ രീതിയിൽ ഇടപെടാൻ കഴിയുന്ന ഒന്നായി മാറണം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണ് ഇവിടെ എല്ലാവരും പറഞ്ഞത്. നിയമം ലംഘിക്കപ്പെട്ടാൽ നടപടികൾ സ്വീകരിക്കാൻ കഴിയുന്ന ഉയരത്തിലേയ്ക്ക് കമ്മീഷന് മാറാൻ കഴിയണം. വിഷയങ്ങളെ മോണിറ്റർ ചെയ്യാൻ കഴിയണം. അങ്ങനെ വന്നാലെ ഈ രീതിയിൽ മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ. നമുക്കറിയാം ഇവിടെ എല്ലാവർക്കും ഓരോ പ്രശ്നങ്ങളുണ്ട്. നിലവിലുള്ള യാഥാർത്ഥ്യങ്ങളെ നമുക്ക് കാണാതിരുന്നുകൂട. ഇവിടെ ബാബ്റി മസ്ജിദിനെക്കുറിച്ച് പറഞ്ഞു. ഞങ്ങൾക്കറിയാം ബാബ്റി മസ്ജിദിന്റെ കാര്യത്തിൽ വലിയ വില നൽകേണ്ടി വന്ന പാർട്ടിയാണ് ഞങ്ങളുടേത്. ഈ നാട്ടിൽ മതേതരത്വം നിലനിൽക്കണം, സാമാധാനം നിലനിൽക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചവരാണ് നമ്മൾ. ഞങ്ങൾക്ക് ഇവിടെ പാളിച്ചകൾ സംഭവിച്ചിട്ടുണ്ടാ

കില്ലായെന്ന് പറയുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസെന്ന് പറയുന്നത് മതേതര കക്ഷിയാണ്. ആ മതേതര പ്രസ്ഥാനം തകർന്നാൽ അവിടെ പകരം വരുന്നത് ബി.ജെ.പി. ആയിരിക്കും. അത് തകരുന്ന അന്തരീക്ഷം ഉണ്ടാകരുത്. അത് തകരുന്ന അന്തരീക്ഷം ഉണ്ടായപ്പോൾ അവിടെ ബി.ജെ.പി.യാണ് വന്നത്. നിങ്ങൾക്കറിയാം പിന്നീട് ബി.ജെ.പി.യെ താഴെയിറക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കൂടെ നിൽക്കേണ്ടി വന്നു. ഈ യാഥാർത്ഥ്യത്തെയാണ് ഞങ്ങൾ അന്നും വിളിച്ചുപറഞ്ഞത്. ബാബ്റി മസ്ജിദിന്റെ കാര്യത്തിൽ ഞങ്ങൾക്കന്ന് വലിയ വില നൽകേണ്ടിവന്നിട്ടുപോലും മതേതരത്വം കാത്തുസൂക്ഷിക്കാനും നാട്ടിൽ സമാധാനം സംരക്ഷിക്കാനും വളരെയേറെ പരിശ്രമിച്ച പാർട്ടിയാണ് ഞങ്ങളുടേത്. അന്ന് തീവ്രത കാണിച്ചവരെ ഞങ്ങൾ എതിർത്തു. അബ്ദുൾ നാസർ മഅ്ദനിയോട് അന്നും ഞങ്ങൾക്കുള്ള എതിർപ്പ് തീവ്രതയുടെ വഴിയുണ്ടാകരുതെന്നാണ്. എന്നാൽ മഅ്ദനി ഇന്ന് ജയിലിൽ കിടക്കുന്ന അന്തരീക്ഷത്തോട് ഒരിക്കലും ഞങ്ങൾ യോജിക്കുന്നില്ല. കാരണം നീതിനിഷേധിക്കപ്പെടരുത്. അദ്ദേഹം കുറ്റവാളിയാണെന്ന് കോടതി കണ്ടെത്തി എത്രകാലം ജയിലിൽ അടച്ചാലും ആർക്കും വിരോധമില്ല. വിചാരണപോലും നേരിടാതെ അനന്തമായി ജയിലിൽ കിടക്കുകയെന്ന നിലപാടിനോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. അക്കാര്യം ഞങ്ങൾ വളരെ വ്യക്തതമായി പറഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ ഇവിടെ തീവ്രവാദത്തെക്കുറിച്ച് പറഞ്ഞു. അത് വളരെ പ്രധാനമാണ്. ഞാൻ തീരദേശത്തുനിന്ന് വരുന്ന എം.എൽ.എ.ആണ്. ഈ തീവ്രവാദ പ്രവർത്തനങ്ങളുണ്ടായാൽ, നിങ്ങൾ അറിയേണ്ടത് തീവ്രവാദത്തിലേയ്ക്ക് എവിടെയാണ് എത്തുന്നത്. ഇവിടെ പറഞ്ഞല്ലോ ന്യൂനപക്ഷങ്ങൾക്ക് അരക്ഷിതാവസ്ഥയുണ്ടാകുമെന്ന്. ഈ അരക്ഷിതാവസ്ഥയിലേയ്ക്ക് ന്യൂനപക്ഷങ്ങളെ ആരാണ് കൊണ്ടെത്തിക്കുന്നത്. ബി.

ജെ.പി. അധികാരത്തിൽ വന്നാൽ അതുണ്ടാകും. ബി.ജെ.പി. അധികാരത്തിൽ വന്നാൽ അധികാര കേന്ദ്രങ്ങളിൽ അവർ എത്തും. അധികാര കേന്ദ്രങ്ങളിലെത്തിയാൽ താക്കോൽ സ്ഥാനങ്ങളിൽ അവരെത്തും. താക്കേൽ സ്ഥാനങ്ങളിലും, അധികാര സ്ഥാനങ്ങളിലും ബി.ജെ.പി. കയ്യടക്കിയാൽ അതിന്റെ ഭവിഷത്ത് വളരെ വലുതായിരിക്കും. അതിനെ പ്രതിരോധിക്കാൻ പിന്നെയുണ്ടാകുന്നത് കൊച്ചുകൊച്ചു തീവ്രവാദി വിഭാഗങ്ങളാണ്. അവരെ നേരിടാൻ നമുക്ക് കഴിയില്ല. ഈ ഭീഷണി നമ്മുടെ മുന്നിലുണ്ട്. ഈ ഭീഷണി മുന്നിൽകണ്ടുകൊണ്ട് മതേതര മുന്നേറ്റം ഉണ്ടാകണം. ആരും മതേതര കക്ഷികൾക്ക് എതിരല്ല. മതേതര മുന്നേറ്റം ഇന്ത്യയിൽ ഉണ്ടാകണം. മതേതര മുന്നേറ്റം ഇന്ത്യയിൽ ഉണ്ടാകണമെന്നുള്ളത് യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യമെന്താണ്? ബി.ജെ. പി. ഇന്ത്യയിൽ അധികാരത്തിൽ വരാൻ പാടില്ല. ബി.ജെ.പി. അധികാരത്തിൽ വരരുതെന്ന ലക്ഷ്യബോധത്തോടുകൂടിയാണ് കോൺഗ്രസ് പാർട്ടിയും മുന്നോട്ട് പോകുന്നത് സി.പി.ഐ. (എം)– പറയുന്നത് ഞങ്ങളും അങ്ങനെയാണ് മുന്നോട്ട് പോകുന്നതെന്ന്. ഏതായാലും ഒരു കാര്യം ഉറപ്പാണ് മതേതര കക്ഷികൾ ഇന്ത്യാരാജ്യത്ത് അധികാരത്തിൽ വരണമെന്നുള്ള നിലയിൽ യോജിക്കുന്നുവെന്നതുകൊണ്ട് തന്നെ മതേതര കക്ഷികൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന ഇന്ത്യയിലെ ഇപ്പോഴുള്ള കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്നുള്ള സത്യവും നമ്മുടെ മുമ്പിൽ നിൽക്കുന്നുവെന്നത് വിസ്മരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള ബിൽ നടപ്പിലാകുന്ന സമയത്ത് എല്ലാ അർത്ഥത്തിലും ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് അവരുടെ നൽകിയ അവകാശങ്ങൾ നിഷേധിക്കപ്പെടാത്ത രീതിയിൽ പരിരക്ഷിക്കാനാവുന്ന വിധം ആ രീതിയിൽ ഈ ബില്ലിനെ നടപ്പിലാക്കാൻ കഴിയ

ണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ സർവ്വാത്മന പിന്തുണയ്ക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ചെയ്തപ്രകാരമുളള 2013–ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്. ന്യൂനപക്ഷ ക്ഷേമത്തിനും ഉന്നമനത്തിനുമായി ക്രിയാത്മകമായി ഒന്നും ചെയ്യാൻ അധികാരമില്ലാത്ത കമ്മീഷനാണ്. കമ്മീഷനെ ഒരു നിരീക്ഷണ വിലയിരുത്തൽ ഉപദേശക സമിതിയായി മാത്രം വിഭാവനം ചെയ്തുവെന്നതാണ് ഈ കമ്മീഷന്റെ ഒരു പ്രധാനപ്പെട്ട പോരായ്മയായി ഞങ്ങൾ കാണുന്നത്. അവസരതുല്യതയെക്കുറിച്ചുളള പരാതി പരിഗണിക്കാനുതകുന്ന നടപടികൾ സ്വീകരിക്കാനും ഇതിന് അധികാരം നൽകിയിട്ടില്ലായെന്നുളളതാണ് ഏറ്റവും പ്രധാനപ്പെട്ട ന്യൂനതയായി കാണുന്നത്. കമ്മീഷൻ പ്രവർത്തനമെന്ന് പറയുമ്പോൾ ചർച്ച ക്ലാസ് സംഘടപ്പിക്കാനും പ്രഭാഷണം നടത്താനുമുളള ഒരു സംവിധാനമെന്നുളളതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമില്ല. ഏതെങ്കിലും മേഖലകളിൽ പോരായ്മകളുണ്ടെങ്കിൽ ആ പോരായ്മകൾക്ക് നിയമപരമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്ന തരത്തിലുളള ഒരു ഇടപെടൽ ശേഷിയുളള സ്ഥാപനമായി, അർദ്ധ ജുഡീഷ്യൽ സ്ഥാപനമായി മാറ്റാൻ കഴിയണം. അതിനുളള വ്യവസ്ഥകളൊന്നും ഈ കമ്മീഷനിലില്ലെന്നുളളതാണ് അതിന്റെ കുറവായി ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ.

കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. സുരേഷ് കുറുപ്പും വളരെ വിശദമായി ഇക്കാര്യങ്ങളെക്കുറിച്ച് സംസാരിച്ചതാണ്. അതിനാൽ ദീർഘമായി സംസാരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ന്യൂനപക്ഷ ക്ഷേമത്തിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടത് മതനിരപേക്ഷ സമൂഹത്തിന്റെ ബാധ്യതയാണ്. അതിനെ വർഗ്ഗീയതയെന്ന് പറയാൻ കഴിയില്ല. അവസരസമത്വം ഉണ്ടാക്കേണ്ടത് ഒരു സെക്യുലർ ഗവൺമെന്റിന്റെ ബാധ്യതന്നെയാണ്. ഒന്നാം യു. പി.എ.സർക്കാരിന്റെ കാലത്ത് ഈ പ്രശ്നം സംബന്ധിച്ച് പരിശോധിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ച കാര്യം രണ്ടുഭാഗത്തുനിന്നും പറയുകയുണ്ടായി. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് ശ്രീ. മൻമോഹൻ സിംഗ് നിയോഗിച്ച കമ്മിറ്റിയാണെന്ന്. ഒന്നാം യു.പി.എ. സർക്കാരിന് അത്തരത്തിലൊരു നടപടി സ്വീകരിക്കാൻ കഴിയുന്ന ധാർമ്മികമായ പിന്തുണ നൽകിയത് ഇടതുപക്ഷമാണെന്ന കാര്യം ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി വേണ്ടത്ര പറഞ്ഞില്ലെന്നാണ് എനിക്ക് തോന്നുന്നത്. കോൺഗ്രസ്സിന്റെ ഗവൺമെന്റ് അതിനുമുമ്പും ഇന്ത്യയിലുണ്ടായിട്ടുണ്ട്. കോൺഗ്രസ്സിന്റെ ഗവൺമെന്റുണ്ടായ ഒരു സന്ദർഭത്തിലും മതന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പരിശോധിക്കാനോ പരിഹരിക്കാനോ പരിഗണിക്കാനോ ആ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലായെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്.

ഒന്നാം യു.പി.എ. സർക്കാരിന് ഇടതുപക്ഷത്തിന്റെ 65 അംഗങ്ങൾ നൽകിയിട്ടുള്ള പിന്തുണയാണ് മുൻ കോൺഗ്രസ് ഗവൺമെന്റുകളിൽ നിന്നും വ്യത്യസ്ഥമായി രജീന്ദ്രസച്ചാർ കമ്മീഷനെ നിയോഗിക്കുന്നതിന് കേന്ദ്രഗവൺമെന്റിനെ പ്രാപ്തമാക്കിയത്. ഇടതുപക്ഷം ഉയർത്തിയ ഒരു

രാഷ്ട്രീയ ആശയ ധാരയെ നിരാകരിച്ചുകൊണ്ട് ഇക്കാര്യങ്ങളെ കാണാൻ കഴിയില്ലെന്ന് വളരെ വ്യക്തമാണ്. ഈ റിപ്പോർട്ട് വരുന്ന സന്ദർഭത്തിൽ സംസ്ഥാനം ഭരിച്ചിരുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്ന സന്ദർഭത്തിൽ കേരളത്തിന് ബാധകമായി ട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്? അഖിലേന്ത്യാ റിപ്പോർട്ടിന്റെ അല്ലെങ്കിൽ അഖിലേന്ത്യാ പരിപ്രേക്ഷ്യത്തിൽ നിന്ന് വ്യത്യസ്ഥമായ ഒരു സാമൂഹ്യ സാഹചര്യമാണ് കേരളത്തിലെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇവിടെ സംസാരിച്ച ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും അത് നിഷേധി ക്കുന്നില്ല. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളെപ്പോലെയുള്ള അതേ കാർബൺ പതിപ്പല്ല കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ സ്ഥിതിയെന്ന് എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. എന്തെല്ലാം കാര്യങ്ങൾ എവിടെയൊക്കെ എങ്ങനെ നടപ്പിലാക്കണം എന്നതുസംബന്ധിച്ച കൃത്യമായ ഒരു റിപ്പോർട്ട് ഉണ്ടാകേണ്ടത് ആവശ്യമായതുകൊണ്ടാണ് പാലൊളിയുടെ അദ്ധ്യക്ഷതയിലു ള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റി വളരെ കൃത്യമായി നമ്മുടെ സംസ്ഥാനത്ത് ചില കാര്യങ്ങൾ ആലോചിക്കുകയും തിരുമാനിക്കുകയും ചെയ്തു. ഒരു ന്യൂനപക്ഷ സെൽ ആദ്യമായി ആരംഭിച്ചത് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലാണെന്ന വസ്തുത എങ്ങനെയാണ് നമുക്ക് മറ ക്കാൻ കഴിയുക? ഇവിടെ ബിരുദ/ബിരുദാനന്തര പ്രൊവിഷണൽ കോഴ്സുകൾക്ക് മെരിറ്റ് കം മീൻസ് അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ അനുവദിച്ചു. സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്ക് സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ന്യൂനപക്ഷക്ഷേമ നടപടി കൾ നടപ്പിലാക്കുന്നതിനുവേണ്ടി പണം അനുവദിക്കുകയും ചെയ്തു.

സംസ്ഥാനത്തിന്റെ വ്യത്യസ്ഥ മേഖലകളിൽ ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഇടതുപക്ഷമുന്നണി ഗവൺമെന്റിനുകഴിഞ്ഞു. മലബാറിൽ പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസമേഖലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കുന്നതിനും ആ ഗവൺമെന്റിന് കഴിഞ്ഞുയെന്നത് യാഥാർത്ഥ്യമാണ്. അത് നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. ഇന്ത്യയുടെ പശ്ചാത്തലത്തിൽ മുസ്ലീം ജനസംഖ്യ കൂടുതലുള്ള ഗ്രാമങ്ങളിൽ 1/3–ഉം വിദ്യാഭ്യാസസ്ഥാപനങ്ങളുമില്ലാത്ത വില്ലേജുകളാണെന്ന് സച്ചാർ കമ്മീഷൻ ചൂണ്ടിക്കാണിച്ചു. ഇന്ത്യാഗവൺമെന്റിന്റെ കയ്യിൽ റിപ്പോർട്ട് കിട്ടിയിട്ട് എത്ര വർഷമായി. 40 ശതമാനം ന്യൂനപക്ഷകേന്ദ്രീകൃത വില്ലേജുകളിലും ചികിത്സാ സൗകര്യങ്ങളില്ല. ഇന്ത്യയുടെ കാര്യമാണ് പറയുന്നത്. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ വളരെ പിന്നോക്കമാണ്. സർക്കാർ പൊതുമേഖലാജീവനക്കാരിൽ വളരെ ചെറിയ ഒരനുപാതം മാത്രമാണ് ന്യൂനപക്ഷങ്ങളുള്ളത്. ദാരിദ്ര്യത്തിന്റെ അവസ്ഥയെക്കുറിച്ചും റിപ്പോർട്ടിൽ വ്യക്തമായി ചൂണ്ടിക്കാണിച്ചിരുന്നു. എന്റെ സുഹൃത്ത് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയോട് ഒരു ചോദ്യം ചോദിക്കുകയാണ്, ഇവിടെ ധാരാളം കാര്യങ്ങൾ പ്രഖ്യാപിച്ചുവെന്ന് അങ്ങ് പറഞ്ഞല്ലോ. ഒന്നാം യു.പി.എ . ഗവൺമെന്റിന്റെ ഈ റിപ്പോർട്ട് കിട്ടിയശേഷം ഇപ്പോൾ രണ്ടാം യു.പി.എ സർക്കാരിന്റെ അവസാന ദിവസങ്ങളിലേയ്ക്ക് കടക്കുകയാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫലപ്രദമായി ന്യൂനപക്ഷക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗവൺമെന്റിന് കഴിഞ്ഞോ? ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഫലപ്രദമായി ആ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ ഇന്ത്യാഗവൺമെന്റിന് കഴിഞ്ഞില്ല എന്നത്

പരാജയമാണെന്ന് വസ്തുതാപരമായി പരിശോധിക്കുന്ന എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഡോ. മൻമോഹൻ സിംഗ് കഴിഞ്ഞ ദിവസം വഖഫ് ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ ഒരു വ്യക്തി പ്രതിഷേധിക്കുകയുണ്ടായി. അദ്ദേഹം പ്രതിഷേധത്തിലൂടെ വിളിച്ചുപറയാൻ ശ്രമിച്ചത്, ഇങ്ങനെ പ്രഖ്യാപനങ്ങൾ മാത്രമല്ല വേണ്ടത്; പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് പറയുകയുണ്ടായി. കേരളത്തിന്റെ സ്ഥിതിയിലേക്കുവരുമ്പോൾ ഈ ന്യൂനപക്ഷക്ഷേമപദ്ധതികൾ ഫലപ്രദമായി കേരള ഗവൺമെന്റിന് നടപ്പിലാക്കാൻ കഴിയുന്നുണ്ടോ? ഞാൻ രണ്ട് കാര്യങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്, ഇന്ദിര ആവാസ് യോജന കേരളത്തിൽ വെറും 15 ശതമാനം മാത്രമാണ് നടപ്പിലാക്കുന്നത്. യഥാർത്ഥത്തിൽ 47 ശതമാനം കേരളത്തിൽ അതിന്റെ മൈനോറിറ്റി ക്വാട്ട അനുവദിക്കേണ്ടതാണ്. എന്തുകൊണ്ടാണ് 15 ശതമാനമെന്ന ക്രമീകരണമുണ്ടാക്കിയത്? ശ്രീ. പി.റ്റി.എ റഹിമിന്റെ ഒരു ചോദ്യത്തിന് ശ്രീ. കെ. സി. ജോസഫ് മറുപടിയായി പറഞ്ഞത്, അതിന് കേരളത്തിൽ ഒരു അഭിപ്രായസമന്വയമുണ്ടായിട്ടില്ല എന്നാണ്. ഇവിടെ ശ്രീ.കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചപ്പോൾ വളരെ കൃത്യമായി ചൂണ്ടിക്കാണിച്ചു. പ്രതിപക്ഷത്തിന് ഇക്കാര്യത്തിൽ അഭിപ്രായ ഐക്യമാണുള്ളത്. എന്തുകൊണ്ട് മതന്യൂനപക്ഷത്തിന് അവകാശപ്പെട്ട 47 ശതമാനം എന്ന ക്വാട്ടയിലെത്തിക്കാൻ നമുക്ക് കഴിയുന്നില്ല? ഇത് വളരെ പ്രസക്തമായിട്ടുള്ള ചോദ്യമാണ്. ഞങ്ങൾ എല്ലാം ചെയ്യുന്നുവെന്ന് പറയുന്നതുകൊണ്ട് വലിയ കാര്യമൊന്നുമില്ല.

<u>ശ്രീ. പി.റ്റി.എ. റഹീം</u>: സർ, ഇന്ദിര ആവാസ് യോജനയുടെ കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങൾക്കുള്ള വിഹിതം 47 ശതമാനമാണ്.

എന്നാൽ അത് 15 ശതമാനം മാത്രമേ കൊടുക്കാൻ സാധിക്കൂ എന്നാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട്. നേരത്തെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത്, പതിനഞ്ചിന പരിപാടിക്ക് എതിരായി ശ്രീ. നരേന്ദ്ര മോദി ഹൈക്കോടതിയിൽ കൊടുത്ത കേസ് തള്ളിയപ്പോൾ അദ്ദേഹം സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട് എന്നാണ്. ആ അപ്പീലിൽ കേരളം കക്ഷിചേരണമെന്നാണ് ഇവിടന്ന് ആവശ്യപ്പെട്ടത്. ശ്രീ. നരേന്ദ്ര മോദിയുടെ അതേ നിലപാട് തന്നെയാണ് ഇന്ദിര ആവാസ് യോജന പ്രശ്നത്തിൽ കേരള ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. ഇവർ കക്ഷിചേരാൻവേണ്ടി സുപ്രീംകോടതിയിൽ പോയാൽ ശ്രീ. കെ.സി. ജോസഫിന്റെ കടലാസ്സുമെടുത്ത് ശ്രീ. നരേന്ദ്ര മോദി അവിടെ വന്നാൽ എന്തായിരിക്കും സ്ഥിതിയെന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പറയുന്നത് പ്രസക്തമായ ഒരു കാര്യമാണ്. ഞങ്ങൾ അധികാരത്തിലുണ്ട് എന്നതുകൊണ്ട് ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായി അർഹമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നു എന്ന വാദം വസ്തുതാപരമായി ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഇക്കാര്യം ഇവിടെ പറഞ്ഞത്. കേരളത്തിലെ വഖഫ് ബോർഡ് ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഇന്ത്യയിലെ മറ്റ് സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറവ് വഖഫ് ഭൂമി അന്യാധീനപ്പെട്ട സ്ഥലം കേരളമാണ്. മുസ്ലീം ലീഗിന്റെ നേതാക്കൾ വഖഫ് ബോർഡിന്റെ സാരഥ്യത്തിൽ ഉണ്ടായിട്ടുണ്ട്. ഇടയ്ക്ക് ഇടതുപക്ഷവും വന്നിട്ടുണ്ട്. ഇന്ത്യയിൽ പൊതുവിൽ അങ്ങനെയല്ല,

ഡൽഹി, ബോംബെ, ലക്നൗ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെല്ലാം വലിയ തോതിൽ വഖഫ് ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. അതിന് ചരിത്രപരമായ കാരണങ്ങളുണ്ട്; ഗവൺമെന്റുകളുടെ കുറ്റകരമായ അനാസ്ഥയുമുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ മുസ്ലീങ്ങളുടെ സ്ഥിതിയെ സംബന്ധിച്ച് അങ്ങ് പറയുകയുണ്ടായി. മുപ്പത് വർഷക്കാലം ഇടതുപക്ഷം ഭരിച്ച ബംഗാളിലെ സ്ഥിതിയെ സംബന്ധിച്ച് സച്ചാർ കമ്മീഷൻ പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? രണ്ട് ശതമാനം മാത്രമേ മുസ്ലീങ്ങളോട് പ്രാതിനിധ്യം ഉണ്ടായിരുന്നുള്ളൂ എന്നാണ്. വഖഫ് ഭൂമി ഏറ്റവും കൂടുതൽ അന്യാധീനപ്പെട്ടത് ബംഗാളിലാണെന്ന് പറയുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങ് ചെയർമാൻകൂടിയായിരുന്ന ആളാണല്ലോ.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പറഞ്ഞ കാര്യത്തിലേയ്ക്ക് ഞാൻ വരാം. ഇന്ത്യയിൽ വഖഫ് ഭൂമി അന്യാധീനപ്പെട്ടതിൽ എറ്റവും കുറവ് കേരളത്തിലാണ്. വഖഫ് ബോർഡ് താരതമ്യേന നല്ലതുപോലെ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വരുന്ന സമയത്ത് സംസ്ഥാന വഖഫ് ബോർഡിന് ഈ ഗവൺമെന്റ് നൽകിയ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് 25 ലക്ഷം രൂപയാണ്. സോഷ്യൽ വെൽഫയർ ഗ്രാന്റ് 25 ലക്ഷം രൂപയിൽ താഴെയുമായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നപ്പോഴാണ് വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് വർദ്ധിപ്പിച്ചത്. സോഷ്യൽ വെൽഫയർ ഗ്രാന്റും ആ കാലത്ത്

വർദ്ധിപ്പിക്കുകയുണ്ടായി. ഒരു കോടി രൂപയായി രണ്ടും വർദ്ധിപ്പിച്ചു. എന്നാൽ നൽകുന്ന ഗ്രാന്റ് ഇപ്പോൾ നിങ്ങൾ വെട്ടിക്കുറച്ചിരിക്കുകയാണ്. ഞാൻ പറയുന്നതിൽ വസ്തുതാപരമായി പിശകുണ്ടെങ്കിൽ പറയണം. സംസ്ഥാന വഖഫ് ബോർഡിന് കേരള ഗവൺമെന്റ് നൽകിയ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്, ഒരു കോടി രൂപ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നൽകിയിരുന്നെങ്കിൽ ഇപ്പോൾ 69 ലക്ഷം രൂപ മാത്രമാണ് നൽകുന്നത്. അത് നിങ്ങൾ വെട്ടിക്കുറയ്ക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളത്. ഈ കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ടുള്ള ഒരു അവകാശ വാദമാണ് അപ്പുറത്തുനിന്നും ഉയർന്ന് വന്നിട്ടുള്ളത്.

ഇവിടെ ബംഗ്ലാളിലെ സ്ഥിതിയെപ്പറ്റിയും സച്ചാർ കമ്മീഷനെപ്പറ്റിയും ശ്രീ. എം. ഉമ്മർ പറഞ്ഞു. പക്ഷേ, കേരളത്തിലെയും ബംഗാളിലേയും സാമൂഹ്യസ്ഥിതി വ്യത്യസ്തമാണ്. ബംഗാൾ ദശലക്ഷക്കണക്കിന് ആളുകളുടെ കുടിയേറ്റം നടന്നുകൊണ്ടിരിക്കുന്ന ഒരു അതിർത്തി സംസ്ഥാനമാണ്. കിഴക്കൻ ബംഗാളിൽ നിന്നും വലിയ തോതിലുള്ളൊരു പ്രവാഹം അവിടെ ഉണ്ടായിട്ടുണ്ട്. അത് കേരളത്തിന്റെ സ്ഥിതിയിൽ നിന്നും വ്യത്യസ്തമാണ്. താരതമ്യം ചെയ്യാൻ പറ്റില്ല. കേരളം മറ്റ് രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നൊരു സംസ്ഥാനമല്ല. കേരളത്തേയും ബംഗാളിനേയും ആ കാര്യത്തിൽ താരതമ്യം ചെയ്യുന്നതിൽ വസ്തുതാപരമായിട്ടുള്ള പ്രശ്നങ്ങളുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം എങ്ങനെയാണ് മതന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കാണുന്നതെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ

നന്നായി വിശദീകരിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനും വിശിഷ്യാ സി.പി.ഐ(എം)-നും സുവ്യക്തമായ കാഴ്ചപ്പാടാണ് ഇക്കാര്യത്തിലുള്ളത്. ആധുനിക കേരളത്തിന്റെ സൃഷ്ടിയിൽ വളരെ ഫലപ്രദമായ ഇടപെടൽ നടത്തിയ കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മതന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് രചനാത്മകമായിട്ടുള്ള സംഭാവന നൽകിയിട്ടുണ്ട്. അക്കാര്യം ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ വലിയ വെല്ലുവിളി നേരിട്ട പല സന്ദർഭങ്ങളിലും ഉറച്ച നിലപാടുകൾ സ്വീകരിക്കാൻ ഇടതുപക്ഷത്തിന് സാധിച്ചിട്ടുണ്ട്. ഇവിടെ ബാബ്റി മസ്ജിദിന്റെ തകർച്ചയെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ബാബ്റി മസ്ജിദിന്റെ തകർച്ചയുമായി ബന്ധപ്പെട്ട് അന്നത്തെ കേന്ദ്ര ഗവൺമെന്റ് എടുത്ത വഞ്ചനാപരമായിട്ടുള്ള നിലപാട് ചൂണ്ടിക്കാണിച്ചത് ഇവിടത്തെ ഇടതുപക്ഷമാണ്. തർക്കഭൂമിയിൽ ശിലയിടാൻ അനുമതി നൽകിക്കൊണ്ട് വഞ്ചനാപരമായ തീരുമാനമെടുത്ത കോൺഗ്രസ്സിന്റെ നിലപാട്, ഈ പ്രസ്ഥാനത്തിൽ വിശ്വാസമർപ്പിച്ചിരുന്ന മതന്യൂനപക്ഷങ്ങളിൽപ്പെട്ട ജനകോടികൾ ആ വിശ്വാസത്തിൽ നിന്നും പിൻമാറാനിടയാക്കിയതെന്ന് ഇപ്പോഴും പ്രതിപക്ഷത്തിരിക്കുന്നവർ മനസ്സിലാക്കുന്നില്ല. ഇന്ത്യൻ മുസ്ലീം സമുദായത്തിന്റെ പ്രബലനായ നേതാവായിരുന്ന ഇബ്രാഹീം സുലൈമാൻ സേട്ട് അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടിൽ മാറ്റം വരുത്തിയത് ഈ പശ്ചാത്തലത്തിലാണ്. ഇത്തരമൊരു വഞ്ചനയ്ക്ക് മുസ്ലീം ലീഗ് കൂട്ടുനിന്നുവെന്നതാണ് ആ ഘട്ടത്തിൽ ഇബ്രാഹിം സുലൈമാൻ സേട്ട് ഉയർത്തിയ ഏറ്റവും പ്രധാനപ്പെട്ട വിമർശനം. ആ ഘട്ടത്തിൽ ഇടതുപക്ഷത്തിന്റെ ഏറ്റവും ശക്തമായിട്ടുള്ള നിലപാട് ഉയർത്തിപ്പിടിക്കുകയും ചെയ്തതാണ്. കോൺഗ്രസ്സും മുസ്ലീം ലീഗും ആ സന്ദർഭത്തിലെടുത്ത നിലപാട്

ഈ വഞ്ചനയ്ക്ക് കൂട്ടുനിൽക്കുന്നതായിരുന്നു. ഭാരതീയ ജനതാ പാർട്ടിയുടെ വർഗ്ഗീയ നിലപാടുകൾക്കെതിരായി ഏറ്റവും സമർത്ഥമായ നിലപാട് സ്വീകരിക്കുകയും എൻ.ഡി.എ. ഭരണത്തിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കുന്നതിന് ഏറ്റവും ശരിയായ നിലപാട് ഞങ്ങൾ സ്വീകരിച്ചു. കോൺഗ്രസ്സ് പാർട്ടിയുമായി 101 ശതമാനം അഭിപ്രായ ഭിന്നതയുണ്ടെങ്കിൽ പോലും ആ ഘട്ടത്തിൽ കോൺഗ്രസ് പാർട്ടിക്ക് പിന്തുണ നൽകാൻ സന്നദ്ധമായത് ഞങ്ങളായിരുന്നു. പക്ഷേ, ആ പിന്തുണയോട് എങ്ങനെയാണ് കേന്ദ്ര ഗവൺമെന്റും കോൺഗ്രസും പ്രതികരിച്ചതെന്ന് നമ്മൾ കാണുകയുണ്ടായി. കോൺഗ്രസ് തോറ്റാൽ ബി.ജെ.പി. അല്ലേ വരിക. ആരാണ് അതിന് ഉത്തരവാദി. ഗുജറാത്തിൽ കോൺഗ്രസിനെ തുടർച്ചയായി ബി.ജെ.പി. പരാജയപ്പെടുത്തുന്നത് ഇടതുപക്ഷം കാരണമാണോ; .............

ശ്രീ. സി. പി. മുഹമ്മദ്: ഇടതുപക്ഷ ജനാധിപത്യമുന്നണി കോൺഗ്രസ്സിന് പിന്തുണ നൽകിയെന്നുള്ളത് ഒരു ചരിത്ര സത്യമാണ്. ആണവകരാറിനെ ആസ്പദമാക്കി പ്രകോപനപരമായ രീതിയിൽ അത് പിൻവലിക്കുകയും ചെയ്തു. അതേസമയം കൂടംകുളത്തിന് പിന്തുണ കൊടുക്കുകയും ചെയ്തു. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന് അൻപത് സീറ്റ് കിട്ടിയാൽ കോൺഗ്രസ് പിന്തുണ തരാം, കോൺഗ്രസിന് നൂറ് സീറ്റ് കിട്ടിയാൽ ജയലളിതയുടെ പിന്നാലെ പോകുന്നതിനുപകരം കോൺഗ്രസിന് വീണ്ടും പിന്തുണ തരാൻ തയ്യാറാകുമോ; നരേന്ദ്രമോദിയെ മാറ്റിനിർത്താൻ സാധിക്കുമോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ആ ചോദ്യത്തിന് വലിയ പ്രസക്തിയില്ല. ഇന്ത്യയിലെ രാഷ്ട്രീയ സ്ഥിതികൾ പരിശോധിക്കുന്ന എല്ലാവർക്കുമറിയാം

കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെയും ഇടതുപക്ഷത്തിന്റെയും നിലപാടുകൾ സ്വാതന്ത്ര്യത്തിനുശേഷം കോൺഗ്രസുമായി ഏറ്റുമുട്ടിയിട്ടുള്ള നിലപാടാണ്. പക്ഷേ, ഒരു പ്രത്യേക സന്ദർഭത്തിൽ ഭാരതീയ ജനതാ പാർട്ടിയെ അധികാരത്തിൽ നിന്നും ഒഴിവാക്കാൻ ഞങ്ങൾ നിരുപാതികമായ പിന്തുണ നൽകി. പക്ഷേ, നിങ്ങളെടുത്ത നിലപാട് ഞങ്ങളെ ശക്തമായി എതിർത്തുകൊണ്ട് മുന്നോട്ടുപോവുക എന്നതായിരുന്നു. അത് കേവലം ആവണ കരാറിന്റെ വിഷയം മാത്രമല്ല. ബഹുമാനപ്പെട്ട സി. പി. മുഹമ്മദിനോട് ചോദിക്കട്ടേ; ഒന്നാം യു.പി.എ. സർക്കാർ, തൊഴിലുറപ്പ് പദ്ധതി, സച്ചാർ കമ്മീഷൻ ഉൾപ്പെടെയുള്ള ചില കാര്യങ്ങൾ നടപ്പിലാക്കി. പക്ഷേ, അതേ ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് നിങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ച ചില കാര്യങ്ങളുണ്ട്. എന്താണത്? പെട്രോൾ–ഡീസൽ ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം നീക്കുന്ന കാര്യം. ഞങ്ങൾ അതിനെ ശക്തമായി എതിർത്തു. അങ്ങനെ ശക്തമായി എതിർത്തതുകൊണ്ട് അന്ന് അത് നടപ്പിലാക്കാൻ സാധിച്ചില്ല. രണ്ടാം യു.പി.എ. സർക്കാർ ഞങ്ങളുടെ പിന്തുണയില്ലാതെ ഇന്ത്യ ഭരിച്ചപ്പോൾ ആ നിലപാടുകളെല്ലാം നടപ്പിലാക്കി. ജനകീയമായിട്ടുള്ള അവബോധത്തെ, ജനകീയമായിട്ടുള്ള ഇച്ഛയെ  മനസ്സിലാക്കാതെ ശ്രീ. ചിദംബരത്തെപോലുള്ള ആളുകൾ ഈ കാര്യങ്ങൾ നടപ്പിലാക്കുകയാണ്. ഭരണപക്ഷത്തിരിക്കുന്ന ബഹുമാന്യരായിട്ടുള്ള ജനകീയ ബന്ധമുള്ള പല എം.എൽ.എ. മാരും ആ നിലപാടിനെ അംഗീകരിക്കുന്നവരല്ല. കാരണം നിങ്ങൾ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവരാണ്. പക്ഷേ, ദേശീയതലത്തിൽ അങ്ങനെയല്ല. ദേശീയതലത്തിൽ ഈ ജനബന്ധമല്ല, കോർപ്പറേറ്റ് താൽപ്പര്യമാണ് പ്രധാനം. കോടി കണക്കിന് രൂപയുടെ ഇടപാടുകൾ ഇടനാഴികളിൽ നടക്കുന്നു. കടൽ അരിച്ചുപെറുക്കാൻ ഇവിടെ ഒരു സുഹൃത്ത് പറയുകയുണ്ടായി. കടൽ അരി

ച്ചുപെറുക്കാൻ മൾട്ടീനാഷണൽ കമ്പനികൾക്ക്, കപ്പലുകൾക്ക് അനുമതി കൊടുത്തത് കേന്ദ്ര ഗവൺമെന്റാണ്. അന്ന് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആൾ ഇപ്പോൾ അരുണാചൽ പ്രദേശിലെ മന്ത്രിയാണ്. ഒരുപക്ഷെ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ആളായിരുന്നെങ്കിൽ ഇത്തരരത്തിൽ അനുമതി കൊടുക്കുമായിരുന്നില്ല. തീരദേശത്തെ ആളുകൾ അതിന്റെ ഫലമായുള്ള ദുരനുഭവം സ്വന്തം ജീവിതത്തിൽ ഏറ്റുവാങ്ങുകയാണ്. അപ്പോൾ രണ്ടാം യു. പി.എ. സർക്കാർ ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കുമ്പോൾ അതിന്റെ ദുരന്തം ഈ നാട്ടിലെ മഹാഭൂരിപക്ഷം ആളുകളും അനുഭവിക്കുന്നുവെന്ന് ഇത് വ്യക്തമാക്കുകയാണ്. ഇവിടത്തെ മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, പാർസികൾ ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങളും പട്ടികജാതി–പട്ടികവർഗ്ഗ, പിന്നോക്കവിഭാഗങ്ങളും നേരിടുന്ന പ്രശ്നങ്ങൾ ഒരുപോലെ പരിഹരിക്കാൻ ഒരു സെക്കുലർ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്. ഇവിടെ ഇന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ ബിൽ കൊണ്ടുവന്നതിലൂടെ കമ്മീഷന്റെ പൂർണ്ണമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തമല്ലാത്തതുകൊണ്ടാണ് ഈ കാര്യത്തിലുള്ള ഭേദഗതി ഞങ്ങൾ മൂവ് ചെയ്യുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുകയാണ്. 1978–ൽ രാജ്യത്ത് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽവന്നു. അതിനുശേഷം ആദ്യമായി ഉത്തർപ്രദേശിലും പിന്നീട് ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിലും ന്യൂനപക്ഷ കമ്മീഷനുകൾ നിലവിൽ വന്നു. എങ്കിലും പല കാര്യങ്ങളിലും ലോകത്തിനുതന്നെ മാതൃകയായ കേരളത്തിന് ഒരു ന്യൂനപക്ഷ കമ്മീഷൻ കൊണ്ടുവരുന്നതിന് ഇത്രയധികം കാലതാമസമു

ണ്ടായി എന്നുള്ളത് ഒട്ടും അഭിമാനകരമല്ല. എങ്കിലും അതിനെല്ലാം പ്രായ ച്ഛിത്തം ചെയ്തുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടി യുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് ന്യൂനപക്ഷ കമ്മീഷൻ ഇപ്പോൾ യാഥാർത്ഥ്യമാക്കി യിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിരവധി തവണ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാന ന്ദന് ഈ കമ്മീഷൻ രൂപീകരിക്കാത്തതിൽ അദ്ദേഹത്തിന്റെ അതൃപ്തി അറി യിച്ചുകൊണ്ട് കത്തയച്ചു. പല്ലും നഖവുമില്ലാത്തൊരു ബില്ലാണിതെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ പല്ലും നഖവു മുള്ളൊരു കമ്മീഷൻ ഉണ്ടാക്കാമായിരുന്നല്ലോ; എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്യാതിരിക്കു കയും ന്യൂനപക്ഷ കമ്മീഷൻ ബിൽ കൊണ്ടുവന്ന ഗവൺമെന്റിനെ വിമർശി ക്കുകയും ചെയ്യുന്നത് ശരിയാണോ? കഴിഞ്ഞദിവസം യുവജന കമ്മീഷൻ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പി. കെ. ജയലക്ഷ്മി കൊണ്ടുവന്നു. ഇന്ത്യ യിൽ ആദ്യമായി അത്തരമൊരു കമ്മീഷൻ ഇവിടെ കൊണ്ടുവന്നു. അതി നെയും നിങ്ങൾ വിമർശിച്ചു. അഞ്ചുവർഷം ഇവിടെ അധികാരത്തിലിരുന്നവ രാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നിങ്ങൾക്ക് യുവജന കമ്മീഷനൊ ന്യൂനപക്ഷ കമ്മീഷനോ കൊണ്ടുവരാൻ സാധിച്ചില്ല. അതൊന്നും ചെയ്യാതെ കൊണ്ടുവരുന്ന ബില്ലുകളെ വിമർശിക്കുന്നത് ശരി യാണോ എന്നുള്ളത് ആത്മാർത്ഥമായി നിങ്ങൾ പരിശോധിക്കണം.

National Commission for Minority Act 1992 Section II T പ്രകാരം മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാർസി എന്നീ 5 മതങ്ങളെയാണ്

ഇന്ത്യയിൽ ന്യൂനപക്ഷവിഭാഗങ്ങളായി പരിഗണിച്ചിരിക്കുന്നത്. ഇന്ത്യയിലെ മുസ്ലീങ്ങളെ പ്രത്യേകമായി പരിശോധിക്കുമ്പോൾ അവർക്ക് ഇന്ത്യാ ചരിത്ര ത്തിൽ പ്രത്യേകിച്ച് ദേശീയ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വളരെ വലിയ പാരമ്പര്യമാണുള്ളത്. 1857–ലെ ഒന്നാം സ്വാതന്ത്ര്യസമരം മുതൽ ഇങ്ങോട്ട് പരിശോധിച്ചാൽ അക്കാര്യം നമുക്ക് വളരെ കൃത്യമായി കാണാൻ സാധിക്കും. 1857–ലെ സ്വാതന്ത്ര്യസമരത്തിൽ ഉലമാക്കൾ വഹിച്ച പങ്ക് വളരെ നിർണ്ണായകമായിരുന്നു. ഷാ അബ്ദുൾ അസീസിന്റെ ശിഷ്യന്മാരായി രുന്നു ഇവർ. ഇവരിൽ ഒരു വിഭാഗം മക്കയിലേയ്ക്ക് പോയി, മറ്റൊരു വിഭാഗം മൗലാനാ മുഹമ്മദ് ഖാസിം നനോറ്റ്വിയുടെ നേതൃത്വത്തിൽ ദിയോബന്തിൽ ഒരു ഉന്നത മത വിദ്യാപീഠം ആരംഭിച്ചു. മതശുദ്ധിയുടെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെയും ഒരു വലിയ കേന്ദ്രമായി ദിയോബന്ത് മാറി. ഇന്ത്യയുടെ അയൽ രാജ്യങ്ങളിൽ നിന്നുപോലും അവിടേയ്ക്ക് വിദ്യാർത്ഥി കൾ വന്നുചേർന്നു. ഈ പ്രസ്ഥാനത്തിന്റെ കരുത്ത് മുസ്ലീം മണ്ഡലത്തിൽ വലിയ സ്വാധീനമുണ്ടാക്കി. അന്ന് സർ സയ്യിദ് മുസ്ലീങ്ങളോട് കോൺഗ്ര സ്സിൽ ചേരരുതെന്ന് അഭ്യർത്ഥിച്ചു. എന്നാൽ 1888–ൽ 100 മതപണ്ഡിതന്മാർ ഒപ്പിട്ട ഫത്വ ലുധിയാനയിൽ നിന്ന് പുറത്തിറങ്ങി. ഫത്വയിൽ ഒപ്പിട്ടവരുടെ കൂട്ടത്തിൽ മക്കയിലുള്ളവരും ബാഗ്ദാദിലുള്ളവരുമുണ്ടായിരുന്നു. അവർ കോൺഗ്രസ്സിൽ ചേരാൻ മുസ്ലീങ്ങളോട് ആജ്ഞാപിച്ചു. മൗലാനാ റഷീദ് അഹമ്മദ് ഗംഗോസി, മുഹമ്മദ് ഉൽ ഹസ്സൻ തുടങ്ങിയ പണ്ഡിതന്മാർ ദേശീയ തയോടുള്ള ബന്ധം കാത്തുസൂക്ഷിക്കാനും ദേശീയപ്രസ്ഥാനത്തെ ശക്തിപ്പെ ടുത്താനും ആ സമൂഹത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 1885–ൽ രൂപീകരിക്കപ്പെട്ട് 1887–ൽ അതിന്റെ ഒരു

പരിപൂർണ്ണ സമ്മേളനത്തിലാണ് സർ ബദ്റുദ്ദീൻ തിയാബ്ജിയെ അദ്ധ്യക്ഷ നായി തെരഞ്ഞെടുത്തത്. അദ്ദേഹം ബോംബെയിലെ ഒരു പ്രമുഖ അഭിഭാ ഷകനും നിയമ പണ്ഡിതനുമായിരുന്നു. മുസ്ലീം ജനങ്ങൾക്കിടയിൽ വലിയ പിന്തുണയുണ്ടായിരുന്ന അദ്ദേഹത്തെ കോൺഗ്രസ്സിൽനിന്ന് അകറ്റാൻ അന്നത്തെ വൈസ്രോയി ഡഫ്റിൻ പ്രഭു വളരെയധികം ശ്രമിച്ചിരുന്നു. എന്നാൽ ബദ്റുദ്ദീൻ തിയാബ്ജി ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തി ലേയ്ക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലേയ്ക്കും കടന്നുവരികയുണ്ടായി. ഇത് വളരെ അഭിമാനകരമായ ഒരു ചരിത്രമാണ്. അതുപോലെതന്നെ നമുക്കറിയാം, 1915–നുശേഷം ഗാന്ധിജി ദേശീയ സ്വാത ന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേയ്ക്ക് കടന്നുവന്നു. ആ കാലഘ ട്ടത്തിൽത്തന്നെ ഇന്ത്യയിലെ മുസ്ലീം യുവത ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാ നവുമായി അഭിമാനപൂർവ്വം അതിൽ അണിചേർന്ന് **അക്റാർ ഗ്രൂപ്പ്** എന്നൊരു ഗ്രൂപ്പായി. മൗലാനാ മുഹമ്മദലി അവരുടെ നേതാവായി. ഹക്കിം അജ്മൽഖാൻ, ഹസൻ ഇമാം, സഫർ അലിഖാൻ, ഫസൽ–ഉൾ ഹക്ക് ഇവ രുടെ നേതൃത്വത്തിൽ ആ മൂവ്മെന്റ് മുന്നോട്ടുവന്നു. ആ ഘട്ടത്തിൽ ഗുലാം മുഹിയുദ്ദീൻ എന്ന യുവാവ് രംഗപ്രവേശം ചെയ്തു. അൽ–ഹിലാൽ എന്ന പത്രം അദ്ദേഹം തുടങ്ങി. ആ താളുകളിലൂടെ കത്തിയാളിയ ആശയാഗ്നി അന്നത്തെ പ്രബുദ്ധ മുസ്ലീം മനസ്സിനെ അസ്വസ്ഥരാക്കുകയും ഉയിർത്തെഴു ന്നേൽപ്പിലേയ്ക്ക് അവരെ നയിക്കുകയും ചെയ്തു. ഞാൻ അഭിമാനത്തോടു കൂടി ഈ സഭയിൽ പറയുന്നു, ആ ചെറുപ്പക്കാരനാണ് പിന്നീട് ദേശീയ ചരിത്രത്തിലെ യുഗപുരുഷനായി മാറിയ മൗലാനാ അബ്ദുൾഖലാം ആസാദ്. ഈ പാരമ്പര്യം നമുക്കെല്ലാം അഭിമാനം നൽകുന്ന ഒരു പാരമ്പര്യമാണ്.

അവിടെ നിന്ന് ഒരുപാട് ദൂരം നമ്മൾ മുന്നോട്ടുവന്നു. എന്റെ ബഹുമാന്യ സ്നേഹിതൻ അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ സൂചിപ്പിച്ചതുപോലെ സ്വാതന്ത്ര്യാനന്തരം ഇൻഡ്യയിലെ മുസ്ലീങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ അവസ്ഥയെക്കുറിച്ച് സവിസ്തരം പഠിക്കുവാൻ വേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചത് യു.പി.എ. സർക്കാരാണ് – രജീന്ദ്ര സച്ചാർ കമ്മീഷൻ. ഇവിടെ പ്രതിപക്ഷത്തുള്ള എന്റെ സ്നേഹിതന്മാരെല്ലാം ഈ ചർച്ചയിൽ ആവർത്തിച്ച് പറയും, എന്തെങ്കിലും നല്ല കാര്യം യു.പി.എ. ഗവൺമെന്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഞങ്ങൾ പിന്തുണച്ചതുകൊണ്ടാണ് എന്ന്. ഒന്നാം യു.പി.എ. സർക്കാരിനുശേഷം രണ്ടാം യു.പി.എ. സർക്കാരുണ്ടായി. നിങ്ങൾ വെല്ലുവിളിച്ചിട്ടാണല്ലോ പോയത്? ഞങ്ങൾ ഇതാ ഇറങ്ങിപ്പോകുകയാണ്, ഇനി കോൺഗ്രസ്സ് ഈ രാജ്യത്ത് അധികാരത്തിൽ വരാൻ പോകുന്നില്ല, ഞങ്ങൾ പിന്തുണച്ചതുകൊണ്ടാണ് കോൺഗ്രസ്സ് അധികാരത്തിലിരുന്നത് എന്നൊക്കെ. നിങ്ങൾ പുറത്തുപോയതിനുശേഷവും രണ്ടാം യു.പി.എ. സർക്കാർ നിലവിൽ വന്നു. ഒന്നാം യു.പി.എ. സർക്കാരിനെ നിങ്ങൾ പിന്തുണച്ചു. നിങ്ങൾക്ക് അതല്ലാതെ വേറെ മാർഗ്ഗമില്ലായിരുന്നു. ഞാൻ നിങ്ങളെ ചെറുതായി കാണുന്നില്ല. ഞങ്ങളുടെ അദ്ധ്യക്ഷ ശ്രീമതി സോണിയാഗാന്ധി, നിങ്ങൾ പിന്തുണ പിൻവലിച്ച ദിവസം മാധ്യമ സമ്മേളനം നടത്തിപ്പറഞ്ഞു, ഇടതുപക്ഷം ചെയ്ത നല്ല കാര്യങ്ങൾക്ക്, തന്ന പിന്തുണയ്ക്ക് ഞങ്ങൾ നന്ദി അറിയിക്കുന്നു. അത് ആ രാഷ്ട്രീയ നേതാവിന്റെ വലിയ മഹത്വം. പക്ഷേ ഞാൻ നിങ്ങളെ അംഗീകരിച്ചുകൊണ്ടുതന്നെ പറയുകയാണ്, നിങ്ങൾക്ക് വേറെ എന്തായിരുന്നു മാർഗ്ഗം; നിങ്ങൾ ബി.ജെ.പി.യെ പിന്തുണയ്ക്കുമോ? നിങ്ങൾക്ക് ഞങ്ങളെ പിന്തുണയ്ക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലായിരുന്നു, അല്ലെങ്കിൽ മുമ്പ് നിങ്ങൾ ചെയ്ത

തുപോലെ വാജ്പേയിയെ അധികാരത്തിൽ കൊണ്ടുവരണമായിരുന്നു. നിങ്ങൾ തന്നെയാണല്ലോ അതിന് പ്രേരണയായത്. കൽക്കട്ടയിലെ മഹാറാലി യുടെ ചിത്രം നിങ്ങളുടെ എല്ലാം പാർട്ടി ആഫീസിൽ കാണില്ലേ? കൽക്ക ട്ടയിലെ മഹാറാലിയുടെ ആ പഴയ ബ്ലാക്ക് & വൈറ്റ് ചിത്രം ഒന്ന് പൊടിതട്ടി നോക്കണം. അതിൽ വാജ്പേയി, അദ്വാനി, ഇ.എം.എസ്., ഹർകിഷൻ സിംഗ് സുർജിത്, രാമറാവു, ജ്യോതിബസു........... കഴിഞ്ഞ ദിവസം പുത്തരിക്കണ്ടം മൈതാനത്ത് ഇ.പി. ജയരാജനും എളമരം കരീമും ബേബിജോണും ശ്രീമതി ടീച്ചറുമെല്ലാം കൈ ഉയർത്തി നിൽക്കുന്നതുപോലെ അന്ന് കൽക്കട്ടയിൽ നിന്നത് രാമറാവുവും ജ്യോതിബസുവും അദ്വാനിയും വാജ്പേയിയും ഇ.എം. എസും എല്ലാമായിരുന്നു. ആ മഹാറാലിക്ക് ശേഷമാണ് രണ്ട് എം.പി. മാരു ണ്ടായിരുന്ന ബി.ജെ.പി. യെ ഇന്ത്യയുടെ രാഷ്ട്രീയത്തിൽ പ്രധാനമന്ത്രി പദവിയിലേയ്ക്ക് എത്തിച്ചത്. കർണ്ണാടക നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മലയാളത്തിലെ പ്രിയപ്പെട്ട എഴുത്തുകാരൻ ആനന്ദ് ഇങ്ങനെ ട്വീറ്റ് ചെയ്തു – കർണ്ണാടക വീണ്ടും ദക്ഷിണേന്ത്യയുടെ മതേതര പാരമ്പര്യ ത്തിലേയ്ക്ക് മടങ്ങിവന്നു. ഇവിടെ മാത്യു റ്റി തോമസ് ഇല്ല. അദ്ദേഹം ഒരു ശുദ്ധാത്മാവാണ്. അദ്ദേഹം പറയുകയാണ്, 'ഞങ്ങളുടെ കേരളാപാർട്ടി അംഗീകരിച്ചില്ല.' ജനതാദളിന് അങ്ങനെ ഒരു പാർട്ടിയുണ്ടോ; ജനതാദൾ ഒരു ദേശീയ പാർട്ടിയല്ലേ? അതിന് കേരള പാർട്ടി, തമിഴ്നാട് പാർട്ടി, കർണ്ണാടക പാർട്ടി എന്ന് പറഞ്ഞൊരു പാർട്ടിയുണ്ടോ? എന്തായാലും കോൺഗ്രസ്സിന് അങ്ങനെയില്ല. സി.പി.ഐ.(എം.)–ന് അങ്ങനെയുണ്ടോ എന്നറിയില്ല. അങ്ങനെ ഒരു തീരുമാനമെടുക്കാൻ കഴിയുമോ; അങ്ങനെ തീരുമാനിക്കാൻ കഴിയുമോ? കർണ്ണാടകത്തിലും ദക്ഷിണേന്ത്യയിലും ആദ്യമായി ബി.ജെ.പി.

യ്ക്ക് ഒരു മുഖ്യമന്ത്രിയെ ഉണ്ടാക്കിക്കൊടുത്തത്.........കുമാരസ്വാമിയെ മുഖ്യമന്ത്രിയാക്കാനായി നിങ്ങൾ ബി.ജെ.പി. യെ കൂട്ടുപിടിച്ചു. പിന്നീട് യെദ്യൂരപ്പ മുഖ്യമന്ത്രിയായി. നിങ്ങളുടെ ഉപരോധസമര വേദിയിലേയ്ക്ക് ദേവഗൗഡ വന്നു. പിന്നെ ഇവിടെ നിന്ന് നേരെ പോയത് എവിടെയാണ്? കർണ്ണാടകത്തിൽ. ബി.ജെ.പി. യും ജനതാദളും കൂടെ ഒരുമിച്ച്.... കുമാരസ്വാമി രണ്ടര ലക്ഷം വോട്ടുകൾക്ക് ജയിച്ചിടത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി ഒന്നര ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ബി.ജെ.പി.യെയും ജനതാദളിനെയും പരാജയപ്പെടുത്തി. രണ്ട് പി.ബി. മെമ്പർമാർ ഇവിടെയുണ്ടല്ലോ? ശ്രീ. കോടിയേരി ബാലകൃഷ്ണനും സഖാവ് എം.എ. ബേബിയും. നിങ്ങളുടെ പാർട്ടിയുടെ നേതാവ് യെച്ചൂരിയുടെ സ്റ്റേറ്റ്മെന്റ് ഞാൻ പത്രത്തിൽ വായിച്ചതാണ്. 'ജനതാദൾ സെക്കുലർ ബ്രാക്കറ്റിലെ 'എസ്' ഉപേക്ഷിക്കുന്നതായിരിക്കും നല്ലത്. ആ 'എസ്' ഉപേക്ഷിച്ചേരെ. നിങ്ങൾക്ക് എന്തിനാണ് ഈ 'എസ്'? ആ സെക്കുലർ കൊണ്ടുനടക്കാനുള്ള അവകാശമില്ല' എന്ന് സഖാവ് സീതാറാം യെച്ചൂരി പറഞ്ഞു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ഒരു ഘട്ടത്തിൽ ഞങ്ങളുടെ പാർട്ടി കർണ്ണാടകത്തിൽ എടുത്ത നിലപാടിനെ വച്ചാണ് അങ്ങ് സംസാരിക്കുന്നത്. ഞങ്ങൾ ആ നിലപാട് തിരുത്തിയിട്ടുണ്ട്. തിരുത്തിയെന്ന് മാത്രമല്ല, അന്ന് ഞങ്ങൾ അത് തള്ളിക്കളഞ്ഞു. നാഷണൽ കമ്മിറ്റി ഇപ്പോൾ എടുത്തിരിക്കുന്ന നിലപാട് കോൺഗ്രസ്സിതര, ബി.ജെ.പി. വിരുദ്ധ ശക്തികളുമായി ഏകീകരിക്കണമെന്നാണ്. ഒരിക്കലും അങ്ങ് നിലപാട് മാറ്റില്ലെന്ന് പറയില്ല. അങ്ങയുടെ പാർട്ടി, മുഖ്യമന്ത്രി അടക്കമുള്ള ആളുകൾ ഒരു ഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമായിരുന്നു. രാഷ്ട്രീയ നിലപാട് മാറ്റിയപ്പോ

ഴാണ് ഇപ്പോൾ ഭരണപക്ഷത്തിലേയ്ക്ക് പോയത്. ഞങ്ങളുടെ കർണ്ണാടക പാർട്ടി ഒരിക്കൽ എടുത്ത നിലപാട് തെറ്റ് എന്ന് നാഷണൽ കമ്മിറ്റി വിലയിരുത്തുകയും അത് തിരുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇടതുപക്ഷത്തെ വിമർശിക്കുമ്പോൾ ഞങ്ങൾ പറയാറുണ്ട്, സെക്കുലറിസത്തിന്റെ കാര്യത്തിൽ, പാർട്ടി എന്ന നിലയിൽ ആ പാർട്ടിക്ക് ഒരു നിലപാടുണ്ട്. അതുകൊണ്ടാണല്ലോ യു.പി.എ. ഗവൺമെന്റ് ഉണ്ടായത്. നാളെ ഞങ്ങൾക്ക് ബി.ജെ.പി. യുമായി യു.പി.എ. ഗവൺമെന്റ് ഉണ്ടാക്കാൻ കഴിയുമോ; ബി.ജെ.പി. ശോഷിക്കുകയും ശുഷ്കിക്കുകയും ചെയ്തെന്നിരിക്കട്ടെ നാളെ ബി.ജെ.പി.യുമായി യു.പി.എ. ഗവൺമെന്റ് ഉണ്ടാകുമോ; ശിവസേനയുമായി യു.പി.എ. ഗവൺമെന്റ് ഉണ്ടാകുമോ; ശിവസേനയുമായും ബി.ജെ.പി. യുമായും ബജ്റംഗ്ദളുമായും ആർ.എസ്.എസുമായും യു.പി.എ. ഗവൺമെന്റ് ഉണ്ടാകില്ല. സി.പി.ഐ.(എം.)– മായി യു.പി.എ. ഗവൺമെന്റ് ഉണ്ടാകും. അതുമായി അങ്ങ് താരതമ്യം ചെയ്യരുത്. രണ്ട് മാസങ്ങൾക്കുമുമ്പാണ് സഖാവ് യെച്ചൂരിയുടെ സ്റ്റേറ്റ്മെന്റ് ഞാൻ വായിച്ചത്. ആ 'എസ്' ഉപയോഗിക്കാനുള്ള അർഹതയില്ല എന്നുപറഞ്ഞപ്പോൾ നിങ്ങളുടെ പാർട്ടിയും നാഷണൽ കമ്മിറ്റിയുമൊന്നും അതിനെ തള്ളിപ്പറഞ്ഞിട്ടില്ല. 2004–ൽ ബി.ജെ.പി.യെ താഴെയിറക്കാൻ കോൺഗ്രസ്സ് വന്നു, സി.പി.ഐ.(എം.) സഹായിച്ചു. ദക്ഷിണേന്ത്യയിൽ, കർണ്ണാടകയിൽ ആദ്യമായി താമര വിരിഞ്ഞപ്പോൾ ആ താമരയെ അവിടെ നിന്ന് ഇറക്കാൻ വീണ്ടും കോൺഗ്രസ്സ് വന്നു, ഞങ്ങൾ ആ താമരയെ ഇറക്കി, കോൺഗ്രസ്സ് അവിടെ അധികാരത്തിൽ വന്നു. ഞങ്ങൾക്ക് അക്കാര്യത്തിൽ കമ്മിറ്റ്മെന്റ് ഉണ്ട്. ആ കാര്യത്തിൽ സെക്കുലറായിട്ടുള്ള എല്ലാവരുടെയും

പിന്തുണ ഞങ്ങൾ സ്വീകരിക്കും. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗുമായിട്ടുള്ള കോൺഗ്രസ്സിന്റെ ബന്ധം അതാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഈ സംസ്ഥാനത്ത് ദുർബലപ്പെട്ടാൽ അവിടേയ്ക്ക് കടന്നുവരുന്ന മതവർഗ്ഗീയ ശക്തികൾ ആരാണെന്ന തികഞ്ഞ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ആ പ്രസ്ഥാനവും ഞങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്നത്. എൻ.ഡി.എഫ്., ജമാ-അത്ത്-ഇസ്ലാമി അതുപോലെയുള്ള തീവ്രവാദ വർഗ്ഗീയ സംഘടനകളെ പരാജയപ്പെടുത്താൻ ഞങ്ങൾ ഒരു മുന്നണിയായി നിൽക്കുകയാണ്. ഇത് അധികാരത്തിനുവേണ്ടി മാത്രമുള്ള മുന്നണിയല്ല. ഈ സമൂഹത്തിന്റെ മതേതര താൽപ്പര്യങ്ങളെ സംരക്ഷിക്കാനുള്ള പൊതുബോധത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയിരിക്കുന്ന മുന്നണിയാണ്. അധികാരം വരും പോകും. അതിനപ്പുറം രാഷ്ട്രീയത്തെ കാണുന്നവരാണ് ഞങ്ങൾ. കോൺഗ്രസ്സിനെ ആ രൂപത്തിൽ കുറ്റപ്പെടുത്തുന്നത് ശരിയല്ല, ഇവിടെ ഗുജറാത്തിലെ കാര്യം പറഞ്ഞു. ഗുജറാത്തിൽ ആരാണ് ഉള്ളത്? ഞങ്ങളല്ലേ ഉള്ളൂ. ഇപ്പോഴും ബി.ജെ.പി. യെ പരാജയപ്പെടുത്താൻ ഞങ്ങൾ മാത്രമല്ലേയുള്ളൂ.

ശ്രീ. ആർ. രാജേഷ്: സർ, വർഗ്ഗീയ തീവ്രവാദികളെ ഒറ്റപ്പെടുത്താനാണ് ലീഗിനോട് കൂട്ടുകൂടുന്നതെന്ന് പറഞ്ഞു. ഇന്ന് ശ്രീ. പി. റ്റി. എ. റഹീമിന്റെ ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടിയാണ്, 26-02-2011-ൽ നാദാപുരം പഞ്ചായത്ത് പ്രസിഡന്റായ ശ്രീ. സൂപ്പി നരിക്കാട്ടേരിയുടെ വീടിനോട് ചേർന്നുള്ള ആളൊഴിഞ്ഞ പറമ്പിൽ ഒരു ബോംബ് സ്ഫോടനമുണ്ടാകുകയും ആ ബോംബ് സ്ഫോടനത്തിൽ അഞ്ച് ചെറുപ്പക്കാർ കൊല ചെയ്യപ്പെടുകയും ചെയ്തു. ആ കൊല ചെയ്യപ്പെട്ട ചെറുപ്പക്കാർ ഏത് രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരാണെന്ന് ചോദിച്ചപ്പോൾ അത് ഇന്ത്യൻ

യൂണിയൻ മുസ്ലീം ലീഗിന്റേയും എൻ.ഡി.എഫ്.-ന്റേയും പ്രവർത്ത കരാണെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്. ഇവർ എങ്ങനെയാണ് വ്യത്യസ്തമായി മാറുന്നത്? എൻ.ഡി.എഫ്.-ന്റെയും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും പ്രവർത്തകർ ഒരുമിച്ചിരുന്നുകൊണ്ട് ബോംബ് നിർമ്മിക്കുമ്പോൾ നിങ്ങൾ ലീഗിനോട് കൂട്ടുകൂടൂവെന്ന് പറഞ്ഞാൽ അത് വർഗ്ഗീയതയോട് കൂട്ടുകൂടുകയാണെന്നത് കേരളം ശരിക്ക് ചിന്തിക്കുന്നുണ്ട്. അത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് എൻ.ഡി.എഫ്.-മായി യാതൊരു ബന്ധവുമില്ല. എൻ.ഡി.എഫ്.-മായി ചേരുന്ന പ്രസ്ഥാനവുമല്ല ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്. അത് എത്ര പറയാൻ ശ്രമി ച്ചാലും അത് സ്ഥാപിക്കാൻ നിങ്ങൾക്ക് കഴിയുകയുമില്ല. ഞാൻ ഈ ബില്ലി ലേയ്ക്ക് വരികയാണ്. ഈ ബില്ലിന്റെ ഒൻപതാം വകുപ്പുപ്രകാരം ഈ ബില്ലിന് അതിന്റെ ചുമതല നിർവ്വഹിക്കുമ്പോൾ സിവിൽ കോടതിക്കുള്ള എല്ലാ അധികാരവുമുണ്ട്. സിവിൽ കോടതിക്കുള്ള എല്ലാ അധികാരവുമുള്ള ഈ കമ്മീഷന് ഒൻപതാം വകുപ്പുപ്രകാരം........ സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ ഡീറ്റെയൽസിലേയ്ക്ക് പോകുന്നില്ല. അതുപോലെ ഉദ്യോഗത്തിന്റെ രംഗങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവസരം നിഷേധിക്കപ്പെടാവുന്ന സാഹചര്യത്തിൽ ഈ കമ്മീഷന് അതിന്റെ സ്റ്റാറ്റ്യൂട്ടറി അധികാരമുപ യോഗിച്ചുകൊണ്ട് ഇടപെടാൻ കഴിയും, ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്താൻ കഴിയും, രേഖകൾ പിടിച്ചെടുക്കാൻ കഴിയും, നടപടിയെടുക്കാൻ കഴിയും, സർട്ടിഫിക്കറ്റ് നൽകാൻ കഴിയും. അങ്ങനെ അധികാരങ്ങളുള്ള ഒരു കമ്മീഷ നെതന്നെയാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അധികാരമില്ലായെന്ന് പറഞ്ഞു കൊണ്ട് നിങ്ങൾ അതിനെ കുറച്ച് കാണിക്കേണ്ട കാര്യമില്ല. സഖാവ്

കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗത്തിൽ അദ്ദേഹം വളരെ പോസിറ്റീവായ നല്ല നിർദ്ദേശങ്ങൾ പറഞ്ഞു. ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചല്ലോ. സച്ചാർ കമ്മിറ്റി റിപ്പോർട്ടിനുശേഷം കേന്ദ്ര ഗവൺമെന്റ് പ്രധാനമായും പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയാണ് രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള കൃത്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ആ നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. അത് പതിനഞ്ചിന പരിപാടിയിൽ പറഞ്ഞ 15 നിർദ്ദേശങ്ങൾ തന്നെയാണ്. പുതുതായി ഒരു നിർദ്ദേശവും അവിടെനിന്ന് വന്നിട്ടില്ല. സമഗ്ര ശിശു വികസനം, വിദ്യാഭ്യാസ പുരോഗതിക്കുള്ള നടപടി, ഉറുദു ഭാഷാ പ്രോത്സാഹനം, മദ്രസ്സാ നവീകരണം, സ്കോളർഷിപ്പുകൾ, മൗലാനാ ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻവഴി വിദ്യാഭ്യാസ ഭൗതിക സൗകര്യങ്ങളൊരുക്കൽ, സ്വയം തൊഴിലും പാവങ്ങൾക്കായുള്ള കൂലിവേല, സാങ്കേതിക പരിശീലനവും തൊഴിൽ നൈപുണ്യവും, സാമ്പത്തിക ഉന്നമനത്തിനായുള്ള വായ്പകൾ, കേന്ദ്ര സംസ്ഥാന സർവ്വീസിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, ഗ്രാമീണ ഭവനനിർമ്മാണ പദ്ധതിയിൽ തുല്യപങ്കാളിത്തം, ന്യൂനപക്ഷങ്ങളുടെ ചേരിനിർമ്മാർജ്ജന പദ്ധതി, വർഗ്ഗീയ കലാപങ്ങളിൽനിന്നുള്ള പ്രതിരോധം, വർഗ്ഗീയ കലാപങ്ങളിൽനിന്നുള്ള പരിരക്ഷ, വർഗ്ഗീയ കലാപത്തിനിരയാകുന്നവരുടെ പുനരധിവാസം എന്നീ കാര്യങ്ങൾത്തന്നെയാണ് അവിടെനിന്ന് ഇങ്ങോട്ടും വരുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി ഞാൻ പറയാനിരുന്നതാണ്. 15 പരിപാടിയും അങ്ങ് പറഞ്ഞതു കൊണ്ട് ആവർത്തിക്കുന്നില്ല. ആ പതിനഞ്ചിന പരിപാടിയും ഈ രാജ്യത്ത് കഴിഞ്ഞ യു.പി.എ. സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ കേരളത്തിൽ എന്താണ് ചെയ്തത്? നിങ്ങളുടെ സാമർത്ഥ്യത്തെ ഞാൻ സമ്മതിച്ചുതരുന്നു. നിങ്ങളുടെ സാമർത്ഥ്യത്തിന്റെയത്ര സാമർത്ഥ്യം ഞങ്ങൾക്കില്ല. സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കി അതുമായി മുന്നോട്ടുപോയപ്പോൾ സച്ചാറെന്ന് പറയാതിരിക്കാൻവേണ്ടി പാലോളി കമ്മിറ്റിയുണ്ടാക്കിയിട്ട് അതേ കാര്യങ്ങൾ ചെയ്തിട്ട് ഇത് പാലോളിയാണ്........ ഞാൻ ഉപനേതാവിന്റെ സാമർത്ഥ്യത്തെ സമ്മതിക്കുകയാണ്, ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുക യാണ്. രജീന്ദർ സച്ചാറെന്ന് ഒരു തവണപോലും പറയാതിരിക്കാൻ അദ്ദേഹ ത്തിന്റെ പ്രസംഗത്തിൽ എത്ര വലിയ ശ്രദ്ധയാണ് അദ്ദേഹം കാണിച്ചത്. സച്ചാർ എന്ന വാക്ക് പറയാതെ, സച്ചാർ പറയേണ്ട സ്ഥലത്തെല്ലാം പാലൊളി, പാലൊളി എന്നുപറഞ്ഞുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ ഒരു പദ്ധതിയെ ഈ രൂപത്തിൽ...........

ശ്രീ. റ്റി. വി. രാജേഷ് : സർ, ഇവിടെ ബഹുമാന്യനായ പി. സി. വിഷ്ണു നാഥ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സച്ചാർ കമ്മീഷനെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സമയത്ത് യു.പി.എ.-യുടെ ചെയർപേഴ്സണായി ബഹുമാന്യയായ സോണിയാ ഗാന്ധി കോൺഗ്രസ്സിന്റെ ഇലക്ഷൻ മാനിഫെസ്റ്റോ പ്രസിദ്ധീകരിക്കുന്ന ചടങ്ങിൽ പറഞ്ഞത്, കേരളാ മോഡൽ സംവരണം രാജ്യത്താകെ നടപ്പിലാക്കുമെന്നാണ്. കേരളത്തിൽ മുസ്ലീങ്ങൾക്ക് സർക്കാർ ജോലിയിൽ സംവരണം കൊണ്ടുവന്ന ആദ്യത്തെ

കമ്യൂണിസ്റ്റ് ഗവൺമെന്റാണ്. ആ കേരളാ മോഡൽ രാജ്യത്താകെ നടപ്പിലാക്കുമെന്നാണ് ശ്രീമതി സോണിയാ ഗാന്ധി അവിടെ പറഞ്ഞത്. ആ കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ; അംഗീകരിക്കുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീമതി സോണിയാ ഗാന്ധി പറഞ്ഞത് എനിക്ക് ഓർമ്മയുണ്ട്. അതുപോലെ നിങ്ങളുടെ നേതാക്കന്മാരും പറഞ്ഞിട്ടുണ്ട്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് പറഞ്ഞത് എന്താണ്? മലപ്പുറത്തെ കുട്ടികൾ ഉന്നതവിജയം നേടുന്നത് കോപ്പിയടിച്ചിട്ടാണെന്ന് പറഞ്ഞ നേതാവല്ലേ നിങ്ങൾക്കുള്ളത്. നിങ്ങൾ വലിയ കാര്യമൊന്നും ചെയ്യണ്ട. അവരെയൊന്ന് അപമാനിക്കാതിരുന്നുകൂടേ. ആ മിടുക്കരായ, സമർത്ഥരായ കുട്ടികളെ അപമാനിക്കാതിരിക്കാനുള്ള സാമാന്യമര്യാദ കാണിച്ചുകൂടേ.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മലപ്പുറത്ത് നസ്റീൻ നീലംകോടൻ എന്ന മുസ്ലീം പെൺകുട്ടി, ഇടക്കര സ്വദേശിയായ പെൺകുട്ടി 2000 പ്രകാശ വർഷങ്ങൾക്കപ്പുറത്തുള്ള സിർക്കോണിയം മൂലകങ്ങളാൽ ധന്യമായ ഒരു നക്ഷത്രത്തെ അയർലണ്ടിലെ ശാസ്ത്രജ്ഞൻമാരുടെകൂടെ ഗവേഷണം നടത്തി കണ്ടെത്തിയിട്ടുണ്ട്. ആ നിലവാരത്തിലേയ്ക്ക് മലപ്പുറത്തെ വിദ്യാർത്ഥികൾ ഉയർന്നുവന്നത് കോപ്പിയടിച്ചിട്ടാണെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങനെയൊരു സ്റ്റേറ്റ്മെന്റ് ഒരു രാഷ്ട്രീയ നേതാവിന് ചേരുന്നതായിരുന്നോ? മലപ്പുറത്ത് റിസൾട്ടുണ്ടാകുന്നത് അവിടത്തെ കുട്ടികൾ........ ആ കുട്ടി നിലമ്പൂരാണെന്നുള്ള ഒരു ഭേദഗതികൂടി....... നിലമ്പൂർ മണ്ഡലത്തിൽപ്പെട്ട ഇടക്കരയിലുള്ള ഒരു

കുട്ടിയാണ്. അത്ര പ്രതിഭാശാലികളായിട്ടുള്ള ഒരുപാട് നക്ഷത്രങ്ങൾ നിലമ്പൂരിലുണ്ടെന്നാണ് നമുക്ക് ഈ ഉദാഹരണങ്ങളിൽനിന്നും മനസ്സിലാകുന്നത്. അതുകൊണ്ട് അപമാനിക്കാതിരിക്കാനുള്ള ഒരു ചെറിയ സാമാന്യ മര്യാദ കാണിക്കാമായിരുന്നു. സമയം വൈകിയതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഒരുപാട് നല്ല കാര്യങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നടപ്പിലാക്കി. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും മത്സര പരീക്ഷകൾക്ക് സജ്ജരാക്കുന്നതിനുവേണ്ടി എല്ലാ ജില്ലയിലും ഈ ഗവൺമെന്റ് വന്നതിനുശേഷം കോച്ചിംഗ് സെന്ററുകൾ തുടങ്ങി. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി സമ്പൂർണ്ണ പലിശരഹിതമാക്കി പുനരാവിഷ്ക്കരിച്ചു. ഇപ്പോൾ 13000 മദ്രസ്സാ അദ്ധ്യാപകർ രജിസ്റ്റർ ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 700 ആളുകൾ രജിസ്റ്റർ ചെയ്ത സ്ഥലത്താണ് ഇപ്പോൾ 13000 ആളുകൾ ഇതിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ധനകാര്യ കോർപ്പറേഷൻ ന്യൂനപക്ഷ വികസനം കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെ വനിതകളുടെ ശാക്തീകരണത്തിനുവേണ്ടി അവരുടെ സ്വയംസഹായ സംഘങ്ങൾക്ക് രണ്ടരലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. വിധവകൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കി. രണ്ടുലക്ഷം രൂപവരെ ഇതിന് സഹായം കിട്ടുകയാണ്. ശുദ്ധജല പദ്ധതികൾക്ക് ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അനുമതി കൊടുത്തു. ഐ.ടി.സി. കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് പഠനച്ചെലവ് റീ-ഇമ്പേഴ്സ് ചെയ്യാനുള്ള അനുവാദം കൊടുത്തു. സി.എ., ഐ.സി.ഡബ്ല്യു.

എ.ഐ. തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് റീ-ഇമ്പേഴ്സ്മെന്റ് കൊടുത്തു. അങ്ങനെ പറയാൻ തുടങ്ങിയാൽ ഒരുപാട് സമയമെടുക്കും എന്നുള്ളതുകൊണ്ട് ഞാൻ ഇവിടെവച്ച് അത് നിർത്തുകയാണ്. മറ്റ് മേഖലകളിലെല്ലാം ചെയ്യുന്നതുപോലെത്തന്നെ ഒരുപാട് കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി കൊണ്ടുവന്നു. യു.പി.എ. സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതെല്ലാം കൊണ്ടുവന്നുവെന്ന് പറയുമ്പോൾ, പാക്കിസ്ഥാനിൽനിന്നും അമേരിക്കയിൽനിന്നുമൊന്നും കൊണ്ടുവന്നതല്ലല്ലോ. യു.പി.എ. സർക്കാർ കേന്ദ്രത്തിൽ അധികാരത്തിലിരുന്നപ്പോൾ ഒരു കേന്ദ്രസ്ഥാപനം മലപ്പുറത്തുവരികയാണ്. അത് കൊണ്ടുവന്നു, കൊണ്ടുവന്നുവെന്ന് പറയുമ്പോൾ വേറെ ഏതോ ഉപഗ്രഹത്തിൽനിന്നോ ഗ്രഹത്തിൽനിന്നോ രാജ്യത്തിൽനിന്നോ ചൈനയിൽനിന്നോ കൊണ്ടുവന്നതല്ലല്ലോ. ഇതിനുമുമ്പും ഇടതുപക്ഷ ഗവൺമെന്റ് കേരളം ഭരിച്ചല്ലോ. വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുണ്ടായിരുന്നല്ലോ. അന്ന് അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ മലപ്പുറത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലല്ലോ. അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ ഇവിടെ വരുന്നു, ഇഫ്ളു വരുന്നു. മലപ്പുറത്തൊക്കെ സ്ഥാപനങ്ങൾ വന്നിട്ടുണ്ട്. യു.പി.എ. സർക്കാരാണ് കൊണ്ടുവന്നത്. ഞങ്ങൾക്ക് ഇക്കാര്യത്തിൽ പ്രതിബദ്ധതയുണ്ട്, സെക്കുലറിസത്തിന്റെ കാര്യത്തിൽ പ്രതിബദ്ധതയുണ്ട്. നിങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്, നിങ്ങൾ ഇപ്പോൾ എടുക്കുന്ന ഈ സമീപനം മാറ്റണം. നിങ്ങൾ എന്നെല്ലാം മൂന്നാംമുന്നണിയുണ്ടാക്കാൻ പോയിട്ടുണ്ടോ...... നിങ്ങളുടെ മൂന്നാം മുന്നണിയുടെ കൺവീനറായിരുന്ന ചന്ദ്രബാബു നായിഡു തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എൻ.ഡി.എ.-യിലെ ഘടകകക്ഷിയായി മാറിയതാണ് കണ്ടത്. ചന്ദ്രബാബു നായിഡു നിങ്ങ

ളുടെ കൺവീനറായിരുന്നു. അതുപോലെ നിങ്ങൾ വീണ്ടും ഇതുണ്ടാക്കിക്കൊണ്ട് വരുന്നത് ആരെ സഹായിക്കാൻവേണ്ടിയാണ്. ഒരു കാര്യം ഉറപ്പ് പറയാം. നിങ്ങൾ അങ്ങനെ കൂട്ടിയോജിപ്പിച്ചാലും ഇത്തവണ നരേന്ദ്ര മോദിയെ ഇന്ത്യയുടെ പ്രധാനമന്ത്രിയാക്കാൻ ഞങ്ങൾ അനുവദിക്കില്ലായെന്ന് പറയാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഒരുപാട് ബലിദാനങ്ങളുണ്ട്. ഇന്ദിരാഗാന്ധിയുടെ ബലിദാനം അഖണ്ഡതയ്ക്കുവേണ്ടിയായിരുന്നു. രാജീവ് ഗാന്ധിയുടെ ബലിദാനമുണ്ട്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ നാഥുറാം വിനായക് ഗോഡ്സെ കോടതിയിൽ നടത്തിയ അവസാനത്തെ പ്രസംഗമാണ് Why I killed the Gandhi? എന്നത്. ഒരു കുറ്റബോധവുമില്ലാതെ നാഥുറാം വിനായക് ഗോഡ്സെ കോടതിയിൽ പറയുകയാണ്. ‘The accumulating provocation of thirty-two years, culminating in his last pro-muslim fast, at last goaded me to the conclusion that the existence of Gandhi should be brought to an end immediately.’ ഒരു കുറ്റബോധവുമില്ലാതെ മന്ദഹാസത്തോടുകൂടി നാഥുറാം വിനായക് ഗോഡ്സെ കോടതിയിൽ പറഞ്ഞ വാക്കുകളാണിത്. ഈ രക്തസാക്ഷിത്വം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രക്തസാക്ഷിത്വമാണ്. അദ്ദേഹം പറയുന്നു ‘After having fully considered the question, I took the final dicision in that matter, but I did not speak about it to anyone whatsoever. I took courage in both my hands and I did fire the shots at Gandhiji on 30th January 1948 on the prayer–grounds of Birla House. I do say that my

shots were fired at the person whose policy and action had brought track and ruin and destruction to millions of Hindus. There was no legal machinery by which such an offender could be brought to book and for this reason I fired those fatal shots. I bear no ill will towards anyone individually but I do say that I had no respect for the present Government owing to their policy which was unfairly favourable towards the Muslims. But at the same time I could clearly see that the policy was entirely due to the presence of Gandhi.' അതുകൊണ്ട് ഞാൻ ഗാന്ധിജിയെ കൊല്ലുന്നുവെന്ന് പറഞ്ഞു. ഈ രക്തസാക്ഷിത്വത്തിന്റെ പാരമ്പ ര്യത്തിൽ നിന്നുപ്രവർത്തിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു സാധാരണ പ്രവർത്തകനായ ഞാൻ പറയുന്നു, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ രാജ്യത്ത് ജീവിച്ചിരിക്കുന്നിടത്തോളം കാലം മതേതരത്വത്തി നുമേൽ ഒരു പോറൽ പോലും ഏൽപ്പിക്കാൻ ഞങ്ങൾ അനുവദിക്കില്ലായെ ന്നുപറഞ്ഞുകൊണ്ട് ഈ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുകയാണ്.

മി. ചെയർമാൻ : ശ്രീ. പി. തിലോത്തമൻ, ബഹുമാനപ്പെട്ട അംഗത്തിന് ഈ ഭേദഗതിയെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. പി. തിലോത്തമൻ : സർ, ഭേദഗതിയെ ഞാൻ പിന്തുണ യ്ക്കുകയാണ്. ഇവിടെ ഈ കമ്മീഷനെ ഞങ്ങളാരും കണ്ണുമടച്ച് എതിർക്കുക യല്ല ചെയ്തത്. ആ കമ്മീഷന് കുറേക്കൂടി അധികാരങ്ങൾ നൽകണം. എങ്കിലേ ആ കമ്മീഷന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയൂ എന്നാണ് ഇവിടെ ഇപ്പുറത്തുനിന്നും സംസാരിച്ച എല്ലാവരും ചൂണ്ടിക്കാണിച്ചത്.

കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും പറയുന്ന സ്ഥലത്ത് എല്ലാം പറയുന്നത് നിരീക്ഷണവിധേയമാക്കുക, നിർദ്ദേശിക്കുക, ഉപദേശിക്കുക, പഠനവിധേയമാക്കുക, സംഘടിപ്പിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളാണ്. ഈ കമ്മീഷന് എന്തെങ്കിലും ഫലപ്രദമായി ചെയ്യാൻ കഴിയുമോ എന്നുള്ള താണ് വളരെ പ്രധാനപ്പെട്ട കാര്യം. മുസ്ലീം ജനവിഭാഗങ്ങളുൾപ്പെടെയുള്ള മൈനോറിറ്റീസിലെ മഹാഭൂരിപക്ഷം ആളുകളും ഇപ്പോഴും സാമ്പത്തിക മായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്നവരാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് അവരുടെ ഉന്നമനത്തിനു വേണ്ടി ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ഒരു കമ്മീഷനായി ഇത് മാറണം എന്ന അഭിപ്രായം പറഞ്ഞത്. അത് ചരിത്രപരമായ കാരണങ്ങളാലാണ്. മൈനോറിറ്റീസ് ഉൾപ്പെടെ, പിന്നോക്കസമുദായം ഉൾപ്പെടെയുള്ള ആളുകൾ ഇപ്പോഴും പിന്നണിയിലാണ്. സ്വാതന്ത്ര്യത്തിന്റെ 66-ാം വർഷം പിന്നിടുന്ന ഈ സന്ദർഭത്തിലും പിന്നണിയിൽ നിൽക്കുന്നത് ചരിത്രപരമായ കാരണങ്ങ ളാലാണ്. അതുകൊണ്ട് നമ്മൾ ആത്മപരിശോധന നടത്തണം. നല്ലവണ്ണം പരിശോധനയ്ക്ക് വിധേയമാക്കണം. എന്തുകൊണ്ട് നമുക്ക് ഇപ്പോഴും ഗൗരവതരമായ മാറ്റമുണ്ടാക്കാൻ കഴിയുന്നില്ല? നമ്മൾ എന്തുചെയ്യണം എന്ന തിനെക്കുറിച്ചെല്ലാം വളരെ നല്ല ഒരു ചർച്ച നടത്തി നമ്മുടെ കുറവുകൾ മനസ്സിലാക്കിക്കൊണ്ട് ഫലപ്രദമായി ഇടപെടണം. ഇച്ഛാശക്തിയുള്ള ഒരു ഭരണനേതൃത്വം ഉണ്ടെങ്കിൽ അങ്ങനെ ഇടപെട്ട് മുന്നോട്ടുപോകാൻ കഴിയും. അതാണ് ഇവിടെ ഉണ്ടാകേണ്ടത്. നമ്മുടെ സംസ്ഥാനത്താണെങ്കിൽ കമ്മീഷ നുകൾക്ക് വല്ല കുറവും ഉണ്ടോ? എസ്.സി.-എസ്.റ്റി. കമ്മീഷൻ, മനുഷ്യാവ കാശ കമ്മീഷൻ, പിന്നോക്ക സമുദായ കമ്മീഷൻ, മുന്നോക്ക കമ്മീഷൻ,

വനിതാ കമ്മീഷൻ, ശിശുക്ഷേമ സമിതി തുടങ്ങിയവയെല്ലാം ഇവിടെയുണ്ട്. ഈ കഴിഞ്ഞ ദിവസം യുവജന കമ്മീഷൻ നിലവിൽവന്നു. കൂടാതെ കർഷക ത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, കർഷക കടാശ്വാസ കമ്മീഷൻ, മത്സ്യ ത്തൊഴിലാളി കടാശ്വാസ കമ്മീഷൻ തുടങ്ങി എത്രയോ കമ്മീഷനുകളാ ണുള്ളത്. ഈ സംസ്ഥാനത്ത് എണ്ണിയാലൊടുങ്ങാത്ത വിധം കമ്മീഷനുകളും കോർപ്പറേഷനുകളുമുണ്ട്. എന്നാൽ ഈ കമ്മീഷൻ കൊണ്ടും കോർപ്പറേഷൻ കൊണ്ടും നമുക്ക് എത്രമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്ന തല്ലേ പ്രധാനം. അങ്ങനെ ഒരു ആത്മപരിശോധന നടത്തുന്നുണ്ടോ? ഈ കമ്മീഷൻ കൊണ്ട് മുസ്ലീം സമുദായത്തിലെ അല്ലെങ്കിൽ ന്യൂനപക്ഷ വിഭാഗ ത്തിലെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന്റെ സാമ്പത്തികമായ, സാമൂഹ്യപരമായ ഉയർച്ചയ്ക്ക് ഫലപ്രദമായി എന്തുചെയ്യാൻ കഴിയുമെന്ന തല്ലേ ഏറ്റവും പ്രധാനം. നമ്മുടെ അനുഭവത്തിൽ ഈ സമിതിക്ക് കുറേക്കൂടി അധികാരമുണ്ടെങ്കിൽ, ഫലപ്രദമായി ഇടപെടാൻ കഴിയുമെങ്കിൽ അതിന്റേ തായ റിസൾട്ടുണ്ടാക്കാൻ കഴിയും. കഴിഞ്ഞ കുറേ നാളുകളായി നമ്മുടെ രാജ്യം സ്വീകരിക്കുന്ന പുത്തൻ സാമ്പത്തിക നയത്തെക്കുറിച്ച് നമുക്കറിയാം. എല്ലാരംഗത്തും സ്വകാര്യവത്കരണത്തെയാണ് മാറോട് ചേർത്തുപിടി ക്കുന്നത്. സംവരണം നടപ്പാക്കുന്ന ഒരു രാജ്യമായിട്ടുകൂടി സ്വകാര്യമേഖല യിൽ എവിടെയാണ് തൊഴിൽ സംവരണം നടപ്പാക്കുന്നത്? എവിടെയാണ് തൊഴിൽ രംഗത്ത് നമുക്ക് ഇടപെടാൻ കഴിയുന്നത്? പിന്നോക്കസമുദാ യക്കാർ, മൈനോറിറ്റി വിഭാഗക്കാർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ തുടങ്ങിയവരുടെ സംവരണ പ്രശ്നം എവിടെയാണ് ഉദിക്കുന്നത്? സംവരണം ഏറ്റവും ഫലപ്രദമായി നടപ്പിലാക്കുന്ന നമ്മുടെ സംസ്ഥാനത്തുപോലും അധികാരത്തിന്റെ യഥാർത്ഥ താക്കോൽസൂക്ഷിപ്പുകാരുടെ സ്ഥാനത്ത് എത്ര

പിന്നോക്ക വിഭാഗക്കാരുണ്ട്, എത്ര മൈനോറിറ്റി വിഭാഗത്തിൽപ്പെട്ടവരുണ്ട്, എത്ര പട്ടികജാതിക്കാരുണ്ട് എന്ന് പരിശോധിക്കുമ്പോഴാണ് നമ്മുടെ കുറവ് നല്ലവണ്ണം നമുക്ക് ബോധ്യമാകുന്നത്. അതുകൊണ്ട് അവിടെ ക്ലാസ് 3, ക്ലാസ് 4 തസ്തികകളൊക്കെ നമുക്ക് ഫിൽ ചെയ്യാൻ കഴിയുമായിരിക്കും. എന്നാൽ ഈ രാജ്യത്തിന്റെ അധികാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട, മർമ്മപ്രധാനമായ സ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സ്ഥാനത്ത് എത്ര മുസൽമാനുണ്ട്, എത്ര ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ ഉണ്ട്, എത്ര പിന്നോക്കക്കാരുണ്ട്, എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാരുണ്ട് എന്ന പ്രശ്നം വരുമ്പോഴാണ് നമ്മൾ അതിനെക്കുറിച്ച് ഗൗരവതരമായി പരിശോധിക്കേണ്ടത്. സംവരണം എന്നുപറഞ്ഞാൽ കേവലമായി ജോലി കിട്ടുന്ന പ്രശ്നം മാത്രമല്ല, അധികാരത്തിൽ ഒരു പങ്ക് എന്നുള്ളതുകൂടിയാണ്. നൂറ്റാണ്ടുകളായി, ആയിരത്താണ്ടുകളായി ചരിത്രപരമായ കാരണങ്ങളാൽ അധികാരത്തിന്റെ ഒരു വിളിപ്പാടകലെ മാത്രം നിൽക്കാൻ വിധിക്കപ്പെട്ട സമൂഹത്തിൽ മഹാഭൂരിപക്ഷം വരുന്നവർക്ക് അധികാരത്തിൽ ഒരു പങ്ക് കൊടുക്കുന്നതോടെ എന്റേതുകൂടിയാണ് ഈ രാജ്യം എന്ന ബോധ്യമുണ്ടാകും. അങ്ങനെ രാജ്യത്തിന്റെ ഉദ്ഗ്രഥനം, ദേശീയ ഐക്യം തുടങ്ങിയവയെല്ലാം വച്ചുകൊണ്ടാണ് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ സംവരണത്തിന്റെ മൗലീകതത്വത്തെ നോക്കിക്കണ്ടത്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ 66 വർഷം പിന്നിടുന്ന ഈ സന്ദർഭത്തിലും നമുക്ക് ആ കാര്യത്തിൽ കേരളത്തിൽ പോലും എത്രമാത്രം മുന്നോട്ടുപോകാൻ കഴിഞ്ഞു എന്നുള്ളത് ഗൗരവതരമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അത്തരം ഒരു സന്ദർഭത്തിൽ ഈ കമ്മീഷൻ രൂപം കൊള്ളുന്നതിന് ആരും എതിരല്ല.

എന്നാൽ അത് വരുന്നതുകൊണ്ട് നമുക്ക് എത്രമാത്രം റിസൾട്ടുണ്ടാക്കാൻ കഴിയും? ഒരു കമ്മീഷനിൽ ചെയർമാനും കുറേ അംഗങ്ങളുമുണ്ട്. മറ്റെല്ലാ കമ്മീഷനുകളുടെയും കാര്യം പരിശോധിച്ചാൽ ഇതൊക്കെതന്നെയാണ് അവസ്ഥ. അതൊക്കെ നമ്മൾ നല്ലവണ്ണം റിവ്യൂ ചെയ്യേണ്ടതാണ്. ആ അടിസ്ഥാനത്തിലാണ് അതിന്റെ പരിമിതികളൊക്കെ ചൂണ്ടിക്കാണിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞപ്പോൾ കോൺഗ്രസ് ഒരു വർഗ്ഗീയ പാർട്ടിയാണെന്ന് ആരും പറഞ്ഞതായിട്ട് ഞാൻ കേട്ടില്ല. അങ്ങനെ ഒരു അഭിപ്രായം ഇടതുപക്ഷ പാർട്ടി കളിൽപ്പെട്ട ആരും പറയുമെന്നും എനിക്ക് തോന്നുന്നില്ല. കോൺഗ്രസിന് നല്ലൊരു പാരമ്പര്യമുണ്ട്. മഹത്തായ ഒരു പാരമ്പര്യം. നമ്മുടെ ദേശീയ പ്രസ്ഥാനം ഉയർത്തിപ്പിടിച്ച പാരമ്പര്യമാണത്. ആ ദേശീയപ്രസ്ഥാനത്തിന്റെ നേതാക്കന്മാർ മതേതരത്വം, ജനാധിപത്യം തുടങ്ങിയവയൊക്കെ ഉയർത്തിപ്പിടി ക്കുമ്പോൾ, സ്വതന്ത്ര ഇന്ത്യ അത് ഏറ്റുവാങ്ങുമ്പോൾ ഏതെങ്കിലും ഒരു വ്യക്തിക്ക് തോന്നിയ ഒരു കാഴ്ച്ചപ്പാടോ, അല്ലെങ്കിൽ ആകാശത്തുനിന്നും പൊട്ടിവീണതോ അല്ലെങ്കിൽ ആരെങ്കിലും ഉപദേശിച്ചതോ ഒന്നുമല്ല. നമുക്ക് പാരമ്പര്യമായി, പൈതൃകമായി കിട്ടിയതാണത്. ദേശീയ പ്രസ്ഥാന ത്തിനുതന്നെ നമ്മുടെ പൂർവ്വികർ നൽകിയ ഒരു പാരമ്പര്യമാണ്, പൈതൃക മാണത്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ആ കാഴ്ച്ചപ്പാടിനെ മുറുകെ പ്പിടിച്ചത്. ആ കാഴ്ച്ചപ്പാടുമായിട്ട് മുമ്പോട്ടുപോകുന്നത്.

ശ്രീ. ജി. സുധാകരൻ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ പി. സി. വിഷ്ണു നാഥ് ഇവിടെ നല്ലൊരു പ്രസംഗമാണ് നടത്തുന്നത് എന്ന കാര്യത്തിൽ സംശ യമൊന്നുമില്ല. പക്ഷേ ചരിത്രത്തെ അദ്ദേഹം മറച്ചുവച്ചുകൊണ്ടോ അല്ലെങ്കിൽ ഗൗനിക്കാതെയോ ആണ് ആ പ്രസംഗങ്ങളൊക്കെ നടത്തിയത്. കോൺഗ്രസ്

വർഗ്ഗീയ കക്ഷിയാണെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. പക്ഷേ മുസ്ലീം ജനവിഭാഗത്തിന്റെ വോട്ട് ഇന്ത്യ ഒട്ടാകെയുണ്ട്. ബംഗാളിൽ ഭൂരിപക്ഷം മുസ്ലീം വിഭാഗങ്ങളും ഇടതുപക്ഷക്കാർക്കാണ് വോട്ടുചെയ്തുകൊണ്ടിരുന്നത്. കേരളത്തിലും നല്ലൊരുശതമാനം മുസ്ലീങ്ങളും ഞങ്ങൾക്ക് വോട്ടുചെയ്യുമായിരുന്നു. ഇപ്പോഴും അങ്ങനെയാണ്. ഇതുപോലുള്ള ചില സ്ഥലങ്ങളിലൊഴികെ മുസ്ലീങ്ങളിൽ മഹാഭൂരിപക്ഷവും കോൺഗ്രസിനാണ് വോട്ടുചെയ്തുകൊണ്ടിരുന്നത്. പക്ഷേ അടിയന്തരാവസ്ഥയോടുകൂടി അത് മാറി. തുർക്ക്മാൻ ഗേറ്റിൽ മതപരമായി അവരെ അപമാനിക്കുന്ന പല പ്രവർത്തികളും ചെയ്തതോടെയാണ് മുസ്ലീങ്ങൾ കോൺഗ്രസിൽ നിന്നും ആദ്യമായി അകന്നത്. അടിയന്തരാവസ്ഥയെ തടയാൻവേണ്ടിയുണ്ടായ കൂട്ടായ മുന്നേറ്റത്തിൽ ബി.ജെ.പി. പങ്കെടുത്തു എന്നുള്ളത് ശരിയാണ്. അങ്ങനെ ബി.ജെ.പി. വളർന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കോൺഗ്രസിനാണെന്നുള്ളത് അവർ മറച്ചുവച്ചു. 1935-ൽ ബ്രിട്ടീഷ് ഗവൺമെന്റ് നടത്തിയ പ്രവിശ്യകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗുമായി ഐക്യമുണ്ടാക്കിയ ശേഷം ഗവൺമെന്റുണ്ടാക്കിയപ്പോൾ മുസ്ലീം ലീഗിനെ മാറ്റിനിറുത്തി മുസ്ലീങ്ങൾക്ക് അധികാരത്തിൽ പങ്കുകൊടുക്കാൻ പറ്റില്ല എന്ന നിലപാടെടുത്തത് നിങ്ങൾ മറച്ചുവച്ചു. മറ്റൊന്ന്, 1960-ലെ വിമോചന സമരത്തിനു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ മുസ്ലീം ലീഗുമായി ചേർന്ന് മത്സരിച്ച് ഭൂരിപക്ഷം കിട്ടിയപ്പോൾ മന്ത്രിസ്ഥാനം കൊടുക്കാൻ പറ്റില്ലെന്ന് ജവഹർലാൽ നെഹ്റു പറഞ്ഞു. എന്നാൽ സ്പീക്കർ സ്ഥാനം കൊടുക്കാമെന്ന് പറയുകയും ആ സ്ഥാനത്തിരിക്കുന്നതിനായി എക്കാലത്തെയും ആരാധ്യനായ സീതി സാഹിബിന്റെ തൊപ്പി ഊരി വെപ്പിച്ചു എന്ന കാര്യവും നിങ്ങൾ

മറച്ചുവച്ചു. ഒരു കാര്യം കൂടി ഞാൻ പറയാം, മഹാത്മാഗാന്ധിയുടെ കാര്യം വിഷ്ണുനാഥ് പറഞ്ഞതുകൊണ്ടാണ്. കോൺഗ്രസ് ഗവൺമെന്റ് ആദ്യമായി അധികാരത്തിൽ വരുന്നതിന് തലേദിവസം മന്ത്രിമാരാകാൻ നിയുക്തരായ ഹിന്ദുക്കളായിട്ടുള്ളവർ വലിയ പൂജകളും ആരാധനകളും നടത്തിയ ശേഷ മാണ് മന്ത്രിയായത് എന്ന് ഫ്രീഡം അറ്റ് മിഡ്നൈറ്റ് എന്ന പുസ്തകത്തിൽ വ്യക്തമായി എഴുതിയിട്ടുണ്ട്. ഇന്നുവരെ കോൺഗ്രസ് അത് നിഷേധിച്ചിട്ടില്ല. ജവഹർലാൽ നെഹ്റു അങ്ങനെ ചെയ്തിട്ടില്ല എന്നുള്ളത് ശരിയാണ്. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ് മുസ്ലീങ്ങളെ വർഗ്ഗീയവാദികൾ ആക്രമിച്ച് കൊന്നു കൊണ്ടിരിക്കുമ്പോൾ കൽക്കട്ടയിലടക്കമുള്ള മേഖലകളിൽ ഗാന്ധിജി പോയത് കോൺഗ്രസിലെ ഒരു വിഭാഗം ഇഷ്ടപ്പെട്ടിരുന്നില്ല എന്നതും മറച്ചു വച്ചു. മഹാത്മാഗാന്ധിയെ വെടിവെച്ചുകൊന്ന എക്കാലത്തെയും വലിയ ഫാസിസ്റ്റായ നാഥുറാം വിനായക് ഗോഡ്സെ ഉന്നയിച്ച ഗാന്ധിവിരോധ ഹൈന്ദവ വർഗ്ഗീയതയുടെ അപ്പോസ്തലനായിരുന്നു ഇന്ത്യയുടെ ആദ്യത്തെ ഉരുക്കുമനുഷ്യൻ എന്നുപറയുന്ന ആഭ്യന്തര വകുപ്പുമന്ത്രി സർദാർ വല്ലഭായി പട്ടേൽ. അതിന്റെ പ്രതിഫലനമാണ് മഹാത്മാഗാന്ധിയുടേതിനേക്കാൾ വലിയ ഒരു പ്രതിമ ഗുജറാത്തിൽ സ്ഥാപിക്കുന്നത്. ഇത്തരം കാര്യങ്ങൾ മറച്ചുവച്ചു കൊണ്ട് പ്രസംഗിക്കുന്നത് കാണുമ്പോൾ കോൺഗ്രസ് നന്നാകണമെന്ന് ഞങ്ങൾക്കും ആഗ്രഹമുണ്ട്. അതിനായി നിങ്ങൾ തന്നെ പങ്ക് വഹിച്ചില്ലെങ്കിൽ കോൺഗ്രസ് നന്നാകില്ല. അതിനെപ്പറ്റി എന്തുപറയുന്നു?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, കോൺഗ്രസ്സിന്റെ, ദേശീയ പ്രസ്ഥാന ത്തിന്റെ പാരമ്പര്യമെന്നത് അതിനേക്കാൾ മുമ്പ് പൂർവ്വികർ നമുക്ക് നൽകിയ

സംഭാവനകളാണ്. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ വളരെ സമ്പന്ന മായ ഭൂതകാല ചരിത്രമാണ് നമുക്കുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ചട്ടം 307, ആർ.എസ്.എസ്സിനെ നിരോധിച്ച സർദാർ വല്ലഭായി പട്ടേൽ ഹിന്ദു വർഗ്ഗീ യതയുടെ മൂർത്തരൂപമാണെന്ന് ശ്രീ. ജി. സുധാകരൻ പറഞ്ഞു. അത് ശരി യല്ല. അത് രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. പാലോട് രവി: സർ, അറുന്നൂറോളം നാട്ടുരാജ്യങ്ങളെ, ആർ.എസ്. എസ്സിന് നേതൃത്വമുണ്ടായിരുന്ന നാട്ടുരാജ്യങ്ങൾ മുഴുവനും തിരിച്ചുപിടിച്ച് ഈ രാജ്യത്തെ ഒന്നാക്കിയ ആളാണ് സർദാർ വല്ലഭായി പട്ടേൽ. അതു മറന്നു പോകരുത്.

ശ്രീ. ജി. സുധാകരൻ: സർ, ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തെപ്പറ്റിയുള്ള സഖാവ് ഇ.എം.എസ്.ന്റെ പുസ്തകത്തിൽ ഇങ്ങനെയൊരു ആശയം രാജ്യത്തുണ്ടായിരുന്നു എന്ന് വ്യക്തമാക്കിയ സ്ഥിതിക്ക്, ആ പുസ്തകം നിരോധിച്ചിട്ടില്ല. അതുകൊണ്ട് എന്റെ പ്രസംഗം ഒരു കാരണവശാലും രേഖ യിൽ നിന്നും നീക്കം ചെയ്യാനാവില്ല എന്ന് ഞാൻ അറിയിക്കുകയാണ്.

ശ്രീ. പി. തിലോത്തമൻ: സർ, കേരളത്തിന്റെ ചരിത്രവും വളരെ സമ്പന്ന മാണ്. ക്രിസ്തുവിന്റെ സന്ദേശവുമായി, ഇസ്ലാമിന്റെ സന്ദേശവുമായി ഇങ്ങോ ട്ടുവന്നവരെ നമ്മുടെ പൂർവ്വികർ രണ്ടു കൈയും നീട്ടി സ്വീകരിച്ചു. അവർക്ക് പള്ളി പണിയുന്നതിന് ഇവിടെ ഭൂമി കൊടുത്തു. അവരുടെ സന്ദേശങ്ങൾ നാടുമുഴുവൻ പരക്കാൻ അവർ ചെയ്യാവുന്നതെല്ലാം ചെയ്തു. അങ്ങനെ ഉന്ന തമായ ഒരു സംസ്കാരം കേരളം വളർത്തിയെടുത്തു. ഭാരതീയ സംസ്കാ രവും അതിൽ നിന്ന് വ്യത്യസ്തമല്ല. അങ്ങനെ കൊടുക്കൽ വാങ്ങലുകളിലൂടെ

നമ്മുടെ ഭാഷയേയും ശക്തമാക്കി. അറബികൾ ഉപയോഗിക്കുന്ന കണക്കാണ് അരിത്തമാറ്റിക് അക്കങ്ങളായി നമ്മൾ ഉപയോഗിക്കുന്നത്. അബ്ദുൾകലാം ആസാദും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും നല്ല ഒന്നാന്തരം ഉറുദു സാഹി ത്യകാരൻമാരായി തീർന്നു. അങ്ങനെ ആദാനപ്രദാനങ്ങളിലൂടെ ഉത്തമമായ കേരളീയ സംസ്കാരവും ഒരു ഭാരതീയ സംസ്കാരവും പടുത്തുയർത്തിയ വരാണ് നമ്മൾ. പള്ളിമണിയൊച്ചയും വാങ്ക്വിളിയും ശംഖനാദവും മുഴ ങ്ങുന്ന ഒന്നാന്തരം ത്രിവേണി സംഗമങ്ങൾ കേരളത്തിലുണ്ടായി. അങ്ങനെ നമസ്കാരകലയും കുരിശുവരയും വാങ്ക്വിളിയും നമ്മുടെ സംസ്കാര ത്തിന്റെ ഭാഗമായിരുന്നുവെങ്കിൽ ഇന്ന് വാങ്ക്വിളിയെ അസഹിഷ്ണുതയോടെ കേൾക്കുകയാണ്, ശംഖനാദത്തെ പരിഭ്രാന്തിയോടെയാണ് കാണുന്നത്, പള്ളി മണിയൊച്ച കേൾക്കുമ്പോൾ രോഷംകൊള്ളുകയാണ്, നമ്മൾ എന്തു കൊണ്ടാണ് അങ്ങനെയായിത്തീർന്നത്? കേരളത്തിൽപ്പോലും അങ്ങനെ എന്തുകൊണ്ടുണ്ടായി; അവിടെയാണ് രാജ്യമൊട്ടാകെ ഇങ്ങനെയുണ്ടായതിൽ കോൺഗ്രസ് ആത്മപരിശോധന നടത്തണമെന്ന് ഇവിടെ പറഞ്ഞത്. അതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. രാജ്യത്തെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ വർഗ്ഗീയശക്തികൾ ഫണം വിരിച്ചാടുകയാണ്, അഴിഞ്ഞാടുകയാണ്. വർഗ്ഗീയ ശക്തികൾ അത്തരമൊരവസ്ഥയിലേയ്ക്കായതിനു കാരണം ഇടതുപക്ഷമാ ണെന്ന് പറയുമ്പോഴാണ് വിമർശനത്തിന്റെ വലിയ കൂരമ്പുകൾ വന്ന് കോൺഗ്രസ്സിന്റെ നേരെ തറയ്ക്കുന്നത്. അതിന് ഉത്തരവാദികൾ ഇടതു പക്ഷമൊന്നുമല്ല. ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയത യാണെങ്കിലും തഴച്ചുവളരുന്നതിന് വളക്കൂറുള്ള മണ്ണുണ്ടാക്കികൊടുത്തത് ഈ രാജ്യം ഭരിച്ച കോൺഗ്രസ്സാണ്. നമുക്കറിയാം, ജമ്മു & കാശ്മീർ, ഇൻഡ്യ രണ്ടായി വെട്ടിപ്പിളർക്കപ്പെടുമ്പോൾ ജമ്മുവിലെ ഭൂരിപക്ഷമുള്ള

മുസ്ലീം സമുദായത്തിൽപ്പെട്ടയാളുകൾ എവിടെ നിൽക്കുമെന്നത് നമ്മളെ സംബന്ധിച്ചിടത്തോളം വലിയ വിഷയമായിരുന്നു. എന്നാൽ ഷേക്ക് അബ്ദുള്ളയുടെ നാഷണൽ കോൺഫറൻസ് പറഞ്ഞു, ഞങ്ങൾ ഇൻഡ്യയോടൊപ്പമാണ്, പാക്കിസ്ഥാനോടൊപ്പം പോകാൻ മനസ്സില്ല എന്ന്. എന്നാൽ പിന്നീട് ആ സംസ്ഥാനത്തിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്ന ഗവൺമെന്റുകൾക്ക് ഭരിക്കാൻ അവസരം കൊടുക്കാതെ വർഗ്ഗീയ ശക്തികളും ഭീകരവാദ പ്രസ്ഥാനങ്ങളും ശക്തിപ്പെട്ട ചരിത്രമല്ലേ നമ്മുടെ രാജ്യം കണ്ടത്. ഇൻഡ്യയുടെ വടക്കുകിഴക്കൻ മേഖലയാകെ ഇപ്പോഴും ചോര വാർന്നൊലിച്ചു നിൽക്കുന്നതിന്റെ കാരണമെന്താണ്; അവിടത്തെ വികസനത്തിന്റെ പ്രശ്നം മാത്രമാണോ; രാജ്യം ഭരിച്ചവരുടെ തെറ്റായ സമീപനത്തിന്റെ, അവരുടെ ഇടപെടലിന്റെ, എല്ലാം ചേർന്നുള്ളതിന്റെ വിലയാണ് നമ്മുടെ രാജ്യം കഴിഞ്ഞ കുറേ നാളുകളായി കൊടുത്തുകൊണ്ടിരിക്കുന്നത്. ഇവിടെയും ഇപ്പോൾ അതല്ലേ സ്ഥിതി? ഞാൻ നേരത്തെ പറഞ്ഞ സമ്പന്നമായ സംസ്കാരത്തിന്റെ ഉടമകളായ ഈ കൊച്ചു കേരളത്തിൽ ഇന്ന് ജാതിപ്രസ്ഥാനങ്ങൾ അരങ്ങുതകർത്താടുകയാണ്, അവർ ഭരണവ്യവസ്ഥയെ വെല്ലുവിളിക്കുകയാണ്. അതിനുള്ള സാഹചര്യം എങ്ങനെയുണ്ടായി? യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ മാത്രം ഈ ജാതിപ്രസ്ഥാനങ്ങൾ, ജാതിക്കോമരങ്ങൾ ഉറഞ്ഞുതുള്ളുന്നത് എന്തുകൊണ്ടാണ്? മന്ത്രിമാരെ പങ്കുവയ്ക്കുമ്പോൾ, അധികാരസ്ഥാനങ്ങൾ പങ്കുവയ്ക്കുമ്പോൾ ജാതീയമായി, മതപരമായി പങ്കുവച്ചതിന്റെ ഏറ്റവും വലിയ ദുരന്തം ഇന്ന് കേരളം അനുഭവിക്കുകയാണ്. ഈ ബിൽ കൊണ്ടുവന്ന മന്ത്രിയെ സംബന്ധിച്ച അഞ്ചാം മന്ത്രി വിവാദം എത്ര വലിയ വിഷലിപ്തമായ ചർച്ചയാണ് കേരളത്തിൽ ഉണ്ടാക്കിവച്ചത്. അതിന് ഇടതുപക്ഷത്തിലുള്ള ആർക്കും പങ്കില്ല. യു.ഡി.എഫ്–നു

തന്നെയാണ് പങ്കുള്ളത്. ആ അവസ്ഥാവിശേഷമാണ് ഇന്ന് കേരളത്തിൽ ജാതിപ്രസ്ഥാനങ്ങൾക്ക്, മതപരമായ ശക്തികൾക്ക് ഇങ്ങനെ ഉറഞ്ഞുതുള്ളാനും അധികാരത്തിന്റെ എല്ലാ രംഗങ്ങളിലും കൈയിട്ടുവാരാനും ഇടപെടാനും ഭരണഘടനാ സ്ഥാപനങ്ങളെ വെല്ലുവിളിക്കാനും തയ്യാറായി മുന്നോട്ടു വരുന്നതിന് അവസരമുണ്ടാക്കിയത്. അവരൊന്ന് കയർക്കുമ്പോൾ സ്കൂൾ കൊടുക്കുക, കമ്മീഷൻ കൊടുക്കുക, അവരൊന്ന് ദേഷ്യപ്പെടുമ്പോൾ വേറെ ആനുകൂല്യങ്ങൾ കൊടുക്കുക. അങ്ങനെയുള്ള കോൺഗ്രസിന്റെ വർഗ്ഗീയ പ്രീണനനയമാണ് നമ്മുടെ രാജ്യത്തെ ഇത്തരമൊരു അവസ്ഥയിലേയ്ക്ക് എത്തിച്ചതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞങ്ങളുടെ വിമർശനമതാണ്. കോൺഗ്രസ് വർഗ്ഗീയ പാർട്ടിയാണെന്നല്ല, അധികാരം നില നിർത്താൻ വേണ്ടി കാൽക്കീഴിലെ മണ്ണ് ഒലിച്ചുപോകുമ്പോൾ ജാതിമത പ്രസ്ഥാനങ്ങളെയും വർഗ്ഗീയ പ്രസ്ഥാനങ്ങളുടെയും തോളിൽ കൈയിടുന്ന ഈ പ്രീണനനയം അവസാനിപ്പിക്കുക എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഞാൻ ചുരുക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച മുഴുവൻ അംഗങ്ങളെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. മണിക്കൂറുകൾ നീണ്ട സുദീർഘമായ പ്രസംഗങ്ങളാണ് ഇവിടെ നടന്നത്. ഈ ബില്ലിനെ സ്വീകരിച്ചുകൊണ്ടും നിരാകരിച്ചുകൊണ്ടും പങ്കെടുത്തവരുടെ പ്രതികരണത്തിന്റെ സാരാംശം അങ്ങേയറ്റം ആശാവഹവും പ്രോത്സാഹനജനകവുമായിരുന്നു. ജനാധിപത്യ റിപ്പബ്ലിക്കിന്റെ കീഴിലുള്ള സമസ്ത ജനവിഭാഗത്തിനും ഭരണഘടന വിഭാവനം ചെയ്യുന്ന പരിരക്ഷ സമ്പൂർണ്ണ അർത്ഥത്തിൽ ഉറപ്പാക്കാൻ സർക്കാർ കൂടുതൽ പ്രതിജ്ഞാബദ്ധമായിരിക്കണമെന്നതിന്റെ പ്രതി

ധ്വനികളായിരുന്നു ചർച്ചയിലുടനീളം മുഴങ്ങി നിന്നത്. പ്രതിപക്ഷം സമർപ്പിച്ച 13 വിയോജനക്കുറിപ്പുകളും അവരുടെ പ്രസംഗങ്ങളും കമ്മീഷൻ രൂപീകരിക്കേണ്ടതില്ല എന്നല്ല മറിച്ച് ബില്ലിൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം പോരാ എന്നും കമ്മീഷന് കൂടുതൽ അധികാരം വേണമെന്നുമാണ് വാദിച്ചത്. പ്രബുദ്ധകേരളം എന്ന് പേരുകേട്ട നമ്മുടെ സംസ്ഥാനം നിരവധി കാര്യങ്ങളിൽ വമ്പിച്ച മുന്നേറ്റം കൈവരിച്ചപ്പോഴും ന്യൂനപക്ഷ കാര്യവിഷയങ്ങളിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിയാതെ പോയതിന്റെ പശ്ചാത്തലത്തിലാണ് ഈ സർക്കാർ ജാഗ്രതയോടുകൂടി ഈ രംഗത്ത് ചില ചുവടുവയ്പ്പുകൾ നടത്തുന്നത്. 2006-ൽ ജസ്റ്റീസ് രവീന്ദ്ര സച്ചാർ കമ്മിറ്റി ഒന്നാം യു.പി.എ. സർക്കാരിനു മുമ്പിൽ സമർപ്പിക്കപ്പെടുകയും ഒന്നും രണ്ടും യു.പി.എ. സർക്കാർ ന്യൂനപക്ഷകാര്യ വിഷയങ്ങളിൽ സമാനതകളില്ലാത്ത നടപടികൾ സ്വീകരിക്കുകയും ചെയ്തത് ആർക്കും നിഷേധിക്കാനാകാത്ത സമകാലീന രാഷ്ട്രീയ ചരിത്രമാണ്. ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങളുടെ ഇല്ലായ്മകളെക്കുറിച്ച് പഠനം നടത്തിയ സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ സംസ്ഥാനത്ത് നടപ്പിലാക്കാനും അവ മറ്റ് വിഭാഗങ്ങൾക്കുകൂടി ബാധകമാക്കിക്കൊണ്ട് നടപ്പിലാക്കുവാനുമായി പഠനം നടത്തിയ കമ്മിറ്റിയാണ് പാലോളി കമ്മിറ്റി. എന്നിട്ടും 1960 മുതൽ മറ്റു സംസ്ഥാനങ്ങളിലെ ദുർബലരായ ന്യൂനപക്ഷങ്ങൾക്ക് പ്രാപ്യമായ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ കേരളത്തിനു മാത്രം അന്യമായിപ്പോയത് അങ്ങേയറ്റം വൈരുദ്ധ്യവും നിർഭാഗ്യകരവുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഈ കമ്മീഷന് അധികാരമില്ല എന്നാണ്. ഒരു കമ്മീഷന് അവ കൈകാര്യം ചെയ്യുന്ന ദുർബല വിഭാഗങ്ങളുമായി ബന്ധപ്പെട്ട

ദൈനംദിന ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കലല്ല പ്രധാന ദൗത്യമെന്നത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. അത് നടപ്പിലാക്കാൻ മറ്റ് ഡിപ്പാർട്ട് മെന്റുകളുണ്ട്, ഏജൻസികളുണ്ട്, ന്യൂനപക്ഷ വകുപ്പ് തന്നെയുണ്ട്. ന്യൂന പക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള നടപടികളൊന്നും സ്വീകരിക്കാൻ കമ്മീഷന് അധികാരമില്ലെന്നാണ് വേറൊരു വാദം. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവു മായി ബന്ധപ്പെട്ടും അവർക്കിടയിലെ ഏറ്റവും നിർധനരായ ജനവിഭാഗത്തിന് വിദ്യാഭ്യാസ ധനസഹായം, സാമ്പത്തിക ആനുകൂല്യങ്ങൾ, കുടിവെള്ളം, പാർപ്പിടം തുടങ്ങിയ വൈവിധ്യമാർന്ന നിരവധി പദ്ധതികൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ തന്നെ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനും നൽകിവരുന്നുണ്ട്. ന്യൂനപക്ഷ ഡയറ ക്ടറേറ്റിനു കീഴിൽ എല്ലാ ജില്ലകളിലും കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചു. ഈ കോച്ചിംഗ് സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്ക് അടുത്ത് നടത്തിയ എല്ലാ ടെസ്റ്റുകളിലും അഭിനന്ദനാർഹമായ നേട്ടങ്ങളുണ്ടാ യിട്ടുണ്ട്. ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളോടും കൂടി പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു കമ്മീഷൻ ക്ഷേമപ്രവർത്തനങ്ങൾ നടപ്പി ലാക്കാറില്ല. മറിച്ച് ഭരണഘടനാനുസൃതമായ പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളെ അക്കാര്യത്തിൽ ഉപദേശിക്കുകയും അവരുടെ വീഴ്ചകൾ പരിഹരിക്കുന്നതി നായി നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയുമാണ് പതിവ്. അതുതന്നെ യാണ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയ്യുന്നത്. ഇത് ഒരു തുടക്കം മാത്ര മാണ്. ഇതുകൊണ്ട് ന്യൂനപക്ഷങ്ങളുടെ എല്ലാ പ്രശ്നങ്ങളും തീരുന്നു എന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. പക്ഷേ, ന്യൂനപക്ഷങ്ങൾക്ക്

വാരിക്കോരി കൊടുക്കുന്നുവെന്ന് ആരും കരുതുകയും പ്രചരിപ്പിക്കുകയും വേണ്ട. ഒരു രാഷ്ട്രത്തിന്റെ വികാസമെന്നത് എല്ലാ വിഭാഗം ജനങ്ങളുടെയും മൊത്തത്തിലുള്ള പുരോഗതിയെ ആശ്രയിച്ചാണിരിക്കുന്നത്. പല കാരണങ്ങ ളാൽ പതിറ്റാണ്ടുകളായി സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ-സാമ്പ ത്തിക രംഗത്ത് പിന്തള്ളപ്പെട്ട ജനവിഭാഗങ്ങളെ ഇതിനായി ദേശീയ മുഖ്യധാര യിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനം രൂപപ്പെടുത്തുന്നത്. ഇത് അതിലേയ്ക്കുള്ള ചെറിയ ഒരു കാൽവയ്പാണ്. ഈ ബിൽ പരിഗണിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. വി. അബ്ദുൾ ഖാദർ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

**2-ാം വകുപ്പ്**

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

133. ഖണ്ഡം 2 (എ) യിൽ, ''ന്യൂനപക്ഷ'' എന്ന വാക്കിന് ശേഷം ''സമുദായ'' എന്ന വാക്ക് ചേർക്കുക.

സർ, ഈ ബില്ലിന്റെ ശീർഷകം മുതൽ മാറ്റേണ്ടതാണ്. ഇതിൽ "ന്യൂനപക്ഷ" എന്ന വാക്കിനുശേഷം "സമുദായ" എന്ന വാക്കുകൂടി ചേർക്കണം. ന്യൂനപക്ഷ സമുദായ കമ്മീഷൻ എന്നാക്കണം. ന്യൂനപക്ഷകമ്മീഷനെന്നു പറഞ്ഞാൽ ഭാഷാപരമായി ന്യൂനപക്ഷമുണ്ട്. പല തരത്തിലുള്ള ന്യൂനപക്ഷമുണ്ട്. അതുകൊണ്ട് വ്യക്തമായും ന്യൂനപക്ഷ സമുദായ കമ്മീഷനെന്നു മാറ്റേണ്ടതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 (എ) ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർത്ത് തുടർന്നുള്ളവ പുനരക്ഷരം ചെയ്യുക.

''(ബി) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നാൽ 3(2)(ഡി) വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ''ചീഫ് എക്സിക്യൂട്ടീവ് ആഫീസർ'' എന്ന് അർത്ഥമാകുന്നു.''

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2 (എ) ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർത്ത് തുടർന്നുള്ളവ പുനരക്ഷരം ചെയ്യുക.

''(ബി) ''സർട്ടിഫിക്കറ്റ്'' എന്നാൽ ''പത്താം വകുപ്പ് പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ്'' എന്ന് അർത്ഥമാകുന്നു.''

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 (സി)-യിൽ, ''ചെയർപേഴ്സൺ'' എന്ന വാക്കിന് പകരം 'ചെയർപേഴ്സൻ' എന്ന വാക്ക് ചേർക്കുക.

143. ഖണ്ഡം 2 (ഡി)-യിൽ, ''ചെയ്യപ്പെടുന്ന സമുദായം'' എന്നീ വാക്കുകൾക്ക് പകരം ''ചെയ്യപ്പെട്ട സമുദായങ്ങൾ'' എന്നീ വാക്കുകൾ ചേർക്കുക.

സർ, 143-ൽ ന്യൂനപക്ഷം എന്നാൽ കേന്ദ്രസർക്കാരിന്റെ 1992-ലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്ടിൻ കീഴിൽ വിജ്ഞാപനം ''ചെയ്യപ്പെടുന്ന സമുദായം'' എന്നല്ല, അത് already ചെയ്യപ്പെട്ടതാണ്. ''ചെയ്യപ്പെട്ട സമുദായങ്ങൾ'' എന്നാക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 2 (ഡി)-യിൽ, ''ന്യൂനപക്ഷം'' എന്നതിനുപകരം 'ന്യൂനപക്ഷ സമുദായം' എന്നു ചേർക്കുക.

സർ, ''ന്യൂനപക്ഷം'' എന്നതിനുപകരം 'ന്യൂനപക്ഷ സമുദായം' എന്ന് സ്പെസിഫിക്കായി ചേർക്കണമെന്നതാണ് എന്റെ ഭേദഗതി. ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞ അതേ ഭേദഗതിയാണ്.

ശ്രീ. എം. ഹംസ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 2 (ഡി)–യിൽ, ''കീഴിൽ'' എന്ന വാക്കിന് ശേഷം ''അതാത് കാലത്ത്'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2 (ഡി)–യിൽ, ''ചെയ്യപ്പെടുന്ന സമുദായം'' എന്നീ വാക്കുകൾക്ക് പകരം ''ചെയ്യപ്പെടുന്നതും കേരള സർക്കാർ വിജ്ഞാപനത്തിലെ ന്യൂനപക്ഷങ്ങളും ഉൾപ്പെടുന്ന സമുദായങ്ങൾ'' എന്നീ വാക്കുകൾ ചേർക്കുക.

ഡോ. കെ. ടി. ജലീൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

147. ഖണ്ഡം 2 (ഡി) താഴെപ്പറയും പ്രകാരം മാറ്റുക:–

''(ഡി) ''ന്യൂനപക്ഷം'' എന്നാൽ ''കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മതന്യൂനപക്ഷ സമുദായം എന്നർത്ഥമാകുന്നു;''.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2 (ഡി) ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

> ‘‘(ഇ) ‘‘മെമ്പർ സെക്രട്ടറി’’ എന്നാൽ ‘‘3(2) (ഡി) വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന മെമ്പർ സെക്രട്ടറി’’ എന്നർത്ഥ മാകുന്നു.’’

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. പക്ഷേ, ശ്രീ. ജോസഫ് വാഴ ക്കൻ പറഞ്ഞത് നിർവ്വചനങ്ങളിൽ സമുദായം എന്ന് ചേർക്കണമെന്നാണ്. പക്ഷേ, നിർവ്വചനങ്ങൾ already ഉണ്ട്. അതുകൊണ്ട് ചേർക്കേണ്ട ആവശ്യ മില്ല. അതുപോലെ ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞത് ‘‘ചെയ്യപ്പെട്ട സമുദായങ്ങൾ’’. ഇതിൽ മതങ്ങളെ ചേർത്തുകൊണ്ടിരിക്കുന്നതു കൊണ്ട്..........ഉദാഹരണത്തിന് ജൈനമതം കഴിഞ്ഞ ആഴ്ചയാണ് ന്യൂനപക്ഷ വിഭാഗത്തിൽ വന്നത്. ഇനിയും മറ്റുള്ള വിഭാഗങ്ങൾചേർക്കേണ്ടതായതു കൊണ്ട് ‘ചെയ്യപ്പെടുന്ന’ എന്നുള്ളതുതന്നെയാണ് നല്ലത്.

മി. സ്പീക്കർ: ശ്രീ ജോസഫ് വാഴക്കൻ അവതരിപ്പിച്ച 133–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 135–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 138–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 143–ാം നമ്പർ ഭേദഗതി സഭയുടെ അനു മതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 141–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 144–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 147–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 148–ാം നമ്പർ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ....................

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വകുപ്പ്

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

150. ഖണ്ഡം 3(1)–ൽ, "കഴിയുന്നത്രവേഗം" എന്നതിന് പകരം "രണ്ട് വർഷത്തിനുള്ളിൽ" എന്ന് ചേർക്കുക

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3(1)–ൽ, "ന്യൂനപക്ഷ-" എന്നതിനുശേഷം "സമുദായ" എന്ന് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3(2)(എ)–യിൽ, "സർക്കാർ" എന്ന വാക്കിനുശേഷം "പ്രതിപക്ഷനേതാവുമായി കൂടിയാലോചനകൾ നടത്തിയതിനു ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 3(2)(എ)–യിൽ, "സംസ്ഥാനത്തെ ഒരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും" എന്നതിനുപകരം "സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 3(2)(എ)–യിൽ, "ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും-" എന്നതിനുപകരം "ന്യൂനപക്ഷത്തിൽപ്പെട്ടതും" എന്ന് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 3(2)(എ)–യിൽ, ന്യൂനപക്ഷവുമായി" എന്നതിനുപകരം "ന്യൂനപക്ഷങ്ങളുമായി" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

159. ഖണ്ഡം 3(2)(എ)-യിൽ, "നിയമ പരിജ്ഞാനമുള്ളതുമായ ഒരു ചെയർപേഴ്സൺ" എന്നതിനുപകരം "നിയമജ്ഞനായ ഒരു ചെയർപേഴ്സൻ" എന്ന് ചേർക്കുക.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ താങ്കളുടെ 149-ാം ഭേദഗതി മൂവ് ചെയ്യാൻ പറ്റില്ല. അത് മാർജിനൽ ശീർഷകത്തിൽ വരുന്നതാണ്. അത്തരം ഭേദഗതികൾ മൂവ് ചെയ്യാൻ പറ്റില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

160. ഖണ്ഡം 3(2)(എ)-യിൽ, "നിയമ പരിജ്ഞാനമുള്ളതുമായ" എന്നതിനുപകരം "നിയമബിരുദമുള്ളതുമായ" എന്ന് ചേർക്കുക.

171. ഖണ്ഡം3(2)(സി)-യിൽ, "അത്തരം കാര്യങ്ങളിൽ പ്രവർത്തനമികവ് തെളിയിച്ചിട്ടുള്ളതുമായ" എന്നീ വാക്കുകൾ ഒഴിവാക്കുക.

സർ, 3(2)(എ) വളരെ അവ്യക്തമാണ്. അതായത് ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും നിയമപരിജ്ഞാനമുള്ളതും, നിയമ പരിജ്ഞാനമെന്നുള്ളത് എല്ലാവർക്കും ഉള്ളതാണ്. അത് വളരെ സ്പെസിഫിക്കാണ്. ഇത്ര vague ആയിട്ട് ഒരു നിയമം പാസ്സാക്കരുത്. അപ്പോൾ എന്റെ ഭേദഗതി, നിയമ ബിരുധമുള്ളതുമായ, ശ്രീ. എം. ഉമ്മറും സമാന സ്വഭാവമുള്ള ഒരു ഭേദഗതിയാണ് പ്രൊപ്പോസ് ചെയ്തത്. നിയജ്ഞനായ എന്നുള്ളതാണ് അദ്ദേഹത്തിന്റെ ഭേദഗതി. ഇത് സ്പെസിഫിക്കായി പറയണം. ലെജിസ്ലേച്ചർ ഇൻഡന്റ് എന്താണെന്ന് വ്യക്തമാക്കണം. നിയമപരി

ജ്ഞാനം എന്നുപറയുന്നത് ഇവിടെയുള്ള എല്ലാവർക്കുമുള്ളതാണ്. ഒരു സാധാരണക്കാരനും നിയമപരിജ്ഞാനമുണ്ട്. അപ്പോൾ നിയമ ബിരുദമുള്ള ഒരാളാവണം എന്നുള്ളതാണ് എന്റെ 161–ാം നമ്പർ ഭേദഗതി.

171 –ൽ വനിതാ അംഗത്തിനുമാത്രം പ്രത്യേക വാക്കുകൾ എഴുതി ച്ചേർത്തു, അതായത് അത്തരം കാര്യങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ളതു മായ, ബാക്കി ഒരംഗങ്ങൾക്കുമില്ലാത്ത അഡീഷണൽ ക്ലോസ് വനിതാ അംഗ ത്തിന് എഴുതിച്ചേർത്തത് എന്തിനാണ്; ആ ഒരു ഡിസ്ക്രിമിനേഷന്റെ ആവശ്യമില്ല.

<u>ഡോ. എൻ. ജയരാജ്</u> : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരി പ്പിക്കുന്നു.

161. ഖണ്ഡം 3(2)(എ)–യിൽ, "ഒരു ചെയർപേഴ്സൺ" എന്നീ വാക്കുകൾക്ക് പകരം "ഒരാളാവണം ചെയർപേഴ്സൺ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. എം. ഷാജി</u> : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരി പ്പിക്കുന്നു.

163. ഖണ്ഡം 3(2)(ബി)–യിൽ, "ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും" എന്നതിനുപകരം "ന്യൂനപക്ഷത്തിൽപ്പെട്ടതും" എന്ന് ചേർക്കുക

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

165. ഖണ്ഡം 3(2) (ബി)–യിൽ, "പ്രത്യേക പരിജ്ഞാനമുള്ളതുമായ ഒരു അംഗം" എന്നീ വാക്കുകൾക്ക് പകരം "പരിജ്ഞാനമുള്ളതും അത്തരം വിഷയങ്ങളിൽ പ്രവർത്തന മികവ് തെളിയിക്കപ്പെട്ടവരിൽ മറ്റ് ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ടവരുമായവരിൽ ജനസംഖ്യാനുപാതികമായി 14 അംഗങ്ങളും അവരിൽ 4 അംഗങ്ങൾ വനിതകളും ആയിരിക്കണം" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 3(2)(ബി)–യിൽ, "പരിജ്ഞാനമുള്ളതുമായ" എന്ന വാക്കിനു പകരം "പരിജ്ഞാനമുള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തനമികവ് തെളിയിച്ചിട്ടുള്ളതുമായ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. എഫ്. തോമസ്: സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

167. ഖണ്ഡം 3(2)(ബി)യിൽ, "ഒരു അംഗം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് അംഗങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

168. ഖണ്ഡം 3(2)(സി) ഒഴിവാക്കുകയും ശേഷമുള്ളവ ക്രമീകരിക്കുകയും ചെയ്യുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

169. ഖണ്ഡം3(2)(സി)–യിൽ, "ന്യൂനപക്ഷസമുദായത്തിൽപ്പെട്ടതും" എന്നതിനുപകരം "ന്യൂനപക്ഷത്തിൽപ്പെട്ടതും" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

170. ഖണ്ഡം3(2)(സി)–യിൽ, "ന്യൂനപക്ഷസമുദായവുമായി" എന്നതിനുപകരം "ന്യൂനപക്ഷങ്ങളുമായി" എന്ന് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

172. ഖണ്ഡം3(2)(ഡി)–യിൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ ഉദ്യോഗം വഹിച്ചിരുന്ന ആൾ" എന്നീ വാക്കുകൾ ചേർക്കുക.

സർ, 172– ൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത എന്നീ വാക്കുകൾക്കുശേഷം അല്ലെങ്കിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ ഉദ്യോഗം വഹിച്ച ആൾ എന്നുകൂടി ചേർക്കണം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

173. ഖണ്ഡം3(2)(ഡി)-യിൽ, “ഉദ്യോഗസ്ഥൻ” എന്നത് “ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ” എന്ന് ചേർക്കുകയും “അദ്ദേഹം” എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

സർ, ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ എന്നുള്ളത് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ എന്നുചേർക്കണമെന്നുള്ളതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

174. ഖണ്ഡം3(2)(ഡി)-യിൽ, “കമ്മീഷൻ” എന്ന വാക്കിനുശേഷം “അതിന്റെ ഉത്തരവുമുഖേന” എന്നും, “അങ്ങനെയുള്ള” എന്ന വാക്കിനുപകരം “വിധത്തിലുള്ള” എന്നും ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെ പറയുന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഖണ്ഡം 3(2) (ഡി) ”എന്നത് പുന:ക്രമീകരണം ചെയ്ത് “3(3) (ഡി) എന്നാക്കണം.

കൂടാതെ, ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 151, 158 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 160, 171 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 165, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 167–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 169–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 170–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 172–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 173–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 174–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>4–ാം വകുപ്പ്</u>

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

176. ഖണ്ഡം 4(1)ൽ, 'അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി' എന്നീ വാക്കുകൾക്കു പകരം 'സർക്കാർ നാമനിർദ്ദേശം ചെയ്ത് ഗസറ്റു വിജ്ഞാപനം പുറപ്പെടുവിച്ച തീയതി' എന്നീ വാക്കുകൾ ചേർക്കുക.

221. ഖണ്ഡം 4 (4) ന് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക:

''(5) (2)–ാം ഉപവകുപ്പ് പ്രകാരമോ (3)–ാം ഉപവകുപ്പ് പ്രകാരമോ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കപ്പെടുന്ന വ്യക്തി, ആരുടെ സ്ഥാന ത്തേയ്ക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ കാലാവധി അവശേ ഷിക്കുന്ന കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതു മാണ്.''

സർ, 176–ൽ നാമനിർദ്ദേശം ചെയ്ത് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച തീയതി എന്ന് കൂട്ടിച്ചേർക്കണം. നമ്മൾപോലും ഇലക്ഷൻ ഡിക്ലറേഷൻ വന്നാൽ എം.എൽ.എ. ആകുകയാണ്. പിന്നെ സത്യപ്രതിജ്ഞയ്ക്കുവേണ്ടി കാത്തിരിക്കുകയാണ്. അതുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ അത് പ്രാബല്യത്തിൽ വരണം.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

177. ഖണ്ഡം 4(1)ൽ, ‘അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി’ എന്നീ വാക്കുകൾക്കു പകരം ‘നാമനിർദ്ദേശം ചെയ്യുന്ന തീയതി’ എന്നീ വാക്കുകൾ ചേർക്കുക.

സർ, ഓരോ അംഗത്തിനും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലം തൽസ്ഥാനത്ത് തുടരാവുന്നതാണ് എന്നാണ് പറയുന്നത്. അപ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് അവരുടെ സൗകര്യമനുസരിച്ചാണ് ഉദ്യോഗത്തിൽ പ്രവേശിക്കുന്നത്. അപ്പോൾ നേരത്തെ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ള അംഗത്തിന്റെ കാലാവധി അവസാനിക്കുമ്പോൾ ഫുൾസ്ട്രെങ്ത് ഇല്ലാതെവരും. അതുകൊണ്ട് ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി എന്ന വാക്കിനുപകരം നാമനിർദ്ദേശം ചെയ്ത തീയതി എന്ന വാക്ക് ചേർക്കുകയാണെങ്കിൽ കമ്മീഷനിൽ എപ്പോഴും ഫുൾസ്ട്രെങ്ത് ഉണ്ടാകും.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

178. ഖണ്ഡം 4(1)–ൽ, ‘മൂന്ന്’’ എന്ന വാക്കിനു പകരം ‘‘രണ്ട്’’ എന്ന വാക്ക് ചേർക്കുക.

187. ഖണ്ഡം 4(2) – ൽ, “അറിയിപ്പ് നൽകിക്കൊണ്ട് ” എന്നീ വാക്കുകൾക്ക് പകരം “നേരിട്ട് എഴുതി നൽകിക്കൊണ്ട്” എന്നീ വാക്കുകൾ ചേർക്കുക.

196. ഖണ്ഡം 4(3) (ബി) –ൽ, ''സ്ഥാപിക്കപ്പെട്ട്'' എന്ന വാക്കിനു പകരം ''ക്ഷമതയുള്ള ഒരു കോടതിയിൽ സ്ഥാപിക്കപ്പെട്ട്'' എന്നീ വാക്കുകൾ ചേർക്കുക.

210. ഖണ്ഡം 4(3) (എഫ്) ൽ, ''സർക്കാരിന്റെ അഭിപ്രായത്തിൽ'' എന്നീ വാക്കുകൾക്കു പകരം ''സർക്കാർ വിശദമായ അന്വേഷണം നടത്തി പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 4(1)ൽ, 'മൂന്ന് വർഷക്കാലം'' എന്നതിനു പകരം ''മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ'' എന്ന് ചേർക്കുക.

185. ഖണ്ഡം 4(2) ൽ, "സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ്" എന്നീ വാക്കുകൾക്ക് പകരം "ചീഫ് സെക്രട്ടറിക്ക് സ്വന്തം കൈപ്പടയിൽ രേഖാമൂലം എഴുതി" എന്നീ വാക്കുകൾ ചേർക്കുക.

191. ഖണ്ഡം 4(3) (എ) യിൽ, "ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ" എന്നീ വാക്കുകൾക്കു പകരം "ഒരു അധികാരമുള്ള കോടതി നിർദ്ധനനായി വിധിക്കപ്പെടുകയോ" എന്നീ വാക്കുകൾ ചേർക്കുക.

195. ഖണ്ഡം 4(3)(ബി) യിൽ, ''കുറ്റത്തിന്'' എന്ന വാക്ക് ഒഴിവാക്കുക.

201. ഖണ്ഡം 4(3) (സി) യിൽ, ''ബുദ്ധിസ്ഥിരത ഇല്ലാത്ത'' എന്നീ

വാക്കുകൾക്കു പകരം ''മാനസികാസ്വാസ്ഥ്യമുള്ള'' എന്ന വാക്ക് ചേർക്കുക.

204. ഖണ്ഡം 4(3) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

''കർത്തവ്യനിർവ്വഹണത്തിന് വിസമ്മതിക്കുകയോ അല്ലെങ്കിൽ അതിന് കഴിവില്ലാതായിത്തീരുകയോ; അല്ലെങ്കിൽ''

206. ഖണ്ഡം 4(3)(ഇ) യിൽ, ''കമ്മീഷനിൽ നിന്നും'' എന്ന വാക്കിന് ശേഷം '' മുൻകൂർ'' എന്ന വാക്ക് ചേർക്കുക.

212. ഖണ്ഡം 4(3)(എഫ്) ൽ, ''ന്യൂനപക്ഷങ്ങളുടെ'' എന്നതിനുപകരം ''ന്യൂനപക്ഷ സമുദായങ്ങളുടെ'' എന്ന് ചേർക്കുക.

215. ഖണ്ഡം 4 (3) (എഫ്)-ന്റെ ക്ലിപ്ത നിബന്ധനയിൽ, ''പറയുവാനുള്ളത് പറയുവാൻ'' എന്നതിനുപകരം ''ബോധിപ്പിക്കാനുള്ള ന്യായമായ'' എന്നത് ചേർക്കുക.

218. ഖണ്ഡം 4 (4) ൽ, ''ഒരു ഒഴിവ്'' എന്നതിനു പകരം ''ഒഴിവുകൾ'' എന്ന് ചേർക്കുക.

219. ഖണ്ഡം 4 (4) ൽ, ''നാമനിർദ്ദേശം വഴി'' എന്നീ വാക്കുകൾക്ക് ശേഷം ''ഒരു മാസത്തിനുള്ളിൽ'' എന്നീ വാക്കുകൾ ചേർക്കുക.

സർ, 191 – ൽ ഒരാൾ അവിമുക്ത നിർദ്ധനൻ ആണോ എന്നുപറയേണ്ടത് ഒരു കോടതിയാണ് അതുകൊണ്ട് ഒരു അധികാരമുള്ള കോടതി നിർദ്ധനനായി വിധിക്കപ്പെടുകയോ എന്നുവേണമെന്നുള്ളതാണ്.

195–ൽ കുറ്റത്തിന് എന്ന വാക്ക് ഒഴിവാക്കണം. കാരണം അവിടെ ഒരു റെപ്പറ്റിഷൻ വരുന്നുണ്ട്.

204–ൽ കർത്തവ്യനിർവ്വഹണത്തിന് വിസമ്മതിക്കുകയോ അല്ലെങ്കിൽ അതിന് കഴിവില്ലാതായിത്തീരുകയോ എന്നാണ്. ജോലി ചെയ്യാൻ വിസമ്മതിക്കുകയോ എന്നുള്ളത് ശരിയായ പ്രയോഗമല്ല. നിയമമാകുമ്പോൾ കുറെക്കൂടി വ്യക്തതയിലും നല്ലൊരു ഭാഷയിലും വേണം. കർത്തവ്യനിർവ്വഹണം എന്നുള്ളത് സാധാരണ ഉപയോഗിക്കുന്ന വാക്കാണ്. ''കർത്തവ്യനിർവ്വഹണത്തിന് വിസമ്മതിക്കുകയോ അല്ലെങ്കിൽ അതിന് കഴിവില്ലാതായിത്തീരുകയോ; അല്ലെങ്കിൽ'' ആ വാക്കുകൾകൂടി ചേർക്കണം.

206 – ൽ . ''കമ്മീഷനിൽ നിന്നും'' എന്ന വാക്കിന് ശേഷം '' മുൻകൂർ'' എന്ന വാക്ക് ചേർക്കണം.

216. –ൽ ''പറയുവാനുള്ളത് പറയുവാൻ'' എന്നതിനുപകരം ''ബോധിപ്പിക്കാനുള്ള ന്യായമായ'' എന്നത് ചേർക്കണം.

214–ൽ ഒന്നിലധികം ഒഴിവുകളുണ്ടാവുകയാണെങ്കിലും അത് ഫിൽ ചെയ്യണം. അപ്പോൾ ഒരു ഒഴിവ് എന്നതിനുപകരം ഒഴിവുകൾ എന്നാക്കണം.

ശ്രീ. എം. ഉമ്മർ: സർ, 215–ൽ ''പറയുവാനുള്ളത് പറയുവാൻ'' എന്നതിനുപകരം ''ബോധിപ്പിക്കാനുള്ള ന്യായമായ'' എന്നത് ചേർക്കുക.

218–ൽ ഒരു ഒഴിവ് എന്നുപറയുമ്പോൾ ഒരു ഒഴിവ് മാത്രമെന്നുള്ളതല്ല അതുകൊണ്ട് എത്ര ഒഴിവുകൾ വന്നാലും അത് പരിഹരിക്കാൻ അവസരമുണ്ടാക്കണം. അതുകൊണ്ട് ഒഴിവുകൾ എന്നാക്കി മാറ്റണം. ഒന്നില

ധികം ഒഴിവുകളുണ്ടാകുകയാണെങ്കിലും അത് ഫിൽ ചെയ്യാനുള്ള സമയമുള്ളതുകൊണ്ട് അങ്ങനെ ചെയ്യുന്നതാവും നല്ലത്.

ഒഴിവുകൾ ഫിൽ ചെയ്യുന്നതിനെ സംബന്ധിച്ച് 219-ൽ നാമനിർദ്ദേശം വഴി ഫിൽ ചെയ്യുക എന്ന് പറയുന്നു. ഒരു സമയം പറയാതിരുന്നാൽ എത്ര കാലം കഴിഞ്ഞാലും ഫിൽ ചെയ്യാതെ കിടക്കും. അതുകൊണ്ട് ഒരു പ്രത്യേക സമയത്തിനുള്ളിൽ വേക്കൻസി ഫിൽ ചെയ്യണമെന്നുള്ളതിന് ഒരു മാസത്തിനുള്ളിൽ എന്ന് ചേർക്കേണ്ടതാണ്.

<u>ശ്രീ. സി.എഫ്. തോമസ്:</u> സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>180. ഖണ്ഡം 4(1)ൽ,-'മൂന്ന് വർഷക്കാലം'' എന്നീ വാക്കുകൾക്ക് പകരം ''അഞ്ച് വർഷക്കാലം '' എന്നീ വാക്കുകൾ ചേർക്കുക.</u>

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

183. ഖണ്ഡം 4 (1) താഴെപ്പറയും പ്രകാരം മാറ്റുക:-

''(1) ഓരോ അംഗത്തിനും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലത്തേയ്ക്കോ അല്ലെങ്കിൽ അറുപത്തിയഞ്ച് (65) വയസ്സുവരെയോ തൽസ്ഥാനത്ത് തുടരാവുന്നതാണ്''.

184. ഖണ്ഡം 4(1) നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:-

'എന്നാൽ ഖണ്ഡം 3 ഉപഖണ്ഡം (2) ഡി ഇന പ്രകാരമുള്ള കമ്മീഷൻ മെമ്പർ സെക്രട്ടറി സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്ന തീയതി മുതൽ, കമ്മീഷൻ മെമ്പർ സെക്രട്ടറി സ്ഥാനത്തു നിന്നും ചീഫ് എക്സിക്യൂട്ടീവ് സ്ഥാനത്തുനിന്നും വിരമിച്ചതായി കണക്കാക്കേണ്ടതാണ്'' .

198. ഖണ്ഡം 4(3) (ബി) താഴെ പറയുന്ന പ്രകാരം മാറ്റുക:

''(ബി) ഏതെങ്കിലും ക്രിമിനൽ കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ; അല്ലെങ്കിൽ''

202. ഖണ്ഡം 4(3) (സി) താഴെപ്പറയും പ്രകാരം മാറ്റുക:

''ബുദ്ധിസ്ഥിരത ഇല്ലാത്ത ആളാണ് എന്ന് മെഡിക്കൽ ബോർഡ് പ്രഖ്യാപിക്കുകയും; അല്ലെങ്കിൽ''

205. ഖണ്ഡം 4(3) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക :

''(ഡി) കമ്മീഷനിലെ ഒരംഗം എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് കഴിവില്ലാതായിത്തീരുകയോ; അല്ലെങ്കിൽ''

സർ, 183 ഖണ്ഡം 4 (1)-ൽ ഓരോ അംഗത്തിനും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലം തൽസ്ഥാനത്ത് തുടരാം. അതിന് ഒരു ഏജ് പറയണം. മൂന്നുവർഷക്കാലത്തേയ്ക്കോ അല്ലെങ്കിൽ അറുപത്തിയഞ്ച് (65) വയസ്സുവരെയോ എന്നുള്ളതാണ് ഒരു ഭേദഗതി.

മറ്റൊന്ന്, 184. ഖണ്ഡം 4 (1)–ൽ ഒരു ക്ലിപ്ത നിബന്ധന ചേർക്കണമെന്നുള്ളതാണ്. സർക്കാർ സർവ്വീസിലുള്ള ഒരാൾ മെമ്പർ സെക്രട്ടറിയായി വരുമ്പോൾ അദ്ദേഹം സർവ്വീസിൽനിന്ന് വിരമിക്കുമ്പോൾ കമ്മീഷനിൽനിന്നും വിരമിച്ചതായി കാണിക്കേണ്ടതാണ്. അത് കൃത്യമായി പറയണം. സർക്കാർ സർവ്വീസിലുള്ള ഒരാളാണ് ഇതിന്റെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. അപ്പോൾ സർവ്വീസിൽനിന്ന് വിരമിക്കുന്ന തീയതിയിൽ കമ്മീഷൻ മെമ്പർ സെക്രട്ടറി സ്ഥാനത്തുനിന്നും വിരമിക്കേണ്ടിവരും എന്നുള്ളത് കൃത്യമായി എഴുതി ചേർക്കണം.

198. ഖണ്ഡം 4(3) (ബി)–ൽ സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് എന്ന് എങ്ങനെയാണ് പറയുന്നത്. ക്രിമിനൽ കുറ്റമെന്ന് സ്പെസിഫിക്കായി പറഞ്ഞാൽ പോരേ? സാന്മാർഗ്ഗിക ദൂഷ്യം മാത്രം ഇങ്ങനെ സ്പെസിഫിക്കായി പറയേണ്ട കാര്യം എന്താണ്? ക്രിമിനൽ കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ എന്നാക്കി മാറ്റണമെന്നാണ് എന്റെ ഒരു ഭേദഗതി.

202. ഖണ്ഡം 4(3) (സി) –ൽ ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പറയുകയും ചെയ്യുക. ബുദ്ധിസ്ഥിരത ഇല്ലാത്ത ആളാണെന്ന് മെഡിക്കൽ ബോർഡ് പറയണം. അങ്ങനെ മെഡിക്കൽ ബോർഡ് പ്രഖ്യാപിക്കണം എന്നുള്ളതാണ് മറ്റൊരു ഭേദഗതി.

205. ഖണ്ഡം 4(3) (ഡി) –ൽ ജോലി ചെയ്യാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ ജോലി ചെയ്യാൻ കഴിവില്ലാതായിത്തീരുകയോ എന്നുള്ളത് കമ്മീ

ഷനിലെ ഒരംഗം എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് കഴിവില്ലാതായിത്തീരുകയോ എന്നാക്കണം. അത് കുറച്ചുകൂടി വ്യത്തിയും വെടിപ്പുമായി പറയണം. ഇത്രയുമാണ് എന്റെ ഭേദഗതികൾ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 4(2) ൽ, "രേഖാമൂലം അറിയിപ്പ് നല്കിക്കൊണ്ട് അയാളുടെ" എന്നതിനു പകരം "എഴുതി നല്കി തന്റെ" എന്ന് ചേർക്കുക.

സർ, കമ്മീഷൻ ചെയർപേഴ്സണോ അംഗത്തിനോ ഏത് സമയത്തും സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ എന്ന് കുറേക്കൂടി സുതാര്യമായ രീതിയിൽ സ്വന്തം കൈപ്പടയിൽ എഴുതി നൽകി തന്റെ ഔദ്യോഗിക സ്ഥാനം രാജി വയ്ക്കാവുന്നതാണെന്ന് സിമ്പിളായി രേഖപ്പെടുത്താവുന്ന കാര്യമാണ്. അതിനെ ആ രീതിയിൽ ചെയ്യേണ്ടതുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

190. ഖണ്ഡം 4(3) (എ) യിൽ, "അവിമുക്ത നിർദ്ധനൻ" എന്നീ വാക്കുകൾക്കു പകരം "വേതനരഹിതൻ" എന്നീ വാക്കുകൾ ചേർക്കുക.

സർ, 190. ഖണ്ഡം 4(3) (എ)–ൽ അവിമുക്ത നിർദ്ധനൻ എന്നതിനുപകരം വേതനരഹിതൻ എന്നാക്കണം. ഇത് നല്ലൊരു ഭേദഗതി യാണ്. ഇത് മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

192. ഖണ്ഡം 4(3) (എ) യിൽ, "ആയിത്തീരുകയോ" എന്നതിനു പകരം "ആയിത്തീർന്നതായി അതിന് അധികാരമുള്ള കോടതി പ്രഖ്യാപിക്കുകയോ" എന്ന് ചേർക്കുക.

207. ഖണ്ഡം 4(3) (ഇ) യിൽ, ''കമ്മീഷനിൽനിന്നും അനുമതി നേടാതെ'' എന്നീ വാക്കുകൾക്ക് പകരം ''കമ്മീഷൻ ചെയർപേഴ്സന്റെ മുൻകൂർ അനുമതി നേടാതെ'' എന്നീ വാക്കുകൾ ചേർക്കുക.

ഡോ. കെ.ടി. ജലീൽ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

199. ഖണ്ഡം 4(3) (സി) ഒഴിവാക്കുക.

ശ്രീ. കെ. രാജു: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

181. ഖണ്ഡം 4(1)ൽ,– 'മൂന്ന് വർഷക്കാലം'' എന്നീ വാക്കുകൾക്കു പകരം ''അഞ്ച് വർഷക്കാലം '' എന്നീ വാക്കുകൾ ചേർക്കുക.

സർ, കാലാവധി 5 വർഷമാക്കുക എന്നുള്ളതാണ്. സാധാരണ ഗതിയിൽ 5 വർഷമെന്നുപറയുന്ന കാലാവധിക്കുള്ളിലാണ് കുറച്ച് കാര്യങ്ങളൊക്കെ കമ്മീഷന് ചെയ്യാൻ കഴിയുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 4(3)(എഫ്) ൽ, ''അഭിപ്രായത്തിൽ'' എന്നതിനു പകരം ''ബോദ്ധ്യത്തിൽ'' എന്നും ''ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ'' എന്നതിനു പകരം ''ചെയർപേഴ്സനോ, അംഗമോ'' എന്നും യഥാക്രമം ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

213. ഖണ്ഡം 4(3) (എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:-

''(എഫ്) സർക്കാരിന് നിഷ്പക്ഷമായ അന്വേഷണത്തിൽ അദ്ധ്യക്ഷനോ ഒരംഗമോ ആ സ്ഥാനത്ത് തുടരുന്നതു ന്യൂനപക്ഷങ്ങളുടെ താൽപര്യത്തിനോ പൊതു താൽപര്യത്തിനോ ഹാനികരമായി തീരത്തക്കവിധം തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി ബോദ്ധ്യപ്പെടുകയോ;''

ശ്രീ. ഇ.കെ. വിജയൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 4(3)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:-

''(എഫ്) ചെയർപേഴ്സണോ, അംഗമോ ന്യൂനപക്ഷങ്ങളുടെ താൽപര്യത്തിനോ, പൊതു താൽപര്യത്തിനോ ഹാനികരമായി തീരത്തക്കവിധം പ്രവർത്തിക്കുകയോ, ഔദ്യാഗിക പദവി ദുരുപയോഗപ്പെടുത്തുകയോ, ചെയ്തുവെന്ന് ബോദ്ധ്യം വരുകയോ;

ശ്രീ. റ്റി.വി. രാജേഷ്: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

222. ഖണ്ഡം 4 (4) ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക;

''(5) ചെയർപേഴ്സൺ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളവും ബത്തകളും നൽകേണ്ടതുമാണ്.''

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

223. ഖണ്ഡം 4 (5) ൽ, ''ഉപാധികളും'' എന്ന വാക്കിനു ശേഷം ''സർക്കാർ അംഗീകാരത്തോടെ'' എന്നീ വാക്കുകൾ ചേർക്കുക.

സർ, 223-ൽ ചെയർപേഴ്സൺ-നും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റുനിബന്ധനകളും ഉപാധികളും എന്ന് കഴിഞ്ഞതിനുശേഷം സർക്കാർ അംഗീകാരത്തോടെ എന്നുകൂടി ചേർക്കേണ്ടതാണ്. അങ്ങനെ ആവശ്യമാണെന്നാണ് എനിക്ക് തോന്നുന്നത്. സർക്കാരിന്റെ അംഗീകാരത്തോടെ അല്ലെങ്കിൽ തോന്നിയതുപോലെ അംഗങ്ങൾക്ക് നൽകേണ്ട ശമ്പളവും ബത്തകളും എഴുതിയെടുക്കുന്ന ഒരു സംവിധാനമുണ്ടാകും. ഉപാധികളും എന്ന വാക്കിനുശേഷം സർക്കാർ അംഗീകാരത്തോടുകൂടി എന്ന് ചേർക്കേണ്ടതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെ പറയുന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാന്റെ 176 –ാം നമ്പർ ഭേദഗതി ചെറിയ ഭേദഗതി യോടെ സ്വീകരിക്കുന്നു. "അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി" എന്നീ വാക്കുകൾക്കുപകരം "ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മറിന്റെ 179, 206, 218 എന്നീ നമ്പർ ഭേദഗതികൾ സ്വീക രിക്കുന്നു.

ശ്രീ. എ. എ. അസീസിന്റെ 220–ാം നമ്പർ ഭേദഗതി മൂവ് ചെയ്തിട്ടി ല്ലാത്തതിനാൽ അത് ഓറൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 4 (4) ൽ, ''നികത്തേണ്ടതാണ്'' എന്ന വാക്കിന് പകരം ''നികത്തേണ്ടതും ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാ ളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്'' എന്നീ വാക്കുകൾ ചേർക്കുക.

<u>മി. സ്പീക്കർ</u>: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 221–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 177 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 178, 187, 196, 210 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 185, 191, 195, 201, 204, 212, 215, 219 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 180–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 183, 184, 198, 202, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 186 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 190 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 192, 207 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ഡോ. കെ.ടി. ജലീൽ അവതരിപ്പിച്ച 199–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 203, 216 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. കെ. രാജു അവതരിപ്പിച്ച 181 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 211 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 213 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 214 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി.വി. രാജേഷ് അവതരിപ്പിച്ച 222 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 223 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

225. ഖണ്ഡം 5(1)–ൽ, "ഉദ്യോഗസ്ഥരെയും" എന്ന വാക്കിനു ശേഷം "മറ്റു" എന്ന വാക്ക് ചേർക്കുക.

227. ഖണ്ഡം 5(2)–ൽ, "കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി" എന്നതിനു പകരം "കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു വേണ്ടി " എന്നു ചേർക്കുക.

ശ്രീമതി കെ.എസ്. സലീഖ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 5(1)-ൽ, "നൽകേണ്ടതാണ്" എന്ന വാക്കിനു പകരം "നൽകേണ്ടതും രണ്ട് വർഷത്തിനകം തുടർ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 5(2)-ൽ, "സേവനവ്യവസ്ഥകളും ഉപാധികളും" എന്നതിന് ശേഷം "അതാത് കാലത്ത് സർക്കാരിന്" എന്ന് ചേർക്കുക.

സർ, ഉദ്യോഗസ്ഥന്മാരുടെ സേവന-വേതന വ്യവസ്ഥകൾ കമ്മീഷനാണ് ഇപ്പോൾ തീരുമാനിക്കുന്നത്. അതിനുപകരം അതാത് കാലത്തെ സർക്കാരിന്റെ അനുമതിയോടുകൂടി സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുക എന്നുള്ള അമന്റ്മെന്റാണ് ഞാൻ മൂവ് ചെയ്യുന്നത്. ഇല്ലെങ്കിൽ കമ്മീഷന് ഉദ്യോഗസ്ഥന്മാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കാൻ അധികാരം കിട്ടും.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മറിന്റെ 225-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ബാക്കി ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എം. ഹംസ അവതരിപ്പിച്ച ഭേദഗതിയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും ഒക്കെ സർക്കാർ തന്നെയാണ് തീരുമാനിക്കുന്നത്. അല്ലാതെ കമ്മീഷനല്ല. സർക്കാരിന്റെ പെർമിഷനോടുകൂടി മാത്രമേ അപ്പോയിന്റ് ചെയ്യുകയുള്ളു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മറിന്റെ 225–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 227 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 226–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 228–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ആറാം വകുപ്പ്

ശ്രീമതി കെ.എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 6–ൽ, "ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും" എന്നീ വാക്കുകൾക്ക് പകരം "ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട അലവൻസുകളും സിറ്റിംഗ് ഫീസും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 6–ൽ, "5–ാം വകുപ്പിൽ പരാമർശിച്ച" എന്നതിനു പകരം "5–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ പരാമർശിച്ച" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 230–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 230–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 229–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഏഴാം വകുപ്പ്

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 7–ൽ, "ന്യൂനതയാലോ" എന്ന വാക്കിനു ശേഷം "ഏതെങ്കിലും തരത്തിൽ " എന്നു ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. റ്റി.എ അഹമ്മദ് കബീർ അവതരിപ്പിച്ച 231–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മി. സ്പീക്കർ: ശ്രീ. റ്റി.എ അഹമ്മദ് കബീർ അവതരിപ്പിച്ച 231–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**<u>എട്ടാം വകുപ്പ്</u>**

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

232. ഖണ്ഡം 8(1)–ന്റെ ക്ലിപ്തനിബന്ധനയിൽ, ''മൂന്നുമാസത്തിൽ'' എന്നതിനുപകരം ''ഒരുമാസത്തിൽ'' എന്ന് ചേർക്കുക.

239. ഖണ്ഡം 8(2)–ൽ, ''നടപടിക്രമങ്ങളെ'' എന്നതിനുശേഷം ''സർക്കാർ അനുമതിയോടെ'' എന്ന് ചേർക്കുക.

242. ഖണ്ഡം 8(3)–ൽ ''പ്രമാണീകരിക്കേണ്ടതാണ്'' എന്ന വാക്കിനു മുമ്പ് ''സർക്കാരിന്റെ അനുമതിയോടുകൂടി'' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീമതി കെ.എസ്. സലീഖ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

235. ഖണ്ഡം 8(1) താഴെപ്പറയും പ്രകാരം മാറ്റുക:

''(1) ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്തും രാവിലെ 10 മണിക്കും വൈകുന്നേരം 5 മണിക്കും ഇടയിലുള്ള സമയത്തും ആവശ്യമായി വരുമ്പോഴെല്ലാം കമ്മീഷൻ യോഗം ചേരേണ്ടതാണ്:

എന്നാൽ, ചുരുങ്ങിയത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണ്.''

240. ഖണ്ഡം 8(2)–നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത്

ശേഷിക്കുന്നത് പുനരക്കം ചെയ്യുക.

''(3) കമ്മീഷന് അതിന്റെ മുൻപിലുള്ള ന്യൂനപക്ഷങ്ങളുടെ സങ്കീർണ്ണമായ കാര്യങ്ങളുടെ നിർവ്വഹണത്തിനും, ആവശ്യങ്ങൾക്കും, പഠനംവഴി തീർപ്പിനും ഏതെങ്കിലും വിഷയങ്ങളിൽ പ്രത്യേകം പരിഗണിച്ച് തീർപ്പ് കണ്ടെത്തുവാനും വേണ്ടി രണ്ടുവർഷത്തിലൊരിക്കൽ ന്യൂനപക്ഷ മേഖലയിൽനിന്നും വിദഗ്ദ്ധരായ പത്തുപേരുടെ പാനൽ തയ്യാറാക്കി അവരിൽനിന്നും ആവശ്യത്തിന് വിദഗ്ദ്ധരെ ക്ഷണിക്കാവുന്നതും എന്നാൽ യോഗങ്ങളിൽ ഇവർക്ക് വോട്ടവകാശം ഇല്ലാത്തതും യോഗങ്ങളിൽ പങ്കെടുക്കുന്നതിന് നൽകേണ്ടതായ അലവൻസുകളും സിറ്റിംഗ് ഫീസും നിർണ്ണയിക്കപ്പെട്ട പ്രകാരം നൽകേണ്ടതുമാണ്.''

''(4) കമ്മീഷൻ ഒരു ജില്ലയിൽ വച്ച് യോഗം നടത്തുമ്പോൾ അതിന്റെ നടപടിക്രമങ്ങളിൽ സംബന്ധിക്കുന്നതിനായി താഴെപ്പറയുന്നവരെ നിരീക്ഷകരായി ക്ഷണിക്കേണ്ടതും ഇവർക്ക് വോട്ടവകാശം ഇല്ലാത്തതുമാകുന്നു. അതായത്,–

(എ) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന ലോക്സഭാംഗങ്ങൾ.

(ബി) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങൾ.''

<u>ശ്രീ. കെ.എൻ.എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 8(1)–ഉം ക്ലിപ്തനിബന്ധനയും താഴെപ്പറയുംപ്രകാരം മാറ്റുക.

''(1) കമ്മീഷൻ മൂന്നുമാസത്തിലൊരിക്കൽ അതിന്റെ യോഗം

ചേരേണ്ടതും, ആവശ്യമെന്നു കണ്ടാൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന മറ്റ് സന്ദർഭങ്ങളിലും യോഗം ചേരാവുന്നതും, യോഗത്തിന്റെ സമയവും, സ്ഥലവും ചെയർപേഴ്സൺ നിശ്ചയിക്കാവുന്നതുമാണ്''.

ഖണ്ഡം 8(1)–ൽ ബില്ലിൽ പറഞ്ഞിട്ടുള്ളത് ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന സമയത്തും സ്ഥലത്തും ആവശ്യമായി വരുമ്പോഴെല്ലാം കമ്മീഷൻ യോഗം ചേരേണ്ടതാണ്. എന്നാൽ ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണെന്നാണ്. അതായത് ചെയർപേഴ്സന്റെ തീരുമാനത്തിനുവിട്ടുകൊണ്ടാണ് യോഗം നടക്കുന്നതെന്ന രീതിയാണ് അതിലുള്ളത്. അതിനുപകരം ഖണ്ഡം 8(1) ഉപവകുപ്പിൽ ''കമ്മീഷൻ മൂന്നുമാസത്തിലൊരിക്കൽ അതിന്റെ യോഗം ചേരേണ്ടതും, ആവശ്യമെന്നു കണ്ടാൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന മറ്റ് സന്ദർഭങ്ങളിലും യോഗം ചേരാവുന്നതും, യോഗത്തിന്റെ സമയവും, സ്ഥലവും ചെയർപേഴ്സൺ നിശ്ചയിക്കാവുന്നതുമാണ്'' എന്ന് ചേർക്കണമെന്നാണ് എന്റെ ഭേദഗതി. അല്ലെങ്കിൽ ഒരു ചെയർപേഴ്സന്റെ മാത്രം ഔദാര്യത്തിലാണ് ഇത് നടക്കുന്നതെന്ന സ്ഥിതി വരും. അദ്ദേഹത്തിന് യുക്തമെന്ന് തോന്നാത്ത പക്ഷം യോഗമുണ്ടാവില്ല.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 8(3)–ൽ, ''മെമ്പർ സെക്രട്ടറിയോ'' എന്നത് ''മെമ്പർ സെക്രട്ടറി'' എന്നും ''അല്ലെങ്കിൽ മെമ്പർ സെക്രട്ടറി ഇതിലേയ്ക്കായി യഥാവിധി രേഖാമൂലം അധികാരപ്പെടുത്തിയ കമ്മീഷന്റെ മറ്റേതെങ്കിലും ആഫീസറോ'' എന്നത് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

243. ഖണ്ഡം 8(3)–നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:
''(4) കമ്മീഷൻ യോഗത്തിന്റെ ക്വാറം രണ്ട് അംഗങ്ങൾ ആയിരിക്കുന്നതാണ്.''

കമ്മീഷന്റെ യോഗം ചേരുന്നതിന് ക്വാറം നിശ്ചയിക്കണം. ഏത് യോഗം ചേരുന്നതിനും ക്വാറം വേണ്ടതാണ്. അത് സ്പെസിഫൈ ചെയ്യണ്ടേ? അത് രണ്ട് അംഗങ്ങളായി നിശ്ചയിക്കണമെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ശ്രീ. എം. ഹംസയുടെ 233–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണന്റെ 234–ാം നമ്പർ ഭേദഗതിയും അവതരിപ്പിക്കേണ്ടതില്ല. വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

(സംസാരിക്കുന്നില്ല)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 241–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 243–ാം നമ്പർ ഭേദഗതിയിലെ 'രണ്ട് അംഗങ്ങൾ' എന്നുള്ളതിൽ 'രണ്ട്'എന്ന വാക്ക് സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 241–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 243–ാം നമ്പർ ഭേദഗതി ഭാഗീകമായി അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 232, 239, 242 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 235, 240 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒൻപതാം വകുപ്പ്**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**244.** ഖണ്ഡം 9(എ)-യ്ക്കുമുമ്പായി താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

‘‘(എ) ന്യൂനപക്ഷങ്ങൾക്ക് അവസരതുല്യത ഉറപ്പാക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക;

(ബി) തൊഴിൽ മേഖലയിലും മറ്റു സാമ്പത്തികമേഖലകളിലും നീതിപൂർവ്വമായ പങ്ക് ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക;

(സി) ആധുനിക വിദ്യാഭ്യാസമേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാനായി സ്കോളർഷിപ്പുകളും മറ്റു പ്രോത്സാഹനപദ്ധതികളും നടപ്പാക്കുകയും, ആവശ്യത്തിന് സ്ഥാപനങ്ങൾ സ്ഥാപിക്കാനായി സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്യുക;

(ഡി) വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യവികസന പദ്ധതികളിലും ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുക;

(ഇ) സർക്കാർ ജോലി നേടാൻ പ്രാപ്തരാക്കാനായി വേണ്ട സൗജന്യ പരിശീലനപരിപാടികൾ നടത്തുക;

(എഫ്) വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ അർഹമായ പങ്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുക;

(ജി) സാമുദായിക സംഘർഷസാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ക്രമസമാധാനപാലന സംവിധാനം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, വീഴ്ചകൾ ജില്ലാഭരണകൂടത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക;

(എച്ച്) ന്യൂനപക്ഷകേന്ദ്രീകൃതവും, എന്നാൽ പിന്നോക്കം നിൽക്കുന്നതുമായ പ്രദേശങ്ങളിലെ അങ്കണവാടികളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കി മാതൃ-ശിശു ആരോഗ്യപരിപാലനവും ആരോഗ്യവിദ്യാഭ്യാസവും മെച്ചപ്പെടുത്തുക;

(ഐ) ബാല്യവിവാഹം ഇല്ലാതാക്കാനും, പ്രതിരോധ കുത്തിവെപ്പുകൾ സാർവ്വത്രികമാക്കാനും ആശകളുടെയും (ASHA) അങ്കണവാടികളുടെയും സേവനം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക;

(ജെ) ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹനപദ്ധതികൾ നടപ്പിലാക്കുക;

(കെ) പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കാൻ വേണ്ട പ്രോത്സാഹനപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക;''

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. ഖണ്ഡം 9 (എ)-യിൽ, ''ന്യൂനപക്ഷങ്ങളുടെ'' എന്ന വാക്കിനു ശേഷം ''സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലെ'' എന്നീ വാക്കുകൾ ചേർക്കുക.

255. ഖണ്ഡം 9 (സി)-യിൽ, ''സാമ്പത്തികവും വിദ്യാഭ്യാസപരവും'' എന്നതിനു ശേഷം ''ഭരണപരവും സാംസ്ക്കാരികവും'' എന്ന് ചേർക്കുക.

260. ഖണ്ഡം 9 (സി)–യിൽ, ''അനുയോജ്യമായ'' എന്ന വാക്കിന് പകരം''ബന്ധപ്പെട്ട'' എന്ന വാക്ക് ചേർക്കുക.

265. ഖണ്ഡം 9 (ഡി)–യിൽ, ''നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക'' എന്നീ വാക്കുകൾക്ക് പകരം ''പരിപാടികളിൽ പങ്കെടുക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക'' എന്നീ വാക്കുകൾ ചേർക്കുക.

272. ഖണ്ഡം 9(എഫ്) ൽ, "ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള" എന്ന വാക്കിനു പകരം "ന്യൂനപക്ഷങ്ങളോടുള്ള" എന്ന വാക്ക് ചേർക്കുക.

273. ഖണ്ഡം 9(എഫ്) ൽ, "ഉണ്ടാകുന്ന" എന്ന വാക്കിനു ശേഷം "വിവിധ" എന്ന വാക്ക് ചേർക്കുക.

278. ഖണ്ഡം 9(ജി)–യിൽ, "സാമ്പത്തികവും" എന്ന വാക്കിനു ശേഷം "സാസ്കാരികവും" എന്ന വാക്ക് ചേർക്കുക.

281. ഖണ്ഡം 9 (എച്ച്)–ൽ, "അനുയോജ്യമായ" എന്ന വാക്ക് ഒഴിവാക്കുക.

284. ഖണ്ഡം 9 (ഐ)–യിൽ, "കാര്യത്തെ" എന്ന വാക്കിനുപകരം "വിഷയത്തെ" എന്ന വാക്ക് ചേർക്കുക.

290. ഖണ്ഡം 9(കെ)–യിൽ, "ബന്ധപ്പെട്ട്" എന്ന വാക്കിനുശേഷം "കാലാകാലങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

246. ഖണ്ഡം 9 (എ)–യിൽ, ''ന്യൂനപക്ഷങ്ങളുടെ'' എന്ന വാക്കിനു ശേഷം ''വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹിക–സാമ്പത്തികപരവുമായ'' എന്നീ വാക്കുകൾ ചേർക്കുക.

252. ഖണ്ഡം 9 (ബി)–യിൽ, ''വിവിധ സംരക്ഷണ വ്യവസ്ഥകളുടെ'' എന്നീ വാക്കുകൾക്ക് പകരം ''വിവിധ ആനുകൂല്യങ്ങളുടെയും അവകാശങ്ങളുടെയും സംരക്ഷണ വ്യവസ്ഥകളുടെയും'' എന്നീ വാക്കുകൾ ചേർക്കുക.

289. ഖണ്ഡം 9(ജെ)–യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

''(കെ) ന്യൂനപക്ഷങ്ങളുടെ കീഴിൽവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്നതിന് ശുപാർശ ചെയ്യുക ;

(എൽ) ന്യൂനപക്ഷ കമ്മീഷൻ നൽകുന്ന ശുപാർശകളിന്മേൽ എടുത്തിട്ടുള്ള തുടർനടപടികൾ സംബന്ധിച്ച് അവലോകനം നടത്തുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക;

(എം) ന്യൂനപക്ഷങ്ങളുടെ പരമ്പരാഗത തൊഴിൽ മേഖലകൾ സംരക്ഷിക്കുന്നതിനും അത്തരം പരമ്പരാഗത തൊഴിൽ നൈപുണ്യം സംരക്ഷിക്കുന്നതിനും ആവശ്യമായ പഠനങ്ങളും ഗവേഷണങ്ങളും മറ്റും നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക ;''

ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഈ ബില്ലിന് കുറച്ചുകൂടി വ്യക്തതയും വ്യാപ്തിയും വർദ്ധിപ്പിക്കണമെന്ന അഭിപ്രായത്തോടുകൂടിയാണ് ഞാൻ മൂന്ന് ഭേദഗതികളും അവതരിപ്പിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബിൽ സംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്തില്ലേ?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞങ്ങൾ ഈ സബ്ജക്റ്റ് കമ്മിറ്റിയിൽ അംഗങ്ങളല്ല.

<u>മി. സ്പീക്കർ</u>: സാധാരണഗതിയിൽ ബിൽ അവതരിപ്പിച്ചശേഷം സബ്ജക്റ്റ് കമ്മിറ്റിയിൽ വരുമ്പോഴാണ് ക്ലാരിറ്റി വരേണ്ടത്. താങ്കൾ പറഞ്ഞത് ശരിയാണ്. പ്രധാനപ്പെട്ട ബില്ലാണ്. സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്തില്ലേയെന്ന് ചോദിച്ചെന്ന് മാത്രമേയുള്ളു.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ മൂവ് ചെയ്യുന്നു.

249. ഖണ്ഡം 9 (എ)-യിൽ, ''വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക'' എന്നീ വാക്കുകൾക്ക് പകരം ''പിന്നാക്കാവസ്ഥ പഠിച്ചു കാലാകാലങ്ങളിൽ സർക്കാരിനു റിപ്പോർട്ട് നൽകുക'' എന്നീ വാക്കുകൾ ചേർക്കുക.

277. ഖണ്ഡം 9(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക.

<u>ശ്രീ. എം. പി. വിൻസെന്റ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

250. ഖണ്ഡം 9 (ബി)-യിൽ, ''ന്യൂനപക്ഷങ്ങളുടെ'' എന്ന വാക്കിന് ശേഷം ''വിദ്യാഭ്യാസ, സാമൂഹിക '' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

254. ഖണ്ഡം 9 (ബി)–യിൽ, ''നിരീക്ഷണവിധേയമാക്കുകയും'' എന്ന വാക്കിന് ശേഷം ''അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും'' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

256. ഖണ്ഡം 9 (സി)–യിൽ, ''ഭാഷാപരവുമായുള്ള'' എന്ന വാക്കിനു പകരം ''ഭാഷാപരവും വിശ്വാസപരവുമായുള്ള'' എന്നീ വാക്കുകൾ ചേർക്കുക.

സർ, 256–ാം നമ്പർ ഭേദഗതിയിൽ, ന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിന് കമ്മീഷന് അവകാശങ്ങളുണ്ട്. അതിൽ ''ഭാഷാപരവുമായുള്ള'' എന്നവാക്കിനുപകരം ''ഭാഷാപരവും വിശ്വാസപരവുമായുള്ള'' എന്ന് ചേർക്കണം. ഏറ്റവും കൂടുതൽ വെല്ലുവിളികൾ നേരിടുന്നത് ന്യൂനപക്ഷങ്ങൾക്ക് അവരുടെ വിശ്വാസപരമായ വിഷയങ്ങളിലാണ്. അക്കാര്യവും കമ്മീഷന്റെ ഉത്തരവാദിത്തമാണ്. അതുകൂടി ചേർക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

257. ഖണ്ഡം 9 (സി)–യിൽ, ‘‘അവകാശങ്ങളും’’ എന്ന വാക്കിനുശേഷം ‘‘സാമ്പത്തികവും സാമുദായികവുമായ’’ എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ മൂവ് ചെയ്യുന്നു.

258. ഖണ്ഡം 9 (സി) യിൽ, ‘‘സംരക്ഷണവ്യവസ്ഥകളും’’ എന്ന വാക്കിനു ശേഷം ‘‘ആനുകൂല്യങ്ങളും നഷ്ടപ്പെട്ടതിനെക്കുറിച്ചും’’ എന്നീ വാക്കുകൾ ചേർക്കുക

271. ഖണ്ഡം 9(ഇ)യിൽ, “റിപ്പോർട്ട് നൽകുകയും” എന്നീ വാക്കുകൾക്ക് ശേഷം “അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ യെന്ന് നിരീക്ഷിക്കുകയും” എന്നീ വാക്കുകൾ ചേർക്കുക.

276. ഖണ്ഡം 9(എഫ്) ൽ, “ഒഴിവാക്കുന്നതിന്” എന്ന വാക്കിന് പകരം “നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഒഴിവാക്കുന്നതിനും” എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

261. ഖണ്ഡം 9 (സി)–യിൽ, ‘‘ശ്രദ്ധയിൽ കൊണ്ടുവരികയും’’ എന്ന വാക്കിനു ശേഷം ‘‘നിയമലംഘകർക്ക് ഉചിതമായ ശിക്ഷ ലഭിക്കും വിധത്തിലുള്ള’’ എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

262. ഖണ്ഡം 9 (സി)–യിൽ, ''നിർദ്ദേശിക്കുകയും'' എന്ന വാക്കിനു ശേഷം ''അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും'' എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ മൂവ് ചെയ്യുന്നു.

263. ഖണ്ഡം 9 (ഡി)–യിൽ, ''ന്യൂനപക്ഷങ്ങളുടെ'' എന്ന വാക്കിന് ശേഷം ''വിദ്യാഭ്യാസ'' എന്ന വാക്ക് ചേർക്കുക.

293. ഖണ്ഡം (9)(കെ)–യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:
' (എൽ) ന്യൂനപക്ഷങ്ങളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, നേതൃത്വം നൽകുകയും ചെയ്യുക'.

സർ, ന്യൂനപക്ഷങ്ങളുടെ സാമൂഹിക–സാമ്പത്തിക വികസനത്തെക്കുറിച്ച് പറയുമ്പോൾ, ചർച്ചയിൽ വന്ന പ്രധാന വിഷയം വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ചാണ്. അതുകൊണ്ട് എന്റെ ഭേദഗതി, ന്യൂനപക്ഷങ്ങളുടെ സാമൂഹിക–സാമ്പത്തിക–വിദ്യാഭ്യാസ രംഗത്തെ വികസനത്തിലുള്ള ആസൂത്രണ നപടികളെന്ന് ചേർക്കണമെന്നുള്ളതാണ്. കൂടാതെ, അവരുടെ സർഗ്ഗാത്മകമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശമില്ല. (കെ)യ്ക്ക് ശേഷം സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, നേതൃത്വം നൽകുകയും ചെയ്യുക എന്നുള്ള രണ്ട് ഭേദഗതികളാണ് എനിക്കുള്ളത്.

ശ്രീ. വി.പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

266. ഖണ്ഡം 9 (ഡി)-യിൽ, ''പങ്കെടുക്കുകയും'' എന്ന വാക്കിന് ശേഷം ''തുടർ നടപടികൾ'' എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ മൂവ് ചെയ്യുന്നു.

267. ഖണ്ഡം 9 (ഡി) യിൽ, ''ഉപദേശിക്കുകയും'' എന്ന വാക്കിന് മുമ്പായി ''തുടർനടപടികൾ'' എന്ന വാക്ക് ചേർക്കുക.

268. ഖണ്ഡം 9(ഡി) യിൽ, "ഉപദേശിക്കുകയും" എന്ന വാക്കിനു പകരം "അവലോകനം ചെയ്യുകയും" എന്നീ വാക്കുകൾ ചേർക്കുക

282. ഖണ്ഡം 9 (എച്ച്)-ൽ, "നിർദ്ദേശിക്കുക" എന്ന വാക്കിനു പകരം "നിർദ്ദേശിക്കുകയും അവലോകനം നടത്തുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

287. ഖണ്ഡം 9(ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

"(കെ) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിചാരണ ചെയ്യുകയും ആവശ്യമെങ്കിൽ നടപടിക്കായി സർക്കാരിന് ശുപാർശ ചെയ്യുകയും ചെയ്യുക;"

സർ, കമ്മീഷനുമായി ബന്ധപ്പെട്ട് എല്ലാം ഉപദേശിക്കുക എന്നാണ് പറഞ്ഞിരിക്കുന്നത്. ന്യൂനപക്ഷത്തിനെതിരായ പീഡനം നടന്നാൽ വിചാരണ ചെയ്യാനുള്ള അധികാരം ഇതിൽ പറഞ്ഞുവയ്ക്കണം. ഉദ്യോഗസ്ഥന്മാർ കുറ്റവാളികളാണെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കാൻ ഗവൺമെന്റിൽ നിർദ്ദേശിക്കാനുള്ള പ്രൊവിഷനും ഇതിൽക്കൊടുക്കണം. അതാണ് എന്റെ 287–ാം നമ്പർ ഭേഗതി.

ശ്രീ. സി. എഫ്. തോമസ് : ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

269. ഖണ്ഡം 9(ഇ) യിൽ, "ന്യൂനപക്ഷങ്ങളുടെ" എന്ന വാക്കിനു ശേഷം "വിദ്യാഭ്യാസ പുരോഗതിക്കും"എന്നീ വാക്കുകൾ ചേർക്കുക.

സർ, ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹിക–സാമ്പത്തിക വികസനമെന്ന് പറയുന്നതുപോലയോ അല്ലെങ്കിൽ അതിനേക്കാൾ പ്രധാനപ്പെട്ടതോ ആണ് വിദ്യാഭ്യാസപരമായ പുരോഗതി. അതുകൊണ്ട് ന്യൂനപക്ഷങ്ങളുടെ സാമൂഹിക–സാമ്പത്തിക വികസനത്തിനും എന്നുള്ളതിന്റെ കൂടെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കും സാമൂഹിക–സാമ്പത്തിക വികസനത്തിനും എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

275. ഖണ്ഡം 9(എഫ്)ൽ, "ഒഴിവാക്കുന്നതിന്" എന്ന വാക്കിനു പകരം "ആവർത്തിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിനുതകുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. റ്റി. ജോർജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

279. ഖണ്ഡം 9(ജി)-യിൽ, "സെമിനാറുകൾ" എന്ന വാക്കിനു ശേഷം "ശിൽപശാലകൾ, സമ്മേളനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

280. ഖണ്ഡം 9(ജി)-ക്കു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:

"(എച്ച്) ന്യൂനപക്ഷക്ഷേമ വകുപ്പ് ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന തുകകൾ യഥാസമയം ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവാക്കാൻ നേതൃത്വം നൽകുക;

(ഐ) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളായ കരിയർ ഗൈഡൻസ് പ്രോഗ്രാം, സ്കോളർഷിപ്പുകൾ, ഗവേഷണ ത്തിനുള്ള ഫെല്ലോഷിപ്പ് പദ്ധതികൾ, വിധവകൾക്കും വിവാഹ ബന്ധം വേർപ്പെടുത്തിയവർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ, കുടിവെള്ള പദ്ധതി, വിദ്യാർത്ഥികൾക്കുള്ള റീഇംബേഴ്സ്മെന്റ് പദ്ധതി, ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ പ്രവർത്ത നങ്ങൾ തുടങ്ങി മേഖലയിലെ മറ്റു വികസന പദ്ധതികൾ, യഥാ വിധി നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും നിരീക്ഷിക്കു കയും വേണ്ട ശുപാർശകൾ നിർദ്ദേശിക്കുകയും ചെയ്യുക;

(ജെ) ന്യൂനപക്ഷ മേഖലയിലെ പ്രശ്നങ്ങളായ ശൈശവ വിവാ ഹം, വിവാഹ തട്ടിപ്പുകൾ, ബ്ലേഡുമാഫിയാ തുടങ്ങിയ മാഫിയാ പ്രവർത്തനങ്ങൾ, അടിമപ്പണി, ബാലവേല എന്നിവ കണ്ടെത്തി ഇവയിൽ നിന്നും സംരക്ഷണവും നിയമസഹായവും ബോധവ ത്കരണവും നടത്തുവാൻ നടപടികൾ സ്വീകരിക്കുക; "

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദ ഗതി മൂവ് ചെയ്യുന്നു.

285. ഖണ്ഡം 9(ഐ)-ൽ, "വൈഷമ്യങ്ങളെ സംബന്ധിച്ച്" എന്നതിനു പകരം "വൈഷമ്യങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്" എന്ന് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

288. ഖണ്ഡം 9(ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർത്ത് തുടർന്നുള്ളവ പുനരക്ഷരം ചെയ്യുക.

"(കെ) ന്യൂനപക്ഷ ജനവിഭാഗങ്ങളിൽ തന്നെ പിൻനിരയിൽ നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക ;

(എൽ) ആധുനിക തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം കുറവായിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിന് അത് പരിഹരിച്ച് നൽകുക ; "

ശ്രീ. കെ. അച്ചുതൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

291. ഖണ്ഡം 9(കെ)-യിൽ, "കാര്യം" എന്നതിനുപകരം "കാര്യങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

294. ഖണ്ഡം 9(കെ)-ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

' (എൽ) ന്യൂനപക്ഷം എന്ന പദവി ഏതെങ്കിലും വിധത്തിൽ ദുരുപയോഗം ചെയ്യുന്നതു തടയുക;

മി. സ്പീക്കർ : ശ്രീ. അൻവർ സാദത്ത്, ശ്രീ. എം.എ. വാഹീദ്, ശ്രീ. വി.റ്റി.ബൽറാം എന്നീ അംഗങ്ങൾക്ക് ഭേദഗതി മൂവ് ചെയ്യാൻ പറ്റില്ല. സംസാരിക്കാം.

ശ്രീ. അൻവർ സാദത്ത് : സർ, ശ്രീ. ബെന്നി ബെഹനാൻ സൂചിപ്പിച്ചതുപോലെ, അദ്ധ്യായം 3(9)-ൽ ന്യൂനപക്ഷങ്ങളെ എന്ന വാക്കിനു ശേഷം സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ എന്നുകൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശ്രീ. എം. ഉമ്മർ, ശ്രീ. ബെന്നി ബെഹനാൻ എന്നിവർ പറഞ്ഞത് ന്യൂനപക്ഷങ്ങളുടെ ബില്ലിന് കുറച്ചുകൂടി ക്ലാരിറ്റി വേണമെന്നാണ്. (സി), (ജെ) എന്നിവയിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ട് ആ ഭേദഗതികൾ സ്വീകരിക്കുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 244-ാം നമ്പർ ഭേദഗതി, ഭേദഗതികളോടെ സ്വീകരിക്കുന്നു. ഭേദഗതിയിലെ (ഡി), (ജി) ഇനങ്ങൾ ഭേദഗതികളോടെ ബില്ലിന്റെ (കെ), (എൽ) ഖണ്ഡങ്ങളായി ചേർക്കുകയും ബില്ലിന്റെ (കെ) ഖണ്ഡം (എം) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും ചെയ്യുന്നു. ശ്രീ. കെ. രാധാകൃഷ്ണന്റെ 258-ാം നമ്പർ ഭേദഗതി, ഭേദഗതിയോടെ സ്വീകരിക്കുന്നു. സംരക്ഷണ വ്യവസ്ഥകളും എന്ന വാക്കിനുശേഷം നഷ്ടപ്പെട്ടതിനെക്കുറിച്ചുള്ള ആനുകൂല്യങ്ങളും എന്നു ചേർക്കുക. ശ്രീ. എം. ഉമ്മറിന്റെ 260, 265, 272, 273 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദീന്റെ 262-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജിന്റെ 263-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണന്റെ 271-ാം

നമ്പർ ഭേദഗതിയും ശ്രീ. ഐ.സി. ബാലകൃഷ്ണന്റെ 285-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിലിന്റെ 270-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാത്തതിനാൽ ഞാൻ ഔദ്യോഗിക ഭേദഗതിയായി മൂവ് ചെയ്യുന്നു.

270. ഖണ്ഡം 9(ഇ) യിൽ, "ന്യൂനപക്ഷങ്ങളുടെ" എന്ന വാക്കിന് ശേഷം "വിദ്യാഭ്യാസ" എന്ന വാക്ക് ചേർക്കുക.

മറ്റു ഭേദഗതികൾ സ്വീകര്യമല്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 244-ാം നമ്പർ ഭേദഗതി, ഭേദഗതികളോടെയും ശ്രീ. കെ. രാധാകൃഷ്ണന്റെ 258-ാം നമ്പർ ഭേദഗതി, ഭേദഗതികളോടെയും ശ്രീ. എം. ഉമ്മറിന്റെ 260, 265, 272, 273 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദീന്റെ 262-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജിന്റെ 263-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണന്റെ 271-ാം നമ്പർ ഭേദഗതിയും ശ്രീ. ഐ.സി. ബാലകൃഷ്ണന്റെ 285-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 245, 255, 278, 281, 284, 290 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 246, 252, 289 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 249, 277 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം.പി. വിൻസെന്റ് അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി.പി. സജീന്ദ്രൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 267, 268, 282, 287 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 275–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ.റ്റി. ജോർജ് അവതരിപ്പിച്ച 279–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 280–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി.വി. രാജേഷ് അവതരിപ്പിച്ച 288–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 291–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 293–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 294–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുളള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**10-ാം വകുപ്പ്**

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 10-ൽ "സംസ്ഥാനത്ത്" എന്ന വാക്കിനു ശേഷം "സ്ഥിരമായി" എന്ന വാക്കു ചേർക്കുക.

നമ്മുടെ സംസ്ഥാനത്ത് സ്ഥിരമായി താമസിക്കണമെന്നാക്കണമെന്നതാണ് എന്റെ ദേദഗതി, അല്ലെങ്കിൽ ആരുവേണമെങ്കിലും വന്ന് താമസിച്ചു പോകാൻ സാദ്ധ്യതയുണ്ട്. അപ്പോൾ സ്ഥിരമായി സംസ്ഥാനത്ത് താമസിക്കുന്ന ഒരാളായിരിക്കണമെന്നതാണ് എന്റെ ഭേദഗതി. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296. ഖണ്ഡം 10-ൽ "സമുദായത്തിൽപ്പെടുന്നവർക്ക്" എന്നതിനു ശേഷം "അവർ ആവശ്യപ്പെടുന്നപക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 10-ൽ പറയുന്നത് സർട്ടിഫിക്കറ്റിനെക്കുറിച്ചാണ്. സർട്ടിഫിക്കറ്റ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനത്തു താമസിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്നവർക്ക് സംസ്ഥാന

സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫാറത്തിലും ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകേണ്ടതാണെന്ന് പറഞ്ഞാൽ ആധാർ കാർഡൊക്കെ കൊടുക്കുന്നതുപോലെ എല്ലാപേർക്കും കൊടുക്കേണ്ടതാണെന്ന് വരും. അതിന് അവർ ആവശ്യപ്പെടുന്ന പക്ഷം എന്നുള്ള ദേദഗതിയാണ് വേണ്ടത്.

ശ്രീ. പി. റ്റി. എ. റഹീം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

299. ഖണ്ഡം 10 താഴെപ്പറയും പ്രകാരം മാറ്റുക:-

"10. ന്യൂനപക്ഷ സർട്ടിഫിക്കറ്റ് നൽകുന്നതിന് മേൽനോട്ടം

സംസ്ഥാനത്തു താമസിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന രീതിയിലും മാതൃകയിലും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വൈഷമ്യം നേരിട്ടാൽ കമ്മീഷന് ഇടപെടാവുന്നതാണ്."

ഇതും ശ്രീ. എം. ഉമ്മർ പറഞ്ഞതിനോടനുബന്ധിച്ചുള്ള ഒരു കാര്യമാണ്. ഈ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് ഇത് ലഭിക്കാൻ വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. അതിന് ഒരു മേൽനോട്ടമുണ്ടാകുന്നത് നല്ലതാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: സമാന സ്വഭാവമുള്ളവയായതിനാൽ ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. എം. ഹംസ എന്നീ അംഗങ്ങൾക്ക് ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല, സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ന്യൂനപക്ഷ കമ്മീഷനുമാത്രമെ ഈ സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കുകയുള്ളൂ എന്ന കാര്യം പോലെ

യാണ് ഇതു വരുന്നത്. അതെങ്ങനെയാണ് ശരിയാകുന്നത്. അതുകൊണ്ട് സ്പെസിഫിക്കായി ആരെങ്കിലും ആവശ്യപ്പെട്ടാൽ കമ്മീഷന് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാമെന്നാക്കി മാറ്റണം. അല്ലാതെ ഈ ഒരു സർട്ടിഫിക്കറ്റ് കമ്മീഷന് മാത്രമെ കൊടുക്കാൻ പറ്റുകയുള്ളൂവെന്ന് വന്നാൽ അത് ഈ സമുദായ ത്തിൽപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് അത് വളരെ സ്പെസിഫിക്കായി പറയണമെന്ന് ശ്രീ. എം. ഉമ്മറും ശ്രീ. പി. റ്റി. എ. റഹീമുമൊക്കെ പറഞ്ഞത് തന്നെയാണ് എനിക്കും പറയാനുള്ളത്.

ശ്രീ. എം. ഹംസ: സർ, സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം കമ്മീഷനാണുള്ളത്. ന്യൂനപക്ഷ കമ്മീഷൻ ഇപ്പോൾ വളരെ നാമമാത്രമായ ആളുകളുള്ള ചെറിയ സംവിധാനമാണ്. ഈ കമ്മീഷൻ മാത്രം സർട്ടിഫിക്കറ്റ് കൊടുത്താൽ മതിയാവുകയില്ല. അതുകൊണ്ട് ഈ സർട്ടിഫിക്കറ്റ് കൊടുക്ക ണമെന്ന് ഗവൺമെന്റിൽ നിർദ്ദേശിച്ച് ഗവൺമെന്റ് മെഷിനറിയിലേയ്ക്ക് അതിന്റെ അധികാരം മാറണം. സർട്ടിഫിക്കറ്റ് കമ്മീഷൻ കൊടുക്കാൻ പാടില്ല എന്നതാണ് എന്റെ നിർദ്ദേശം.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, എല്ലാപേരും പറഞ്ഞത് ഏകദേശം ഒരു കാര്യം തന്നെയാ ണ്. അതുകൊണ്ട് ഏറ്റവും ക്ലാരിറ്റിയുള്ള ഭേദഗതിയായ ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന പ്രകാരം മാറ്റം വരുത്തി സ്വീകരിക്കുന്നു.

ഖണ്ഡം 10 താഴെപ്പറയും പ്രകാരം മാറ്റുക:-

"10. ന്യൂനപക്ഷ സർട്ടിഫിക്കറ്റ് നൽകുന്നതിന് മേൽനോട്ടം

സംസ്ഥാനത്തു താമസിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന രീതിയിലും മാതൃകയിലും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ വൈഷമ്യം നേരിടുന്നതായുള്ള ഏതെങ്കിലും സംഗതി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് ചെയ്യാവുന്നതും പരിഹാരം നിർദ്ദേശിക്കാവുന്നതുമാണ്.”

മി. സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 299–ാം നമ്പർ ഭേദഗതി മാറ്റങ്ങളോടെ സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 295–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 296–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 11–ാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 11–ൽ, "വിശദമാക്കിക്കൊണ്ട്" എന്ന വാക്കിനും "നിയമസഭ" എന്ന വാക്കിനും ഇടയിൽ "റിപ്പോർട്ട് ലഭിച്ച് ആറു മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ഈ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് സമയം സ്പെസിഫൈ ചെയ്ത് പറയേണ്ടതാണ്. റിപ്പോർട്ട് ലഭിച്ച് 6 മാസത്തിനുള്ളിൽ എന്നതാണ് എന്റെ ഭേദഗതി. അല്ലാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന സ്ഥിതി വരരുത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

303. ഖണ്ഡം 11–ൽ, "നിയമസഭ മുൻപാകെ" എന്നീ വാക്കുകൾക്കു ശേഷം, "വാർഷിക റിപ്പോർട്ട്" എന്നീ വാക്കുകൾ ചേർക്കുക

വാർഷിക റിപ്പോർട്ടായിട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 11–ൽ, "വയ്പ്പിക്കേണ്ടതാണ്" എന്ന വാക്കിനുപകരം "വയ്ക്കേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

300. ഖണ്ഡം 11-ന്റെ മാർജിനൽ ശീർഷകത്തിൽ, "വയ്ക്കൽ" എന്ന വാക്കിന് പകരം "സമർപ്പണം" എന്ന വാക്ക് ചേർക്കുക.

305. ഖണ്ഡം 11-ൽ, "വയ്പ്പിക്കേണ്ടതാണ്" എന്ന വാക്കിനുപകരം "സമർപ്പിക്കേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

ഇതിൽ റിപ്പോർട്ട് വയ്ക്കലല്ല, പേപ്പർ ലേ ചെയ്യുകയെന്നു പറയുന്നതുപോലെ റിപ്പോർട്ടാകുമ്പോൾ സമർപ്പിക്കുക എന്നാണ് പറയേണ്ടത്. സമർപ്പിക്കണമെന്ന് പറയുന്നത് ആദരവോടുകൂടി വയ്ക്കുകയെന്നതാണ്. പേപ്പർ ലേ ചെയ്യുകയെന്നു പറയുന്നതുപോലെ റിപ്പോർട്ട് ലേ ചെയ്യാൻ പറ്റുകയില്ല. അത് സമർപ്പിക്കുക എന്നാക്കി മാറ്റണം. നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ് എന്നുള്ളത് 300, 305 എന്നീ ഭേദഗതികളിൽ പറഞ്ഞിരിക്കുന്നതുപോലെ നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ് എന്ന് വേണം.

<u>മി. സ്പീക്കർ</u>: ശ്രീ. ബെന്നി ബെഹനാൻ, സമാന സ്വഭാവമുള്ളതിനാൽ ഭേദഗതി മൂവ് ചെയ്യേണ്ടതില്ല. താങ്കൾക്ക് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, വയ്പിക്കേണ്ടതെന്നുള്ളത് നിയമസഭയുടെ മുമ്പിൽ വയ്ക്കേണ്ടതാണ് എന്നുവേണം.

<u>മി. സ്പീക്കർ</u>: ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 300, 305 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 302–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 303–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 304–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: 11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**12–ാം വകുപ്പ്**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 12(1) (എ) യിൽ, ‘‘ഏതുഭാഗത്തുനിന്നും ഏതൊരാളെയും’’ എന്നതിനുപകരം ‘‘അധികാരപരിധിയിലുള്ള യാതൊരു വ്യക്തിയെയും’’ എന്നു ചേർക്കുക

309. ഖണ്ഡം 12(1) (ഡി) യിൽ, ‘‘ആഫീസിൽ നിന്നോ’’ എന്നതിനു ശേഷം ‘‘സ്ഥാപനത്തിൽ നിന്നോ’’ എന്നു ചേർക്കുക.

313. ഖണ്ഡം 12(6) ൽ, ''ഏതൊരു ഉദ്യോഗസ്ഥന്റെയോ'' എന്നതിനുപകരം ''ബന്ധപ്പെട്ട ഏതൊരു ഉദ്യോഗസ്ഥന്റെയോ'' എന്നു ചേർക്കുക.

314. ഖണ്ഡം 12(6) ൽ, ''സേവനം'' എന്ന വാക്കിനുശേഷം ''നിയമാനുസൃതം'' എന്നു ചേർക്കുക.

315. ഖണ്ഡം 12(8) ൽ, ''യുക്തമെന്നു തോന്നുന്ന'' എന്നതിനുപകരം ''യുക്തമെന്നു തോന്നുന്നപക്ഷം'' എന്നു ചേർക്കുക.

ഏത് ഭാഗത്തുള്ള യാതൊരാളെയും എന്നതിനുപകരം അധികാര പരിധി യിലുള്ള ഏതൊരു വ്യക്തിയെയും എന്നാക്കി മാറ്റണം. ഓഫീസിൽ നിന്നോ എന്നതിനുപുറമെ സ്ഥാപനത്തിൽ നിന്നോ എന്നുകൂടി ചേർക്കണം. ഏതെ ങ്കിലും കോടതയിൽനിന്നോ ഓഫീസിൽ നിന്നോ എന്നുള്ളതിന്റെ കൂടെ ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ എന്നുകൂടി ചേർക്കണം. ഓഫീസിൽ നിന്നോ എന്നുപറയുമ്പോൾ ഒരു ഗവൺമെന്റ് ഓഫീസ് മാത്രമെ വരികയുള്ളൂ. അതുകൊണ്ട് മറ്റ് സ്ഥാപ നങ്ങളിൽ നിന്നുകൂടി ഉൾപ്പെടുത്തണമെന്നതാണ് 309-ാം നമ്പർ ഭേദഗതി. അതുപോലെ ജൂറിസ്ഡിക്ഷനെപ്പറ്റി പറയുമ്പോൾ ഏത് ഭാഗത്തുനിന്നുള്ള ഏതൊരാളെയും എന്നതിനുപകരം അധികാര പരിധിയിലുള്ള യാതൊരു വ്യക്തിയെയുമെന്നാക്കണമെന്നതാണ് 307, 309 എന്നീ ഭേദഗതികൾ.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

308. ഖണ്ഡം 12(1) (എ) യിൽ, ''ഏതൊരാളെയും'' എന്നതിനുപകരം ''കമ്മീഷന്റെ ആവശ്യത്തിനായുള്ള വ്യക്തികളെ'' എന്നു ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

310. ഖണ്ഡം 12(2) ൽ, ''ഏതൊരു വ്യക്തിയോടും ആവശ്യപ്പെടുവാൻ'' എന്നതിനുശേഷം ''മതിയായ സമയം നൽകുന്നതിന്'' എന്നു ചേർക്കുക.

312. ഖണ്ഡം 12(3) ൽ, ''എടുക്കാവുന്നതാണ്'' എന്നതിനുപകരം ''കണ്ടെത്താവുന്നതാണ്'' എന്നു ചേർക്കുക.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റത്തോടുകൂടി സ്വീകരിക്കുന്നു.

''ഖണ്ഡം 12(1)(ഡി)-യിൽ ആഫീസിൽ നിന്നോ എന്നതിനുശേഷം മറ്റ് സ്ഥാപനത്തിൽ നിന്നോ എന്ന വാക്കുകൾ ചേർക്കുക''.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി മാറ്റങ്ങളോടെ സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 307, 313, 314, 315 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 310, 312 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 13-ാം വകുപ്പ്

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

316. ഖണ്ഡം 13-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

മി. സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സ്വീകരിക്കുന്നില്ല.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

13–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

13–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**14–ാം വകുപ്പ്**

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

> 317. ഖണ്ഡം 14(ബി) യിൽ, ''അന്വേഷണത്തിൽ ആ വ്യക്തിയെ കേൾക്കുന്നതിനും അയാളുടെ പ്രതിരോധത്തിനുള്ള തെളിവുകൾ ഹാജരാക്കുന്നതിനും അയാൾ അപേക്ഷയിൻമേൽ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ നടപടികൾ 'ഇൻക്യാമറ' ആയി നടത്തുന്നതിനും' എന്നീ വാക്കുകൾക്ക് പകരം 'ആ അന്വേഷണത്തിൽ അയാൾക്ക് തന്റെ ഭാഗം നേരിട്ടും രേഖാമൂലവും വ്യക്തമാക്കുന്നതിന്' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

അതായത് ഈ കമ്മീഷന്റെ മുമ്പാകെ വരുന്നൊരു വ്യക്തി അയാളുടെ ആവശ്യപ്രകാരം ഇൻക്യാമറയായി നടത്തുന്നതിന് എന്നതിനുപകരം ആ അന്വേഷണത്തിന്റെ ഭാഗമായി അയാളുടെ ഭാഗം കേൾക്കുന്നതോ തന്റെ ഭാഗം നേരിട്ടോ രേഖാമൂലമോ വ്യക്തമാക്കുന്നതിനുള്ള അവസരമുണ്ടാക്കി കൊടുക്കണം എന്ന ഭേദഗതിയാണ് മൂവ് ചെയ്യാനുള്ളത്.

മി. സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സ്വീകരിക്കുന്നില്ല.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 317–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

<u>മി. സ്പീക്കർ</u>: 14-ാം വകുപ്പ് വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**<u>15-ാം വകുപ്പ്</u>**

(ഭേദഗതികളൊന്നും അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**<u>16-ാം വകുപ്പ്</u>**

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 16(1) ൽ, 'കമ്മീഷൻ', എന്നതിനു ശേഷം 'വരവുചെലവുകളുടെ' എന്നു ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 16(1) ൽ, 'പ്രസക്ത റിക്കാർഡുകളും' എന്നതിനു പകരം 'അനുബന്ധ രേഖകളും' എന്ന് ചേർക്കുക.

കമ്മീഷൻ ശരിയായ കണക്കുകളും മറ്റ് പ്രസക്ത റിക്കാർഡുകളും എന്നു പറഞ്ഞിട്ടുണ്ട്, അത് ശരിയല്ല. കമ്മീഷൻ ശരിയായ കണക്കുകളും മറ്റ് അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതും എന്നാക്കണമെന്നതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സ്വീകരിക്കുന്നില്ല.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 319–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 320–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: 16–ാം വകുപ്പ് വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

17-ാം വകുപ്പ്

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 17-ൽ, "മുൻപാകെ" എന്ന വാക്കിന് ശേഷം, ''സാമ്പത്തിക വർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ'' എന്നീ വാക്കുകൾ ചേർക്കുക.

ഓഡിറ്റ് റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്ക്കണമെന്നതിന് കാലാവധി പറയണം. ഒരു സാമ്പത്തിക വർഷം കഴിഞ്ഞ് ഓഡിറ്റ് കഴിഞ്ഞ് ആറുമാസത്തിനുള്ളിൽ നിയമസഭയുടെ മുമ്പിൽ വയ്ക്കണമെന്നതിന് കാലാവധി നിർദേശിക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

322. ഖണ്ഡം 17 ൽ, ''വയ്പ്പിക്കേണ്ടതാണ്'' എന്നതിനു പകരം ''സമർപ്പിക്കേണ്ടതാണ്'' എന്ന് ചേർക്കുക.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 321 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

18–ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

325. ഖണ്ഡം 18–ൽ, ''മുൻ സാമ്പത്തിക വർഷത്തിലെ'' എന്നതിനു പകരം ''ഓരോ സാമ്പത്തിക വർഷത്തെയും'' എന്ന് ചേർക്കുക.

മുൻ സാമ്പത്തിക വർഷമെന്നു പറയുമ്പോൾ ഇപ്പോൾ ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ മുൻ സാമ്പത്തിക വർഷമില്ല. അതുകൊണ്ട് ഓരോ സാമ്പത്തിക വർഷത്തേയും പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരം നൽകുന്ന വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷത്തേയും എന്നുവേണമെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 325–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

19–ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

20–ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

328. ഖണ്ഡം 20(1)–ൽ, "പിൽക്കാല പ്രാബല്യത്തോടുകൂടിയോ, മുൻകാല പ്രാബ്യലത്തോടുകൂടിയോ" എന്നതിനുപകരം "മുൻകാല പ്രാബല്യത്തോടുകൂടി" എന്ന് ചേർക്കുക.

331. ഖണ്ഡം 20(3)–ൽ, "രൂപഭേദം" എന്നതിനുപകരം "ഭേദഗതി" എന്ന് ചേർക്കുക.

332. ഖണ്ഡം 20(3)–ൽ, "രൂപദേഭപ്പെടുത്തിയ" എന്നതിനുപകരം "ദേഭഗതി വരുത്തിയ" എന്ന് ചേർക്കുക.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ളതിൽ പ്രോസ്പെക്ടീവ്, റിട്രോസ്പെക്ടീവ് എന്നിങ്ങനെ രണ്ടുരീതിയിൽ പറയുന്നു. സർക്കാരിന് ഗസറ്റ് വിഞ്ജാപനം വഴി ഈ ആക്ടിലെ ആവശ്യം നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യ ത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാ വുന്നതാണ്. പിൽക്കാല പ്രാബല്യത്തിന്റെ ആവശ്യമില്ല, മുൻകാല പ്രാബല്യ ത്തോടുകൂടി എന്നുമാത്രം മതി. മാത്രവുമല്ല അങ്ങനെയൊരു എക്സിക്യൂട്ടീ വിന് പിൽക്കാല പ്രാബല്യത്തോടുകൂടി കൊടുക്കുന്നത് ശരിയല്ല. അതു കൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടി മതി എന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവത രിപ്പിക്കുന്നു.

330. ഖണ്ഡം 20(3)–ൽ, "രൂപദേഭം" എന്നതിനുപകരം "ഭേദഗതി" എന്ന് ചേർക്കുക.

333. ഖണ്ഡം 20(3)–ൽ, "രൂപദേഭപ്പെടുത്തിയ രൂപത്തിൽ മാത്രം" എന്ന തിനുപകരം "ദേഭഗതി ചെയ്യപ്പെട്ട പ്രകാരം മാത്രം" എന്ന് ചേർക്കുക.

334. ഖണ്ഡം 20(3)–ൽ, "രൂപദേഭപ്പെടുത്തലോ" എന്നതിനുപകരം "ദേഭഗതിയോ" എന്ന് ചേർക്കുക.

ഇതിനകത്തൊരു ഭാഷാ ശുദ്ധി വരുത്തേണ്ടതുണ്ട്. രൂപഭേദം എന്നതെല്ലാം ഭേദഗതി എന്നാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 328, 331, 332 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 330, 333, 334 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

21–ാം വകുപ്പ്

ശ്രീ. എം. ഹംസ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

335. ഖണ്ഡം 21(1) –ന്റെ ക്ലിപ്തനിബന്ധനയിൽ, ''രണ്ടു'' എന്നതിനു പകരം ''ഒരു'' എന്ന് ചേർക്കുക.

മി. സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

22-ാം വകുപ്പ്

(ഭേദഗതി ഇല്ല)

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

ശ്രീ. ബെന്നി ബഹനാൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ, ‘‘ന്യൂനപക്ഷങ്ങൾക്കുവേണ്ടി’’ എന്നതിന് പകരം ‘‘ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ

പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണ ത്തിനുവേണ്ടി'' എന്ന് ചേർക്കുക.

120. പീഠികയിൽ, ""ന്യൂനപക്ഷങ്ങൾക്കുവേണ്ടി" എന്നതിന് പകരം ""ന്യൂനപക്ഷങ്ങളിലെ സമഗ്രമായ വിദ്യാഭ്യാസ, തൊഴിൽ പുരോഗ തിയ്ക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണ ത്തിനും വേണ്ടി" എന്ന് ചേർക്കുക.

ഈ ബില്ലിന് കുറച്ചുകൂടി വ്യക്തതയും വ്യാപതിയും വേണമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. അതുകൊണ്ട് പീഠികയിൽ ന്യൂനപക്ഷങ്ങൾക്കു വേണ്ടി എന്നതിനുപകരം ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി എന്ന് കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എം. ഉമ്മർ</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിന് പകരം ''ന്യൂനപക്ഷ സമുദായങ്ങൾക്കു വേണ്ടി'' എന്ന് ചേർക്കുക.

125. പീഠികയിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിനു പകരം ''ന്യൂനപക്ഷ സമുദായങ്ങൾക്കു വേണ്ടി'' എന്ന് ചേർക്കുക.

127. ഖണ്ഡം 1(1) ൽ, ''ന്യൂനപക്ഷ'' എന്ന വാക്കിന് ശേഷം ''സമുദായ''എന്ന വാക്ക് ചേർക്കുക.

131. ഖണ്ഡം 1(2) ൽ, ''15-ാം തീയതി'' എന്നതിനു ശേഷം ''മുതൽ'' എന്ന വാക്ക് ചേർക്കുക.

112–ലും 125 –ലും ന്യൂനപക്ഷങ്ങൾക്കുവേണ്ടി എന്നതിനുപകരം ന്യൂനപക്ഷസമുദായങ്ങൾക്കുവേണ്ടി എന്നാക്കണം. ഇതാണ് എന്റെ ഭേദഗതി.

ശ്രീ. ആർ. സെൽവരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിന് പകരം ''ന്യൂനപക്ഷങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി'' എന്നു ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115.ദീർഘശീർഷകത്തിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിന് പകരം ''ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി'' എന്നു ചേർക്കുക.

ന്യൂനപക്ഷങ്ങൾക്കുവേണ്ടി എന്നുമാത്രം പറയുന്നതിനുപകരം ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ലൂഡി ലൂയിസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിന് പകരം ''ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി '' എന്നുചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകത്തിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിന് പകരം ''കേന്ദ്ര-സംസ്ഥാന സർക്കാർ വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട കേരളത്തിലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി '' എന്ന് ചേർക്കുക

121. പീഠികയിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്ന വാക്കിനുപകരം ''കേന്ദ്ര-സംസ്ഥാന സർക്കാർ വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട ന്യൂനപക്ഷങ്ങൾക്കു വേണ്ടി'' എന്ന് ചേർക്കുക.

130. ഖണ്ഡം 1(2) ൽ, ''2013 മേയ് 15-ാം തീയതി'' എന്നതിനുപകരം ''2014 ഫെബ്രുവരി 6-ാം തീയതി'' എന്ന് ചേർക്കുക.

ദീർഘ ശീക്ഷകത്തിൽ ന്യൂനപക്ഷങ്ങൾക്കുവേണ്ടി എന്നതിനുപകരം കേന്ദ്ര-സംസ്ഥാന സർക്കാർ വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട കേരളത്തിലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി എന്ന് ചേർക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിന് പകരം ''ന്യൂനപക്ഷ സമുദായങ്ങൾക്കു വേണ്ടി'' എന്നു ചേർക്കുക.

119.പീഠികയിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിനുപകരം ''ന്യൂനപക്ഷ സമുദായങ്ങൾക്കു വേണ്ടി'' എന്നു ചേർക്കുക.

129. ഖണ്ഡം 1(1)-ൽ, ''ന്യൂനപക്ഷ കമ്മീഷൻ'' എന്നതിനുപകരം ''ന്യൂനപക്ഷ സമുദായ കമ്മീഷൻ'' എന്നു ചേർക്കുക.

132. ഖണ്ഡം 1(2) താഴെപറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

'' (2) ഇത് ഗവ. വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.''

ശ്രീ. എം. ഉമ്മർ പറഞ്ഞ ഭേദഗതി തന്നെയാണെനിക്കും പറയനുള്ളത്. ന്യൂനപക്ഷ സമുദായങ്ങൾക്കു വേണ്ടി എന്നുള്ളത് സ്പെസിഫൈ ചെയ്ത് പറയണം.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. പീഠികയിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിന് പകരം ''ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി'' എന്നു ചേർക്കുക.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ, ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിനു പകരം ''ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി'' എന്നു ചേർക്കുക.

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

124. പീഠികയിൽ, '' ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിനു പകരം '' ന്യൂനപക്ഷങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനു വേണ്ടി'' എന്നു ചേർക്കുക.

മി. സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ അങ്ങേയ്ക്ക് ഭേദഗതി മൂവ് ചെയ്യാൻ കഴിയില്ല. വേണമെങ്കിൽ സംസാരിക്കാം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ന്യൂനപക്ഷങ്ങളുടെ കാര്യങ്ങളാണിവിടെ ചർച്ചചെയ്തത്. ന്യൂനപക്ഷങ്ങൾക്കുവേണ്ടി എന്നതിനുപകരം ന്യൂപക്ഷ സമുദായങ്ങളുടെ എന്ന് ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

<u>മി. സ്പീക്കർ</u>: ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി ചെറിയ ഭേദഗതിയോടെ സ്വീകരിക്കുന്നു. ദീർഘ ശീർഷകത്തിൽ ''ന്യൂനപക്ഷങ്ങൾക്കുവേണ്ടി'' എന്നതിനുപകരം ''ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി'' എന്ന ഭേദഗതിയാണത്. അതുപോലെ ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച പീഠികയിലെ 120-ാം നമ്പർ ഭേദഗതിയും ചെറിയ ഭേദഗതിയോടെ സ്വീകരിക്കുന്നു. അതായത് ന്യൂനപക്ഷങ്ങൾക്കുവേണ്ടി എന്ന വാക്കിനുപകരം ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി എന്ന വാക്കുകൾ ചേർക്കുക. ബാക്കി ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 110, 120 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, 125, 127,131 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആർ. സെൽവരാജ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 117, 121, 130 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 118, 119, 129, 132 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ..........................

ഭേദഗതി ചെയ്യപ്പെട്ട 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്യപ്പെട്ട 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2014–ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013–ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഒരു പ്രസ്താവന നടത്തിയ സമയത്ത് ഡോ. ടി. എം. തോമസ് ഐസക് ഇടപെട്ട് പാലാരിവട്ടത്ത് മാധ്യമപ്രവർത്തകരെ പോലീസ് മർദ്ദിച്ചുവെന്നുള്ള കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാലാരിവട്ടത്ത് ഓട്ടോറിക്ഷാ ഡ്രൈവർമാരും മാധ്യമപ്രവർത്തകരും തമ്മിൽ വാക്കുതർക്കമുണ്ടായതിനെത്തുടർന്നാണ് മാധ്യമപ്രവർത്തകർക്ക് മർദ്ദനമേറ്റുവെന്ന പരാതിയുണ്ടായത്. പാലാരിവട്ടം പോലീസ് സ്റ്റേഷനിലെ അഡീഷണൽ എസ്.ഐ.

ഷംസുദ്ദീൻ, ഡ്രൈവർ എ.സി.പി.ഒ. നിയാസ് എന്നിവരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്ത വിവരം സഭയെ അറിയിക്കുകയാണ്.

**6(I)(2)** **സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നേരത്തേതന്നെ ഈ ബില്ലിൽ വിശദമായ ചർച്ച നടന്നതിനാൽ ചർച്ചയില്ലാതെ പാസ്സാക്കാമെന്ന് എല്ലാവരും സമ്മതിച്ചിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. സി .ജോർജ്</u>: സർ, പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ...........

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 2(എ) നമ്പർ ഭേദഗതിയെ............

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.............

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

**<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>**

2-ാം വകുപ്പ്

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. പ്രധാന ആക്ടിലെ വകുപ്പ് 485 ഡി-യിൽ, "ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽപ്പെട്ടവർക്ക് ശവദാഹം പൂർണ്ണമായും സൗജന്യമാക്കേണ്ടതാണ്" എന്ന് ചേർക്കുക.

115. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 485എ-യുടെ ക്ലിപ്ത നിബന്ധനയിൽ, "ഇരുപത്തിയഞ്ച് മീറ്ററിൽ" എന്നതിനുപകരം "ഇതുപത് മീറ്ററിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 485എ-യുടെ ക്ലിപ്ത നിബന്ധനയിൽ, "ശ്മശാനത്തിന്റെയോ" എന്ന വാക്കിനുശേഷം "ശ്മശാനമായി ഉപയോഗിക്കുന്ന ഏത് സ്ഥലത്തിന്റെയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 485എ-യുടെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:-

"എന്നാൽ, എല്ലാ മുനിസിപ്പാലിറ്റിയിലും ഒരു ഇലക്ട്രിക് ശ്മശാനമെങ്കിലും നിർമ്മിക്കേണ്ടതും അങ്ങനെയുള്ള ഇലക്ട്രിക്/ഗ്യാസ് ശ്മശാനത്തിന്റെയോ കോൺക്രീറ്റ് വാൾട്ടിന്റെയോ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ച് മീറ്ററിൽ കുറയുവാൻ പാടുള്ളതല്ല."

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 485എ-യുടെ ക്ലിപ്ത നിബന്ധന താഴെപ്പയും പ്രകാരം മാറ്റുക:-

"എന്നാൽ, ഒരു കോൺക്രീറ്റ് വാൾട്ടിന്റെയോ ഇലക്ട്രിക്/ഗ്യാസ് ശ്മശാനത്തിന്റെയോ സംഗതിയിൽ പ്രസ്തുത അകലം നൂറ് മീറ്ററിൽ കുറയാൻ പാടില്ലാത്തതും ഓരോ മുനിസിപ്പാലിറ്റികളും ഒരു കോൺക്രീറ്റ് വാൾട്ടിന്റെയോ ഇലക്ട്രിക്/ഗ്യാസ് ശ്മശാനത്തിന്റെയോ നിർമ്മാണം ഉറപ്പുവരുത്തേണ്ടത് മുനിസിപ്പാലിറ്റികളുടെ ചുമതല ആയിരിക്കുന്നതുമാണ്."

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 113, 115 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 3-ാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതിയില്ല.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

"ഈ ആക്ടിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്ട് എന്ന് പേര് പറയാവുന്നതാണ്."

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ഖണ്ഡം 1(2)-ൽ "5-ാം തീയതി" എന്നതിനുപകരം "1-ാം തീയതി" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ഖണ്ഡം 1(2)-ൽ, "ഇത് 2013 ഒക്ടോബർ 5-ാം തീയതി" എന്നതിനുപകരം "2014 ജനുവരി 6-ാം തീയതി നിമസഭ അംഗീകരിച്ചതിനുശേഷം ഗവർണർ ഈ ബില്ലിന് അംഗീകാരം നൽകുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം 1(2)-ൽ, "2013 ഒക്ടോബർ 5-ാം തീയതി" എന്നതിനുപകരം "2014 ഫെബ്രുവരി 6-ാം തീയതി" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവുഖ വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 109–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 109–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 110–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 111–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 112–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.........

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

**അവകാശ ലംഘന പ്രശ്നങ്ങൾ**

1.അനുമതി നിഷേധിച്ചവ

1) ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുൻ വനവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവർക്കെതിരെ ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ നൽകിയ നോട്ടീസ്.

2) ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എ. പ്രദീപ് കുമാർ, എം. എൽ.എ നൽകിയ നോട്ടീസ്.

3) ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി, വാണിജ്യ നികുതി വകുപ്പിലെ അഴിമതി ആരോപണങ്ങളെ സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ച ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ നൽകിയ നോട്ടീസ്.

4) കേരള സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കെതിരെ ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ നൽകിയ നോട്ടീസ്.

5) ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ നൽകിയ നോട്ടീസ്.

6) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. ബെന്നി ബെഹനാൻ, എം.എൽ.എ നൽകിയ നോട്ടീസ്.

7) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ നൽകിയ നോട്ടീസ്.

8) തിരുവനന്തപുരം പോലീസ് ഡെപ്യൂട്ടി കമ്മീഷണർക്കെതിരെ ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ നൽകിയ നോട്ടീസ്.

9) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. വി. എസ്. സുനിൽ കുമാർ, എം. എൽ.എ നൽകിയ നോട്ടീസ്.

10) ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി അബ്ദുൾ ഖാദർ, എം.എൽ.എ നൽകിയ നോട്ടീസ്.

II. പരിഗണനയിലിരിക്കുന്നവ:

1) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും

2) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും.

3) ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്. വിശദമായ റൂളിംഗ് ലൈബ്രറിയിൽ ലഭ്യമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭയുടെ നടപ്പ് സമ്മേളനം അനിശ്ചിത കാലത്തേക്ക് പിരിയണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

## പത്താം സമ്മേളനം അവലോകനം

മി. സ്പീക്കർ: 13 –ാം കേരള നിയമസഭയുടെ പത്താം സമ്മേളനമാണ് ഇന്ന് ഇവിടെ അവസാനിക്കുന്നത്. ജനുവരി മൂന്നിന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. 17 ദിവസമാണ് സഭ സമ്മേളിച്ചത്. ഈ സമ്മേളന കാലത്ത് 10150 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ ലഭിച്ചു. അതിൽ 5436 നോട്ടീസുകൾ നക്ഷത്ര ചിഹ്നമിട്ട ലിസ്റ്റിലും 5285 ചോദ്യങ്ങൾ നക്ഷത്രരഹിത ലിസ്റ്റിലും ഉൾപ്പെടുത്തി. ഒരു അടിയന്തര ചോദ്യവും അനുവദിച്ചു. മൊത്തം ചോദ്യങ്ങളിൽ 598 ചോദ്യങ്ങൾ ഒഴികെ ബാക്കിയുള്ളവയുടെ ഉത്തരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മുൻസമ്മേളനങ്ങളിലെന്നപോലെ ചോദ്യങ്ങൾക്ക് കൃത്യമായി ഉത്തരം നൽകുന്നതിൽ ഇപ്രാവശ്യവും ബഹുമാനപ്പെട്ട സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി മുന്നിലാണ്. സഭാ തലത്തിൽ 48 ചോദ്യങ്ങൾക്കും ഒരു അടിയന്തര ചോദ്യത്തിനും ബഹുമാനപ്പെട്ട മന്ത്രിമാർ വാക്കാൽ മറുപടി നൽകി.

457 ഉപചോദ്യങ്ങളും ഈ സഭയിൽ ഉന്നയിച്ചു. ഈ സമ്മേളന കാലത്ത് 14 അടിയന്തര പ്രമേയ നോട്ടീസുകൾക്ക് അവതരണാനുമതി തേടിയിട്ടുണ്ട്. 30 ശ്രദ്ധ ക്ഷണിക്കലും 268 സബ്മിഷനുകളും സഭയിൽ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. ചട്ടം 130 അനുസരിച്ച് കസ്തൂരിരംഗൻ റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്തു. ചട്ടം 300 അനുസരിച്ചുള്ള 5 സ്റ്റേറ്റ്മെന്റുകൾ മന്ത്രിമാർ സഭാതലത്തിൽ നടത്തി. നിയമസഭാ സമിതികളുടെ 78 റിപ്പോർട്ടുകളും ഈ സമ്മേളനത്തിൽ സമർപ്പിക്കുകയുണ്ടായി. ചട്ടങ്ങൾക്ക് അംഗങ്ങൾ നൽകിയിരുന്ന മൂന്ന് ഭേദഗതി നോട്ടീസുകളും സഭ പരിഗണിച്ചു. 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. മൂന്ന് ദിവസത്തെ ബഡ്ജറ്റ് ചർച്ച വളരെ സജീവമായിരുന്നു. തുടർന്ന് ഏപ്രിൽ മുതൽ നാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടും സഭ പാസാക്കി. ഓർഡിനൻസിന് പകരമുള്ള 8 ബില്ലുകൾ ഉൾപ്പെടെ 23 ബില്ലുകൾ സഭ പാസാക്കി. രണ്ട് ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു. 2014-ലെ കേരള ധനകാര്യ ബിൽ ഉൾപ്പെടെ മൂന്ന് ബില്ലുകൾ സഭയിൽ അവതരിപ്പിച്ചു. യുവജനകമ്മീഷൻ ബിൽ പാസാക്കിയത് ഈ സമ്മേളനത്തിലാണ്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്ത് ഇത്തരമൊരു ബിൽ അവതരപ്പിച്ചത് എന്നുള്ളത് നമുക്ക് അഭിമാനകരമാണ്. നാം ചരിത്രത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. എല്ലാ ചർച്ചകളിലും അംഗങ്ങൾ സജീവമായി പങ്കെടുത്തിരുന്നു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. ചർച്ചകളിലൂടെ മാത്രമേ ജനകീയ

വികാരം പൂർണ്ണമായി പ്രതിഫലിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ വികാരം മനസ്സിലാക്കിയ എല്ലാ അംഗങ്ങളെയും ചെയർ അഭിവാദ്യം ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, കക്ഷിനേതാക്കൻമാർ, സാമാജികൻമാർ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങി സമ്മേളനം ഭംഗിയായി നടത്തുന്നതിന് സഹായിച്ച എല്ലാവർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.... ഓർഡർ... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനം ആലപിച്ചു)

(2014 ഫെബ്രുവരി മാസം 06-ാം തീയതി രാത്രി 7.32-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു).

*******